Vol. 11 വാല്യം – 11 Issue - 4 ലക്കം – 4

# ക്ഷാത്രസ്പന്ദനം

# KSHATRA SPANDANAM

## ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

## TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

October 2025 ഒക്ടോബർ 2025 1201 Thulam 1201 തുലാം




കെ.കെ.എസ്. വനിതാവിഭാഗം ജൈത്രയാത്ര തുടരുന്നു


Special care for Senior Citizens
ആഗ്ര, മഥുര (വൃന്ദാവൻ), ഡൽഹി, ഹരിദ്വാർ, ഋഷികേശ് & ജയ്പൂർ
യാത്ര
2026 ഫെബ്രുവരിയിൽ
Vijay Tours, Chennithala
8281244594/9656382918
Token of appreciation for 15 years of successful journey

Kshatraspandanam
News Magazine of Kshatriya Kshema Sabha
October 2025
M.E.1201 Thulam
Volume 11 Issue 4

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഒക്ടോബർ 2025
കൊ.വ.1201 തുലാം
വാല്യം 11 ലക്കം 4

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)

# വിഷയവിവരം

**REACT** .................................................... 05
**പത്രാധിപക്കുറിപ്പ്** .................................... 08
**കേന്ദ്രസഭാ വാർത്തകൾ** ................................. 09
**ഓൾ കേരള വനിതാവിഭാഗം** ............................. 12
**രാജർഷി രാമവർമ്മ ആധുനിക കൊച്ചിയുടെ പിതാവ്** ..... 16
അനുജൻ എസ്.
**വയലാർ രാമവർമ്മ – കാവ്യ പ്രതിഭയുടെ നിത്യ ചൈതന്യം** .. 22
കെ.എൽ. ശ്രീകൃഷ്ണദാസ്
**Hridayapurvam - To Mohanlal from CRR Varma** ..... 25
Chemprol Rajaraja Varma
**വിദ്യാഭ്യാസം, അദ്ധ്യാപനം – ചില ചിന്തകൾ** ................. 26
ടി.എൻ. ആദിത്യവർമ്മ
**ക്ഷത്രിയ പ്രതിഭകൾ – കെ. അനിൽ വർമ്മ** ............... 29
**കവടിയാറിൽ നിന്നും കൊച്ചി വഴി മലബാറിലേക്ക്** ........ 30
**സുകൃതമീ യാത്ര** ............................................ 32
തൃക്കേട്ടനാൾ രാജരാജ വർമ്മ
**ഓട്ടമുക്കാൽ** (കവിത) ........................................ 35
ഗായത്രി വർമ്മ
**മഹാകുംഭമേള – ഭാഗം 3** ..................................... 36
ഡോ. പി.സി. സുധീരൻ
**ശ്രീ ശങ്കരാചാര്യരുടെ ദൃക് ദൃശ്യ വിവേകം** .................. 40
കെ.സി. രാമവർമ്മ രാജ
**Women Empowerment & their Social Status-2** ........ 44
E. Ravi Varma Raja
**അജാത ശത്രുവും ധർമ്മരാജനും** .......................... 47
സതീഷ്കുമാർ ടി.എൻ.
**യാഗഭൂവിലെ മണിത്തറയിൽ** ............................... 50
ശ്രീപ്രസാദ് റ്റി.
**നവരാത്രിപ്പെരുമ** ............................................ 58
പ്രഭാകര വർമ്മ
**Kedarnath** .................................................... 60
Sreedevi Ram Pandalai

**രാശി സ്വരൂപങ്ങളും വ്യക്തി സ്വഭാവവും** ................... 67
ഇ.കെ. രാജ വർമ്മ
**കാഞ്ചീപുരം കൈലാസനാഥർ കോവിൽ – 2** ............... 68
വിനോദ് വർമ്മ
**ശ്രീശുക ഹരിണപുരാധിപൻ (കവിത)** ...................... 69
ശകുന്തള വർമ്മ
**ഏറ്റവും പ്രിയപ്പെട്ട ലാലേട്ടൻ...** (കവിത) ...................... 70
കുട്ടി അനിയൻ രാജ
**മഞ്ചിയിലെ പുതുമുഖം – 2** .................................. 71
ശ്രീകാന്ത് വർമ്മ
**കൊതുക്** ..................................................... 77
മഞ്ജുളാ ഭായി
**ചില കണ്ടുമുട്ടലുകൾ** ....................................... 78
തങ്കം കോവിലകത്ത്
**ഒരു FB ദുരന്തം** ............................................. 80
ജയശ്രീ സുന്ദർ
**ശ്രീരാമഗീതയിലൂടെ** ........................................ 79
രവീന്ദ്രവർമ്മ അംബാനിലയം
**ഹാപ്പിയായി ഹംപിയിലേക്കൊരു യാത്ര** .................. 85
ജി. കീർത്തന വർമ്മ
**KKSY Football Tournament 2025-Season 2** ............ 87

**പുസ്തകജാലകം –**
സർഗ്ഗസാഫല്യം ............................................... 89
കംബോഡിയ കാഴ്ചകൾക്കപ്പുറം ഒരു ആസ്വാദനം ... 90
പി.ആർ. രാമവർമ്മരാജ – ആലക്കോട് തമ്പുരാൻ ........ 91

**ബാലവേദി – വളരുന്ന പ്രതിഭകൾ** ........................ 92
**Rain** (S. Gowri Varma)
**Gentle Chaos** (Nandana Varma)

**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** ..................... 98
**ശ്രദ്ധാഞ്ജലി** ................................................. 121
**വൈവാഹികം** ................................................. 124

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ:* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ. എസ്
*പത്രാധിപസമിതി: റ്റി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

മുഖചിത്രം: 'രാജർഷി' രാമവർമ്മ മഹാരാജാവ് – ആധുനിക കൊച്ചിയുടെ ശില്പി.

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. – ചീഫ് എഡിറ്റർ




## വായനക്കാരുടെ കത്തുകൾ




ക്ഷാത്രസ്പന്ദനത്തിന്റെ 11(3) ലക്കത്തിലെ (ജൂലായ് 2025) പത്രാധിപക്കുറിപ്പ് ശ്രദ്ധേയമായി. 2025 ന്റെ ആദ്യപാദത്തിൽ അന്തരിച്ച, ആധുനിക ശാസ്ത്രരംഗത്ത് പ്രശസ്തരായിരുന്ന, ഡോ. ജയന്ത് നർലേക്കറേയും ഡോ. രാമസ്വാമി ശ്രീനിവാസ നേയും കുറിപ്പിൽ അനുസ്മരിച്ചിരിക്കുന്നു. വളരെ ചുരുങ്ങിയ വാക്കുകളിൽ ആധുനിക ജ്യോതി ശ്ശാസ്ത്ര സിദ്ധാന്തങ്ങളേയും ഇതിൽ നർലേക്കറുടെ സംഭാവനയേയും പരിചയപ്പെടുത്തുന്നു. അതു പോലെതന്നെ, ഇന്ത്യയിലെ പ്രശസ്ത ആണവ ശാസ്ത്രജ്ഞനായിരുന്ന ഡോ. ശ്രീനിവാസനെ പ്പറ്റിയും ചുരുക്കി പ്രതിപാദിക്കുന്നു.

ഇത്തരം കുറിപ്പുകൾ വായനക്കാരെ ആധുനിക ശാസ്ത്രത്തോട് ആഭിമുഖ്യമുള്ളവരാക്കാനുതകും. കൂടാതെ, നമ്മുടെ ഭരണഘടനയിൽ സൂചിപ്പി ച്ചിട്ടുള്ള, ശാസ്ത്രീയ മനോഭാവം (scientific temper) സഭാംഗങ്ങളിൽ വളർത്തുന്നതിനും സഹായിക്കും.

**കെ. കേരളവർമ്മ**
ഇടപ്പള്ളി

2025 ജൂലൈ ലക്കം മാസിക കെട്ടിലും മട്ടിലും നന്നായിട്ടുണ്ട്. വനിതാ വിഭാഗം സെക്രട്ടറിയുടെ ആദ്യ പ്രവർത്തന റിപ്പോർട്ട് ഗംഭീരമായിട്ടുണ്ട്. കവിതയുടെ കാര്യത്തിലായാലും കഥയുടെ കാര്യ ത്തിലായാലും ഈ പ്രാവശ്യത്തെ മാസികയിൽ വനിതാ പ്രാതിനിധ്യം കൂടിയിട്ടുണ്ട്. പൊതുവെ ലേഖനങ്ങളും കവിതകളും യാത്രാവിവരണങ്ങളും ഉന്നത നിലവാരം പുലർത്തുന്നുണ്ട്. ഫോട്ടോകൾ നല്ല ക്ലാരിറ്റിയുണ്ട്. ജൈത്രയാത്ര തുടരട്ടെ.

**ശ്രീകുമാർ**
കരിവെള്ളൂർ

## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ (200 രൂപ) കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha**
**A/c. No. 40052010052603, IFSC: CNRB0014005**
**CANARA BANK, Fort, Thiruvananthapuram**
**(for more details pl. see p. 102)**

## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| പുറം കവർ (കളർ) | : ₹ 3500/- | | ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : ₹ 1250/- |
| കളർ പേജ് (ഫുൾ) | : ₹ 2500/- | | ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : ₹ 750/- |
| കളർ പേജ് (ഹാഫ്) | : ₹ 1500/- | | വിവാഹ പരസ്യം (Matrimonial) | : ₹ 500/- |

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്ന് നാം എപ്പോഴും ഓർമ്മിക്കണം.

'താമസിക്കാൻ സ്വന്തമായൊരിടം' എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് സഹായമാകാനും REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2025 ജൂലൈ മുതൽ സെപ്റ്റംബർ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING JULY TO SEPTEMBER 2025

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Sara Chandy, Thiruvananthapuram | 300,000.00 |
| 2 | A Well wisher | 200,000.00 |
| 3 | Dr. M Lalithambika, Thiruvananthapuram | 100,000.00 |
| 4 | Vrinda Varma, Thrissur | 100,000.00 |
| 5 | Roshini Varma, Thiruvananthapuram | 45,000.00 |
| 6 | R. Sasikumar Varma, Thiruvananthapuram | 30,000.00 |
| 7 | Cdr. (Retd.) Kishen Chandar Varma, Kochi | 30,000.00 |
| 8 | Valsala Ravi Varma Raja, Thiruvananthapuram | 30,000.00 |
| 9 | Chothinal Hymavathy Thampuratty, Kilimanoor Kottaram | 25,000.00 |
| 10 | Sreedevi P.C., Kuttilanji | 25,000.00 |
| 11 | Krishnakumari Thampuran, Chennai | 25,000.00 |
| 12 | Chandramathy Thampuratty, Thiruvalla | 25,000.00 |
| 13 | Jayanthi Kochanujan, Tripunithura, Kochi | 20,000.00 |
| 14 | Satheesh Kumar N, Kochi | 10,000.00 |
| 15 | P.K.M. Raja, Kozhikode | 10,000.00 |
| 16 | Ambalika Thampuratty, Chennithala | 10,000.00 |
| 17 | Dr. Shakunthala Varma, Thrissur | 10,000.00 |
| 18 | Karappuram Kshatriya Kshema Sabha, Cherthala | 10,000.00 |
| 19 | Rajeev R., Budhanoor | 8,000.00 |
| 20 | Goda Varma C.K., Chazhoor Kovilakam | 5,000.00 |
| 21 | Sree Jaya, Thiruvananthapuram | 5,000.00 |
| 22 | Sankar N, Thrissur | 5,000.00 |
| 23 | Dr. K. Thampuran, Pilathara | 5,000.00 |

| | | |
|---|---|---|
| 24 | Ravi Varma P.R., Kottayam | 5,000.00 |
| 25 | Sreedevi R Varma, Keezhvaipur | 3,000.00 |
| 26 | P.K. Ravi Varma Raja, Cherthala | 3,000.00 |
| 27 | Valsala Varma, Alappuzha | 3,000.00 |
| 28 | Suria Kumar M.K., Thiruvalla | 2,001.00 |
| 29 | Divya R Varma, Bangalore | 2,000.00 |
| 30 | Ravi Varma Thampuran, Pandalam | 1,500.00 |
| 31 | Janardhana Raja, Thrissur | 1,500.00 |
| 32 | P.C. Ettan Unni Raja, Mankavu, Kozhikkode | 1,000.00 |
| 33 | Mini V, Pandalam | 750.00 |
| 34 | Dheeraj Varma M.K., Kozhikkode | 250.00 |
| | **Total** | **1,056,001.00** |

**(Rupees Ten lakhs fiftysix thousand and one only)**

## FINANCIAL ASSISTANCE DURING JULY TO SEPTEMBER 2025

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical aid, Educational - Monthly | 106,500.00 |
| 2 | Financial aid to the Poor/ Medical aid/Educational aid | 395,000.00 |
| 3 | House Construction - Kozhikkode | 200,000.00 |
| | **Total** | **701,500.00** |

**(Rupees Seven lakhs one thousand and five hundred only)**

ഇതുവരെ (18-07-2008 മുതൽ 30-09-2025 വരെ) ₹ 2,40,80,092/- (രണ്ടു കോടി നാല്പത് ലക്ഷത്തി എൺപതിനായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

**A/c No: 40052210014950**

**IFS Code CNRB 0014005**

**Canara Bank, Fort Branch, Thiruvananthapuram - 695023**

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് 7, 14 പേജുകൾ കാണുക)*

**എല്ലാവർക്കും REACT ന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

# റിയാക്ടിന്... സ്നേഹപൂർവ്വം



അഞ്ചു പതിറ്റാണ്ടായി പിലാത്തറയിൽ ആതുരസേവനമനുഷ്ഠിച്ചു വരുന്ന കൊച്ചി രാജകുടുംബാംഗമായ **ഡോ. കെ.തമ്പുരാൻ** റിയാക്ടിലേക്ക് നൽകിയ സംഭാവന ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജോയിന്റ് സെക്രട്ടറി മോഹനവർമ്മ സ്വീകരിക്കുന്നു.



തൃപ്പൂണിത്തുറയിൽ താമസിക്കുന്ന **ജയന്തി കൊച്ചനുജൻ** തന്റെ ശതാഭിഷേകത്തോടനുബന്ധിച്ച് റിയാക്ടിലേക്ക് നൽകിയ സംഭാവനയായ 20,000 രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ സ്വീകരിക്കുന്നു. എറണാകുളം യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മ സമീപം.



കിളിമാനൂർ കൊട്ടാരത്തിലെ **ഹൈമവതി ത്തമ്പുരാട്ടി** തന്റെ ശതാഭിഷേക ദിനത്തിൽ റിയാക്ടിലേക്ക് നൽകിയ 25,000 രൂപ സംഭാവന റിയാക്റ്റ് സെക്രട്ടറി പി.കെ. രഘു വർമ്മ സ്വീകരിക്കുന്നു. മക്കൾ പ്രിയ വർമ്മ, മീനാകുമാരി, ക്ഷത്രിയ ക്ഷേമ സഭ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ എന്നിവർ സമീപം.



തിരുവല്ല പാലിയേക്കര കിഴക്കേ കൊട്ടാരത്തിലെ **ചന്ദ്രമതി തമ്പുരാട്ടി** റിയാക്ടിലേക്ക് നൽകിയ സംഭാവനയായ 25,000 രൂപയുടെ ചെക്ക് കേന്ദ്ര ക്ഷത്രിയ ക്ഷേമസഭ ട്രഷറർ സൂര്യകുമാർ വർമ്മ സ്വീകരിക്കുന്നു. ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ സമീപം.



പത്രാധിപക്കുറിപ്പ്



# ആചാരങ്ങൾ അലംഘനീയമോ ?

ശബരിമലയിലേക്കുള്ള വാതിലായ പമ്പാ നദീതീരത്ത് 2025 സെപ്റ്റംബർ 20–ന് 3000 ത്തോളം ആളുകൾ ഒത്തുചേർന്ന് നടത്തിയ അയ്യപ്പസംഗമം കേരള സർക്കാരിന്റെ പിന്തുണയോടും കോടതി അനുമതിയോടും തിരുവിതാംകൂർ ദേവസ്വം ബോർഡ് സംഘടിപ്പിച്ചതായിരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കൂടാതെ ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, സിംഗപ്പൂർ എന്നിവിടങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. തികച്ചും ഔദ്യോഗികം. മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം നിർവഹിച്ചു. NSS, SNDP തുടങ്ങിയ സംഘടനകളും പങ്കാളികളായി. ഈ മീറ്റിംഗിൽ ഏതാണ്ട് 1,300 കോടി രൂപയുടെ ശബരിമല വികസന പദ്ധതികളും ഗവൺമെന്റ് മുന്നോട്ടുവച്ചു. പ്രധാനമായും ശബരി റെയിൽ, എരുമേലിക്കടുത്ത് വിമാനത്താവളം തുടങ്ങിയവ. ഇത് ഇലക്ഷൻ വരുന്നതോടെ ആളുകളെ പ്രീണിപ്പിക്കാൻ ചെയ്തതാണെന്ന് ഇതര കക്ഷികൾ പരിഹസിക്കുകയും ചെയ്തു. 2018–ൽ പറഞ്ഞിരുന്നതുപോലെ യുവതീ പ്രവേശവുമായി ഈ സംഗമത്തിന് യാതൊരു ബന്ധവുമില്ലെന്ന് നേരത്തേതന്നെ ഗവൺമെന്റ് വ്യക്തമാക്കിയിരുന്നു. പക്ഷെ യഥാർത്ഥ ഭക്തരെ ചേർത്തുനിർത്തി ഹൈന്ദവസംഘടനകൾ ചേർന്ന് 'ശബരിമല സംരക്ഷണ സംഗമം' സെപ്റ്റംബർ 22–ന് പന്തളത്തുവച്ചു നടത്തി. ഭക്തർ തിങ്ങിനിറഞ്ഞ സദസ്സുകൾ. 'ഗ്ലോബൽ മീറ്റി'ൽ ആചാരങ്ങളെ വെല്ലുവിളിക്കുമോ എന്ന നേരിയ ഒരു ഭയവും ഇതിനു പിന്നിൽ ഉണ്ടായിരുന്നിരിക്കാം.

ആചാരങ്ങൾ മനുഷ്യരുടെ വിശ്വാസത്തിന്റെ ഭാഗമാണ്. ആചാരാനുഷ്ഠാനം അവർക്ക് മനോബലവും സന്തോഷവും പകർന്നുകൊടുക്കുന്നു. ശബരിമല ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം സ്ത്രീപ്രവേശം ഭാഗികമായി നിഷേധിച്ചിട്ടുണ്ട്, സത്യം തന്നെ. ഇതുപോലെ പുരുഷന്മാർക്കും ഭാഗികമായോ പൂർണ്ണമായോ പ്രവേശനം നിഷേധിച്ചിട്ടുള്ള ആരാധനാലയങ്ങൾ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുണ്ട്. സ്ത്രീശക്തിയേയും മാതൃത്വത്തെയും മാനിച്ചാണ് ഇവിടങ്ങളിലെ ഈ ആചാരം. ആറ്റുകാൽ പൊങ്കാല, ചക്കുളത്തുകാവ് 'നാരീപൂജ', കാമാഖ്യാക്ഷേത്രത്തിലെ (ആസാം) അംബുബുച്ചിമേള, ബ്രഹ്മാ ക്ഷേത്രം (രാജസ്ഥാൻ), ഭഗവതി ക്ഷേത്രം (കന്യാകുമാരി) തുടങ്ങിയവ ചില ഉദാഹരണങ്ങൾ.

പിറകോട്ടു നോക്കിയാൽ കഴിഞ്ഞ 200 വർഷങ്ങൾക്കുള്ളിൽ ഏതെല്ലാം ആചാരങ്ങളാണ് സമൂഹത്തിൽ നിന്ന് മാഞ്ഞുപോയത്. 'സതി', ദേവദാസി സമ്പ്രദായം, മൃഗബലി, ജാതി വിവേചനവുമായി ബന്ധപ്പെട്ട ആചാരങ്ങൾ തുടങ്ങിയവ. മനുഷ്യരിൽ കൂടുതൽ സാമൂഹ്യബോധം വന്നതോടെ എതിർപ്പുകൾ ദുർബലമായി. ഇന്നതെല്ലാം ചരിത്രത്തിന്റെ ഭാഗം മാത്രം.

ക്ഷേത്രങ്ങളിലെ സ്ത്രീ/പുരുഷ പ്രവേശന വിവേചന ആചാരങ്ങളേയും ഈ വിധത്തിൽ നോക്കിക്കാണാം. സമചിത്തതയോടെ ആലോചിക്കുന്ന ഒരു യുവതിയും ശബരിമല കയറാൻ തയ്യാറാവുകയില്ല. കാരണം മനസ്സിലങ്ങനെ ഒരാഗ്രഹമുണ്ടെങ്കിൽ 50 വയസ്സിനുശേഷം പോകാവുന്നതല്ലേയുള്ളൂ. പിന്നെ പമ്പയ്ക്കടുത്തുവരെ വിമാനത്താവളവും റെയിൽവേ ലൈനും മറ്റും വന്നുകഴിഞ്ഞാൽ യാത്ര എത്ര സുഗമം! ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ ദർശനം കഴിഞ്ഞു മടങ്ങുകയും ആകാം. യുദ്ധവിമാനം പറപ്പിക്കാനും ബഹിരാകാശ യാത്രയ്ക്കും സ്ത്രീകൾക്ക് അനുവാദമുണ്ടെന്നുള്ളതും നാം മനസ്സിലാക്കുന്നു.

അങ്ങനെയിരിക്കെ യുവതീ പ്രവേശം എന്ന പ്രശ്നത്തോടുള്ള എതിർപ്പിനെ 'കാലം' മാറ്റുമെങ്കിൽ മാറ്റട്ടെ. അല്ലെങ്കിൽ ഇങ്ങനെ തന്നെ തുടരട്ടെ. മനുഷ്യമനസ്സിലാണ് മാറ്റങ്ങൾ ആദ്യം വരേണ്ടത്. കാലം സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരും. അതു ചെറുക്കാനും ആവുകയില്ല, കാലം കൊണ്ടുവരുന്ന മാറ്റങ്ങളെ നമുക്ക് സന്തോഷപൂർവ്വം വരവേല്ക്കാം! ●

# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...

സഭാംഗങ്ങളെ,

കേരളത്തിന്റെ ദേശീയ ഉത്സവമായ ഓണം ചിങ്ങമാസത്തിൽ വലിയ ആഘോഷത്തോടെ എല്ലാ മലയാളികളും കൊണ്ടാടി. ഓണം കാർഷിക വിളവെടുപ്പിന്റേയും ഒത്തു ചേരലിന്റേയും സന്തോഷത്തിന്റെയും വാമന ജയന്തിയുടെയും മാവേലി മന്നന്റെ പ്രജകളെ കാണാനുള്ള വരവിന്റെയും അങ്ങിനെ പല വിശേഷങ്ങളുടേയും ആഘോഷമാണല്ലോ. കേരളത്തിൽ ജാതിമതഭേദമെന്യേ എല്ലാവരും ആഘോഷിക്കുന്ന ഉത്സവവുമാണല്ലോ.

ഓണാഘോഷങ്ങൾക്ക് തിരിശ്ശീല വീണശേഷം, വളരെ ഭക്തിപൂർവ്വം നവരാത്രിയും കൊണ്ടാടി.

**1. സംസ്ഥാന കമ്മറ്റിയോഗം**

ആഗസ്റ്റ് മാസം 8-ാം തിയതി തിരുവനന്തപുരം രംഗവിലാസം കൊട്ടാരത്തിൽ വച്ച് രാവിലെ 10.30ന് സംസ്ഥാന കമ്മറ്റി യോഗം നടത്തി. യോഗത്തിൽ 37 അംഗങ്ങൾ പങ്കെടുത്തു.

എല്ലാവരും ചേർന്ന് പ്രാർത്ഥനാഗീതം ചൊല്ലി. നമ്മെ വിട്ടുപിരിഞ്ഞ സഭാംഗങ്ങൾക്കു വേണ്ടി അംഗങ്ങളെല്ലാം എഴുന്നേറ്റുനിന്ന് ഒരു നിമിഷം മൗന പ്രാർത്ഥന നടത്തി. അതിനു ശേഷം യോഗനടപടികൾ ആരംഭിച്ചു. തിരുവനന്തപുരം യൂണിറ്റ് പ്രസിഡന്റ് കിഷോർകുമാർ സ്വാഗതം പറഞ്ഞു. മീറ്റിംഗിൽ എത്തിയ മുതിർന്ന അംഗങ്ങളായ കൃഷ്ണൻ ഉണ്ണിത്തിരി, കെ.എൽ. ശ്രീകൃഷ്ണദാസ് എന്നിവർ ചേർന്ന് നിലവിളക്കു കൊളുത്തി. സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക അദ്ധ്യക്ഷ പ്രസംഗം നടത്തി. സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. അതിനുശേഷം സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ കഴിഞ്ഞ കമ്മറ്റി യോഗത്തിന്റെ മിനിട്ട്സ് വായിക്കുകയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പിന്നീട്, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ സഭയുടെ 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ വരവു ചിലവു കണക്കും ബാലൻസ് ഷീറ്റും വായിച്ചു. റിയാക്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി സെക്രട്ടറി പി.കെ. രഘുവർമ്മ സംസാരിച്ചു. ക്ഷത്രിയ ക്ഷേമസഭയുടെ വനിതാവിഭാഗം പ്രസിഡന്റ് ഡോ. കെ. സുജാത വനിതാവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. ക്ഷത്രിയ യൂത്ത് ഫോറത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ് ഋഷികേശ് വർമ്മയുടെ അഭാവത്തിൽ പ്രതിനിധി ശ്രീഹരി പ്രസാദ് രാജാ സംസാരിച്ചു.

പിന്നീട് മുൻകൂട്ടി അജണ്ടയിൽ നൽകിയിരുന്ന വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയായിരുന്നു. മേഖലാ സെകട്ടറിമാർ, യൂണിറ്റ് ഭാരവാഹികൾ വനിതാ, യൂത്ത് വിഭാഗം ഭാരവാഹികൾ എന്നിവർ സജീവമായി ചർച്ചയിൽ പങ്കെടുത്തു. വിവിധങ്ങളായ സംശയങ്ങൾ/ അഭിപ്രായങ്ങൾ എന്നിവകൾക്കെല്ലാം സംസ്ഥാന ജനറൽ സെക്രട്ടറി മറുപടി നൽകുകയും ചെയ്തു.

ചർച്ചകൾക്കും മറുപടിക്കും ശേഷം യോഗം എടുത്ത വിവിധ തീരുമാനങ്ങൾ:

1) പ്രവർത്തനറിപ്പോർട്ടും വരവു ചിലവു കണക്കുകളും കയ്യടിച്ചു പാസാക്കി.

2) ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ കുടിശ്ശിക

നിരവധി പെൻഷൻ ഗുണഭോക്താക്കൾ കുടിശ്ശിക തുകയുടെ ആദ്യ ഗഡു വാങ്ങുകയും ചിലർ കേന്ദ്ര സഭയിലേക്ക് നൽകണമെന്ന് നേരത്തേ തീരുമാനിച്ച തുക നൽകുകയും ചെയ്തിട്ടുണ്ട്. തുക നൽകിയിട്ടില്ലാത്തവരെ നേരിൽക്കണ്ട് വിശദമായി വിവരം അറിയിച്ച് യൂണിറ്റ് ഭാരവാഹികൾ തുക കേന്ദ്രസഭ

യുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുവാനായി കൂടുതൽ ശക്തമായി ശ്രമിക്കണമെന്നും, ആവശ്യമെങ്കിൽ അങ്ങിനെ പോകുമ്പോൾ കേന്ദ്ര ഭാരവാഹികളേയും കൂടി ഉൾപ്പെടുത്തണമെന്നും തീരുമാനിച്ചു.

3) 2025 മാർച്ച് 3ന് നടന്ന വാർഷിക പൊതുയോഗത്തിൽ പാസാക്കിയ ബൈലോ ഭേദഗതികൾ

ചില യൂണിറ്റ്/അംഗങ്ങൾ സംശയങ്ങൾ അറിയിക്കുകയും അതിനുള്ള കൃത്യമായ മറുപടി നൽകുകയും ചെയ്തു. ഇനി പുതിയ മാറ്റങ്ങൾ വേണമെന്നുള്ള വിഷയം അവതരിപ്പിക്കുന്നതുവരെ നിലവിലുള്ള പുതുക്കിയ ബൈലോ തന്നെ തുടരുവാനായി തീരുമാനിച്ചു.

4) അടുത്ത സംസ്ഥാന കമ്മറ്റിയോഗം കോട്ടയം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയം പ്രസ്ക്ലബ് ഹാളിൽ വച്ച് ഒക്ടോബർ 31 ന് മുൻപായി നടത്താൻ തീരുമാനിച്ചു. തീയതിയും സമയവും പിന്നീട് തീരുമാനിച്ച് അറിയിക്കുന്നതാണ്.

5) ചെമ്പ്രോൽ കൊട്ടാരം ഹരിപ്പാട്

ചെമ്പ്രോൽ കൊട്ടാരം ക്ഷത്രിയസഭയ്ക്ക് നോളഡ്ജ് സെന്റർ, ഓഫീസ്, മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്കായി നൽകാം എന്നറിയിച്ചതിനു ശേഷം ബാക്കി തീരുമാനങ്ങളും എഗ്രിമെന്റ് തയ്യാറാക്കാനും വൈകുന്നു എന്ന ചർച്ചകൾ മുഖവിലയ്ക്കെടുത്ത്, കാര്യങ്ങൾ കൂടുതൽ വേഗത്തിലാക്കുവാനായി ശ്രമിക്കണമെന്ന് തീരുമാനിച്ചു.

6) വാർഷിക പൊതുയോഗം

അടുത്ത വാർഷിക പൊതുയോഗം ചേർത്തല കരപ്പുറം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്താം എന്നുള്ള വാഗ്ദാനം അംഗീകരിച്ചു. തീയതിയും വേദിയും പിന്നീട് അറിയിക്കാം എന്നും തീരുമാനിച്ചു.

7) തെക്കൻ മേഖലാ സമ്മേളനം

തെക്കൻ മേഖലാ സമ്മേളനം പന്തളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്താം എന്നുള്ള വാഗ്ദാനം അംഗീകരിച്ചു. തീയതിയും വേദിയും പിന്നീട് അറിയിക്കുന്നതാണ്.

8) ചർച്ചാ വേളയിൽ യൂണിറ്റ് ഭാരവാഹികൾ മറ്റനവധി നല്ല ആശയങ്ങൾ മുന്നോട്ടു വച്ചിരുന്നു.

■ വയലാർ രാമവർമ്മയുടെ പേരിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ഒരു ചെയർ തുടങ്ങാൻ അധികാരികളെ സമീപിക്കണം (*ആത്മജ വർമ്മ തമ്പുരാൻ, കോട്ടയം*)

■ തിരുവനന്തപുരത്ത് സ്വന്തമായി ഒരു ആസ്ഥാനമന്ദിരം തുടങ്ങുവാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കണം (*ശ്രീകുമാർ കരിവെള്ളൂർ, കത്തിലൂടെ*)

■ 'ക്ഷാത്രസ്പന്ദന'ത്തിന്റെ electronic edition പ്രൊമോട്ട് ചെയ്യുക (*ധനഞ്ജയൻ, ചെന്നൈ*)

■ ക്ഷത്രിയ യൂത്ത് ടീം നടത്തിവരുന്ന ഫുട്ബോൾ മത്സരത്തിന് അന്തരിച്ച കേണൽ ഗോദവർമ്മരാജായുടെ പേരിൽ ഒരു എവർ റോളിംഗ് ട്രോഫി തുടങ്ങണമെന്ന് മുൻപുള്ള തീരുമാനത്തിന് വേഗം കൂട്ടി ഉടൻ തന്നെ നടപ്പിലാക്കണം (*ഹരിപ്രസാദ് വർമ്മ, കോഴിക്കോട്*)

മേൽപ്പറഞ്ഞ എല്ലാ ആശയങ്ങളും സഭാംഗങ്ങൾ ഉൾക്കൊള്ളുകയും സഭയുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങളിൽ വേണ്ട പരിഗണന നൽകണമെന്നും തീരുമാനിച്ചു.

സംസ്ഥാന ജോയിന്റ് സെക്രട്ടറി മോഹനവർമ്മ നന്ദി രേഖപ്പെടുത്തി. യോഗം ഉച്ചയ്ക്ക് 2 മണിക്ക് അവസാനിച്ചു.

**2. പൊളിറ്റിക്കൽ & ഫാമിലി പെൻഷൻ**

പെൻഷന് അവകാശമുള്ള മിക്കവാറും എല്ലാവരും ട്രഷറിയിൽ നിന്നും ഇതുവരെ നൽകിയ തുക കൈപ്പറ്റി എന്നു വിശ്വസിക്കുന്നു. ക്ഷത്രിയ ക്ഷേമസഭയിലേക്ക് ഇതിന്റെ ചിലവിലേക്കായുള്ള സംഭാവന (10,000 രൂപ) നൽകുവാനായി അപേക്ഷിച്ച പ്രകാരം കുറെപേർ നൽകുകയും ചെയ്തു. ഇനിയും നൽകിയിട്ടില്ലാത്തവർ നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. യൂണിറ്റുകളിലെ ഓണാഘോഷം**

മിക്കവാറും എല്ലാ യൂണിറ്റുകളും ഗംഭീരമായി ഓണാഘോഷവും കുടുംബ സംഗമവും നടത്തി എന്നുള്ളത് ഏറെ സന്തോഷമുളവാക്കുന്നു. കേന്ദ്ര ഭാരവാഹികൾ എല്ലായോഗങ്ങളിലും പങ്കെടുക്കുകയും ചെയ്തു.

**4. യൂണിറ്റ് വാർഷിക സമ്മേളനങ്ങൾ**

വിവിധ യൂണിറ്റുകളിലെ വാർഷിക പൊതുയോഗങ്ങൾ ഭംഗിയായി നടത്തി. എല്ലാ യൂണിറ്റ് തല

പൊതുയോഗങ്ങളിലും കേന്ദ്ര ഭാരവാഹികൾ സജീവമായി പങ്കെടുത്തു.

**5. സരസ്വതി വന്ദനം**

കഴിഞ്ഞ കൊല്ലം നടത്തിയതുപോലെ നവരാത്രി ക്കാലത്ത് മഹാനവമി, വിജയദശമി ദിനങ്ങളിൽ ഇക്കൊല്ലവും രാവിലെ 8 മണി മുതൽ 9.30 വരെ ക്ഷത്രിയ ക്ഷേമസഭാംഗങ്ങളും കുട്ടികളും ഓൺലൈനിൽ അവതരിപ്പിച്ച ശാസ്ത്രീയ സംഗീതവും ശാസ്ത്രീയ നൃത്തങ്ങളും ഉൾക്കൊള്ളിച്ച 'സരസ്വതീ വന്ദനം' വളരെ നല്ല നിലവാരമുള്ളതായിരുന്നു. അനവധി പേർ അത് കണ്ടാസ്വദിക്കുകയും ചെയ്തു.

**6. KKS വനിതാ വിഭാഗം**

KKS വനിതാ കൂട്ടായ്മ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്തി. യൂണിറ്റുകൾ സന്ദർശിച്ച് വനിതകൾക്ക് പ്രവർത്തനനിരതരാകുവാനുള്ള ശക്തി പകർന്നുകൊടുക്കുന്നു. വനിതാ വിഭാഗം ഊർജ്ജസ്വലരാവുമ്പോൾ സഭയ്ക്ക് ശക്തി വർദ്ധിക്കും എന്ന കാര്യത്തിൽ സംശയമില്ല.

**7. KKS യൂത്ത് ഫോറം**

KKS യൂത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട്ട് വച്ച് ഒരു ഫുട്ബോൾ മത്സരം നടത്തി. മത്സര വിജയികൾക്ക് നൽകാനായി കേരളാ ഫുട്ബോളിന്റെ പിതാവ് കേണൽ ഗോദവർമ്മ രാജായുടെ പേരിൽ ഒരു എവർറോളിംഗ് ട്രോഫി ക്ഷത്രിയ ക്ഷേമസഭ നൽകി. ഈ ട്രോഫി സ്പോൺസർ ചെയ്തത് കേണൽ ജി.വി. രാജായുടെ കുടുംബമായ പൂഞ്ഞാർ കോയിക്കൽ കാഞ്ഞിരമറ്റം ട്രസ്റ്റാണ് എന്ന് ഏറെ സന്തോഷത്തോടെ അറിയിക്കട്ടെ.

**8. 'ക്ഷാത്രസ്പന്ദനം'**

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വളരെ നല്ല രീതിയിൽ പ്രസിദ്ധീകരിച്ചുവരുന്നു. സഭയ്ക്ക് സാമ്പത്തിക നഷ്ടമില്ലാതെ, അംഗങ്ങൾ നൽകുന്ന നല്ല ലേഖനങ്ങൾ, കഥകൾ, കവിതകൾ, യൂണിറ്റ് വാർത്തകൾ എല്ലാം കോർത്തിണക്കി പ്രസിദ്ധീകരിക്കാനാവുന്നു എന്നുള്ളത് ഏറെ സന്തോഷമുളവാക്കുന്ന കാര്യമാണ്. ടീം 'ക്ഷാത്രസ്പന്ദന'ത്തിന് അനുമോദനങ്ങൾ നേരുന്നു.

**9. റിയാക്ട്**

റിയാക്ടിന്റെ വിവിധങ്ങളായ സേവന പ്രവർത്തനങ്ങൾ കൃത്യതയോടെ നടക്കുന്നു. റിയാക്ട് പുതുതായി നിർമ്മിച്ചുനൽകിയ മൂന്നാമത്തെ ഭവനത്തിന്റെ താക്കോൽദാന ചടങ്ങുകൾ 14-09-2025 ന് കോഴിക്കോട്ട് തിരുവണ്ണൂർ വച്ച് നടന്നു. ടീം റിയാക്ടിന് അനുമോദനങ്ങൾ.

യൂണിറ്റുകളിൽ നല്ലരീതിയിലുള്ള കൂട്ടായ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഒരു പുത്തൻ ഊർജ്ജം എല്ലാവർക്കും വരുന്നതായി കാണാനാവുന്നുണ്ട് എന്നുള്ളത് വളരെ പ്രചോദനമേകുന്നതും പ്രതീക്ഷാവഹവുമായ കാര്യമാണ്. ഈ ഉണർവ്വ് ചോർന്നുപോകാതെ വീണ്ടും മുൻപോട്ടുള്ള കുതിപ്പിനായി പ്രയോജനപ്പെടുത്തേണ്ടതാണ്. അതിനു വേണ്ടുന്ന ആവശ്യങ്ങൾ മനസ്സിലാക്കി കൂടെ നിന്ന് പ്രവർത്തിക്കുവാൻ അംഗങ്ങളോടൊപ്പം എപ്പോഴും ഉണ്ടാവും എന്ന് അറിയിച്ചു കൊണ്ട്. സ്നേഹപൂർവം,

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി



## അഭിനന്ദനങ്ങൾ

റബ്ബർ ബോർഡിന്റെ പരിശീലന കേന്ദ്രമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (NIRT) ഡയറക്ടറായി ചാർജ്ജെടുത്ത **എച്ച്. പ്രിയ വർമ്മ**. റബ്ബർ പ്രൊഡക്ഷൻ വിഭാഗത്തിൽ വികസന ഉദ്യോഗസ്ഥയായി 27 വർഷത്തെ പ്രവൃത്തി പരിചയമുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ നിന്ന് കൃഷി ശാസ്ത്രത്തിൽ ബിരുദവും കൃഷി വിജ്ഞാന വ്യാപന ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. എഴുമറ്റൂർ കൊട്ടാരത്തിലെ പരേതനായ പ്രൊഫ. റ്റി.കെ. ഭാസ്കരൻ വർമ്മയുടെയും കിളിമാനൂർ കൊട്ടാരത്തിലെ ഹൈമവതി തമ്പുരാട്ടിയുടെയും മകളും പൂഞ്ഞാർ കൊട്ടാരത്തിലെ മോഹൻകുമാറിന്റെ (ഡയറക്ടർ, MS അഗ്രോടെക്, ബാംഗ്ലൂർ) ഭാര്യയുമാണ്. ശ്രീനിധി, സുപർണ്ണ എന്നിവർ മക്കൾ.

# ഓൾ കേരള വനിതാവിഭാഗം



## പ്രവർത്തന റിപ്പോർട്ട്

KKS വനിതാവിഭാഗം രൂപീകരിച്ചതിനുശേഷം നാളിതുവരെ മുൻപോട്ട് പോകുന്നുവെന്നുള്ളതിൽ സന്തോഷമുണ്ട്. മിക്കവാറും എല്ലാ യൂണിറ്റുകളിലും വനിതകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. നല്ല രീതിയിലുള്ള ഒരു കൂട്ടായ്മ വനിതകൾക്കിടയിൽ ഉണ്ടായി. ഒരേ ലക്ഷ്യത്തോടെ മുൻപോട്ട് പ്രയാണം ചെയ്യുന്ന ഒരു സമൂഹമാണ് നമ്മുടെ വിജയം. KKS വനിതാവിഭാഗം ഭരണസമിതി അംഗങ്ങൾ യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും വനിതകളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. അതിലൂടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുവാൻ സന്നദ്ധരായ ഒരുകൂട്ടം വനിതകളെ ഓരോ യൂണിറ്റിലും കണ്ടെത്തുവാൻ സാധിച്ചുവെന്നത് ഒരു വിജയമാണ്.

KKS വനിതാവിഭാഗം പല യൂണിറ്റുകളിലെയും പൊതുയോഗങ്ങളിൽ സജീവ സാന്നിദ്ധ്യമായി എന്നത് ശ്രദ്ധേയമാണ്. വനിതാവിഭാഗം മീറ്റിംഗുകളിലൂടെയും യൂണിറ്റ് പൊതുയോഗങ്ങളിൽ പങ്കെടുത്തും ഗൂഗിൾ മീറ്റിംഗുകൾ വഴിയും നിരന്തരം യൂണിറ്റുകളിലെ വനിതകളുടെ പ്രവർത്തനങ്ങളെ ഭരണസമിതി വിലയിരുത്തുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. 2025 ജൂലൈ 14-ന് തൃശ്ശൂർ യൂണിറ്റിൽ വനിതാവിഭാഗം മീറ്റിംഗിലൂടെയാണ് യൂണിറ്റ് സന്ദർശനങ്ങൾ ആരംഭിച്ചത്. പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ളവരും ഊർജ്ജസ്വലരുമായ ഒരുകൂട്ടം വനിതകൾ അവിടെയുണ്ടെന്നുള്ളതിൽ വളരെ സന്തോഷം. അവിടെ അടുത്ത മീറ്റിംഗ് കൂടുവാനുള്ള ശ്രമത്തിലാണ്. ആഗസ്റ്റ് 17-ാം തീയതി ഇടപ്പള്ളി യൂണിറ്റിൽ വനിതാവിഭാഗം മീറ്റിംഗ് നടത്തുകയും, തുടർന്ന് സെപ്റ്റംബർ 28-ന് നടന്ന വാർഷിക പൊതുയോഗത്തിൽ KKS വനിതാ വിഭാഗം സെക്രട്ടറി പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു. യൂണിറ്റിലെ അംഗങ്ങളുടെ സാന്നിധ്യവും സഹകരണവും കൊണ്ട് മീറ്റിംഗ് വൻപിച്ച വിജയമായി. പിന്നീട്, ആഗസ്റ്റ് 24-ന് ചേർത്തല വച്ച് നടന്ന വനിതാവിഭാഗം മീറ്റിംഗ് വിജയപ്രദമായി എന്നത് പറയാതെ വയ്യ. സെപ്റ്റംബർ 13-ന് കോട്ടയം യൂണിറ്റിന്റെ വാർഷിക പൊതുയോഗത്തിൽ KKS വനിതാവിഭാഗം സെക്രട്ടറി പങ്കെടുത്തു. സെപ്റ്റംബർ 14 -ന് കോഴിക്കോട് യൂണിറ്റിന്റെ വാർഷിക പൊതുയോഗത്തിൽ KKS വനിതാവിഭാഗം പ്രസിഡന്റ് ഡോ. സുജാത കെ., സെക്രട്ടറി രാധികാ വർമ്മ, വൈസ് പ്രസിഡന്റ് കോമളവല്ലി എന്നിവർ പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു.

തിരുവല്ല യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. യൂണിറ്റിൽ വനിതകളുടെ ഒരു സംരംഭം ആരംഭിച്ചു. വസ്ത്രവ്യാപാര മേഖലയിൽ തുടക്കം കുറിച്ചു. വൈക്കം യൂണിറ്റും ചെറിയ രീതിയിലുള്ള വസ്ത്രവിപണന സംരംഭം ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം വനിതാവിഭാഗത്തിന്റെ പുരോഗതിയെ കാണിക്കുന്നു. ഒക്ടോബർ 5-ന് പന്തളം യൂണിറ്റിന്റെ വാർഷിക പൊതുയോഗത്തിൽ കേന്ദ്ര വനിതാ വിഭാഗം പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുക്കുകയും ചെയ്തു.

അടുത്തതായി, വടക്കൻ യൂണിറ്റുകളായ പിലാത്തറ, കരിവെള്ളൂർ, ശ്രീകണ്ഠാപുരം, ഇരിട്ടി യൂണിറ്റ് സന്ദർശനമാണ്. ഇതോടൊപ്പം തന്നെ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. KKS വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ രാമായണമാസം ആഘോഷിച്ചു. വനിതകൾക്കായി രാമായണത്തിലെ കഥാപാത്രങ്ങളെ ആസ്പദമാക്കി ഉപന്യാസമത്സരം നടത്തുകയും വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. സമ്മാനദാനം ഉടൻ നടക്കുന്ന മീറ്റിംഗിന്റെ വേദിയിൽ വെച്ച് നടത്തുന്നതാണ്.

വളരെ ഗംഭീരമായി എല്ലാ യൂണിറ്റുകളിലും നവരാത്രി ആഘോഷിച്ചു. അതിൽ അതാത് യൂണിറ്റിലെ വനിതകൾ മുൻകൈയെടുത്ത് സഹകരിച്ചുവെന്നതിൽ അഭിമാനമുണ്ട്.

വനിതകളുടെ ഒരു സംരംഭമെന്ന നിലയിൽ യൂണിറ്റുകളിൽ എള്ളുതിരി, വിളക്കുതിരി എന്നിവ നിർമ്മിക്കുവാനും അടുത്തുള്ള ക്ഷേത്രങ്ങളിൽ വിപണനം ചെയ്ത് വരുമാന സ്രോതസ്സ് കണ്ടുപിടിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കറിപൗഡറുകൾ, അച്ചാറുകൾ കൂടാതെ മറ്റുള്ള ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനവും വിപണനവും ഈ വർഷം തന്നെ KKS വനിതാവിഭാഗം ഭരണസമിതിയുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്.

ഇതുവരെ വനിതാവിഭാഗം മീറ്റിംഗ് സംഘടിപ്പിക്കുവാൻ സാധിക്കാതെ പോയ യൂണിറ്റുകളിൽ അധികം താമസമില്ലാതെ KKS വനിതാവിഭാഗം ഭരണസമിതിയുടെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തുവാൻ താൽപ്പര്യമുണ്ട്. മീറ്റിംഗ് നടന്ന യൂണിറ്റുകളിൽ ഭരണസമിതി അംഗങ്ങളുടെ നല്ല സഹകരണം ഉണ്ടായിരുന്നു.

KKS വനിതാവിഭാഗത്തിന് പ്രവർത്തന ഫണ്ട് സ്വരൂപിക്കൽ ഒരു മുഖ്യ ഘടകമാണ്. അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വനിതാവിഭാഗം സെക്രട്ടറിമാരുമായി ഗൂഗിൾ മീറ്റിംഗിലൂടെ ചർച്ച ചെയ്യുകയും അതിലൂടെ ഒരു പൊതു താൽപ്പര്യത്തിൽ വന്നെത്തുകയും ചെയ്തു. തുടർ നടപടികൾക്കായി കാത്തിരിക്കുന്നു.

കേന്ദ്രസഭയുടെ പോഷക ഘടകമായ വനിതാവിഭാഗം, നമ്മുടെ സമൂഹത്തിന്റെ സർവ്വതോമുഖമായ ഉയർച്ചയ്ക്കും നിലനിൽപ്പിനും വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. മുതിർന്നവരും വനിതകളും യുവജനങ്ങളും കുട്ടികളും ഒറ്റക്കെട്ടായി നിന്ന് നമ്മുടെ സഭയുടെ സമസ്ത മേഖലകളിലുമുള്ള പുരോഗതിക്ക് ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതിശക്തമായ രീതിയിൽ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്നു നിലകൊള്ളുവാൻ ഉള്ള ഒരു ആർജ്ജവം എല്ലാപേരിലും ഉണ്ടാകട്ടെ. ധർമ്മവും നീതിയും സഹാനുഭൂതിയും മുറുകെ പിടിച്ചുകൊണ്ട് നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം.

ലോകാ സമസ്താ സുഖിനോ ഭവന്തു...

**രാധികാ വർമ്മ**
സംസ്ഥാന സെക്രട്ടറി, വനിതാവിഭാഗം

# അഭിനന്ദനങ്ങൾ



ഓസ്ട്രേലിയ-ഇന്ത്യ സഹകരണത്തിന്റെ ഭാഗമായി ഓസ്ട്രേലിയൻ ഗവൺമെന്റ് യുവ ഗവേഷകർക്കായി ഏർപ്പെടുത്തിയ അഭിമാനകരമായ മൈത്രി സ്കോളർഷിപ്പിന് തൃശ്ശൂർ കുമരപുരം കോവിലകത്തെ **ലക്ഷ്മി രാജയെ** തിരഞ്ഞെടുത്തു. ഓസ്ട്രേലിയൻ നാഷണൽ യൂണിവേഴ്സിറ്റിയിൽ ബയോ ഫിസിക്സ് മേഖലയിൽ നടത്തുന്ന Ph.D ഗവേഷണത്തിനുള്ള സമ്പൂർണ്ണ സ്പോൺസർഷിപ്പ് ഇതിലൂടെ ലഭിക്കും. ഹൈദരാബാദ് IIT യിൽ എം.എസ്.സി. ബിരുദം പൂർത്തിയാക്കി. അൽഷിമേഴ്സ് ബയോമാർകേഴ്സിന്റെ രക്തത്തിലെ സാന്നിധ്യം നാനോപോർ സെൻസിംഗ് മുഖേന കണ്ടെത്തുന്നതിലാണ് ഓസ്ട്രേലിയയിൽ ഗവേഷണം നടത്തുന്നത്. അറ്റോമിക് എനർജി വകുപ്പിൽ ഉദ്യോഗസ്ഥനായ ഓമല്ലൂർ കൊടക്കനാൽ കോവിലകത്ത് രാജാ ബിനോദിന്റെയും തൃശ്ശൂർ കുമരപുരം കോവിലകത്ത് സൗമ്യ വർമ്മയുടെയും ഏക മകളാണ്.



IIT ഭുവനേശ്വറിൽ നിന്നും ബി.ടെക്ക് (മെക്കാനിക്കൽ) ബിരുദം പ്രസിഡന്റിന്റെ ഗോൾഡ് മെഡലോടെ പാസായ **വരുൺ വർമ്മ**. തുടർന്ന് മിഷിഗൺ യൂണിവേഴ്സിറ്റിയിൽ മെക്കാനിക്കൽ എഞ്ചിനിയറിങ്ങിൽ Ph.D യ്ക്ക് പ്രവേശനം ലഭിച്ചു. ജഗന്നാഥ് ഗണേശന്റെയും രേണുക വർമ്മയുടെയും (എറണാകുളം മംഗളമഠം) മകനാണ്.

# റിയാക്ട് ധനസഹായം



ബിരുദാനന്തര ഡിപ്ലോമയ്ക്ക് (PG Diploma in Logistics and Supply Chain Management) പഠിക്കുന്ന **നിഖിൽ വർമ്മയ്ക്ക്** റിയാക്ട് അനുവദിച്ച ധനസഹായത്തിന്റെ ചെക്ക് തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭാ പ്രസിഡന്റ് കിഷോർ കുമാർ വർമ്മ കൈമാറുന്നു. റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ, ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ തുടങ്ങിയവർ സമീപം.



സി.എ. വിദ്യാർത്ഥിനിയായ **ഗായത്രി എസ്. വർമ്മയ്ക്ക്** പഠന ധനസഹായത്തിനു റിയാക്റ്റ് അനുവദിച്ച തുകയുടെ ചെക്ക് ട്രഷറർ കെ.എൻ. രാമവർമ്മ കുട്ടിയുടെ മാതാവ് ശ്രീജാ വർമ്മക്ക് കൈമാറുന്നു. ക്ഷത്രിയ ക്ഷേമസഭയുടെയും റിയാക്ടിന്റെയും ആസ്ഥാനമായ തിരുവനന്തപുരം കോട്ടയ്ക്കകം സുന്ദരവിലാസം കൊട്ടാരത്തിൽ നടന്ന ലളിതമായ ചടങ്ങിൽ വെച്ചാണ് ചെക്ക് കൈമാറിയത്.



ക്ഷത്രിയ ക്ഷേമസഭ പിലാത്തറ യൂണിറ്റ് അംഗമായ **സി. വേണുഗോപാലിന്** റിയാക്ടിൽ നിന്നും അനുവദിച്ച ചികിത്സാ സഹായത്തിനുള്ള ചെക്ക് പിലാത്തറ യുണിറ്റ് സെക്രട്ടറി മനോജ് കുമാർ എസ്.കെ. കൈമാറുന്നു. തദവസരത്തിൽ യൂണിറ്റ് ഖജാൻജി ജനാർദ്ദനൻ ചാത്തോത്തിടത്തിൽ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗം പ്രദീപ് കുമാർ എന്നിവരും സന്നിഹിതരായിരുന്നു.

# സംസ്ഥാന സ്കോളർഷിപ്പുകൾ / അവാർഡുകൾ

## മഹാറാണി സേതുപാർവ്വതിബായി സ്മാരക സ്കോളർഷിപ്പ്

മെഡിസിൻ, എൻജിനീയറിംഗ്, ഡിഗ്രി, ഫൈൻ ആർട്സ് എന്നീ വിഭാഗങ്ങളിൽ 2025–ൽ പ്രവേശനം ലഭിച്ച ക്ഷത്രിയ ക്ഷേമസഭ യൂണിറ്റുകളിലെ അംഗങ്ങളുടെ മക്കൾക്ക് നൽകുന്ന മഹാറാണി സേതു പാർവതിബായി സ്മാരക സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയും ആണ് ഈ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡം.

അപേക്ഷകൾ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിസിൻ/ എൻജിനീയറിങ്/ ഡിഗ്രി/ ഫൈൻ ആർട്സ് ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ സഭയുടെ പ്രാദേശിക യൂണിറ്റുകൾ സാക്ഷ്യപ്പെടുത്തി **2025 നവംബർ 30** ന് മുൻപ് ലഭിക്കത്തക്കവണ്ണം **സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദര വിലാസം കൊട്ടാരം, തിരുവനന്തപുരം – 695023** എന്ന വിലാസത്തിലോ **R. Rama Varma, TC 53/2106, Shanti Niketan, Kuzhivila Lane, Pappanamcode, Thiruvananthapuram 695018** എന്ന വിലാസത്തിലോ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.

**ബന്ധപ്പെടേണ്ട നമ്പർ:** 9496040055 (R. Rama Varma)
9847017105 (Madhukumar Varma V.K.)

മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റോ, സ്ഥിരവരുമാനം ഇല്ലാത്തവരാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റോ നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പുനൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.

## സരസിജ തമ്പുരാൻ മെമ്മോറിയൽ അവാർഡ്

കൊച്ചി രാജകുടുംബാംഗം സരസിജ തമ്പുരാന്റെ സ്മരണാർത്ഥം പുത്രി ഡോ. ആശാലത തമ്പുരാൻ ക്ഷത്രിയ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ മെറിറ്റ് അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ (KEAM) ഏറ്റവും ഉയർന്ന റാങ്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്കാണ് അവാർഡ്. 5000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ആണ് നൽകുക. വെള്ള പേപ്പറിൽ എഴുതിയ അപേക്ഷാഫോറം റാങ്ക് ലഭിച്ചതിന്റെ proof സഹിതം സഭയുടെ യൂണിറ്റ് പ്രസിഡന്റ്/ സെക്രട്ടറി മുഖാന്തിരം **ജന. സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദരവിലാസം പാലസ്, ഫോർട്ട്, തിരുവനന്തപുരം – 695023** എന്ന വിലാസത്തിൽ അയച്ചുതരിക. **ജനറൽ സെക്രട്ടറിക്ക് വാട്ട്സാപ്പ് മുഖേനയും അയയ്ക്കാം. മൊ. 9847017105.**

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 30 നവംബർ 2025**

കവർ സ്റ്റോറി



# രാജർഷി രാമവർമ്മ
# ആധുനിക കൊച്ചിയുടെ പിതാവ്

**അനുജൻ എസ്.**
ശ്രീവിഹാർ പാലസ്, തൃപ്പൂണിത്തുറ. മൊ. 9495001012

കൊച്ചി രാജവംശത്തിലെ പത്തൊൻപത്/ ഇരുപത് നൂറ്റാണ്ടുകളിലെ പ്രഗൽഭരായ രാജാക്കന്മാരുടെ പട്ടിക എടുക്കുമ്പോൾ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ദേഹമാണ് രാജർഷി രാമവർമ്മ. ബ്രിട്ടീഷ് ഗവൺമെന്റുമായുള്ള തന്റെ ഉരസൽ മൂത്തുവന്ന കാരണം അദ്ദേഹം 1914-ൽ സ്വമേധയാ രാജ്യഭാരം വച്ചൊഴിഞ്ഞു പോകുകയാണ് ഉണ്ടായത്. അതിനാൽ 'ഒഴിഞ്ഞ വലിയ തമ്പുരാൻ' എന്ന പേരിലാണ് പലരും അദ്ദേഹത്തിനെ അറിയുന്നത്. 1895 മുതൽ 1914 വരെയുള്ള കാലഘട്ടത്തിലാണ് ഇദ്ദേഹം കൊച്ചി ഭരിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി വർഷത്തിൽ തുടങ്ങിയ സംസ്കൃത കോളേജിൽ അവിടെ ത്തന്നെ 1926-ൽ തുടങ്ങിയ ആയുർവ്വേദ കോളേജിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിനെക്കുറിച്ചുള്ള ഒരു ലേഖനത്തിനു പ്രസക്തിയുണ്ട് എന്ന് തോന്നുന്നു.



## ജനനം/ബാല്യകാലം

കൊച്ചി കോവിലകത്തെ മൂന്നാം താവഴിയിലെ കുഞ്ഞിക്കാവ് തമ്പുരാന്റെയും കൂടലാട്ടുപുരം ഭാസ്കരൻ അനുജൻ നമ്പൂതിരിയുടെയും മൂത്ത മകനായി രാമവർമ്മ കുഞ്ഞിക്കിടാവ് തമ്പുരാൻ 26-12-1852-നു ജനനം. സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകൾ അഭ്യസിച്ചു. തന്റെ ഉപനയനത്തിനുശേഷം കുംഭകോണം ശേഷാചാര്യരിൽ നിന്നാണ് അദ്ദേഹം സംസ്കൃതം അഭ്യസിച്ചത്. എങ്കിലും, രാജകുടുംബത്തിൽ അന്ന് പൊതുപരീക്ഷകൾ എഴുതുകയും ജയിക്കുകയും ചെയ്യുന്ന ഒരു പ്രവണത ഇല്ലാതിരുന്നതിനാൽ തമ്പുരാൻ ഒരു ഡിഗ്രി ജേതാവ് ആയിരുന്നില്ല. എന്നാൽ തന്റെ അനിയന്മാരെ മെട്രിക്കുലേഷൻ, BA എന്നിവ കരസ്ഥമാക്കുവാൻ അദ്ദേഹം സഹായിച്ചു. തമ്പുരാൻ കൂട്ടത്തിൽ ആയുർവ്വേദവും പഠിച്ചു.

## തിരുമൂപ്പ്

ക്രി.വ. 1888ൽ, അന്ന് മഹാരാജാവായിരുന്ന രാമവർമ്മ മഹാരാജാവ് മിഥുനമാസത്തിൽ തീപ്പെട്ടതിനെ തുടർന്ന് ഇദ്ദേഹം ഇളയതമ്പുരാനായി. അപ്പോൾ മഹാരാജാവായ കേരളവർമ്മ 1895 ആഗസ്റ്റു മാസത്തിൽ രോഗഗ്രസ്തനായി കിടപ്പിലായപ്പോൾ, ബ്രിട്ടീഷ് ഗവൺമെന്റ് ഇദ്ദേഹത്തെ ചുമതലയേൽപ്പിച്ചു. ഒരു മാസത്തിനുള്ളിൽ മഹാരാജാവ് തീപ്പെട്ടതോടെ രാമവർമ്മ കുഞ്ഞിക്കിടാവ് തമ്പുരാൻ 43 വയസ്സിൽ രാജാവായി.

***തിരുമനസ്സിന്റെ ഭരണകാലത്തെ വികസന പ്രവർത്തങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കാം:***

1. ഇദ്ദേഹം സെക്രട്ടേറിയറ്റ് ബലപ്പെടുത്തുകയും, നികുതി പിരിവുകൾ കർശനമാക്കുകയും ക്രമസമാധാനം വളരെ മെച്ചപ്പെടുത്തുകയും ചെയ്തു.

**2. ആതുരസേവന രംഗത്ത് പുതിയ കുതിപ്പുകൾ**

കൊച്ചി നാട്ടുരാജ്യത്തുള്ള ആശുപത്രികളുടെ സൗകര്യങ്ങൾ വളരെയധികം വർദ്ധിപ്പിച്ചു.

- പരീക്ഷണാർത്ഥം സഞ്ചരിക്കുന്ന ഡിസ്പെൻസറികൾ ആരംഭിച്ചു.
- നേഴ്സുമാരുടെയും മറ്റും എണ്ണം വർദ്ധിപ്പിച്ചു, മിഡ് വൈഫുമാർക്ക് നല്ല പരിശീലനം നൽകി.

**3. വിദ്യാഭ്യാസം**

സംസ്കൃതത്തിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന തിരുമനസ്സ് തന്നെയാണ് തൃപ്പൂണിത്തുറ

യിൽ സംസ്കൃത പാഠശാല സ്ഥാപിക്കുകയും അതിനെ പിന്നീട് കോളേജ് ആക്കി ഉയർത്തുകയും ചെയ്തത്. അവിടെ 1926–ൽ ആയുർവ്വേദം പഠിപ്പിക്കാനായി ഒരു ശാഖ തുടങ്ങുകയുണ്ടായി; എന്നാൽ അവിടെ ചികിത്സയ്ക്കും ഔഷധങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനപരിചയത്തിനും സൗകര്യമില്ലാത്തതിനാൽ പിന്നീട് പുതിയ മന്ദിരങ്ങളിലേക്ക് മാറ്റുകയാണ് ഉണ്ടായത്.

രാജർഷി കുട്ടനല്ലൂർ ഗുരുകുലം വികസിപ്പിക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തു. അദ്ദേഹം ഒരിക്കൽ കൊടുങ്ങല്ലൂർ സന്ദർശിച്ചപ്പോൾ അവിടെ സംസ്കൃതം പഠിക്കാൻ ഉണ്ടായിരുന്ന കറുപ്പൻ എന്ന താഴ്ന്ന ജാതിക്കാരന് സംസ്കൃതത്തിൽ ഉള്ള താൽപര്യം കണ്ട്, കറുപ്പനെ തൃപ്പൂണിത്തുറയിലേക്ക് വിളിച്ചുകൊണ്ടുവരികയും രാജകുടുംബത്തിലെ അദ്ധ്യാപകരുടെ കീഴിൽ അഭ്യസിപ്പിക്കുകയും അദ്ദേഹത്തിന് 'പണ്ഡിറ്റ്' ബിരുദം കരസ്ഥമാക്കുവാൻ വഴിയൊരുക്കുകയും ചെയ്തു. പണ്ഡിറ്റ് കറുപ്പനെ പിന്നീട് രാജർഷി എറണാകുളത്തെ ഗേൾസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിച്ചു. അവിടത്തെ ചില സവർണ്ണർ തങ്ങളുടെ കുട്ടികളെ കറുപ്പൻ പഠിപ്പിക്കുന്നതിൽ താല്പര്യമില്ല എന്നുള്ള ഒരു വാദഗതിയുമായി വന്നപ്പോൾ മഹാരാജാവ്, "കുട്ടികളെ ഇവിടെ നിന്ന് മാറ്റി കൊണ്ടുപൊയ്ക്കോളൂ, എന്നാൽ ഈ കാരണത്താൽ വേറെ ഒരു സ്ഥാപനത്തിലും നിങ്ങളുടെ കുട്ടികളെ ചേർക്കാൻ പറ്റുകയില്ല" എന്ന് പറഞ്ഞതു കാരണം അവരെല്ലാം പത്തിമടക്കുകയും പണ്ഡിറ്റ് കറുപ്പന്റെ കീഴിൽ തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം തുടരാൻ സമ്മതിക്കുകയും ചെയ്തു.

1915 കാലഘട്ടത്തിൽ തെന്നിന്ത്യയിൽ നടത്തിയ സാക്ഷരതാ സർവ്വേയുടെ ഫലങ്ങൾ നോക്കിയാൽ നാട്ടുരാജ്യങ്ങളിൽ കൊച്ചിയുടെ അന്നത്തെ സാക്ഷരതയിലുള്ള മേൽക്കോയ്മ മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല,

മദ്രാസ് പ്രസിഡൻസി – 36%, കൊച്ചി– 32.4%, തിരുവിതാംകൂർ– 21.5%, തഞ്ചാവൂർ– 20.3%, മൈസൂർ– 17.2%, മലബാർ– 8.9%.

**4. ഭൂ സർവ്വേ**

കൊച്ചിയിൽ ആദ്യമായി ഒരു ലാൻഡ് സർവ്വേ നടത്തി, ഭൂമിയിലെ മുഴുവൻ കണക്കുകളും ഉണ്ടാക്കുകയും മറ്റും ചെയ്തു.

**5. ദേവസ്വം**

അക്കാലത്തുതന്നെ ദേവസ്വം എന്നത് കൊച്ചി മഹാരാജാവിന്റെ കീഴിലുള്ള ഒരു ഡിപ്പാർട്ടുമെന്റ് ആയിരുന്നു. അതിനെ വികേന്ദ്രീകരണത്തിന്റെ ഭാഗമായി പല ഗ്രൂപ്പുകളായി തിരിച്ചു. തിരുവില്വാമല, തൃശൂർ, തിരുവഞ്ചിക്കുളം, തൃപ്പൂണിത്തുറ എന്നിവയാണ് അന്നുണ്ടാക്കിയ ഗ്രൂപ്പുകൾ. ഓരോ ഗ്രൂപ്പിന്റെ കീഴിലും നല്ല വരുമാനമുള്ള ഒരു ക്ഷേത്രമെങ്കിലും ഉണ്ടായിരുന്നതിനാൽ ആ ഗ്രൂപ്പ് സ്വയം പര്യാപ്തമാകും എന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം.

**6. പഞ്ചായത്ത് ഭരണം**

തദ്ദേശ സ്വയംഭരണം എന്ന ഉദ്ദേശത്തോടെ പഞ്ചായത്തുകളുടെ ഭരണം ഇക്കാലത്ത് അവരെ ഏൽപ്പിച്ചത്, വളരെ നല്ലരീതിയിൽ നടന്നുകൊണ്ടിരുന്നു.

**7. അഡ്വൈസറി കൗൺസിൽ**

രാജർഷിയുടെ ഭരണകാലത്ത്, ഭരണത്തിൽ പ്രജകൾക്ക് ചെറിയതോതിൽ പങ്കെടുക്കുവാനായി 20 അംഗങ്ങളുള്ള അഡ്വൈസറി കൗൺസിൽ 1913–ൽ നിലവിൽ വന്നു. നാട്ടുരാജ്യങ്ങളിൽ ഇത് ഒരു പുതിയ കാൽവയ്പ്പ് തന്നെയായിരുന്നു.

## രാജർഷിയുടെ അറിവിന് അംഗീകാരം

അദ്ദേഹത്തിന്റെ സംസ്കൃതത്തിലും ആയുർവ്വേദത്തിലുമുള്ള പാണ്ഡിത്യം കാരണം പൂനെയിലും ബോംബെയിലും നടന്ന വിവിധ ദേശീയ യോഗങ്ങളിൽ അദ്ദേഹം അദ്ധ്യക്ഷസ്ഥാനം വഹിക്കുകയുണ്ടായി.

1917–ൽ ആൾ ഇന്ത്യാ ആയുർവ്വേദിക് കോൺഗ്രസിൽ അദ്ദേഹം വിഷചികിത്സാ ഗ്രന്ഥമായ 'ഹരമേഖല'യിലെ ശ്ലോകങ്ങൾ ഉദ്ധരിച്ച്, അതിലെ പല പരാമർശങ്ങളും അന്ന് ലോകമാകെ പടർന്നിരുന്ന പ്ലേഗ് രോഗവുമായി സാദൃശ്യമുണ്ടെന്ന് സമർത്ഥിക്കുകയുണ്ടായി.

1919–ൽ ആൾ ഇന്ത്യാ ഓറിയന്റൽ കോൺഫറൻസിൽ വച്ച് ബാലഗംഗാധര തിലകൻ തിരുമനസ്സിനെ "ഇദ്ദേഹം രാജാക്കന്മാരിലെ ഋഷിയും, ഋഷിമാരിലെ രാജാവുമാണ്" എന്ന് പ്രശംസിക്കുകയുണ്ടായി.

## ഭാഷാപരിഷ്ക്കരണ കമ്മറ്റി

രാജർഷിയുടെ ഷഷ്ട്യബ്ദപൂർത്തി സമയത്താണ് അദ്ദേഹം ഒരു ഭാഷാ പരിഷ്ക്കരണ കമ്മറ്റി ആരംഭിച്ചത്. ഈ സംരംഭം മലയാള ഭാഷയ്ക്ക് നൽകിയ സംഭാവനകൾ എറെയാണ്. ഒരു വിശിഷ്ടമായ നിഖണ്ഡു ഉണ്ടാക്കുക കൂടാതെ, അതുവരെ പ്രസിദ്ധീകരിക്കപ്പെടാത്ത മലയാളത്തിലുള്ള പല ഗ്രന്ഥങ്ങളും അച്ചടിക്കുകവഴി അവ വെളിച്ചം കണ്ടു.

## കൊച്ചിയിലേക്ക് റെയിൽവേ

കൊച്ചിയിൽ വിപ്ലവകരമായ പല പരിഷ്കാരങ്ങളും കൊണ്ടുവന്നത് ഇദ്ദേഹമാണ്. ബ്രിട്ടീഷ് സർക്കാരിൽ നിന്നും ഒരു പൈസ പോലും കിട്ടില്ല എന്ന് അറിഞ്ഞതോടെ, ആഭ്യന്തര സ്രോതസ്സുകൾ മാത്രം ആശ്രയിച്ച് ഷൊർണൂരിൽ നിന്ന് കൊച്ചിയിലേക്ക് റെയിൽവേ ലൈൻ ഇട്ടത് ഇന്ന് ആലോചിക്കവയ്യ. ഈ പ്രോജക്ടിന് ഒരു ഇംഗ്ലീഷ് കോൺട്രാക്ടർക്കായിരുന്നു ചുമതല. അവരുടെ കെടുകാര്യസ്ഥത കാരണം ഈ പ്രോജക്ട് തീരാൻ വൈകുകയും ചെലവ് കൂടുകയും ചെയ്തു. ഈ അവസരത്തിൽ തീരെ ശുഷ്കമായിരുന്ന ഖജനാവ് തൊടാൻ നിവൃത്തിയില്ലായിരുന്നു. അന്ന് അദ്ദേഹത്തിന്റെ ഒരു ഡിപ്പാർട്ട്മെൻറ് ആയിരുന്ന ദേവസ്വം ഡിപ്പാർട്ട്മെന്റിലെ സ്വത്തുക്കൾ ലേലം ചെയ്ത് പണം സമാഹരിക്കുവാൻ തീരുമാനിച്ചു. അങ്ങനെയാണ് തൃപ്പൂണിത്തുറ പൂർണ്ണത്രയീശന്റെ അമ്പലത്തിലെ 14 സ്വർണ്ണ തലേക്കെട്ടുകളും ഊരകത്ത് അമ്മ തിരുവടി ക്ഷേത്രത്തിലെ 6 സ്വർണ്ണ തലേക്കെട്ടുകളും ലേലം ചെയ്ത് വിറ്റ് അതിന്റെ തുകകൊണ്ട് അധികം വന്ന ചെലവ് വഹിക്കാനും ഈ പ്രോജക്ട് പൂർത്തിയാക്കാനും സാധിച്ചത്. അതിന് അദ്ദേഹത്തിന് കുടുംബാംഗങ്ങളിൽനിന്നു പോലും കടുത്ത വിമർശനം നേരിടേണ്ടി വന്നെങ്കിലും, പ്രത്യക്ഷമായി കൊച്ചി രാജ്യത്തിനും, പിന്നീട് അതിനു തുടർച്ചയായി തിരുവിതാംകൂറിനും വളരെ ഉപകാരപ്രദമായ ഈ റെയിൽ ഇട്ടത് ജനങ്ങൾക്ക് അത്യധികം ഉപകാരപ്രദമാകും എന്നതിനാൽ അദ്ദേഹം തന്റെ നിലപാടിൽ ഉറച്ചുനിൽക്കുകയാണ് ഉണ്ടായത്.

1902 ജൂലായ് 16 ന് പുതിയ റെയിൽവേ ലൈൻ തുറന്നുകൊടുത്തപ്പോൾ അദ്ദേഹം പരദേവതയായ പൂർണ്ണത്രയീശനോട് “ഭഗവാനേ, എന്റെ പ്രജകളുടെ ക്ഷേമത്തിനായി ഞാൻ ഇങ്ങനെ ചെയ്തു; അത് വിജയിപ്പിക്കുക. ഞാൻ തെറ്റാണ് ചെയ്തതെങ്കിൽ എന്നെ ശിക്ഷിക്കുക”. പൂർണ്ണത്രയീശന്റെ സ്വത്ത് ഉപയോഗിച്ച് റെയിൽവെ നിർമ്മിച്ചതിനാൽ, റെയിൽവേ വരുമാനത്തിന്റെ ചെറിയൊരു പങ്ക് പൂർണ്ണത്രയീശന് നൽകും എന്നൊരു വ്യവസ്ഥ ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്, എന്നാൽ സ്വാതന്ത്ര്യ ലബ്ധിയോടെ ഇത് നിർത്തലാക്കി എന്നും കേൾക്കുന്നു.

ഇന്ത്യയുടെ റെയിൽവേ മാപ്പിൽ അങ്ങനെ സ്ഥാനംപിടിച്ച കൊച്ചിയിൽ 1902-ൽ പ്രവർത്തനം ആരംഭിച്ച എറണാകുളം ടെർമിനസ് സ്റ്റേഷൻ, 1934-ൽ എറണാകുളം ജംഗ്ഷൻ വന്നതോടെ ഉപയോഗിക്കാതെയായി. ഇന്നത് ആർക്കും വേണ്ടാത്ത പൊളിഞ്ഞുവീഴാൻ മുഹൂർത്തവും കാത്തിരിക്കുന്ന ഒരു ചരിത്ര സ്മാരകമായി ‘ഓൾഡ് റെയിൽവേ സ്റ്റേഷൻ’ എന്ന പേരിൽ ഹൈക്കോടതിക്ക് കിഴക്കു മാറി നിലകൊള്ളുന്നു! 1947-നു ശേഷമേ ചരിത്രമുള്ളൂ എന്ന് വിചാരിക്കുന്ന ഇന്നത്തെ നേതാക്കളോടും ഉദ്യോഗസ്ഥന്മാരോടും എന്ത് പറയാൻ?



*ശാപമോക്ഷം കാത്ത് എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ*

## കൊച്ചി തുറമുഖം വികസിപ്പിച്ചത്

ഇദ്ദേഹമാണ് കൊച്ചി തുറമുഖത്തിന്റെ ഉപജ്ഞാതാവ്. അന്ന് എട്ടടി താഴ്ച മാത്രം ഉണ്ടായിരുന്ന കൊച്ചിയിലേക്കുള്ള അഴിമുഖം വഴി കപ്പലുകൾക്ക് കൊച്ചിയിലേക്ക് കയറിവരുവാൻ സാധിച്ചിരുന്നില്ല. അവിടെ ആഴം കൂട്ടാൻ ഒരു മണ്ണുമാന്തി കപ്പൽ വാങ്ങുവാൻ അദ്ദേഹം പറമ്പിക്കുളത്തെ തേക്ക് തടികൾ കയറ്റുമതി ചെയ്താണ് ധനം സമാഹരിച്ചത്. പറമ്പിക്കുളത്ത് നിന്നും ചാലക്കുടി വരെ ട്രാംവേ ഉണ്ടാക്കി അതിൽ കൂടി തടി ചാലക്കുടിയിൽ കൊണ്ടുവന്ന്, അതിന് മുമ്പ് പ്രവർത്തനം തുടങ്ങിയ ഷൊർണൂർ കൊച്ചി റെയിൽവേ ലൈനിൽ ട്രെയിനിലേക്ക് മാറ്റി, എറണാകുളത്ത് കൊണ്ടുവന്ന്

ബാർജുകളിൽ കയറ്റി, പുറംകടലിൽ കൊണ്ടുപോയി കയറ്റുമതി ചെയ്ത്, അതിൽ നിന്ന് കിട്ടിയ തുക കൊണ്ടാണ് ലോർഡ് വെല്ലിങ്ടൺ എന്ന മണ്ണ് മാന്തി കപ്പൽ വാങ്ങിയത്. ട്രാംവെ ഉണ്ടാക്കാൻ രാജർഷി രാമവർമ്മ ഷൊർണൂർ കൊച്ചി റെയിൽവേ ലൈൻ നിർമ്മിച്ച ഇംഗ്ലീഷ് കോൺട്രാക്ടറെ കരിമ്പട്ടികയിൽ ചേർക്കുകയും പകരം ഒരു ജർമ്മൻ കോൺട്രാക്ടറെ എൽപ്പിക്കുവാനും, ബ്രിട്ടീഷ് ഭരിക്കുന്നകാലത്ത് ഇദ്ദേഹം ധൈര്യം കാണിച്ചു.



Cochin Forest Tramway

അക്കാലത്ത് ഭാരതത്തിലെ വൈസ്രോയ് ആയിരുന്ന കഴ്സൺപ്രഭു കൊച്ചിയിൽ വന്ന് എങ്ങനെയാണ് ഇത്തരം പ്രോജക്ടുകൾ നടത്തുന്നത് എന്ന് അധികാരികളുമായി സംസാരിക്കുകയുണ്ടായി. ആ മീറ്റിങ്ങുകളിൽ എല്ലാം മഹാരാജാവുതന്നെയാണ് പ്രസന്റേഷൻ നടത്തിയത് എന്നുള്ളത് ധരിക്കുക. ഇതിനുശേഷം കഴ്സൺ പ്രഭു ഇത്ര ഉല്പതിഷ്ണുവായ ഒരു നാട്ടുരാജാവ് ഭാരതത്തിൽ ഇല്ല എന്ന് അഭിപ്രായപ്പെടുകയും ഭാരതത്തിലുള്ള അനേകം നാട്ടുരാജ്യങ്ങളിൽ ചെന്ന് അവരോട് വികസനത്തിനു വേണ്ടി കൊച്ചി വികസനമാതൃക അവലംബിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

കൊച്ചി തുറമുഖത്ത് കപ്പലുകൾ വരാൻ മണ്ണ് മാന്തിയ സമയത്ത് കിട്ടിയ മണ്ണ് കൂട്ടിയിട്ട് 3.2 ചതുരശ്ര കിലോമീറ്റർ വലിപ്പമുള്ള ഒരു ദ്വീപ് ഉണ്ടാക്കുകയും, അതിന് വെല്ലിങ്ടൺ ഐലൻഡ് എന്ന് നാമകരണം ചെയ്യുകയും ചെയ്തു. അവിടെയാണ് പിൽക്കാലത്ത് പോർട്ട്ട്രസ്റ്റും മറ്റ് ഓഫീസുകളും കൂടാതെ കൊച്ചി വിമാനത്താവളവും പ്രവർത്തിച്ചിരുന്നത് എന്നുകൂടി ഓർക്കേണ്ടതാണ്. ഈ വഴി ചിന്തിക്കുകയാണെങ്കിൽ, കൊച്ചിയിലേക്ക് റെയിൽവേ വരുത്തുകയും കൊച്ചി തുറമുഖം വികസിപ്പിക്കുകയും കൊച്ചി വിമാനത്താവളത്തിന് പറ്റിയ സ്ഥലം ഉണ്ടാക്കുകയും ചെയ്ത രാജർഷി തന്നെയാണ് ആധുനിക കൊച്ചിയുടെ പിതാവ് എന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല.

കഴിഞ്ഞവർഷം എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷന് രാജർഷിയുടെ നാമം നൽകണമെന്ന് കൊച്ചി കോർപ്പറേഷനിൽ ഒരു നിർദേശം വരികയുണ്ടായി എങ്കിലും രാഷ്ട്രീയ എതിർപ്പുകൾ കാരണം അത് നടപ്പാക്കിയില്ല. എങ്കിലും തൃപ്പൂണിത്തുറയിലേക്ക് കൊച്ചി മെട്രോ നീട്ടുന്ന സമയത്ത് തൃപ്പൂണിത്തുറ ടെർമിനസ് സ്റ്റേഷനിൽ രാജർഷിയുടെ ഒരു ചിത്രം വയ്ക്കുവാൻ സൗമനസ്യം കാണിച്ച കൊച്ചി മെട്രോ അധികാരികളോട് രാജകുടുംബം കടപ്പെട്ടവരാണ്.

## ഇതര വ്യവസായങ്ങൾ

രാജർഷിയുടെ ഭരണകാലത്ത് ചെറുകിട വ്യവസായങ്ങൾക്ക് ഒരു പുതിയ ഡിപ്പാർട്ട്മെന്റ് ഉണ്ടാക്കുകയും അതിന്റെ കീഴിൽ മുള, പൾപ്പ്/പേപ്പർ, സിറാമിക്, കളിമണ്ണ് എന്നീ വ്യവസായങ്ങൾ പലതും തുടങ്ങുകയും പല വ്യവസായങ്ങളും തുടങ്ങുവാൻ വഴിമരുന്ന് ഇടുകയും ചെയ്തു. കൊച്ചിയിൽ ഞാറയ്ക്കലിനു സമീപത്ത് എണ്ണ പര്യവേഷണം നടത്താൻ ആലോചന തുടങ്ങി. അവിടെ പിന്നീട് എണ്ണ കണ്ടെത്തുകയും, എന്നാൽ അന്ന് ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് ലാഭകരമായി എണ്ണ ഉത്പാദനം നടത്താൻ പ്രയാസമായതിനാൽ ഈ വഴിയിൽ പിന്നെ മുമ്പോട്ട് പോകുകയുമുണ്ടായില്ല.

വ്യവസായങ്ങൾക്ക് വൈദ്യുതിയുടെ ആവശ്യം ഉള്ളതിനാൽ കൊച്ചിയിൽ സ്വന്തം ജലവൈദ്യുത പദ്ധതിക്കുള്ള തിരച്ചിൽ തുടങ്ങുകയും, അതിന്റെ ഫലമായി പിൽക്കാലത്ത് പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതി സാക്ഷാൽക്കരിക്കുകയും ചെയ്തു.

### യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോജനഃ

കൊച്ചി തുറമുഖം വികസിച്ചതോടെ കൊച്ചിയിലേക്ക് പല വ്യവസായങ്ങൾക്കും ആവശ്യമായ അസംസ്കൃതവസ്തുക്കൾ കൊണ്ടുവരാനും, ഈ വ്യവസായങ്ങൾ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുവാനും സൗകര്യമുണ്ടായതിനാൽ കൊച്ചി കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായി. 100 വർഷത്തിനു ശേഷവും ആ നില തുടരുന്നു എന്നത് അത്ഭുതാവഹമാണ്. ഉദ്ദേശം അറുനൂറോളം

കിലോമീറ്റർ നീളമുള്ള കേരളതീരത്ത് വേറെ ഒരു തുറമുഖം ഉണ്ടാക്കാൻ, 1795 മുതൽ 1947 വരെ മലബാർ ഭരിച്ചിരുന്ന ബ്രിട്ടൻ ശ്രമിച്ചതുമില്ല, 1947 മുതൽ കേരളം ഭരിക്കുന്ന വിവിധ സർക്കാരുകൾക്കും അടുത്തകാലം വരെ സാധിച്ചില്ല എന്നുള്ളതും അത്ഭുതകരമായ കാര്യമാണ്.

## അസാമാന്യ ചങ്കൂറ്റം

മറ്റു നാട്ടുരാജാക്കന്മാർ വൈസ്രോയിയെ 'യുവർ എക്സലൻസി' എന്ന് അഭിസംബോധന ചെയ്യുന്നതിൽ നിന്നും വളരെ വ്യത്യസ്തമായി 'മൈ എസ്റ്റീമ്ഡ് ഫ്രണ്ട്' എന്ന് രാജർഷി രാമവർമ്മ സംബോധന ചെയ്തിരുന്നത് പല ബ്രിട്ടീഷ് അധികൃതർക്കും തലവേദനയുണ്ടാക്കി എന്ന് നിസ്സംശയം പറയാം. ഡൽഹിയിൽ ഭാരതത്തിലെ എല്ലാ നാട്ടുരാജാക്കന്മാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ബ്രിട്ടീഷ് വൈസ്രോയി നടത്തിയ റോയൽ ഡർബാർ എന്ന ഒരു മീറ്റിംഗിൽ, പ്രസിദ്ധീകരിച്ച സമയത്തിനുശേഷം ഒരു മണിക്കൂറിലധികം കഴിഞ്ഞിട്ടും വൈസ്രോയി എത്താതിരുന്നതിനാൽ രാജർഷി ഹാളിൽ നിന്നും ഇറങ്ങിപ്പോവുകയും വഴിയിൽ വൈസ്രോയി വരുന്നത് കാണുകയും, വൈസ്രോയി ക്ഷമ യാചിച്ച് അദ്ദേഹത്തിനെ തിരിച്ചുകൊണ്ടുപോകുകയും ഉണ്ടായി എന്നതുകൂടി ഈ അവസരത്തിൽ അറിഞ്ഞിരിക്കേണ്ടതാണ്.

## ബ്രിട്ടീഷുകാരുടെ കണ്ണിലുണ്ണി

വിക്ടോറിയാ രാജ്ഞി അന്തരിച്ച ശേഷം 1905-ൽ ജോർജ് അഞ്ചാമന്റെ കിരീടധാരണത്തിന് ഭാരതത്തിലെ എല്ലാ നാട്ടുരാജാക്കന്മാരെയും ക്ഷണിക്കാം എന്ന് ബ്രിട്ടീഷ് ഭരണകൂടത്തിന് ഒരു ചിന്ത ഉണ്ടായി, വൈസ്രോയി അത് എതിർക്കുകയും, രണ്ടേ രണ്ടു പേരെ മാത്രം (കൊച്ചിയിലെ രാജർഷിയെയും തിരുവിതാംകൂറിലെ ശ്രീമൂലംതിരുനാളിനെയും) ക്ഷണിക്കുകയും ചെയ്തു. എന്നാൽ കടൽ കടന്നു പോകാനുള്ള നിയന്ത്രണം കാരണം അവർ രണ്ടുപേരും അത് നിരസിക്കുകയാണ് ഉണ്ടായത്.

വെയിൽസ് രാജകുമാരൻ 1906-ൽ മദ്രാസ് സന്ദർശിച്ച വേളയിൽ രാജർഷി അദ്ദേഹത്തിനെ ചെന്ന് കണ്ട അവസരത്തിൽ കൊച്ചി രാജാക്കന്മാർക്ക് നൽകുന്ന പീരങ്കി വെടികൾ 17-ൽ നിന്നും 19 ആയി ഉയർത്തി. ഭാരതത്തിൽ ഇതിൽ വലുതായ 21 പീരങ്കി സല്യൂട്ട് ഉണ്ടായിരുന്നത് ഹൈദരാബാദ്, മൈസൂർ, ബറോഡ, കശ്മീർ, ഗ്വാളിയർ എന്നിവിടങ്ങളിലെ രാജാക്കന്മാർക്ക് മാത്രമാണ്.

**തിരുമനസ്സിന്റെ കൃതികൾ**

ബാലപ്രബോധനം, വേദാന്തപരിഭാഷാസംഗ്രഹം

**ലഭിച്ച പദവികൾ**

• അഭിനവ ജനകൻ (നൽകിയത് മക്ഡോണൾഡ്) • 1897-ൽ **GCSI** (Grand Commander of the Order of the Star of India) എന്ന ബഹുമതി • 1903-ൽ ഡൽഹി ദർബാർ മെഡൽ • 1903-ൽ **GCIE** (Grand Commander of the Order of the Most Eminent Order of the Indian Empire) എന്ന ബഹുമതി.

## കുന്നിന്മേൽ കൊട്ടാരത്തിലേക്ക്

അതുവരെ കൊച്ചി രാജാക്കന്മാരുടെ ആവാസം പുത്തൻ ബംഗ്ലാവിലായിരുന്നു. എന്നാൽ അതിനിടയിൽ ഇന്ന് ഹിൽ പാലസ് ഇരിക്കുന്ന സ്ഥലം രാജാവ് വാങ്ങുകയും, ആദ്യം അവിടേയ്ക്ക് ഓഫീസുകൾ മാറ്റുകയും പിന്നീട് കൊട്ടാരം പണിഞ്ഞ് രാജർഷിയുടെ കാലത്ത് മഹാരാജാവിന്റെ താമസവും ദർബാറും മറ്റും അങ്ങോട്ട് മാറ്റുകയും ചെയ്തു.

## നിയമനത്തിന്റെ മാതൃക

അധികാര വർഗ്ഗത്തിന്റെ പിൻവാതിൽ നിയമനം വളരെ വികൃതമായ രീതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ രാജർഷിയുടെ കാലത്തു നടന്ന ഒരു സംഭവം ഇവിടെ പ്രസ്താവിക്കാതെ നിവൃത്തിയില്ല. ഒരിക്കൽ രാജർഷിയുടെ സഹധർമ്മിണി അവരുടെ പരിചയത്തിലുള്ള ഒരു ജോലിക്കാരന്റെ ബന്ധുവിനെ ഒരു സർക്കാർ ജോലി കൊടുക്കാനുള്ള ശുപാർശയുമായി സമീപിക്കുകയും, മഹാരാജാവ് തന്റെ പ്രിയതമയെ വൈകുന്നേരം വരെ പൊരിവെയിലിൽ നിർത്തി ശിക്ഷിക്കുകയും ചെയ്ത ചരിത്രം ഇന്നത്തെ കേരളം അറിഞ്ഞിട്ടുണ്ടാവില്ല. അതിനുശേഷം ഇങ്ങനെയുള്ള ശുപാർശകളുമായി ആരും വന്നിട്ടില്ല എന്നതുകൂടി അറിയുക.

## കുടിയാൻ ബില്ലും സ്ഥാനത്യാഗവും

കുടിയാനും ജന്മിയും തമ്മിലുള്ള ബന്ധവും ചുമതലകളും നിർവ്വചിക്കുന്ന 'കുടിയാൻ ബില്ല്' പാസാക്കിയെടുത്തതും രാജർഷിയുടെ തൊപ്പിയിലെ തൂവലാണ്. 'കുടിയാൻ ബില്ല്' കൊച്ചിയിൽ പാസാക്കിയതിനു ശേഷം അത് അംഗീകാരത്തിനായി മദ്രാസ് ഗവർണർക്ക് അയച്ചുകൊടുത്തെങ്കിലും ഗവർണർ അതിൽ മാസങ്ങളോളം നടപടി എടുത്തില്ല. എന്തെന്നാൽ, കൊച്ചിയിൽ കുടിയാൻ

ബില്ല് നടപ്പിലാക്കിയാൽ, അന്ന് ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന മലബാറിലെ ജന്മികൾക്ക് ഇത് അഭിപ്രായവ്യത്യാസം ഉണ്ടാക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിന് തലവേദന സൃഷ്ടിക്കുകയും ചെയ്യും എന്നുള്ള കാരണത്താൽ കൊച്ചിയിലെ കുടിയാൻ ബില്ല് പാസാക്കരുത് എന്ന് ബ്രിട്ടീഷ് ഗവൺമെന്റിന് നിർബന്ധമുണ്ടായിരുന്നു. ഗത്യന്തരമില്ലാതെ "എന്റെ പരമാധികാരം ഉപയോഗിച്ച് ഞാൻ ഈ ബില്ല് നടപ്പാക്കുകയാണ്; നിങ്ങൾ അംഗീകരിച്ചില്ലെങ്കിൽ വേണ്ട" എന്ന രാജർഷിയുടെ അന്ത്യശാസന കേട്ട് രാജർഷി സ്ഥാനത്യാഗം ചെയ്തതിന് തൊട്ടുമുമ്പ് ബ്രിട്ടീഷുകാർ ഈ ബില്ല് അംഗീകരിക്കുകയും ഉണ്ടായി.

കൊച്ചിരാജാക്കന്മാരുടെ സ്ഥാനാരോഹണ ചടങ്ങുകൾ 3 തലത്തിലാണ് നടക്കുന്നത്; ഒരു മതപരമായ ചടങ്ങ്, ഒരു സാമൂഹ്യപരമായ ചടങ്ങ്, ഒരു രാഷ്ട്രീയമായ ചടങ്ങ് എന്നിവയാണ് ഈ മൂന്നെണ്ണം. മതപരമായ 'അരിയിട്ട് വാഴ്ച' എന്ന ചടങ്ങിന് ശേഷം സാമൂഹ്യപരമായ ചടങ്ങിന് മട്ടാഞ്ചേരി കൊട്ടാരത്തിൽ മഹാരാജാവ് എഴുന്നള്ളുമ്പോൾ അവിടത്തെ സ്വീകരണത്തിൽ ദേവദാസി നൃത്തം കൂടി ഉണ്ടായിരുന്നു. അത് രാജർഷി രാമവർമ്മയാണ് നിർത്തൽ ചെയ്തത്.

### ചൊവ്വരയിലെ വാട്ടർ വർക്സ്

രാജർഷി 1914-ൽ ആലുവാപ്പുഴയുടെ വടക്കേ കരയിലുള്ള ചൊവ്വരയിൽ കുടിവെള്ളം ശുദ്ധീകരിക്കുന്നതിനായി ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു. ഇംഗ്ലണ്ടിൽ നിന്നും ഇറക്കുമതി ചെയ്ത യന്ത്രങ്ങളുള്ള ഈ പ്ലാന്റ് തെന്നിന്ത്യയിലെ ഏറ്റവും പഴയ പ്ലാന്റുകളിൽ ഒന്നാണ്. 110 വർഷം സേവനത്തിനു ശേഷം ലോകബാങ്കിന്റെ സഹായത്തോടെ ഇത് ജലനിധി പദ്ധതിയിൽ പെടുത്തി നവീകരിക്കുകയുണ്ടായി.

### രാജഭരണം ഒഴിയുന്നു

ബ്രിട്ടീഷുകാരുമായി സ്വരച്ചേർച്ച ഇല്ലായ്മ കാരണം സ്ഥാനത്യാഗം ചെയ്ത അവസരത്തിൽ, രാജാവ് തന്റെ പ്രജകൾക്ക് നൽകിയ സന്ദേശത്തിൽ "നിങ്ങളുടെ സുഖമാണ് എന്റെ സുഖം, നിങ്ങളുടെ ഐശ്വര്യമാണ് എന്റെ ഐശ്വര്യം" എന്നും "ഞാൻ സ്ഥാനത്യാഗം ചെയ്തുപോവുകയാണെങ്കിലും ഭാവിയിലും നിങ്ങളുടെ പ്രശ്നങ്ങൾക്ക് നിവൃത്തിയുണ്ടാക്കാൻ ഞാൻ സർവ്വാത്മനാ തയ്യാറാണ്" എന്ന് വാക്ക് കൊടുത്തതാണ്. ജനങ്ങൾക്ക് വേണ്ടി ജനങ്ങളെ തന്നെ ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന ഇന്നത്തെ എത്ര ജനപ്രതിനിധികൾക്ക് ഇങ്ങനെ പറയാൻ പറ്റും?

### അസ്തു വ്രതം ശുഭം സദാ

രാജർഷി രാമവർമ്മ രാജ്യഭാരം ഒഴിഞ്ഞതിനു ശേഷം തൃശ്ശൂർ കാനാട്ടുകരയിലുള്ള 'മെറി ലോഡ്ജ്' എന്ന തന്റെ 'സുഖ വസതി'യിലേക്ക് താമസം മാറ്റി. പിന്നീട് 18 വർഷം കൂടി ജീവിച്ച അദ്ദേഹം 1932 മാർച്ച് 21-ാം തീയതിയാണ് ദിവംഗതനായത്.

ആ കെട്ടിടത്തിൽ ദേവനാഗരിയിൽ എഴുതിയിരുന്നതാണ് 'അസ്തു വ്രതം ശുഭം സദാ' (pure be my life for ever). മെറി ലോഡ്ജ് ഇരുന്ന സ്ഥലത്താണ് ഇന്ന് ശ്രീകേരളവർമ്മ കോളേജ് നിൽക്കുന്നത്.

### തൃശ്ശൂർ മൃഗശാലയുടെ കഥ

സ്ഥാനം ഒഴിഞ്ഞ ശേഷം കാനാട്ടുകരയിൽ മെറി ലോഡ്ജിൽ താമസിക്കുന്ന കാലത്ത് രാജർഷിക്ക് വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഒരു പുലിക്കുട്ടിയെ സമ്മാനിച്ചു. തമ്പുരാൻ അതിനെ പൂച്ചക്കുട്ടിയെപ്പോലെ വളർത്തി. പാലും ചോറും മറ്റും ഭക്ഷണം. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു ജോലിക്കാരന്റെ കൈ മുറിഞ്ഞ് രണ്ടിറ്റു ചോര നിലത്തു വീഴുകയും അത് ഈ പുലിക്കുട്ടി നക്കുകയും ചെയ്തു. ഇതറിഞ്ഞ തമ്പുരാൻ "ഇനി പുലിക്കുട്ടിയുടെ സ്വഭാവം മാറും, അതിനുമുൻപ് അതിനെ പുനരധിവസിപ്പിക്കണം" എന്ന് തീരുമാനിക്കുകയും ചെയ്തു. അതാണ് തൃശ്ശൂർ മൃഗശാലയുടെ തുടക്കം. ●

### കെ.സി. മാനവർമ്മ രാജയ്ക്ക് പുരസ്കാരം



സ്വാതന്ത്ര്യസമര സേനാനി ടി.എം.കെ. വിഷ്ണു നമ്പീശൻ മാസ്റ്റർ സ്മാരക ട്രസ്റ്റ്, പയ്യന്നൂർ ഏർപ്പെടുത്തിയ മുതിർന്ന അദ്ധ്യാപകർക്ക് നൽകിവരുന്ന അവാർഡ് ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മ രാജയ്ക്ക് ലഭിച്ചു. അദ്ധ്യാപക ദിനാഘോഷത്തിന്റെ ഭാഗമായി സെപ്റ്റംബർ 8-ന് നീലേശ്വരം മുല്ലപ്പള്ളി എൽ.പി. സ്കൂൾ ഹാളിൽ നടന്ന ചടങ്ങിൽ അവാർഡ് വിതരണം ചെയ്തു.



# വയലാർ രാമവർമ്മ

## കാവ്യ പ്രതിഭയുടെ നിത്യ ചൈതന്യം

**കെ.എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം. മൊ. 9447390709



ഒരു കവിയുടെ സാഹിത്യ സംഭാവനകളുടെ ശാശ്വത മൂല്യം നിർണ്ണയിക്കേണ്ടത് മരണാനന്തരം അദ്ദേഹത്തിന് ലഭിക്കുന്ന അംഗീകാരത്തെ ആസ്പദമാക്കി ആയിരിക്കണമെന്ന് പറയാറുണ്ട്. തികച്ചും അന്വർത്ഥമായ ഒരു പ്രസ്താവനയാണത്. സ്വ ജീവിതകാലത്ത് പ്രശസ്തിയുടെ ഉന്നത ശൃംഗങ്ങളിൽ വിഹരിച്ചിരുന്ന പലരും അന്തരിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ ത്തന്നെ വിസ്മൃതിയിലേക്ക് വലിച്ചെറിയപ്പെടുന്നത് നാം കണ്ടിട്ടുണ്ട്. ഇവിടെയാണ് കവിയും ഗാനരചയിതാവുമായ വയലാർ രാമവർമ്മ എന്ന മഹാ പ്രതിഭാധനൻ വ്യത്യസ്തനാകുന്നത്. കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ടു 50 വർഷങ്ങൾ കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ കവിതകൾ ഇന്നും പൊതുവേദികളിൽ ആലപിക്കപ്പെടുന്നു. യുവജനോത്സവ വേദികളിൽ കൗമാരപ്രായക്കാരായ മത്സരാർത്ഥികൾ ആവേശപൂർവ്വം ആ കവിതകൾ അവതരിപ്പിക്കുന്നു. വയലാറിന്റെ നാമധേയത്തിലുള്ള സംഘടനകളുടെ അനുസ്മരണ സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന ആസ്വാദകരുടെ എണ്ണം ഓരോ വർഷവും വർധിച്ചു വരുന്നു. വയലാർ രാമവർമ്മ സാഹിത്യ അവാർഡ് കേരളത്തിലെ ഏറ്റവും മികച്ച പുരസ്കാരങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. വയലാറിന്റെ ചലച്ചിത്ര ഗാനങ്ങളിൽ ചിലതെങ്കിലും കേൾക്കാതെ കേരളം ഒരു ദിവസവും ഉറങ്ങാറില്ല. എന്താണ് അദ്ദേഹത്തിന്റെ കവിതകളുടെയും ഗാനങ്ങളുടെയും സവിശേഷതകൾ എന്നു പരിശോധിക്കുന്നതിന് മുൻപ് അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലെ ചില സുപ്രധാന സംഭവങ്ങളിലേക്ക് ഒരു വിഹഗവീക്ഷണം നടത്താം.

വയലാർ രാമവർമ്മ 1928 മാർച്ച് 25 നു ഭൂജാതനായി. അമ്മ ചേർത്തല വയലാർ രാഘവപറമ്പിൽ കോവിലകത്ത് അംബാലിക തമ്പുരാട്ടി അച്ഛൻ വെള്ളാരപ്പള്ളി കേരള വർമ്മ. രാമവർമ്മയുടെ മൂന്നാമത്തെ വയസ്സിൽ അച്ഛൻ അന്തരിച്ചു. പിന്നീട് അമ്മയുടെ സംരക്ഷണയിലാണ് വളർന്നത്. ആ അമ്മയും മകനുമായുള്ള ആത്മബന്ധത്തിന്റെ അനുപമസുഗന്ധം അദ്ദേഹത്തിന്റെ കവിതകളിലുടെയും ഗാനങ്ങളിലൂടെയും നമുക്ക് അനുഭവവേദ്യമാകുന്നുണ്ട്. അദ്ദേഹത്തിന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഗുരുകുല സമ്പ്രദായത്തിൽ സംസ്കൃതം അഭ്യസിച്ചു. സ്വപ്രയത്നം കൊണ്ട് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടി.

വയലാർ രാമവർമ്മയുടെ ആദ്യ കവിതാസമാഹാരം 'പാദമുദ്രകൾ' ആയിരുന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയോടുള്ള ഭക്ത്യാദരങ്ങൾ ആ കവിതകളിൽ നിറഞ്ഞുനിന്നിരുന്നു. ആ കാലഘട്ടത്തിലാണ് പുന്നപ്ര-വയലാർ സമരത്തിന്റെ തീജ്വാലകൾ നാടെങ്ങും കത്തിപ്പടർന്നത്. പുന്നപ്ര-വയലാർ സമരത്തിന്റെ പശ്ചാത്തലത്തിൽ അധികാരി

വർഗ്ഗത്തിന്റെ അടിച്ചമർത്തലിനെതിരെ ഉയിർത്തെ ഴുന്നേറ്റ അധ്വാനവർഗ്ഗത്തിന്റെ ആവേശോജ്ജ്വലമായ മുന്നേറ്റം ആ കവിഹൃദയത്തിലും വിപ്ലവത്തിന്റെ വീരഗാഥകൾ ഉണർത്തി. 'കൊന്തയും പൂണൂലും' എന്ന രണ്ടാമത്തെ കവിതാസമാഹാരത്തിലെ കവിത കൾ ആ മുന്നേറ്റത്തിന്റെ ചൂടും ചൂരും ഉൾക്കൊള്ളു ന്നവ ആയിരുന്നു. പിന്നീടങ്ങോട്ട് ആ തൂലികയിൽ നിന്നും കവിതകൾ ഒഴുകി ഒഴുകി വന്നു. 'മുളങ്കാട്', 'ഒരു ജൂദാസ് ജനിക്കുന്നു', 'എന്റെ മാറ്റൊലിക്കവി തകൾ', 'സർഗ്ഗ സംഗീതം' എന്നീ കവിതാ സമാഹാര ങ്ങൾ, അതിനു പുറമെ സമാഹരിക്കപ്പെടാത്ത അനേകം കവിതകൾ (ഡി.സി. ബുക്സ് പിന്നീട് പ്രസിദ്ധപ്പെടു ത്തിയ വയലാർ കൃതികളിൽ അവയിൽ മിക്കതും ഉൾപ്പെടുത്തിയിട്ടുണ്ട്).

വിശ്വ മാനവികതയിലുള്ള വിശ്വാസം, അവശ രോടും ആലംബഹീനരോടുമുള്ള സഹാനുഭൂതി, സൗഹൃദങ്ങളിലെ ആർജ്ജവം, മാതൃസ്നേഹം, സ്വന്തം കാവ്യസിദ്ധിയിലുള്ള ആത്മവിശ്വാസം, പുരാണേതിഹാസങ്ങളിലുള്ള അഗാധമായ അറിവ്, ശാസ്ത്രപുരോഗതിയിലുള്ള അഭിമാനം ഇവ യൊക്കെ വയലാറിന്റെ കവിതകളുടെ സവിശേഷത കൾ ആയിരുന്നു.

മനുഷ്യന്റെ അജയ്യവും അപ്രതിരോധ്യവും ആയ പ്രയാണത്തെക്കുറിച്ച് ആവേശഭരിതനായി കവി ഇങ്ങനെ പാടുന്നു:

'കുതിരപ്പുറത്ത് ഞാൻ പാഞ്ഞുപോകുമ്പോൾ
കയ്യിൽ കുതറി തുള്ളിത്തുള്ളി ചാട്ടവാറിളകുമ്പോൾ
നടുങ്ങിപ്പോകുന്നില്ലേ നിമിഷങ്ങളിൽ കുളമ്പടികൾ
പതിയുമ്പോളീയണ്ഡകടാഹങ്ങൾ'

അവശത അനുഭവിക്കുന്ന മനുഷ്യരെ മാത്രമല്ല, മറ്റ് ജീവജാലങ്ങളെയും നിറഞ്ഞ സഹാനുഭൂതിയോ ടെയാണ് കവി വീക്ഷിക്കുന്നത്. പ്രശസ്ത കാഥി കനായ സാംബശിവൻ കഥാപ്രസംഗ വേദികളിലൂടെ അനശ്വരമാക്കിയ 'ആയിഷ' എന്ന കവിതയിൽ പാവപ്പെട്ട ഒരു പാൽക്കാരി പെൺകുട്ടിയുടെ ദുരിത പൂർണ്ണമായ ജീവിതകഥയാണ് അനാവരണം ചെയ്യപ്പെടുന്നത്. ദുരിതത്തിൽ ദുഃഖിക്കുകയല്ല നാളത്തെ പ്രഭാതത്തിൽ ഈ ദുരിതങ്ങൾക്ക് അറുതി വരുത്തുമെന്ന് പ്രതിജ്ഞ എടുക്കുകയാണ് കവി ചെയ്യുന്നത്.

'അമ്പിളിപ്പെണ്ണിനെ മൊത്തുവാൻ മാനത്ത്
പൊൻപണം തൂകിയോരെ
നിങ്ങടെ കൊമ്പൻ തലപ്പാവ് തട്ടിക്കളയുന്ന
ചെമ്പൻ പുലരി കണ്ടോ?'

എന്നാണ് കവി പ്രത്യാശിക്കുന്നത് അതുപോലെ തന്നെയാണ് 'മാനിഷാദ' എന്ന കവിതയിൽ ഇണക്കി ളികളിൽ ഒന്നിനെ അമ്പെയ്തു വീഴ്ത്തിയ കാട്ടാള നോടുള്ള ധാർമ്മികരോഷം കവി പ്രകടിപ്പിക്കു ന്നതും.

'മാനവ സ്നേഹത്തിന്റെ സിംഹ ഗർജ്ജനം കേട്ടു
മാനിഷാദയിലൂടെ കാലഘട്ടങ്ങൾ തോറും'

എന്നു പാടുന്ന കവി തന്റെ ജീവിതദർശനം പ്രഖ്യാപിച്ചു കൊണ്ടാണ് കവിത അവസാനിപ്പിക്കു ന്നത്.

'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും'

വയലാറും അമ്മയുമായുള്ള ആത്മബന്ധം സുപ്രസിദ്ധമാണല്ലോ. ആ ആത്മബന്ധത്തിന്റെ അനുരണനങ്ങൾ 'ദൈവം വീട്ടിൽ വന്നിരുന്നു' എന്ന കവിതയിൽ നമുക്ക് അനുഭവവേദ്യമാകു ന്നുണ്ട്.

'ഇരുപത്തിയഞ്ചോളമാണ്ടുകളായ്
വിരിയുമാ വാത്സല്യ മുഗ്ദ്ധഹാസം
കരളിന്റെ കണ്ണുനീർപ്പൊയ്കകളിൽ
വിരിയുന്ന വാടാത്ത പൂക്കളല്ലെ!'

സൗഹൃദങ്ങൾക്ക് വലിയ വില കൽപ്പിച്ചിരുന്ന കവി ആയിരുന്നു വയലാർ. നാടകാചാര്യനായിരുന്ന പി.കെ. വിക്രമൻ നായരുടെ വിയോഗത്തിൽ മനം നൊന്തെഴുതിയ 'രാജഹംസം' എന്ന കവിത അവസാ നിക്കുന്നത് ഇങ്ങനെയാണ്:

'എന്നെ ഞാൻ നല്കാം. എനിക്കു തിരിച്ചു നീ
യെന്ന് കൊണ്ടത്തരും വിക്രമൻ ചേട്ടനെ!'

മൂന്നര വയസ്സിൽ അച്ഛൻ നഷ്ടപ്പെട്ട ഒരു കുഞ്ഞു മനസ്സിനേറ്റ ആഘാതമാണ് 'ആത്മാവിൽ ഒരു ചിത' എന്ന കവിതയിലൂടെ ഒരു മൗനനൊമ്പരമായി നമ്മിൽ നിറയുന്നത്. പുരാണേതിഹാസങ്ങളിലുള്ള അവഗാഹം മൂലം വയലാറിന് അവയിലെ ചില വൈകല്യങ്ങളോ പാഠഭേദങ്ങളോ തിരഞ്ഞെടുത്ത് തന്റെ കവിതകൾക്ക് വിഷയമാക്കാൻ കഴിഞ്ഞു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് 'മഹാബലിയും പരശുരാമനും തമ്മിലൊരു യുദ്ധം', 'രാവണപുത്രി' എന്നീ കവിതകൾ. ഞെട്ടിപ്പിക്കുന്ന തുടക്കംകൊണ്ട്

നമ്മെ വിസ്മയഭരിതരാക്കുന്ന കവിതയാണ് 'കുചേലൻ കുഞ്ഞൻ നായർ'.

'കൃഷ്ണനെ തല്ലി കുചേലൻ ആ ധിക്കാരകൃത്യ മിരമ്പി ജനഹൃദയങ്ങളിൽ' എന്നു വായിക്കുമ്പോൾ നാം ഞെട്ടിപ്പോകുന്നു. എന്നാൽ കഥകളിയിൽ കൃഷ്ണനായി വേഷമിടുന്ന കളിയോഗം ഉടമ സ്ഥനായ ശങ്കുണ്ണി മേനോൻ കുചേലനായി വേഷമി ടുന്ന കുഞ്ഞൻ നായരെ പ്രതിഫലം പോലും നൽകാതെ ദ്രോഹിച്ചിരുന്നതിൽ സഹികെട്ട് കൃഷ്ണവേഷ ത്തിൽ അടുത്തുവന്ന അയാളെ കുചേലവേഷത്തിൽ നിന്ന കുഞ്ഞൻ നായർ തല്ലിപ്പോയതാണ് എന്നറി യുമ്പോൾ കാണികൾക്കൊപ്പം നാമും പറഞ്ഞു പോകും:

'കള്ളൻ കടന്നുവോ കൃഷ്ണൻ അല്ലെങ്കിലാ ചെള്ളക്കു രണ്ടു കൊടുത്തേനെ ഞങ്ങളും'

ഇത്രയേറെ ആഴവും പരപ്പുമുള്ള കവിതകൾ എഴുതിയ കവികൾ മലയാള ഭാഷയിൽ ചുരുക്ക മാണ്.

'രണ്ട് കാലിനും മലപോലെ മന്തുള്ള

കുണ്ടുണ്ണി മേനോൻ നടന്നു പതുക്കനെ' എന്നെഴുതിയ കവി തന്നെയാണ്

'ആരണ്യാന്തര ഗഹ്വരോദര തപസ്ഥാനങ്ങളിൽ സൈന്ധവോ-

ദാരശ്യാമ മനോഭിരാമ പുളിനോപാന്ത പ്രദേശ ങ്ങളിൽ

ആരന്തർമുഖമിപ്രപഞ്ച പരിണാമോദ്ഭിന്ന സർഗക്രിയാ-

സാരം തേടിയലഞ്ഞു പണ്ടവരിലെ ചൈതന്യ മെൻ ദർശനം' എന്നെഴുതിയത്.

1956-ൽ 'കൂടപ്പിറപ്പ്' എന്ന ചലച്ചിത്രത്തിനു വേണ്ടി ഗാനങ്ങൾ എഴുതിക്കൊണ്ടു ചലച്ചിത്ര ഗാനരചനാരംഗത്തേക്ക് കടന്നുവന്ന അദ്ദേഹം കാവ്യരചനയിൽ നിന്ന് ഏതാണ് പൂർണ്ണമായും പിന്മാറി. എന്നാൽ കവിതയ്ക്ക് നഷ്ടപ്പെട്ടത് അദ്ദേഹം ഗാനങ്ങൾക്ക് നൽകി. സിനിമാ ഗാനങ്ങൾ ക്കൊപ്പം അദ്ദേഹം നാടക ഗാനങ്ങളും ലളിതഗാന ങ്ങളും എഴുതി.

ആദ്യ ചിത്രത്തിലെ 'തുമ്പി തുമ്പി വാ വാ' എന്നും 'എന്തിന് പൊൻ കനികൾ' തുടങ്ങിയ ഗാനങ്ങൾ തന്നെ ഏറെ ശ്രദ്ധേയമായി. 'ചതുരംഗം' എന്ന ചിത്രത്തിലൂടെ 1959-ൽ വയലാറും ജി. ദേവരാജനും ഒരുമിച്ചതോടെ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സംഗീത ജോടിയായ വയലാർ-ദേവരാജൻ ടീമിന്റെ തുടക്കമായി. പിന്നീട് 'നിത്യകന്യക', 'ഭാര്യ', 'മണവാട്ടി', 'കടലമ്മ', 'അന്ന', 'ഓടയിൽ നിന്ന്', 'ദാഹം', 'ശകുന്തള' തുടങ്ങി എത്രയോ ചിത്രങ്ങളി ലൂടെ അവർ സംഗീതത്തിന്റെ അഭൗമ മേഖലകളി ലേക്ക് നമ്മെ ആനയിച്ചു. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ഗാനനിരൂപകരിൽ ഒരാളായ വി.എ. കെ. മങ്കറാവുവും പ്രശ്സത തമിഴ് കവി കണ്ണദാസനും ഒരേ സ്വരത്തിൽ വയലാർ രാമവർമ്മയാണ് ഇന്ത്യ കണ്ട ഏറ്റവും ഉത്തമനായ ഗാനരചയിതാവെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഏതാനും വർഷങ്ങൾക്കു മുൻപ് ആകാശവാണി നടത്തിയ ഒരു ഗ്യാലപ് പോളിൽ ആയിരക്കണക്കിന് ആസ്വാദകർ തിരഞ്ഞെടുത്ത ഏറ്റവും മികച്ച 12 മലയാള ചലച്ചിത്ര ഗാനങ്ങളിൽ ആറെണ്ണം വയലാർ രാമവർമ്മയുടേതായിരുന്നു. ഒന്നാമത്തെ ഗാനം 'ആയിരം പാദസരങ്ങൾ കിലുങ്ങി' എന്നതായിരുന്നു. പ്രണയം, വിരഹം. വിഷാദം, തത്വചിന്ത, നർമ്മം, ഭക്തി തുടങ്ങി എല്ലാ വികാരങ്ങളും ആ പ്രതിഭാശാലിയുടെ തൂലികയി ലൂടെ കടന്നുവന്നപ്പോൾ അവ അനശ്വരഗാഥ കളായി.


അന്തരിച്ച് അരനൂറ്റാണ്ടിനുശേഷവും മലയാളി യുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ആ മഹാ പ്രതിഭാധനന്റെ രചനയ്ക്ക് അനുപമവും അനശ്വരവു മായ പ്രസക്തിയും പ്രാധാന്യവും ആണുള്ളത്. ●




## അഭിനന്ദനങ്ങൾ

റിയാക്ട് നൽകിയ സ്കോളർഷിപ്പോടെ കോഴിക്കോട് എൻ.ഐ.ടിയിൽ നിന്ന് B.Tech. (Mechanical Engineering) ൽ ഉന്നത വിജയം കരസ്ഥമാക്കിയ **കൃഷ്ണപ്രസാദ് വർമ്മ**. തിരുവാങ്കുളം കൊക്കപ്പിള്ളി 'നിർമ്മാല്യ'ത്തിൽ മുരളി ജി. വർമ്മ- രാധിക വർമ്മ ദമ്പതിമാരുടെ പുത്രനാണ്.






# *Hridayapurvam* To Mohanlal from CRR Varma

**Chemprol Raja Raja Varma**
Kowdiar Palace, Trivandrum. Mob. 9847004401

2009 July 27th. Hridayapurvam a very happy breakfast at Kaudiar Palace for Honorary Colonel Mohanlal super star of the Indian Movie Screen, young, but already then with a total career of 32years ! (Today after 48years! of blemishless and sincere acting has bagged the highest Indian Movie industry Award Dada Phalke Award!) May Almighty continue His blessings on Mohanlal to remain young, active for a long time more and to be a role model always for all Indians and others across the world. On 27th July 2009 after he assumed the Honorary post, but also I think after doing some official military work somewhere in India, he rushed to Thiruvananthapuram to have Darshan at the Sree Padmanabha Swamy temple along with his mother and had to leave for Chennai by a flight leaving at 11.30 am, but he had asked Sree Padmanabhadasa H H Marthanda Varma to call on the family for a few minutes. We had thought of a lunch, but we agreed for a breakfast. An hour before his scheduled arrival some 25 to 30 media Movie cameramen arrived. Even for my wedding on 18th January 1961 there were only three movie cameras and four still cameras with flash bulbs popping. I had heard that World War II came when I was born. I wondered whether the popping of flash bulbs was the beginning of another War! Even though the mediamen initially gave us a fright they all aimed their lenses at me I thought. I always carried those good old days a small but very good Lumix pocket camera, so I returned the compliment by aiming my camera at them. Absorbed in all those cameras and lenses I didn't notice they all were aiming at Mohanlal sitting on a low sofa right in front of me and he and I had had no eye contact. As time was running very fast the photo session concluded really quick and the guest and all the hosts except Mohanlal's mother and the unintended family photographer CRR Varma moved across through the wall of tripods and cameras and their Aperturent reporters smoothly for a chat session. I suddenly felt like the mother being a great mother and greeted her and asked her shouldn't she join the session on the other side of the 'wall' with all the lamps glowing. She thanked me and added that her moving across would unnecessarily add a few more minutes to the tight schedule and she was aware that the breakfast was in our usual dining room. Instead of all of us sitting on the floor as we daily did, we brought a long buffet table and a few chairs into the dining room as a concession for the Colonel's military Attire! But the fare was simple- idly/Dosa sambar/chutney the luxury extra was some fruit juice and can't remember probably Payasam as a sweet dish the Prasadam from the temple. We gently asked/ requested the media that they wouldn't be moving to the dining room as that would be a private affair and they readily agreed to leave us alone . In the dining room it was providential that I was the only one with a camera and I took a few photos none except one of the family as posed for a photo. Generally my main meal of the day or night have always been breakfast. I

ലേഖനം

# വിദ്യാഭ്യാസം, അദ്ധ്യാപനം– ചില ചിന്തകൾ



**ടി.എൻ. ആദിത്യവർമ്മ**
തിരുവനന്തപുരം, മൊ. 8547444160

തിരുവോണവും അദ്ധ്യാപകദിനവും ഒത്തു ചേർന്ന് ഈ വർഷം വന്നിരിക്കുന്നു. നമ്മുടെ ഭാരതത്തിന്റെ മുൻ പ്രസിഡന്റും തത്ത്വചിന്തകനുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5 ആണ് അദ്ധ്യാപകദിനമായി ആചരിക്കുന്നത്.

വിദ്യാഭ്യാസം – പ്രൈമറി, സെക്കന്ററി, പിന്നെ ഉയർന്ന ക്ലാസ്സുകളിലെ പഠനം ഇങ്ങനെ തരംതിരിക്കാം. പ്രൈമറി ക്ലാസ്സുകളിൽ ഭാഷ, കണക്ക്, സാമൂഹ്യപാഠം മുതലായ അടിസ്ഥാന കാര്യങ്ങൾ പഠിക്കുന്നു. പഠിത്തം രസകരമാക്കാൻ കാര്യങ്ങൾ പദ്യരൂപത്തിലും സാരോപദേശ കഥകളായും ചിത്രകഥകളായും അവതരിപ്പിക്കുന്നത് കൂടുതൽ പ്രയോജനപ്പെടും. കടംകഥകൾ, പഴഞ്ചൊല്ലുകൾ ഇവയും ഭാഷാസ്നേഹം വളർത്താൻ ഉപകരിക്കും.

'പ്രാവേ പ്രാവേ പോകരുതേ...' (ഉള്ളൂർ), 'ഈ വല്ലിയിൽ നിന്നു ചെമ്മേ...' (കുമാരനാശാൻ), 'മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം...' (വള്ളത്തോൾ), 'ദൈവമേ കൈതൊഴാം...' (പന്തളം കേരളവർമ്മ) മുതലായ കവിതകൾ കുഞ്ഞുങ്ങളുടെ മനസ്സിന് കുളിർമ്മയും ഭാഷാസ്നേഹവും വളർത്തും. പ്രൈമറി കഴിഞ്ഞ് ഹൈസ്കൂൾ ക്ലാസ്സുകളും പിന്നീട് ഉയർന്ന വിദ്യാഭ്യാസവുമാണ് നമ്മുടെ പഠനരീതി.

### വിദ്യാഭ്യാസം

ശ്രദ്ധയോടെ കാര്യങ്ങൾ നിരീക്ഷിക്കുക, മനസ്സിലാക്കാൻ ശ്രമിക്കുകയെന്നതിലൂടെയാണ് അറിവ് നേടേണ്ടത്.

What we focus on gets bigger.
ക്ഷണശഃ കണശശ്ചൈവ
വിദ്യാമർത്ഥം ച സാധയേത്

ഓരോ നിമിഷവും ചെറു ചെറു തുള്ളികളായി വിദ്യയും ധനവും സമ്പാദിക്കണം.

'കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കുംതോറുമേറിടും
മേന്മ നൽകും മരിച്ചാലും
വിദ്യ തന്നെ മഹാധനം' (ഉള്ളൂർ)

ഒരു തിരിയിൽ നിന്ന് മറ്റൊരു തിരി കൊളുത്തിയാൽ ഒന്നിനും പ്രകാശം കുറഞ്ഞുപോകുന്നില്ല.

The great aim of education is not knowledge
The best investment you can make is in you.
We simply cannot have those fruits without the roots.

'വീണിടം വിദ്യയാക്കുക', 'കമഴ്ന്നുവീണാൽ കാൽപ്പണം' മുതലായ വാചകങ്ങൾ വിദ്യാഭ്യാസത്തെക്കുറിച്ചുള്ളതാണ്. ജയത്തിൽ നിന്നും തോൽവിയിൽ നിന്നും പാഠങ്ങൾ പഠിക്കുക.

'അന്നദാനം പരംദാനം
വിദ്യാദാനമതഃ പരം
അന്നേനക്ഷണികാ തൃപ്തിഃ
ചാവജ്ജീവം ച വിദ്യയാ'

അന്നദാനത്തിലും മികച്ചതാണ് വിദ്യാദാനം. അന്നദാനത്തിൽ ക്ഷണികമായ സംതൃപ്തി. വിദ്യാദാനം ജീവിതാവസാനം വരെയും. →

→

forgot to eat. Nor did I have a photo with the hero. There were a couple of calls from the airport. Before moving back to the porch he asked where he could wash his hand and I led him and a Deputy into a small toilet with a wash basin and even a shower! The space inside was too restricted for three men. Suddenly he looked at me and said in Malayalam "Oh! We didn't talk at all, sorry must rush to the airport!" I said "Never mind! Congratulations and best wishes" ●

If you have a rupee and I have another and we exchange, we have one rupee each. If you have a better idea and I have another, and we exchange, we have two better ideas each.

എങ്ങനെ പഠിക്കണം

ജിജ്ഞാസ അറിവു നേടാൻ സഹായിക്കും.

I keep six honest serving men

(They taught me all I know)

They are: 'What', 'Why', 'When', 'Where', 'How' and 'Who'.

ഈ ആറ് ചോദ്യങ്ങൾ ചോദിച്ച് ഉത്തരം കണ്ടുപിടിക്കാൻ ശ്രമിച്ചാൽ വിഷയം നന്നായി മനസ്സിലാകും. നാലു വശങ്ങളിൽ നിന്നും മുകളിൽ നിന്നും താഴെ നിന്നും ഒരു വസ്തുവിനെ നിരീക്ഷിക്കുന്നപോലെ പഠിത്തത്തിൽ ഓർമ്മശക്തി ഒരു പ്രധാന ഘടകമാണ്. ചില വിവരങ്ങൾ പദ്യരൂപത്തിലാക്കിയാൽ ഓർക്കാൻ എളുപ്പമാകും. തിരുവിതാംകൂറിലെ നദികളുടെ പേരുകൾ വടക്കുനിന്ന് തെക്കോട്ട് ഓർമ്മിക്കാനുതകുന്ന ഒരു പാട്ടാണ് "വടക്കുനോക്കുക പെരിയാറുതന്നോടടുത്തു മൂവാറ്റുപുഴ കിടക്കുന്നു" എന്ന പാട്ട്. 'VIBGYOR' വഴി സപ്തവർണ്ണങ്ങളും 'May I have a large container of Coffee' എന്ന വാചകത്തിലെ അക്ഷര സംഖ്യയെ (ഉദാ: May=3, I=1 etc.) ഓർത്താൽ π യുടെ വില 7 ദശാംശ സ്ഥാനം വരെ എളുപ്പം ഓർമ്മിക്കാൻ സഹായിക്കും. (π=3.141596).

ഭാരതത്തിലെ സ്റ്റേറ്റുകളറിയാമെങ്കിൽ വാക്കുകൾ ഓർക്കാൻ ഓരോ വാക്കും ഓരോ സ്റ്റേറ്റുമായി ബന്ധിപ്പിച്ചാൽ മതി. അസ്സോസിയേറ്റ് ചെയ്യുകയാണ് ഓർമ്മശക്തി നിലനിർത്താനുള്ള മാർഗ്ഗം. From the known to the unknown ഒരു പാലം. Geography പഠിക്കാൻ Map എന്നപോലെ ഓർക്കേണ്ട കാര്യങ്ങൾ ചാർട്ടാക്കി ഭിത്തിയിൽ തൂക്കിയിട്ട് കൂടെക്കൂടെ അത് വായിക്കുന്നതും ഓർക്കാൻ സഹായിക്കും.

Four stages of learning ഇവയാണ്.

1) Unconscious incompetence
2) Conscious incompetence
3) Conscious competence
4) Unconscious competance
 (അറിവു വിരൽത്തുമ്പിൽ)

### അദ്ധ്യാപകൻ

'ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്'
– കുഞ്ചൻ നമ്പ്യാർ

'പുറംകണ്ണു തുറപ്പിപ്പൂ
പുലർവേളയിലംശുമാൻ
അകക്കണ്ണു തുറപ്പിക്കാ-
നാശാൻ ബാല്യത്തിലെത്തണം' – ഉള്ളൂർ

ജിജ്ഞാസ വളർത്തുക, ചിന്തിപ്പിക്കുക, പ്രചോദനം കൊടുക്കുക, കഴിവുകൾ കണ്ടെത്തുക ഇവ അദ്ധ്യാപകന്റെ ചുമതലയാണ്. അദ്ധ്യാപകൻ വിദ്യാർത്ഥിയാകണം. സ്വന്തം അറിവുകൂട്ടിക്കൊണ്ടിരിക്കണം. അദ്ധ്യാപകൻ നിറഞ്ഞാടണം. ആശയങ്ങൾ പകർന്നുകൊടുക്കാൻ നല്ല അവതരണശൈലി, അഭിനയപാടവം, പടം വരച്ച് കാര്യങ്ങൾ വിശദമാക്കാനുള്ള കഴിവ്, മാതൃകകൾ കാണിച്ച് പറഞ്ഞു മനസ്സിലാക്കുവാനുള്ള കഴിവ് ഇവ മുതൽക്കൂട്ടാണ്. ഷേക്സ്പിയർ നാടകങ്ങൾ പഠിപ്പിക്കുമ്പോൾ അഭിനയിച്ചും മാർക്ക് ആന്റണിയുടെ പ്രസംഗം നന്നായി അവതരിപ്പിച്ചും പഠിപ്പിക്കുന്ന പ്രൊഫസർമാരുണ്ട്. കെമിസ്ട്രി പ്രാക്ടിക്കലിൽ Pour the Sulphuric acid slowly എന്നു പറയുമ്പോൾ Pour എന്ന വാക്ക് വളരെ സമയമെടുത്ത് സാവധാനം പറഞ്ഞാൽ മനസ്സിൽ ഉറയ്ക്കും.

Education, Teaching ഇവയെക്കുറിച്ച് ചില ഉദ്ധരണികൾ.

Teaching is an art, fostering creativity, intution, engagement, sparking curiosity and inspiring love of learning.

One book, one pen, one child and one teacher can change the world.

In learning, you will teach and in teaching, you will learn.

Children must be taught how to think, not what to think.

Education is the passport to the future.

Teach them to question everything.

Students don't care how much you know until they know how much you care.

### രക്ഷകർത്താക്കൾ

അച്ഛനും അമ്മയും വില്ലിന്റെ ഞാൺ പോലെ പുറകിൽ നിന്ന് ഊർജ്ജം കൊടുക്കണം. സ്വഭാവ രൂപീകരണത്തിൽ അച്ഛനമ്മമാരുടെ പങ്ക് വലുതാണ്. ചൊട്ടയിലെ ശീലം ചുടല വരെ.

### ചില അനുഭവ കഥകൾ

അമ്മാവൻ കണക്കു ടീച്ചറായിരുന്നു. ഉച്ചയ്ക്ക് രണ്ടു മണിക്ക് കണക്കു പഠിപ്പിക്കാൻ ചെല്ലുമ്പോൾ കുട്ടികൾ തളർന്ന് മയക്കത്തിലാണ്. ഉറക്കച്ചടവു മാറ്റി ഉണർവു കൊടുക്കാൻ അദ്ദേഹം കുട്ടികൾക്ക് സമ്മാനമായി നൽകിയിരുന്നത് ലഡ്ഡുവിന്റെ വിലയെക്കുറിച്ചുള്ള കണക്കാണ്.

ജ്യേഷ്ഠൻ പഴയ സിക്സ്തു ഫോമിൽ (ഇപ്പോൾ 11–ാം വർഷം) പഠിക്കുമ്പോൾ കണക്ക് പഠിപ്പിച്ചിരുന്നത് പ്രഭു സാറായിരുന്നു. ആദ്യ ക്ലാസ്സിൽ സാർ ഒരു ചോദ്യം. "തമ്പാൻ പറയൂ" എന്ന് ചേട്ടനോട്. പെട്ടെന്നു തന്നെ അദ്ദേഹം ചോദ്യം അടുത്തയാളിലേക്കു മാറ്റി. തമ്പാനറിയാം തമ്പാന്റെ അമ്മാവന്മാർ കണക്കിൽ ഡിഗ്രി സമ്പാദിച്ചവർ, അതുകൊണ്ട് "അടുത്തയാൾ പറയൂ" എന്ന് മാറ്റിപ്പറഞ്ഞു. ചേട്ടന് വാസ്തവത്തിൽ ഉത്തരം അറിയില്ലായിരുന്നു. പക്ഷേ അറിയാമെന്ന പ്രഭുസാറിന്റെ സർട്ടിഫിക്കറ്റ് അന്നു മുതൽ കണക്കു പഠിക്കാൻ പ്രേരിപ്പിച്ചു. അങ്ങനെ നല്ല ഒരു വിദ്യാർത്ഥിയായി മാറി.

സുകുമാർ അഴീക്കോടിനോട് അദ്ധ്യാപകൻ 'രാജരാജൻ' എന്നതാരെന്ന് ചോദിച്ചു. രാജാക്കന്മാരുടെ രാജാവ് എന്നുത്തരം പറഞ്ഞു. "വിഡ്ഢീ, രാജരാജൻ എന്നാൽ കുബേരൻ, വൈശ്രവണൻ" എന്ന് ഗുരു. സുകുമാരൻ വിഡ്ഢിയെന്ന വിളിയിൽ വിളറിയില്ല, പുതിയ അറിവിൽ ആഹ്ലാദിച്ചു.

Steel, Steal, Week, Weak എന്നീ വാക്കുകളുടെ സ്പെല്ലിംഗ് തെറ്റാതിരിക്കാൻ ചേട്ടൻ പറഞ്ഞുതന്ന വിദ്യ. Steel ന് നല്ല ബലം വരാൻ കാരണം രണ്ട് ഇ (e). Weak ക്ഷീണിച്ചത് അതിന് ഒരു ഇ (e) മതി.

### പഠിപ്പതെന്തിനായ്?

'പഠിപ്പതെന്തിനു നമുക്കു നമ്മളെ
ത്തുണയ്ക്കുവാനുള്ള കഴിവുകിട്ടുവാൻ
പരന്നു വേണ്ടൊരു സഹായം ചെയ്യുവാൻ
വിഷമഘട്ടങ്ങൾ തരണം ചെയ്യുവാൻ
മനക്കരുത്തിനെ വളർത്തി,ക്കൂട്ടുവാൻ
വരുംവരായ്കകൾ മനസ്സിൽ കാണുവാൻ
ദിനചര്യയെല്ലാം ശരിയായ് ചെയ്യുവാൻ
വരുന്ന കോപത്തെത്തടുത്തു ശാന്തമായ്
പെരുമാറാൻ പ്രോത്സാഹനം കൊടുക്കുവാൻ
മനസ്സിനുത്സാഹം കൊടുക്കുവാൻ നാനാ-
വിഷയങ്ങൾ വായിച്ചറിവു നേടുവാൻ
അറിവിനെ കർമ്മപഥത്തിൽ കൊണ്ടുവ-
ന്നതു പരിഷ്ക്കരിച്ചുപയോഗം നേടാൻ
പ്രവർത്തിയാൽ നന്മകൊടുക്കുവാൻ, ശുഭം
മനസ്സിലെപ്പൊഴും നിനച്ചിരിക്കുവാൻ.' ●

## Dr. Eswary Varma Conferred with Prestigious FRCOG Fellowship



Dr. Eswary Varma, daughter of late Chandra Varma Raja of Kochanattu Koikkal, Vaikom, and Vasantha Thampuratty of Thiruvannur Samoothiri Kovilakam, has been awarded the Fellowship of the Royal College of Obstetricians and Gynaecologists (FRCOG), London. The fellowship was formally conferred on 26 th June 2025, recognizing her outstanding contributions to the field of Obstetrics and Gynaecology. Eswary completed her MBBS and Post Graduation from Calicut Medical College and subsequently earned her MRCOG from London. She currently serves as an OBG Specialist at Kanad Hospital, Al Ain, United Arab Emirates. She is married to Anilkumar Varma of Thekkumkoor Kottaram, Kottayam. The couple has two sons Parthiv and Pranav.

ക്ഷത്രിയ പ്രതിഭകൾ

# റിയൽ എസ്റ്റേറ്റ് രംഗത്ത് 30 വർഷത്തെ പ്രവർത്തന മികവുമായി കെ. അനിൽ വർമ്മ

ദീർഘവീക്ഷണം. നൂതനമായ ചുവടുവയ്പ്പുകൾ. ആത്മസമർപ്പണത്തോടെയുള്ള മുന്നേറ്റം. ചുരുങ്ങിയ കാലംകൊണ്ട് തന്നെ കേരളത്തിലെ മോസ്റ്റ് ട്രസ്റ്റഡ് ബിൽഡറെന്ന സ്ഥാനത്തേക്ക് എത്താൻ വർമ്മ ഹോംസിന് പിന്തുണയായത് കെ. അനിൽ വർമ്മയെന്ന സംരംഭകന്റെ നിശ്ചയദാർഢ്യവും എഞ്ചിനീയറിംഗ് രംഗത്തെ വർഷങ്ങളുടെ അനുഭവ സമ്പത്തുമാണെന്ന് നിസ്സംശയം പറയാം.



VARMA HOMES
A LEGACY OF FINE LIVING

വർമ്മ ഹോംസിന്റെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിക്കുന്നതിനൊപ്പം ക്രെഡായ് കൊച്ചി സെക്രട്ടറി, കേരള മാനേജ്മെന്റ് അസ്സോസിയേഷൻ സെക്രട്ടറി തുടങ്ങി വിവിധ മേഖലകളിലും സജീവമാണ് അദ്ദേഹം.

1996-ൽ വർമ്മ കൺസ്ട്രക്ഷൻസ് സ്ഥാപിച്ച അനിൽ വർമ്മ, കേരളത്തിലുടനീളമുള്ള പ്രധാന ബിൽഡർമാർക്ക് കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടാണ് തന്റെ സംരംഭക യാത്ര ആരംഭിച്ചത്. പിന്നീട് 2006-ൽ, അസറ്റ് ഹോംസ് സ്ഥാപിതമായപ്പോൾ, അതിന്റെ ഷെയർ ഹോൾഡറും ഡയറക്ടർമാരിൽ ഒരാളുമായിരുന്നു. 2016-ലാണ് വർമ്മ ഹോംസിന് ആരംഭം കുറിച്ചത്. ഇന്ന് കേരളത്തിലുടനീളം 15 ഓൺ ഗോയിംഗ് പ്രോജക്ടുകളുമായി സജീവമാണ് വർമ്മ ഹോംസ്.

ഏറ്റവും മികച്ച ലൊക്കേഷനുകളിൽ അത്യാധുനിക സൗകര്യങ്ങൾ ഉറപ്പാക്കിയുള്ള നിർമ്മാണം, നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും പുലർത്തുന്ന കർശനമായ ഗുണമേന്മ, കൃത്യസമയത്തുള്ള ഡെലിവറി, ഇങ്ങനെ ഉപഭോക്താവിന്റെ മനസ്സറിഞ്ഞുള്ള പ്രവർത്തനംകൊണ്ടു തന്നെയാണ് കേരളത്തിലെ പ്രമുഖ ബിൽഡർമാരുടെ മുൻനിരയിലേക്ക് എത്താൻ വർമ്മ ഹോംസിന് സാധിച്ചത്.

കഴിഞ്ഞ എട്ടു വർഷം കൊണ്ട് കൊച്ചി, തിരുവനന്തപുരം, തൃശൂർ എന്നിവിടങ്ങളിലായി 25 ലധികം റെസിഡൻഷ്യൽ പ്രോജക്ടുകൾ ആരംഭിച്ചതിൽ 12 എണ്ണം പണിപൂർത്തിയാക്കി കൈമാറി. എല്ലാ പ്രോജക്ടുകളും ഷെഡ്യൂളിന് മുമ്പേ കൈമാറാനായി എന്നതാണ് ഏറ്റവും പ്രധാനം. ഗ്രീൻ ലിവിംഗ് എന്ന ആശയം അടിസ്ഥാനമാക്കി എക്കോ ട്യൂൺഡ് ഹോംസുകളും കമ്പനിയുടേതായി അവതരിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് അസ്സോസിയേഷന്റെ പ്ലാറ്റിനം പ്രീ സർട്ടിഫൈഡ് പ്രോജക്ടുകളാണ് വർമ്മ ഹോംസിന്റെ കൊച്ചിയിലെ ഗാർഡേനിയ ബൈ വർമ്മ (Gardenia by Varma) യും തൃശൂരിലെ ഡൗൺടൗൺ ബൈ വർമ്മ (Downtown by Varma)യും.

വർമ്മ ഹോംസിന്റെ സാമൂഹ്യ സേവന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി 'ദി വർമ്മ ഫൗണ്ടേഷൻ' എന്ന ട്രസ്റ്റിനും രൂപം നൽകിയിട്ടുണ്ട്. വിവിധ പദ്ധതികളും വർമ്മ ഫൗണ്ടേഷൻ നടപ്പാക്കി വരുന്നു. പഠിക്കാൻ കഴിവുള്ള നിർധനരായ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, പഠനശേഷം പ്രവർത്തിപരിചയം ഉറപ്പാക്കുന്ന സ്കിൽ ബ്രിഡ്ജ് പ്രോഗ്രാം എന്നിവയും ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

അനിൽ വർമ്മയുടെ കർമ്മനിരതമായ നേതൃത്വത്തിൽ വർമ്മ ഹോംസും അനുബന്ധ സ്ഥാപനങ്ങളും കൈവരിക്കുന്ന നേട്ടത്തിന്റെ ഒരു ഭാഗം, സമൂഹത്തിന് കൂടി പ്രയോജനപ്രദമാകുന്ന രീതി

# കവടിയാറിൽ നിന്നും കൊച്ചി വഴി മലബാറിലേക്ക് ഒരു ജൈത്രയാത്ര

തിരുവിതാംകൂർ രാജവംശത്തിൻ നിന്നും നൽകിയ ഒരു ലക്ഷം രൂപയുമായി 17 വർഷങ്ങൾക്കു മുമ്പു തുടങ്ങിയ REACT എന്ന രാജകീയ വിദ്യാഭ്യാസ ധാർമ്മിക പരസ്പരവിശ്വാസ പ്രസ്ഥാനത്തിന്റെ ജൈത്രയാത്ര കൊച്ചിയും കടന്ന് മലബാറിലെത്തിയിരിക്കുന്നു. കവടിയാറിൽ നിന്ന് ഒരു ലക്ഷം രൂപ സംഭാവനയായി സ്വീകരിച്ച് തുടങ്ങിയ ആ യാത്ര മഹാമഹിമ ശ്രീ സാമൂതിരിയുടെ നാട്ടിൽ 14.91 ലക്ഷം രൂപ ചിലവഴിക്കത്തക്ക നിലയിലേക്ക് വളർന്നിരിക്കുന്നു.

ഒരാൾക്ക് ഒരു ബുദ്ധിമുട്ട് ഉണ്ടായി എന്ന് അറിഞ്ഞാൽ ഉടൻ തന്നെ (പേരു സൂചിപ്പിക്കുന്നതു പോലെ തന്നെ) റിയാക്ട് ചെയ്യുന്ന പ്രസ്ഥാനമാണ് റിയാക്ട്. അങ്ങനെയാണ് ഇപ്പോൾ വീടു നിർമ്മിച്ചു കൊടുക്കപ്പെട്ട ഗിരിജാരാജയുടെ, ചോർന്നൊലിക്കുന്ന ഭിത്തികൾ മൂലം ഏതു നിമിഷവും തകർന്നു വീഴാവുന്ന വീടിന്റെ ശോച്യാവസ്ഥ അറിഞ്ഞയുടൻ ടീം റിയാക്ട് തിരുവനന്തപുരത്തു നിന്ന് കോഴിക്കോട് നേരിട്ടെത്തി വിവരങ്ങൾ ശേഖരിച്ചത്. തുടർന്ന് തുക അനുവദിക്കുന്നതിനു മുമ്പായി ടീമംഗങ്ങൾ വീണ്ടും സ്ഥലം സന്ദർശിച്ചു. അങ്ങനെ സഹായത്തിന് അർഹമാണെന്ന് ഉറപ്പുവരുത്തിയ ശേഷം ആണ് Builder ആരാകണം എന്ന ആലോചന തുടങ്ങിയത്.

അപ്പോഴാണ് റിയാക്ടിന് എന്നും തുണയായിട്ടുള്ള ദൈവാനുഗ്രഹം ഇ.കെ. രഘുവിന്റെ രൂപത്തിൽ അവതരിച്ചത്. സൃഷ്ടി വെഞ്ചേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനം നടത്തുന്നത് ഇദ്ദേഹമാണ്.

റിയാക്ടിന്റെ ആശയങ്ങളായ സുതാര്യതയും കൃതകൃത്യതയും കൈമുതലായിട്ടുള്ള ഒരു ബിൽഡറാണ് താനെന്ന് കുറച്ചു ദിവസത്തിനുള്ളിൽ തന്നെ അദ്ദേഹം തെളിയിച്ചു. ദിനംതോറും ഉള്ള നിർമ്മാണ പുരോഗതി റിയാക്ട് ഭാരവാഹികളെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയതേയില്ല.

ചേര രാജാക്കന്മാരുടെ ഭരണകാലത്ത് വൈദിക പഠനവും വേദാന്തപഠനവും നടന്നിരുന്ന, ചോള വാസ്തുശിൽപചാരുതയുടെ ഭംഗി ഇപ്പോഴും ദൃശ്യമായ, ആയിരം വർഷം പഴക്കമുള്ള തിരുവണ്ണൂർ മഹാദേവക്ഷേത്രത്തിന് സമീപമാണ് റിയാക്ടിന്റെ മൂന്നാമത്തെ പൂർണ്ണ ഭവന നിർമ്മാണം പൂർത്തിയായത്. ചുമരിൽ കൊത്തിവച്ചിരിക്കുന്നത് ചോള ക്ഷേത്രമാതൃകയിലുള്ള സ്തംഭ പഞ്ചരാധികളാണ്. ശ്രീകോവിൽ രൂപപ്പെടുത്തിയിരിക്കുന്നത് മുക്കാൽ വട്ടത്തിലുള്ള ഗജപൃഷ്ഠാകൃതിയിലാണ്. ഇത്തരത്തിലുള്ള നിർമ്മിതി വളരെ വിരളമായേ കാണാൻ സാധിക്കുകയുള്ളു. വേദവും വേദാന്തവും പഠിപ്പി

→

→

യിൽ നിർധനർക്കുള്ള ഭവനപദ്ധതികളും ചികിത്സാ സഹായങ്ങളുമായി വർമ്മ ഫൗണ്ടേഷനിലൂടെ ലഭ്യമാക്കുന്നത് തികച്ചും മാതൃകാപരമാണ്.

### ഡോ. മിനി വർമ്മ

ആയുർവേദ ഡോക്ടർ എന്ന പ്രൊഫഷനൊപ്പം വർമ്മ ഹോംസിന്റെ ഡയറക്ടറായും പ്രവർത്തിക്കുന്ന ഡോ. മിനി വർമ്മ, വർമ്മ ഫൗണ്ടേഷന്റെ സാമൂഹ്യ സേവന പ്രവർത്തനങ്ങളിലും സജീവമാണ്. വർമ്മ ഹോംസിന്റെ അസിസ്റ്റഡ് ലിവിംഗ് പ്രൊജക്ടായ 'വെൽ ഏജ്' (Well Age) ന് നേതൃത്വം നൽകുന്നതും ഡോ. മിനി വർമ്മയാണ്.

### ആരതി വർമ്മ

ആർക്കിടെക്ടും വർമ്മ ഹോംസിന്റെ വൈസ് പ്രസിഡന്റുമായ ആരതി വർമ്മ, കമ്പനിയുടെ പ്ലാനിംഗ്, ഇന്റീരിയർ & ആഫ്റ്റർ സെയിൽസ് വിഭാഗമായ വർമ്മ ടച്ചിന്റെയും മേൽനോട്ടം വഹിക്കുന്നു.

### വൈശാഖ് വർമ്മ

എഞ്ചിനീയറും വർമ്മ ഹോംസിന്റെ വൈസ് പ്രസിഡന്റുമായ വൈശാഖ് വർമ്മ കമ്പനിയുടെ ഓപ്പറേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടം വഹിക്കുന്നു. ●

**'വർമ്മ ഹോംസി'ന് ക്ഷത്രിയ ക്ഷേമസഭയുടെ ഹൃദയംനിറഞ്ഞ ആശംസകൾ**

ച്ചിരുന്ന സ്ഥലം ആണെന്ന് അറിയാതെ ആണെങ്കിലും വീടിന്റെ തറക്കല്ലിടൽ സമയത്ത് വാസ്തു സൂക്തവും ദീപ പ്രോജ്വലന സമയത്ത് അഗ്നി സൂക്തവും ചൊല്ലുകയുണ്ടായി. അത് നൽകിയ ഉണർവും ഊർജ്ജവും വീടിന്റെ പൂർത്തീകരണം നിശ്ചിത സമയത്തിനേക്കാൾ മുമ്പ് നടത്താൻ സഹായിച്ചതായി ഇ.കെ. രഘു വർമ്മ അറിയിച്ചു. വളരെ യാദൃശ്ചികമായി സംഭവിച്ച മറ്റൊരു ദൈവാധീനം എന്ന് പറയുന്നത് വീട് പണിയുന്ന ആളും (ഇ.കെ. രഘു വർമ്മ, സൃഷ്ടി വെഞ്ചേഴ്സ്) വീട് പണിയുന്നതിന് ധനസഹായം നൽകുന്ന റിയാക്ടിന്റെ സെക്രട്ടറിയും മര്യാദാ പുരുഷോത്തമനായ ശ്രീരാമന്റെ പര്യായപദമായ രഘു എന്ന എന്ന നാമം വഹിക്കുന്നവരാണ് എന്നതാണ്. 'സ്വധർമേനിധനം ശ്രേയഃ' എന്ന ഗീതാവചനം സാർത്ഥകമാക്കിക്കൊണ്ട് ധാർമ്മികമായ പ്രവർത്തികൾ മാത്രമാണ് ചെയ്യുന്നത് എന്ന് സ്വയം ബോധ്യപ്പെടുക മാത്രമല്ല പൊതുമധ്യത്തിലെ ബോധ്യപ്പെടുത്തുകയും ചെയ്യണം എന്ന കാര്യത്തിൽ ഇവർക്ക് രണ്ടു പേർക്കും നിർബന്ധബുദ്ധി ഉണ്ടായിരുന്നു എന്ന് പറയാതെ വയ്യ.

റിയാക്ട് ഏറ്റെടുക്കുന്ന ഏതു പ്രവർത്തിയും യജ്ഞഭാവേനയാണ് പൂർത്തീകരിക്കാറുള്ളത്. ചെയ്ത സഹായം പൂർണ്ണമായും അവർക്ക് പ്രയോജനം ചെയ്യണമെന്ന കാഴ്ചപ്പാടിലാണ് ചെയ്യാറുള്ളത്. ഉദാഹരണമായി വീടിന്റെ കാര്യത്തിൽ താക്കോൽ കൈമാറ്റം ചെയ്യുന്ന ദിവസം മുതൽ തന്നെ അതു വാസയോഗ്യമായിരിക്കും. കീഴ്‌വായ്പൂരിലും പാലക്കാട്ടും കോഴിക്കോടും അങ്ങനെ തന്നെ. മറ്റൊരു പ്രത്യേക കാര്യം ഈ ഭവനത്തിന്റെ താക്കോൽ കൈമാറ്റത്തോടെ പഴയ കേരളത്തിലെ മൂന്നു മേഖലകളിലും (തിരുവിതാംകൂർ, കൊച്ചി, മലബാർ) റിയാക്ട് ഓരോ ഭവനങ്ങൾ നിർമ്മിച്ചു നൽകി എന്നതാണ്.

ആദിയോഗിയായ ശിവന്റെ സാന്നിധ്യത്തോടൊപ്പം (തിരുവണ്ണൂർ മഹാദേവക്ഷേത്രം) കലാദേവതയായ സരസ്വതീ വന്ദനം നടക്കുന്ന സ്ഥലവും (കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ സംഗീത സപര്യ നടക്കുന്ന സ്ഥലം) ഇതിനു സമീപമുണ്ട് എന്നത് മറ്റൊരു ഈശ്വരാനുഗ്രഹം. പി.കെ.എസ്. രാജാ സ്മൃതി മന്ദിരത്തിൽ വച്ച് 14-09-2025 ൽ നടന്ന താക്കോൽ കൈമാറ്റ ചടങ്ങിലേക്ക് സാമൂതിരി മഹാമഹിമ ശ്രീ കേരളവർമ്മ രാജ തന്നെ എത്തി



*റിയാക്ട് കോഴിക്കോട് തിരുവണ്ണൂരിൽ പുതുതായി നിർമ്മിച്ചു നൽകിയ വീട്.*

ച്ചേർന്നത് ഒരു നവ്യാനുഭവമായി. അദ്ദേഹത്തിന്റെ പ്രാമാണികത അംഗീകരിച്ചു കൊണ്ട് എം.കെ. സൂര്യകുമാർ വർമ്മ പുരുഷസൂക്തം ചൊല്ലിയും എല്ലാവരും എഴുന്നേറ്റു നിന്നുമാണ് അദ്ദേഹത്തെ സ്വീകരിച്ചത്. ലോകം മുഴുവൻ ആരാധിക്കുന്ന, ഭാരതം മുഴുവൻ ആഘോഷിക്കുന്ന ശ്രീകൃഷ്ണാഷ്ടമി ദിനത്തിൽ അന്തരീക്ഷം മുഴുവൻ കൃഷ്ണനാമ ജപഘോഷവും സ്മരണയും നിറഞ്ഞുനിൽക്കുന്ന പുണ്യ ദിവസമാണ് ചടങ്ങു നടന്നത്. ഹാൾ തിങ്ങി നിറഞ്ഞ സദസ്സിൽ അദ്ദേഹത്തോടൊപ്പം കോഴിക്കോട് സാമൂതിരി മൂന്നാം സ്ഥാനി പി.സി.ഏട്ടനുണ്ണി രാജായും ആശംസ നേർന്നു. കൂടാതെ റിയാക്ടിന്റെയും കേന്ദ്ര ക്ഷത്രിയ ക്ഷേമസഭയുടെയും അദ്ധ്യക്ഷ ഡോ.എം. ലളിതാംബിക, റിയാക്ട് വൈസ് പ്രസിഡന്റ് ആർ. രാമവർമ്മ, റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ, ജോയിന്റ് സെക്രട്ടറി പി.കെ. സഞ്ജയ് വർമ്മ, റിയാക്ട് ആഡിറ്റർ കെ.എൻ. രാമവർമ്മ, കേന്ദ്ര ക്ഷത്രിയ ക്ഷേമസഭാ ജനറൽ സെക്രട്ടറി വി.കെ.മധുകുമാർ വർമ്മ, ട്രഷറർ എം.കെ. സൂര്യകുമാർ വർമ്മ, ശ്രീദേവി വർമ്മ, പിലാത്തറ യൂണിറ്റ് പ്രസിഡന്റ് പി.കെ. മോഹന വർമ്മ, ഇ.കെ. രഘു എന്നിവരും ആശംസകൾ നേർന്നു. ബഹുമാനപ്പെട്ട സാമൂതിരി രാജാവ് 'ക്ഷാത്രസ്പന്ദന'ത്തിൽ നിന്ന് റിയാക്ടിന്റെ ശ്ലാഘനീയവും സുതാര്യവുമായ പ്രവർത്തനത്തെപ്പറ്റി അറിഞ്ഞിരുന്നുവെന്നും ഈ ചടങ്ങിൽ പങ്കെടുക്കാൻ ആ അറിവ് പ്രചോദനമായെന്നും അറിയിച്ചു.

റിയാക്ടിന്റെ ആദ്യ സമ്പൂർണ്ണ ഭവനദാനത്തിലെ ഗുണഭോക്താവായ ശ്രീദേവി വർമ്മയുടെ (കോഴി

ലേഖനം

# സുകൃതമീയാത്ര

**തൃക്കേട്ടനാൾ രാജരാജ വർമ്മ (പി.കെ. രാജരാജ വർമ്മ)**
പന്തളം കൊട്ടാരം, മൊ. 9495974506



ജന്മജന്മാന്തര കർമ്മങ്ങളുടെ ഫലമായിട്ടാകാം ശബരിഗിരീശനെ കാണാനായി പന്തളം വലിയ തമ്പുരാന്റെ പ്രതിനിധിയായി തിരുവാഭരണ ഘോഷയാത്രയ്ക്കൊപ്പം ശബരിമലയിലേക്ക് പോകാനുള്ള മഹാഭാഗ്യം എനിക്ക് ലഭിച്ചത്.

പന്തളത്തെത്തി വൃശ്ചികമാസം ഒന്നാം തീയതി മുതൽ പന്ത്രണ്ടു ദിവസം അയ്യപ്പനെ കുളിച്ചു തൊഴുതു. കാലത്ത് കുളികഴിഞ്ഞ് അയ്യപ്പന്റെ അമ്പലത്തിലും കുടുംബ തേവാരപ്പുരകളിലും തൊഴുത് കൈപ്പുഴ കൃഷ്ണ ക്ഷേത്രത്തിലും ശിവക്ഷേത്രത്തിലും ദർശനം നടത്തിയ ശേഷമേ പ്രഭാതഭക്ഷണം കഴിച്ചിരുന്നുള്ളൂ. വൃശ്ചിക മാസം 13-ാം തീയതി തിരികെ എറണാകുളത്തെത്തി ശബരിമല യാത്രയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. രാജപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടെങ്കിലും കഴിഞ്ഞ രണ്ടു വർഷവും കുടുംബത്തിൽ അശുദ്ധി വന്നതുകാരണം യാത്ര മുടങ്ങിയിരുന്നു. എന്നാൽ ഇത്തവണ തുടക്കം മുതൽ എല്ലാം ശുഭസൂചനകളായിരുന്നു. എല്ലാ കാര്യങ്ങളിലും ഭഗവാന്റെ അനുഗ്രഹസ്പർശം അനുഭവപ്പെട്ടിരുന്നു.

എറണാകുളത്തു നിന്നും ശബരിമല യാത്രയ്ക്കു വേണ്ട എല്ലാ ഒരുക്കങ്ങളുമായി ഡിസംബർ 31-ാം തീയതി പന്തളത്തെത്തി. ജനുവരി ഒന്നാം തീയതി മുതൽ പന്ത്രണ്ടു ദിവസം കാലത്തു കുളിച്ചു തൊഴുതു. ജനുവരി 11-ാം തീയതിക്കു മുമ്പായി അച്ചൻകോവിൽ, മണ്ണടി ഭഗവതിക്ഷേത്രം, ശാർങ്ങക്കാവ് (ചാമക്കാവ്) തുടങ്ങി പന്തളത്തിനടുത്തും ദൂരെയുമുള്ള പ്രധാന ക്ഷേത്രങ്ങളിലെല്ലാം ശബരിമല യാത്രയ്ക്കുമുമ്പ് തൊഴുത് വഴിപാടുകൾ കഴിച്ച് പ്രാർത്ഥിച്ചുവന്നു.

ധനുമാസം 28 -ാം തീയതി (ജനുവരി 12) വെളുപ്പിന് നാല് മണി കഴിഞ്ഞപ്പോൾ ശരണം വിളികളുടെ അകമ്പടിയോടെ തിരുവാഭരണ പേടകങ്ങൾ ക്ഷേത്രത്തിലേക്ക് കൊണ്ടുപോയി. അഞ്ച് മണിയോടുകൂടി പൊതുജനങ്ങൾക്ക് ദർശനസായൂജ്യത്തിനായി ശ്രീകോവിലിന് മുമ്പിൽ ഒരുക്കിവച്ചു.

ഉച്ചയ്ക്ക് 12:25 ന് മേൽശാന്തി ഉടവാൾ പൂജിച്ച് വലിയ തമ്പുരാന്റെ ചുമതലയുള്ള പടിഞ്ഞാറെ തളത്തിലെ രവി അമ്മാവന് കൈമാറി. പൂജിച്ച ഉടവാൾ വലിയ തമ്പുരാൻ രാജപ്രതിനിധിക്ക് നൽകി അനുഗ്രഹിച്ചു. രാജപ്രതിനിധി ക്ഷേത്രത്തിൽ നിന്നും ശ്രീകോവിൽ വലംവച്ച് കിഴക്കേനട വഴി പുറത്തേയ്ക്ക് കുടുംബാംഗങ്ങൾക്കൊപ്പം പുറപ്പെടുന്നതു മുതൽ ശബരിമലയാത്ര ആരംഭിക്കുകയായി. →

---

→ ക്കോട് NITയിലെ റിസേർച്ച് ഫെലോ.) ആശംസാ പ്രസംഗം ശ്രദ്ധേയമായി. ചടങ്ങിന്റെ ഭാഗമായി ഗിരിജാ രാജയ്ക്ക് ആർ. രാമവർമ്മയും ഇ.കെ. രഘുവിന് കെ.എൻ. രാമവർമ്മയും പുരസ്ക്കാരം നൽകി. ഇ.കെ. രഘുവിന് റിയാക്ക് തയ്യാറാക്കിയ ഒരു പ്രശംസാപത്രം പി.കെ. സഞ്ജയ് വർമ്മ നൽകി. ഗിരിജാ രാജയുടെ മകൻ ഗോപീകൃഷ്ണൻ എം. മറുപടി പ്രസംഗം നടത്തി. ക്ഷത്രിയ ക്ഷേമസഭ കോഴിക്കോട് യൂണിറ്റ് സെക്രട്ടറി ഹരിപ്രസാദ് രാജ കൃതജ്ഞത രേഖപ്പെടുത്തി.

തുടർന്ന് കോഴിക്കോട് ക്ഷത്രിയ ക്ഷേമസഭ ഒരുക്കിയ സ്വാദിഷ്ടവും വിഭവസമൃദ്ധവുമായ സദ്യ നാവിലും മനസ്സിലും നിറഞ്ഞുനിൽക്കുന്നു.

സഹതാപമല്ല അനുതാപമാണ് യഥാർത്ഥ കാരുണ്യമെന്ന് വീണ്ടുംവീണ്ടും തെളിയിച്ചു കൊണ്ടിരിക്കുന്ന റിയാക്കിനെ നമ്മാലാവും വിധം മനു, തനു, ധനാദികൾ വഴി ശക്തിപ്പെടുത്താൻ എല്ലാവരേയും ജഗദീശ്വരൻ പ്രേരിപ്പിക്കട്ടെ, സഹായിക്കട്ടെ. നമ്മുടെ ഓരോ ചെറുതും വലുതുമായ എല്ലാ സഹായവും റിയാക്കിന് താങ്ങും തണലുമാകട്ടെ.

ലോകാ സമസ്താ സുഖിനോ ഭവന്തു ●

വലിയ തമ്പുരാന്റെ കൈയിൽനിന്നും ഉടവാൾ കിട്ടി യാത്ര തുടങ്ങുമ്പോൾ മുതൽ ശബരിഗിരീശന്റെ സന്നിധാനത്ത് എത്തുന്നതുവരെ അയ്യപ്പസ്വാമിയുടെ അദൃശ്യമായ സാന്നിദ്ധ്യം കൂട്ടിനുണ്ടായിരുന്നു. പല്ല ക്കിലേറി കൈപ്പുഴ കൊട്ടാരത്തിലെത്തി വലിയ തമ്പുരാട്ടിയെ നമസ്കരിച്ച് അനുഗ്രഹം വാങ്ങി അവിടെ ലഘുഭക്ഷണം കഴിച്ച് മണ്ണടി ഭഗവതിയുടെ തേവാരം തൊഴുതു. കൊച്ചുകോയിക്കൽ വലിയ തമ്പുരാട്ടി അമ്മ ചിറ്റയുടെ അനുഗ്രഹവും വാങ്ങി കൊട്ടാരത്തിന്റെ പടിയിറങ്ങി.

യാത്ര തുടങ്ങുമ്പോൾ അതിശക്തമായ വെയിലും ചൂടും ഉണ്ടായിരുന്നുവെങ്കിലും അത്ഭുതമെന്ന് പറയട്ടെ മൂന്ന് കിലോമീറ്ററോളം നടന്നുകഴിഞ്ഞപ്പോ ഴേയ്ക്കും കാർമേഘപാളികൾ വന്ന് സൂര്യനെ മറയ്ക്കുകയും പിന്നീട് പകലുള്ള യാത്രയിലുടനീളം വെയിലിന്റെ ശക്തി ഒട്ടും ഇല്ലാതിരിക്കുകയും ചെയ്തു.

വഴിയിലുടനീളം സ്വീകരണങ്ങളുണ്ടായിരുന്നു. കൂടെയുണ്ടായിരുന്ന നമ്മുടെ കുടുംബാംഗങ്ങളും ബന്ധുക്കളും നൽകിയ സഹായ സഹകരണങ്ങൾ ഒരിക്കലും മറക്കാൻ പറ്റില്ല.

പകലത്തെ നടപ്പും സ്വീകരണങ്ങൾ ഏറ്റുവാങ്ങ ലുമെല്ലാം കഴിഞ്ഞ് രാത്രി 10 മണിക്കു മുമ്പായി അയിരൂർ പുതിയകാവ് ക്ഷേത്രത്തിലെത്തി വിശ്ര മിച്ചു. അവിടെ നിന്നും വെളുപ്പിന് മൂന്നു മണിയോടു കൂടി പുറപ്പെട്ട് അഞ്ച് മണിയോടുകൂടി ശ്രാമ്പിക്കൽ ഭവനത്തിലെത്തി. അസമയത്തെ വിശ്രമത്തിനും പ്രഭാതഭക്ഷണത്തിനും ശേഷം തുടർന്ന് യാത്ര ഉച്ചയ്ക്ക് മുമ്പായി പെരുനാട് അയ്യപ്പ ക്ഷേത്രത്തി ലെത്തി. പെരുനാട് ക്ഷേത്രത്തിൽ ഉച്ച ഭക്ഷണ ത്തിനും വിശ്രമത്തിനും ശേഷം അവിടെ നിന്നും പുറപ്പെട്ട് രാത്രി ഒൻപത് മണിയോടുകൂടി ളാഹ ഫോറസ്റ്റ് ഗസ്റ്റ്ഹൗസിൽ എത്തിച്ചേർന്നു. ഭക്ഷണ ത്തിനും വിശ്രമത്തിനും ശേഷം വെളുപ്പിന് 2 മണി യോടുകൂടി വീണ്ടും യാത്ര തുടർന്നു. രാജാമ്പാറ, പ്ലാപ്പള്ളി വഴി കാലത്ത് ഏഴ് മണി കഴിഞ്ഞപ്പോൾ നിലയ്ക്കൽ ക്ഷേത്രത്തിൽ എത്തിച്ചേർന്നു. പ്രഭാത ഭക്ഷണത്തിനു ശേഷം യാത്ര തുടർന്നു. തിരുവാ ഭരണ പാതയിൽ ഏറ്റവും ശ്രദ്ധയോടെ സഞ്ചരി ക്കേണ്ട പ്രയാസമേറിയ ഭാഗം അട്ടത്തോട്, കൊല്ല മൂഴി, കുറുങ്കയം ആണ്. അട്ടത്തോട് ഇറങ്ങിയെത്തിയ ശേഷം അവിടുത്തെ ആദിവാസി ഊരുകളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും മറ്റു പഠന സാമഗ്രികളും അട ങ്ങുന്ന കിറ്റ് വിതരണം ചെയ്യാൻ സാധിച്ചത് ഭാഗ്യ മായി കരുതുന്നു. തിരുവാഭരണ ഘോഷയാത്രയിൽ നമുക്കൊപ്പം വരാറുള്ള മെഡിക്കൽ ടീമാണ് അട്ട ത്തോട്ടിൽ കുട്ടികൾക്ക് കിറ്റ് വിതരണം ചെയ്യാൻ എന്നെ ഏല്പിച്ചത്.

അട്ടത്തോട്, കൊല്ലമൂഴി, കുറുങ്കയം വഴി വലി യാനവട്ടത്ത് എത്തിയശേഷം ഉച്ചഭക്ഷണം കഴിച്ച് 3 മണിയോടുകൂടി പമ്പയിലെത്തി. രാജമണ്ഡപത്തിൽ വിശ്രമിച്ചു.

ജനുവരി 16-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണി യോടുകൂടി മലകയറ്റം തുടങ്ങി. പന്തളത്തുനിന്നും പുറപ്പെടുമ്പോൾ മുതൽ എന്റെ സഹായത്തിനായി നിയോഗിക്കപ്പെട്ടിരുന്ന രണ്ട് പോലീസുകാരും കൊട്ടാരത്തിൽ നിന്നും എന്റെ ഒപ്പം വന്നിരുന്ന കുടുംബാംഗങ്ങളും മലകയറാൻ നന്നായി സഹാ യിച്ചു. വൈകുന്നേരത്തോടു കൂടി നടപ്പന്തലിൽ എത്തിയ എന്നെ ദേവസ്വം അധികൃതർ മാലയിട്ട് കൈയിൽ സ്വർണ്ണച്ചുരിക നൽകി സ്വീകരിച്ചു. സ്വീകരണങ്ങളേറ്റു വാങ്ങി പതിനെട്ടാംപടിയുടെ മുമ്പിലെത്തി. മേൽശാന്തിയും കീഴ്ശാന്തിയും പതിനെട്ടാം പടിയിറങ്ങി വന്ന് സ്വർണ്ണച്ചുരികയു മായി നിന്ന എന്റെ കാല് കഴുകി അയ്യപ്പ സന്നിധി യിലേക്ക് ആനയിച്ചു. ഭഗവാന്റെ നടയിലെത്തി ഒരു വശം ചേർന്നു നിന്ന് ശ്രീകോവിലിൽ നിന്നും ഇറങ്ങി വന്ന പൂജാരിയുടെ കൈവശം സ്വർണ്ണച്ചുരിക ഏല്പിച്ച് എല്ലാംമറന്ന് അയ്യപ്പനോട് നെഞ്ചുരുകി പ്രാർത്ഥിച്ച ശേഷം വടക്കേനടയിലെത്തി പടിയി റങ്ങി. അവിടെ കാത്തുനിന്ന പല്ലക്കിലേറി മാളിക പ്പുറത്ത് തൊഴുത് പ്രസാദം വാങ്ങി മണിമണ്ഡപ ത്തിന് പിന്നിലുള്ള രാജമണ്ഡപത്തിൽ വിശ്രമിച്ചു. രാത്രി കുടുംബാംഗങ്ങൾക്കൊപ്പം അയ്യപ്പദർശന ത്തിനായി പോയി തൊഴുതു പ്രസാദം വാങ്ങി തിരി കെയെത്തി ഭക്ഷണശേഷം 11 മണിയോടു കൂടി ഉറങ്ങാൻ കിടന്നു.

17-ാം തീയതി കാലത്ത് എഴുന്നേറ്റ് കുളികഴിഞ്ഞ് മുറിയിൽ വിളക്കുകൊളുത്തി ഭക്തർക്ക് പ്രസാദം നൽകുന്നതിനു വേണ്ടി തയ്യാറെടുത്തു. ഒരു മണി ക്കൂറോളം അവിടെ വന്ന ഭക്തജനങ്ങൾക്ക് ഭസ്മം നൽകി അനുഗ്രഹിച്ചു. അതിനുശേഷം കുടുംബാംഗ ങ്ങൾക്കൊപ്പം കാലത്തെ ക്ഷേത്രദർശനത്തിനായി സന്നിധാനത്തിലേക്ക് പോയി.

3 വർഷമായി പലരും എന്നെ ഏല്പിച്ചിരുന്ന കാണിക്ക ഭഗവാന്റെ നടയിൽ അർപ്പിച്ച് അവർക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചു. പ്രസാദം (ഭസ്മം) വാങ്ങാനായി എന്റെ മുമ്പിലെത്തിയ ചെറിയ കുഞ്ഞുങ്ങളെ കണ്ടപ്പോൾ ഭഗവാന്റെ പ്രതിരൂപങ്ങളായി തോന്നി. അവരുടെ കുഞ്ഞു നെറ്റിയിൽ ഭസ്മം തൊട്ടുകൊടുത്തപ്പോൾ ഈശ്വരനെ സ്പർശിച്ച അനുഭവമാണ് ഉണ്ടായത്.

ശബരിഗിരീശന്റെ പാദങ്ങളിൽ പുണ്യ പാപങ്ങളുടെ ഇരുമുടിക്കെട്ട് ഇറക്കിവയ്ക്കാനായി എത്തുന്ന ഓരോ ഭക്തനും ഭഗവാന്റെ നാമത്തിൽ വിളിക്കപ്പെടുന്ന പുണ്യസ്ഥാനമായ ശബരിമലയിൽ ഇരുമുടിക്കെട്ടില്ലാതെ പന്തളം കൊട്ടാരത്തിന്റെ രാജപ്രതി നിധിയായി എത്താൻ കഴിഞ്ഞത് ജന്മ ജന്മാന്തര സുകൃതമായി കരുതുന്നു.



മടക്കയാത്രയ്ക്ക് മുമ്പ് എല്ലാ ദിവസവും മൂന്ന് നേരം ഭഗവാനെ തൊഴുവാനുള്ള മഹാഭാഗ്യമുണ്ടായി. കളഭാഭിഷേകത്തിന് പന്തളത്തുനിന്നും കുടുംബാംഗങ്ങളും എറണാകുളത്തുനിന്നും എന്റെ മകനും മരുമകനുമടക്കം കുറച്ചു ബന്ധുക്കളും എത്തിച്ചേർന്നിരുന്നു. കളഭം ആടിയ ശേഷം തന്ത്രിക്കും മേൽശാന്തിക്കും കീഴ്ശാന്തിക്കും മറ്റു പ്രധാനപ്പെട്ട ആളുകൾക്കെല്ലാം ദക്ഷിണ കൊടുത്തശേഷം രാജപ്രതിനിധി തിരികെ രാജ മണ്ഡപത്തിലെത്തി കളഭസദ്യയിൽ പങ്കുകൊണ്ടു. കളഭം തൊഴുതശേഷം അവരെല്ലാം തിരികെപോയി. ജനുവരി 19-ാം തീയതി ഗുരുതി കഴിഞ്ഞ് അടുത്ത ദിവസം അതിരാവിലെ കുളിച്ചുതൊഴുത് കുടുംബാംഗങ്ങളും ബന്ധുക്കളും പതിനെട്ടാം പടിയിറങ്ങി രാജപ്രതിനിധിക്കു വേണ്ടി കാത്തുനിന്നു. നടയടയ്ക്കുന്നതിന് മുമ്പ് അവസാനമായി തിരുനടയിൽ തൊഴുന്നത് രാജപ്രതിനിധിയാണ്. ആ സമയം ഭഗവാന്റെ ശ്രീകോവിലിനു മുമ്പിൽ രാജപ്രതിനിധി മാത്രമേ ഉണ്ടാവുകയുള്ളൂ. ശ്രീകോവിലിനുള്ളിൽ മേൽശാന്തിയും രണ്ടു സഹായികളും വാതിലിനു പിന്നിലായി നിൽക്കും. ഭഗവാനും രാജപ്രതിനിധിയും മാത്രമായുള്ള ആ അസുലഭ മുഹൂർത്തത്തെപ്പറ്റി പറയാനോ എഴുതാനോ വാക്കുകളില്ല. എത്രനേരം ഭഗവാനെ പ്രാർത്ഥിച്ച് നിന്നു എന്ന് അറിയില്ല. ശ്രീകോവിലിനുള്ളിൽ നിന്നും മേൽശാന്തി "ഹരിവരാസനം ചൊല്ലട്ടെ" എന്ന് ചോദിക്കുമ്പോൾ മാത്രമാണ് ശൂന്യമായിപ്പോയിരുന്ന മനസ്സിൽ പ്രാർത്ഥനയുടെ അവസരം വിട്ടു പോയിട്ടില്ലെന്ന് ഉറപ്പുവരുത്തി മേൽശാന്തിക്ക് അനുമതി കൊടുക്കുന്നത്. മേൽശാന്തിയും സഹായികളും ശ്രീകോവിലിനുള്ളിൽ നിന്നുകൊണ്ട് ഹരിവരാസനം ചൊല്ലിയശേഷം ഓരോ വിളക്കുകളായി തിരി താഴ്ത്തി ഭഗവാനെ നിദ്രയിലാക്കിയ ശേഷം മേൽശാന്തി നടയടച്ചുപൂട്ടി താക്കോൽ രാജപ്രതിനിധിയെ ഏല്പിക്കുന്നു. രാജപ്രതിനിധി ശ്രീകോവിലിന് പ്രദക്ഷിണം വച്ച് പതിനെട്ടാംപടിയിലേക്ക് എത്തുന്നു. ക്ഷേത്രത്തിന്റെ വലിയ ഗേറ്റ് ചേർത്തടച്ച ശേഷം വളരെ ശ്രദ്ധയോടെ പതിനെട്ടാം പടിയിറങ്ങുന്നു. രാജപ്രതിനിധി താഴെയെത്തിയ ശേഷം ദേവസ്വം ഉദ്യോഗസ്ഥൻ വഴി മേൽശാന്തിയുടെ കൈവശം താക്കോലും അടുത്ത വർഷത്തെ ചിലവിലേക്കായി പണക്കിഴിയും ഏല്പിക്കുന്നു. അതിനുശേഷം മേൽശാന്തിയും രാജപ്രതിനിധിയും പതിനെട്ടാംപടിക്ക് മുമ്പിൽ പ്രാർത്ഥിച്ച് നമസ്കരിക്കുന്നു.

എല്ലാവരോടും യാത്രപറഞ്ഞ് രാജപ്രതിനിധിയും സംഘവും മടക്കയാത്ര ആരംഭിക്കുന്നു. പമ്പയിലെത്തി രാജമണ്ഡപത്തിൽ ഭക്ഷണവും അല്പം വിശ്രമവും കഴിഞ്ഞ് സന്ധ്യയോടെ ളാഹ എസ്റ്റേറ്റിലെത്തി അവിടെ വിശ്രമിക്കുന്നു. അടുത്ത ദിവസം കാലത്തു പുറപ്പെട്ട് പതിനൊന്ന് മണിയോടുകൂടി പെരുനാട് ക്ഷേത്രത്തിലെത്തുന്നു. ഉച്ചഭക്ഷണത്തിനും വിശ്രമത്തിനും ശേഷം രാത്രി 12 മണിവരെ ഭക്തർക്ക് ഭസ്മം നൽകി അനുഗ്രഹിച്ച ശേഷം ഒരു മണിക്കു ശേഷം അവിടെ നിന്നും പുറപ്പെട്ട് 2 മണിയോടു കൂടി ആറന്മുള മങ്ങാട്ട് കൊട്ടാരത്തിലെത്തി അവിടെ വിശ്രമിക്കുന്നു. കൊട്ടാരത്തിലെ ഓരോ വ്യക്തികളേയും അവർ നൽകിയ സ്നേഹാദരവുകളേയും നന്ദിയോടെ സ്മരിക്കുന്നു. അടുത്ത ദിവസം രാവിലെ 7 മണിയോടു കൂടി പന്തളത്തെത്തി അയ്യപ്പനെ തൊഴുത് കൊട്ടാരത്തിലെത്തുന്നതോടെ ശബരിമല യാത്രയ്ക്ക് ശുഭ സമാപ്തിയാകുന്നു.

യാത്രയിലുടനീളം കയ്യും മെയ്യും മറന്ന് രാജപ്രതിനിധിയെ സഹായിച്ച ഓരോരുത്തരോടും നന്ദി പറഞ്ഞ് യാത്രാവിവരണം ഇവിടെ അവസാനിപ്പിക്കുന്നു.

(ലേഖകന്റെ വിലാസം: Kamas, Warriam Road, Mangala Lane, Ernakulam 682016)

കവിത

# ഓട്ടമുക്കാൽ

ഗായത്രി വർമ്മ
മൊ. 8767703276



വിഷുപ്പക്ഷി നീട്ടിനീട്ടിക്കൂകി
കേട്ടുണർന്നെന്റെ ബാല്യകാലം
സ്വപ്നങ്ങളും സന്തോഷവും
വിഷുക്കണി കാത്തിരുന്ന ബാല്യം
ഓടിക്കളിക്കട്ടെ ഞാനിന്നെന്റെ
ഓർമ്മതൻ രഥ്യയിലൊട്ടുനേരം
കണികണ്ടു കൈനീട്ടുമ്പോൾ
അച്ഛൻ തരുമൊരു വെള്ളിപ്പണം
ഒരു ദിവ്യാമൃതം പോലെ
അതു ചേർക്കും നെറുകയിപ്പോൾ
വിനയത്തോടെ തലവണങ്ങും
അടിമയാം കീഴാളരെപ്പോലെ
അമ്മയെ കുമ്പിട്ടു കൈനീട്ടുമ്പോൾ
മുണ്ടിന്റെ കോന്തലയഴിച്ചുമെല്ലെ
ഓട്ടമുക്കാലൊന്നു കയ്യിൽത്തരും
"അമ്മയ്ക്കിതേ തരുവാനുള്ളൂ മക്കളേ"
ചുടുകണ്ണീരായൊഴുകും മൃദുസ്വനം
അതെന്നേ തഴുകും വേദനയോടെ

ഓട്ടമുക്കാലെന്റെ ഭണ്ഡാരത്തിൽ
ഒരു ദിവ്യ വസ്തുവായ് കാഴ്ചവയ്ക്കും
ഞാനൊട്ടു വലുതായാൽ
പൊൻപണം കൊണ്ടുനി-
റയ്ക്കുമമ്മതൻ കൈതലം
കൊച്ചുബാല്യം സ്വപ്നംകണ്ടു
കാലത്തിൻ കുളമ്പടിക്കായി
കാത്തുനില്ക്കാതമ്മ പോയി
മോചനം തേടി കാല-
യവനികയ്ക്കുള്ളിൽ മറഞ്ഞു
അച്ഛൻ തന്ന പണമൊക്കെയും
ഒഴുകിപ്പോയി ചിലവിൻ കയത്തിൽ
ഒപ്പം പോയ്മറഞ്ഞു, അച്ഛൻ
തന്നൊരോർമ്മകളും നിശബ്ദം.
അമ്മ തന്നൊരോട്ടമുക്കാലുകൾ
ഞാനിന്നും കാത്തുസൂക്ഷിക്കുന്നു
കാലത്തിൻ കണ്ണീരും പുഞ്ചിരിയും
ക്ലാവു കേറ്റിയൊരോട്ടമുക്കാലുകൾ
മേടപ്പുലരി വന്നു വീണ്ടും
കണ്ണനു കണിവയ്ക്കുന്നു ഞാനാ
മുക്കാലുകൾ, മറ്റെന്തുണ്ട്
ഇത്രമേൽ ശുദ്ധമായ്, ഭക്തിയായി
കുട്ടികൾ പൊട്ടിച്ചിരിക്കട്ടെ
ഭർത്താവു പരിഹസിക്കട്ടെ
ഓട്ടമുക്കാലിനേക്കാൾ സംശുദ്ധമായി
മറ്റൊന്നുമില്ലെന്റെ കയ്യിലും
കാലം കലിയുഗമായിടും
പെണ്ണിന്റെ ഗതികേടിന്നും
ഓട്ടമുക്കാലായി തുടരുന്നു
പ്രതീകമാകാം മുക്കാലുകളിന്നും
പെണ്ണിന്റെ നിസ്സഹായതയുടെ
എന്നിട്ടും പറയുന്നു സ്ത്രീജന്മം പുണ്യജന്മം.

## അഭിനന്ദനങ്ങൾ



ഹിന്ദുസ്ഥാൻ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് അസ്സോസിയേഷൻ ഓഫ് കേരളയുടെ 'ബെസ്റ്റ് ഗൈഡർ 2025' അവാർഡ് കരസ്ഥമാക്കിയ **ശ്രീജാ വർമ്മ**. BSS കൾച്ചറൽ മിഷനിൽ നിന്നും ഭരതനാട്യത്തിൽ 'നാട്യപൂർണ്ണ', നൃത്താഭ്യസനത്തിൽ 'ശിക്ഷാപൂർണ്ണ' എന്നീ ഡിപ്ലോമകൾ ലഭിച്ചിട്ടുണ്ട്. വെള്ളാരപ്പിള്ളി യൂണിറ്റിലെ കെ. കേരളവർമ്മയുടെയും ശ്രീദേവി വർമ്മയുടെയും മകളും വി.കെ. പ്രഭേഷ് വർമ്മയുടെ ഭാര്യയുമാണ്.

യാത്രാവിവരണം

# മഹാകുംഭമേള

## മഹാകുംഭമേളയിലെ അനുഭവങ്ങൾ, കാഴ്ചകൾ

### ഭാഗം – 3



പി.സി. സുധീരൻ
തൃശ്ശൂർ, മൊ. 9446141888

*കഴിഞ്ഞലക്കം തുടർച്ച...*

പുലർച്ചെ ആറു മണിക്കു തന്നെ സംഗമസ്ഥാന യാത്രക്ക് ഞങ്ങൾ റെഡി. രണ്ടൗൺസ് ചായ കിട്ടിയാൽ തണുപ്പിന് പരിഹാരവും യാത്രയ്ക്ക് ഇന്ധനവും ആകുമല്ലോ എന്ന വിചാരത്തിൽ ഞങ്ങൾ ചായയ്ക്ക് ഓർഡർ കൊടുത്തു. ചായക്കട അമ്മയുടെ അമാന്തം കാരണം ചായ കിട്ടിയപ്പോൾ ആറര മണിയായി. ബോട്ട്ക്ലബ്ബിനടുത്തെത്തുമ്പോഴേയ്ക്ക് അവിടെ ജനസാഗരമായിക്കഴിഞ്ഞിരുന്നു. അവിടെയെത്തുന്നതുവരെയ്ക്കുള്ള ഘാട്ടുകളിൽ ജനം നിറഞ്ഞിരുന്നു. കുളിച്ചുകയറുന്നവരുടെ നനഞ്ഞ വസ്ത്രങ്ങളിൽ നിന്ന് വീഴുന്ന ജലം നിലത്തെ 'ചളിപിളി'യാക്കി. ചരിഞ്ഞ, വഴുക്കലുള്ള പ്രതലത്തിലൂടെ, ഭീമമായ തിരക്കിലൂടെ, കൂട്ടംതെറ്റാതെ മുന്നോട്ട് നടക്കാൻ ഞങ്ങൾ വിഷമിച്ചു. തീരംവരെ എത്താൻ പറ്റിയില്ല. റേറ്റും ഭീമം – ഒരാൾക്ക് 1500 രൂപ! നൂറിൽ താഴെ മീറ്റർ മാത്രം ദൂരമാണ് സംഗമസ്ഥാനത്തേയ്ക്ക്. ക്യൂ നിന്ന് യാത്ര ചെയ്ത് കുളിച്ച് മടങ്ങുമ്പോഴേയ്ക്ക് ഉച്ചയാകും. അത്രയും സ്ട്രെയിൻ എടുക്കാൻ ധൈര്യമില്ല ഞങ്ങൾ വിഷമത്തിലായി. ധന്യയും പ്രമോദും ഒഴിച്ചുള്ളവർ കുറച്ചു വർഷങ്ങൾക്കു മുൻപ് സംഗമസ്നാനം നടത്തിയിട്ടുള്ളവരാണ്. അതിനാൽ ഞങ്ങൾ ആ ശ്രമം ഉപേക്ഷിച്ചു. ധന്യയും പ്രമോദും തിരക്കിനിടയിലൂടെ ബോട്ട് ലക്ഷ്യമാക്കി നടന്നു. ഞങ്ങൾ, ചക്രമാധവ് ഘാട്ടിൽ ത്തന്നെ, സംഗമത്തിനു ശേഷമുള്ള ഗംഗയിൽ, സ്നാനം നടത്താമെന്ന് തീരുമാനിച്ചു. അപ്പോഴേക്കും അസാമാന്യമായ ജനക്കൂട്ടം തടിച്ചുകൂടിയിരുന്നു. അതിൽ നിന്ന് പുറത്തുകടക്കാൻ ഞങ്ങൾ സാമാന്യം ബുദ്ധിമുട്ടി.

സമയം ഒമ്പതിനോടടുത്തിരിക്കുന്നു. വയർ വിശപ്പിന്റെ വീണാക്വാണം മുഴക്കി. കുറെ നടന്നപ്പോൾ വഴിയരികിൽ ഒരു ഭക്ഷണശാല കണ്ടു. "പൂരിയും സബ്ജിയും ചായയും തരാം", ഉടമ പറഞ്ഞു. അവിടിരുന്ന് ആവിപാറുന്ന സബ്ജിയിൽ ചുട്ടുപൊളുന്ന പൂരി മുക്കി, നാലെണ്ണം വീതം സ്വാദോടെ ഭക്ഷിച്ചു. നാലിഞ്ചോളം മാത്രം വ്യാസം വരുന്ന കട്ടികൂടിയ ചെറിയ നാലു പൂരികളാണ് ഒരു പ്ലേറ്റിൽ. പിന്നെ, മൺകപ്പിൽ ഒന്നാന്തരം ഇഞ്ചിച്ചായയും. 'ആനന്ദലബ്ധിക്കിനിയെന്തു വേണം' എന്നായി ഞങ്ങൾ.

പ്രാതൽ കഴിച്ച് ഏതാണ്ട് ഒരു കിലോമീറ്ററോളം നടന്ന് താമസസ്ഥലത്തിന് മുമ്പിലുള്ള ചക്രമാധവ് ഘാട്ടിലെത്തി. നല്ലവണ്ണം വെയിൽ ആയിക്കഴിഞ്ഞിരുന്നു അന്തരീക്ഷത്തിൽ തണുപ്പില്ല. കുളിക്കടവിൽ തലേന്നതിനേക്കാൾ തിരക്കുണ്ട്. എങ്കിലും അമൃതസ്നാനത്തിന് തടസ്സമുണ്ടായില്ല. വെള്ളത്തിന് നല്ല തണുപ്പുണ്ട്. നിരപ്പ് ഇന്നലത്തേതിനേക്കാൾ ഉയർന്നിട്ടുണ്ട്. ഇപ്പോൾ നെഞ്ചിന് താഴെ വരെ വെള്ളമുണ്ട്. ഒഴുക്കും കൂടുതൽ. വിധിയാംവണ്ണമുള്ള സ്നാനം നടത്തി, കരയ്ക്ക് കയറി. മറുകരയിലും വല്ലാത്ത ജനക്കൂട്ടമുണ്ടായിരുന്നു. ഈ പ്രദേശങ്ങളിൽ നമ്മുടെ നാട്ടിലേതു പോലെ മുങ്ങിക്കുളി ശീലമില്ലെന്നാണ് തോന്നിയത്. മുങ്ങുവാൻ അവർ നടത്തുന്ന പ്രയത്നം അത്രയ്ക്കുണ്ടായിരുന്നു. ഗംഗാ ആരതികളും പുഷ്പാർച്ചനകളും ധൂപാദി ആരാധനകളും ഇന്നും കണ്ടു. പതിനൊന്നു മണിയോടെ മുറിയിൽ തിരിച്ചെത്തി. ധന്യയും പ്രമോദും വന്നിട്ട് വേണം നഗരി ചുറ്റിക്കാണാൻ.

പന്ത്രണ്ട് മണിയോടെ അവർ തിരിച്ചെത്തി. അവരുടെ കഥ ഇങ്ങനെ. ഞങ്ങൾ തിരിച്ചുപോന്നതിന് ശേഷം അവർ രണ്ടുപേരും തിരക്കിലൂടെ നുഴഞ്ഞ് തുഴഞ്ഞ് നദീതീരത്തെത്തി. മോട്ടോർ ബോട്ടുകൾ അപ്പോഴില്ല. തുഴയുന്ന, പത്തുപേർ കയറുന്ന ഒരു തോണി എട്ടുപേരുമായി കാത്തു നിൽക്കുന്നു. "1500 രൂപ വീതം വേണം", തോണി

ക്കാരൻ. ഇവർ നിസ്സംഗ ഭാവത്തോടെ നിന്നു. ബോട്ടിലിരിക്കുന്നവർ അക്ഷമർ. ബോട്ടുകാരൻ വിഷമത്തിൽ. "ചലോ ഭായി ചലോ" എന്ന് യാത്രക്കാർ നിർബന്ധിച്ചപ്പോൾ അയാൾ അഞ്ഞൂറു രൂപ ഇളവു ചെയ്തത്രേ! അവർ സമ്മതിച്ചു. ശക്തിയായ ഒഴുക്കിനെ മുറിച്ച് തോണി നീങ്ങിയത്രെ. കുറെ താഴെയായി സംഗമത്തിൽ കരയ്ക്കിറക്കി. അവിടെ മുട്ടിന് മുകളിൽ മാത്രമേ വെള്ളമുള്ളൂ പക്ഷേ ഒഴുക്ക് ശക്തിയായിട്ടുണ്ട്. അങ്ങനെ സ്നാനം കഴിഞ്ഞ് അവർ അതേ തോണിയിൽത്തന്നെ മടങ്ങി. പന്ത്രണ്ടര മണിയോടെ ഞങ്ങൾ ചുറ്റിക്കാണാൻ ഇറങ്ങി. ഏതെങ്കിലും ഒരാശ്രമത്തിൽ നിന്ന് പ്രസാദം ഭക്ഷിക്കുക തന്നെ പ്രധാന ലക്ഷ്യം.

ക്യാമ്പിന് പുറത്ത്, നദിക്കുമിടയിലായി താൽക്കാലിക റോഡുണ്ട്. ചരിഞ്ഞ നദീതടം നിരപ്പാക്കിയാണ് റോഡ് നിർമ്മിച്ചിട്ടുള്ളത്. പൂഴിയിലാണ് റോഡ്. അതിലെ നടക്കാൻ തന്നെ പ്രയാസം. വാഹനം നീങ്ങുകയേയില്ല തന്നെ. ഏതാണ്ട് അഞ്ചടി വീതിയും പത്തടിയോളം നീളവുമുള്ള ഇരുമ്പ് ഷീറ്റുകൾ റോഡിൽ വിരിച്ച് നട്ടും ബോൾട്ടുമിട്ട് മുറുക്കി റോഡ് ഗതാഗതയോഗ്യമാക്കിയിരിക്കുകയാണ്, കിലോമീറ്ററുകൾ വരുന്ന റോഡായ റോഡു മുഴുവൻ! ഇതിലൂടെ ലോറിയടക്കമുള്ള വാഹനങ്ങൾ ബുദ്ധിമുട്ടില്ലാതെ നീങ്ങിക്കൊണ്ടിരിക്കുന്നു. 23, 24, 25 സെക്ടറുകളെ യോജിപ്പിച്ചുകൊണ്ടാണ് ഈ ഒരു റോഡ്. ഈ റോഡിനിരുവശവും ജനവാസത്തിനുള്ള ക്യാമ്പുകളാണ്. മിക്കവയും ഭിന്നങ്ങളായ ആശ്രമങ്ങൾ നോക്കിനടത്തുന്ന വില്ലേജുകളാണ്. ഞങ്ങളുടെ കാമ്പസിന് കിഴക്കുമാറി നദിക്കരയിൽ 'മോഹൻജി' വില്ലേജ് കണ്ടു. രണ്ട് ഏക്കറിന് മുകളിലുണ്ടായിരിക്കണം ഓരോ വില്ലേജും. അവയ്ക്കകത്ത് ടെന്റുകൾ, കുടീരങ്ങൾ, എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള മുറികൾ, ഭക്ഷണാലയം പ്രാർത്ഥന ഹാൾ, സത്സംഗ സദസ്സ്, ക്ലാസ്സുകൾ ഹോമകുണ്ഡങ്ങൾ, പ്രദർശനങ്ങൾ എന്നിവ ഒരുക്കിയിരിക്കുന്നു. റോഡിന്റെ വലതുവശത്ത് യോഗാ സെന്ററുകൾ, ആയുർവ്വേദ സെന്ററുകൾ, സർക്കാരിന്റെ വൈദ്യുതി ആസ്ഥാനം, ജലവിതരണവകുപ്പ്, സാനിറ്റേഷൻ വകുപ്പ് എന്നിവയുണ്ട്.

ഇക്കരെയുള്ള സെക്റ്ററുകളെ അക്കരയുമായി ബന്ധിപ്പിച്ച് അനേകം പാലങ്ങളുണ്ട്. ചക്രമാധവ് പാലം നമ്പർ 26 ആണ്. 26 മുതൽ 30 വരെയുള്ള പാലങ്ങളാണ് ഞങ്ങൾ കണ്ടത്. 26 നമ്പർ പാലത്തിലൂടെ സർക്കാർ/വി.ഐ.പി/സുരക്ഷാ വിഭാഗത്തിന്റെ വാഹനങ്ങൾ എന്നിവ മാത്രമേ അനുവദിക്കൂ. ചില പാലങ്ങളിലൂടെ ബൈക്ക് അനുവദിക്കും. നടക്കുന്നവർക്കായി രണ്ട് പാലങ്ങൾ ആണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്. മറ്റു പാലങ്ങളിലൂടെ ഗതാഗതം അനുവദിക്കില്ല. ഞങ്ങൾ നടക്കാൻ ഇറങ്ങിയ സമയത്ത് നമ്പർ 30 പാലം മാത്രമേ അക്കരയ്ക്ക് പോകാനായി തുറന്നിട്ടുള്ളൂ. പാലങ്ങൾ തമ്മിൽ അരക്കിലോമീറ്ററെങ്കിലും ദൂരമുണ്ട്. 30-ാം നമ്പർ പാലമെത്തണമെങ്കിൽ ഏതാണ്ട് രണ്ട് കിലോമീറ്റർ നടക്കണം. അത് ബുദ്ധിമുട്ടാണ്. ഓട്ടോറിക്ഷകളൊന്നും പാലത്തിലൂടെ അനുവദിക്കപ്പെട്ടിട്ടില്ല. ഒന്നുകിൽ ബൈക്കിൽ പുറകിൽ, അല്ലെങ്കിൽ കാൽനടയായി മാത്രമേ അക്കരയെത്തുകയുള്ളൂ. അവിടങ്ങളിൽ ഇടുങ്ങിയ ഒരിനം ഇലക്ട്രിക് ആട്ടോകളുണ്ട്. ആറു പേർക്ക് കയറാം. മുപ്പതാം പാലത്തിൽ എത്തിക്കാൻ 500 രൂപ! നിവൃത്തിയില്ലാത്തതു കൊണ്ട് എട്ടുപേർ തിങ്ങിക്കയറി പോയി. പാലത്തിന്റെ തുടക്കത്തിൽ ബൈക്കുകളുണ്ട്. ആളൊന്നുക്ക് 200 രൂപ കൊടുത്താൽ അക്കരെ സംഗമത്തിനടുത്ത് എത്തിക്കും. ഒരു ബൈക്കിൽ രണ്ടുപേർക്ക് കയറാം. നാലു ബൈക്കിലായി ഞങ്ങൾ എട്ടുപേർ അക്കരയ്ക്ക് പോയി. 22 വരെയുള്ള സെക്ടറുകളിലാണ് പ്രധാന ആശ്രമങ്ങൾ മുഴുവൻ. ഈ വലിയ നഗരിയുടെ ഗേറ്റുവരെ മാത്രമേ ബൈക്കുകളും പോവുകയുള്ളൂ.

താൽക്കാലിക പാലത്തിന് മുകളിൽ താൽക്കാലിക റോഡിൽ വിരിച്ചിട്ടുള്ള കൂറ്റൻ ഇരുമ്പ് ഷീറ്റുകൾക്ക് മുകളിലൂടെ, മയമില്ലാത്ത രീതിയിൽ ബൈക്കുകാർ ഞങ്ങളെയും കൊണ്ട് പറന്നു. ചരിച്ചും വളച്ചും ചാടിച്ചുമൊക്കെ അക്കരെയെത്തുമ്പോഴേക്കും ഞങ്ങൾ അവശരായിരുന്നു. 'സംഗം' എന്നെഴുതിയ ഗേറ്റിന് മുന്നിൽ ബൈക്കുകാർ ഞങ്ങളെ ഇറക്കി നാനൂറ് രൂപ വസൂലാക്കി അടുത്ത ഇരകളെ ലാക്കാക്കി അപ്രത്യക്ഷരായി. ഞങ്ങൾ നിൽക്കുന്നിടത്തുനിന്ന് ഏറ്റവും അടുത്തുള്ള ക്യാമ്പ്/ ആശ്രമം രണ്ടു കിലോ മീറ്റർ ദൂരെയാണ്. സമയം രണ്ടിനോടടുക്കുന്നു. വീണ്ടും വിശപ്പ് വിളിച്ചുതുടങ്ങി. അന്നദാനസ്ഥാനം അന്വേഷിച്ചു, അത് ഏറ്റവും അടുത്തുള്ളത് 1.8 കി.മീ. ദൂരെ. റിലയൻസിന്റെ ഭണ്ഡാർ രണ്ടു കി.മീ. ദൂരെ. അവിടംവരെ നടക്കുക തന്നെ വേണം. അടുത്തുള്ള ആശ്രമങ്ങൾ അന്വേഷിച്ച് ഞങ്ങൾ

നടന്നു. വഴിക്ക് ഒന്നുരണ്ട് ആശ്രമങ്ങൾ 'വൈൻഡ് അപ്' ചെയ്യുന്ന തിരക്കിലാണ്. നഗരിയിൽ നിന്ന് പുറത്തേക്കുള്ള വഴിയിൽ ആശ്രമങ്ങൾ ഉണ്ടെന്ന റിഞ്ഞ് ഞങ്ങൾ അവിടം ലാക്കാക്കി പതുക്കെ നടന്നു. പേരോർമ്മിക്കാൻ ബുദ്ധിമുട്ടുള്ള ആ ആശ്രമ ങ്ങളിലൊന്നും അന്നദാനമില്ല. ഏറ്റവും അടുത്തുള്ള ഹോട്ടൽ 5 കി.മീ. ദൂരെ!

"അര കിലോമീറ്റർ ദൂരത്ത് മഹന്ത് അസംഗദേവ് സ്വാമികളുടെ ആശ്രമമുണ്ട്. അവിടെ ഭക്ഷണം ലഭിക്കും", ഒരു ഓട്ടോക്കാരൻ പറഞ്ഞു. ഞങ്ങൾ വഴി ചോദിച്ച് ചോദിച്ച് ആശ്രമത്തിലെത്തുമ്പോഴേക്കും അവശരായിക്കഴിഞ്ഞിരുന്നു.

ആശ്രമത്തിൽ ഭക്ഷണമുണ്ട്. തിരക്കൊട്ടും തന്നെ യില്ല. കൈയും പ്ലേറ്റും കഴുകി ഞങ്ങൾ ഫുഡ് കൗണ്ട റിൽ എത്തി. നല്ല ചൂടുള്ള ചോറ്, ചപ്പാത്തി, ദാൾ, സബ്ജി, 'ഇംലി ചട്ണി' ഇവയൊക്കെയാണ് വിഭവ ങ്ങൾ! അതും എത്ര വേണമോ അത്രയും കിട്ടും. അമൃ തസമാനമായ ചൂടും സ്വാദുമുള്ള ഭക്ഷണം. ഞങ്ങൾ കഴിച്ച് തൃപ്തരായി. അന്നദാനത്തിനായി നല്ലൊരു തുക ഡൊണേഷൻ നൽകി, തിരിച്ച് യാത്രയായി. തിരിച്ചുള്ള യാത്രയിൽ ഈ ആശ്രമത്തിന്റെ ഡൈനിംഗ് ഹാൾ ഒഴിച്ചുള്ള ഭാഗങ്ങൾ ഡിസ്മാന്റിൽ ചെയ്യു ന്നതായി കണ്ടു ആയിരക്കണക്കിന് ആരാധകർ ഇരുന്ന് ഭജനകളും സത്സംഗങ്ങളും പൂജകളും നടത്തിയ കൂറ്റൻ നെടുമ്പുര ഇപ്പോൾ വിജനം. ഫെബ്രുവരി 13 ന്റെ 'മാഘമക സ്റ്റാന'ത്തോടെ അമൃതസ്നാനങ്ങളൊക്കെ അവസാനിച്ചു. അതിന് ശേഷം അഘാടകളിലെ സന്യാസിമാർ തങ്ങളുടെ താവളങ്ങളിലേക്ക് മടങ്ങി, അഘോരികളും നാഗ സന്യാസിമാരും തങ്ങളുടെ പൊതുവെ അജ്ഞാത ങ്ങളും ഗോപ്യങ്ങളുമായ സ്വസ്ഥാനങ്ങളിലേക്ക് മടങ്ങിക്കഴിഞ്ഞു. അതോടെ അവിടെ നടന്നിരുന്ന ഹോമ-പൂജാ-സത്കർമ്മങ്ങൾക്കും പരിസമാപ്തി യായി. അപൂർവ്വം ആശ്രമങ്ങൾ മാത്രം ഇപ്പോഴും പ്രവർത്തിക്കുന്നു. പക്ഷേ, അമൃതസ്നാനത്തിനായി വരുന്നവരുടെ എണ്ണം ഒട്ടുംതന്നെ കുറഞ്ഞിട്ടില്ല. അവർ പാട്ടും കൊട്ടും കൊടിയും കൊടിക്കൂറയു മൊക്കെയായി അനവരതം ഒഴുകിയെത്തുന്നു. 18-ാം തീയതി മാത്രം 1.18 കോടി ജനങ്ങൾ പുണ്യസ്നാനം നടത്തിയത്രെ!

പൊടിമണ്ണിലൂടെ ജനങ്ങൾ ഒഴുകിനടക്കുമ്പോൾ നല്ലവണ്ണം പൊടിപാറുന്നുണ്ട്. ഞങ്ങൾ മാസ്ക് കരുതിയിരുന്നതിനാൽ ശ്വാസകോശം രക്ഷപ്പെട്ടു. തിരിച്ച് യാത്രയ്ക്ക് ഓട്ടോകളൊന്നും തയ്യാറല്ല. അക്ക രയ്ക്ക് നടക്കുവാൻ 27-ാം നമ്പർ പാലമാണ് തുറ ന്നിട്ടുള്ളത്. അതിന്റെ അടുത്തുവരെ ഒരു കി.മീ. ദൂരം ഉണ്ട്. ഒരിക്കൽക്കൂടെ ബൈക്കുകളെ ആശ്രയിച്ച് 27-ാം നമ്പർ പാലത്തിന്റെ മുന്നിൽ ഇറങ്ങി. പാല ത്തിലേക്ക് വാഹനങ്ങൾ കടക്കാതിരിക്കാൻ അവിടെ തടസ്സം വെച്ചിട്ടുണ്ട്. വെള്ളത്തിൽ പൊങ്ങിക്കിട ക്കുന്ന, വലിയ അനേകം ബാരലുകൾക്ക് മുകളിലാണ് പാലം പണിതിരിക്കുന്നത്. ബാരലുകൾക്ക് മുകളിൽ ബീമുകൾ പിടിപ്പിച്ച് അതിനു മുകളിൽ മരപ്പലകകളും അവയ്ക്കുമുകളിൽ ഇരുമ്പ് ഷീറ്റുകളും വിരിച്ചിട്ടുണ്ട്. നടപ്പാലത്തിലും 'വൺ വേ' ഉണ്ട്. 30-ാം നമ്പർ പാലം ഇങ്ങോട്ടും 27-ാം നമ്പർ തിരിച്ചും നടക്കാൻ ഉള്ളത്. ഈ പാലത്തിൽ മുകളിൽ ബൈക്കുകാരും ഇല്ല. നടന്നാൽ തീരാത്ത നീളത്തിലുള്ള പാലം. ചുരുങ്ങി യത് ഒരു കിലോമീറ്ററെങ്കിലും വരും. വെള്ളത്തിന്റെ ലെവൽ വളരെ താഴെയാണ്. ചിലയിടങ്ങളിൽ വറ്റിയും കിടക്കുന്നു ഈ പാലത്തിൻമേൽ നിന്നാൽ 26 ഉം 28 ഉം നമ്പർ പാലങ്ങൾ കാണാം. വലതുവശത്ത് വെള്ളത്തിൽ ഒഴുകിവന്ന നാളികേരം സംഭരിക്കുന്ന വരെ കണ്ടു. തോണിയിൽ സഞ്ചരിച്ചാണ് അവർ അതു ചെയ്യുന്നത്. അവർ അത് ഉണക്കി ചെറിയ വിലയ്ക്ക് മാർക്കറ്റിൽ വിൽക്കുമായിരിക്കും. നനഞ്ഞ ചകിരിക്കാമ്പ് പറിച്ചെടുക്കുന്നതിനാൽ അവ തിരിച്ച് ആരതിക്കായി എത്തുന്നുണ്ടാവാൻ തരമില്ല. അവി ടെയൊന്നും മീനുകളോ മറ്റു ജലജീവികളോ കാണ പ്പെട്ടില്ല എന്നത് അത്ഭുതം തന്നെ!

അഞ്ച് മണിയോടെ മുറിയിൽ എത്തുമ്പോഴേക്കും അവശതയുടെ അങ്ങേയറ്റമായിട്ടുണ്ടായിരുന്നു. ഒരു മണിക്കൂർ വിശ്രമിച്ച് മൂന്നാമത്തെ സ്നാനത്തിനായി ഇറങ്ങി. കുറേക്കൂടി ഇരുട്ട് പരന്നു തുടങ്ങിയിരുന്നു. ആറ്റുമണൽത്തട്ടിൽ നല്ല തിരക്കുണ്ട്. തീരത്ത് നിര നിരയായി കെട്ടിയിട്ടുള്ള താൽക്കാലിക ടോയ്‌ല റ്റുകൾ, യൂറിനലുകൾ, വാട്ടർ ടാപ്പുകൾ, വേസ്റ്റ് ഡിസ്പോസൽ കൊട്ടകൾ, പോലീസ് ടവർ എന്നിവ കാണാം. ലെഡ് പൈപ്പുകൾ വഴി ആണ് മുഴുവൻ മേള നഗരിയിലും ശുദ്ധജലം എത്തിച്ചിരിക്കുന്നത്. വെള്ളത്തിന്റെ ടാങ്കർലോറികളില്ലേയില്ല! ഒരു വശത്ത് നീളത്തിൽ നാലുപുറവും മറയുള്ള ഷെഡ്ഡു കളുണ്ട്. സ്ത്രീകൾക്ക് വേഷം മാറുന്നതിനായിട്ടാണ് ഇത്. ആറു മണി കഴിഞ്ഞപ്പോൾ തീരവും തറയും

ഒക്കെ വിളക്കുകളാൽ പ്രകാശിതമായി. കാറ്റ് ഒട്ടും തന്നെയില്ല. വെള്ളം കാലത്തു കണ്ടതിനെക്കാൾ താഴെയാണ്. തണുപ്പ് കൂടുതലായി അനുഭവപ്പെട്ടു. ക്ഷീണിച്ചതുകൊണ്ടാണോ? അറിയില്ല. മൂന്നാം നേരവും വിധിപോലെ കുളിച്ച് മടങ്ങുമ്പോഴും തിരക്കൊട്ടും കുറഞ്ഞിരുന്നില്ല. മടക്കയാത്ര സമയത്ത് ടാങ്കർ ലോറിയിൽ ടോയ്‌ലറ്റ് മാലിന്യം നീക്കം ചെയ്യുന്നതുകണ്ടു. കുപ്പകൾ മാറ്റുന്ന വലിയ ടിപ്പർ ലോറികൾ ഓടുന്നതും കണ്ടു.

മടങ്ങിയെത്തി അത്താഴത്തിനുള്ള ഓർഡർ കൊടുത്തു. ചപ്പാത്തി, 'കടി' (കാളൻ പോലത്തെ ഒരു കറി), സബ്ജി, കിച്ച്ടി എന്നിവയ്ക്കാണ് ഓർഡർ കൊടുത്തത്. നാളെ തിരിച്ചുപോകണം. ഉച്ചതിരിഞ്ഞ് 1.15–ന് ആണ് ഫ്ളൈറ്റ്. ഇവിടേക്കെത്തിച്ച ടാക്സി ക്കാരൻ ഹരിനന്ദ് ഓം–നെ വിളിച്ചു. അയാൾ ഓർമ്മിപ്പിച്ചു, 7 മണിയാകുമ്പോഴേക്കും സ്ഥലംവിടണം. അല്ലെങ്കിൽ പെട്ടുപോകും. ഞങ്ങൾ സമ്മതം മൂളി ഞങ്ങളുടെ ലൊക്കേഷൻ ഷെയർ ചെയ്തു. അപ്പോഴേക്കും ഭക്ഷണം തയ്യാർ. വിചാരിച്ചതു പോലെ എല്ലാം നടന്നതുകൊണ്ടുള്ള തൃപ്തി മൂലമായിരിക്കണം, ഭക്ഷണം അതീവ ഹൃദ്യമായി തോന്നി. ഭക്ഷണശേഷം അവരുടെ ഇഞ്ചിച്ചായ കുടിച്ചു.

സുമിത്ര അവരോട് കുശലം ചോദിച്ചു. അവർ പറഞ്ഞ കാര്യങ്ങൾ ഇപ്രകാരം. അവർ റിട്ടയേർഡ് കോളേജ് അദ്ധ്യാപികയാണ്. ഭർത്താവ് ഗവൺമെന്റിൽ, PWD എഞ്ചിനിയർ, റിട്ടയർ ചെയ്തു. ഇവർ ഇപ്പോൾ ഒരു കോളേജിന്റെ അദ്ധ്യക്ഷയാണ്. മകൻ ദില്ലിയിൽ ജോലി ചെയ്യുന്നു. അവരെപ്പോലെ വേറെയും ടീച്ചർമാർ മേളയിൽ ക്യാമ്പുകളിൽ ഭക്ഷണം ഒരുക്കുന്നുണ്ടത്രേ!

5.30–ന് അലാറം സെറ്റ് ചെയ്ത് കിടന്നു. പുറത്ത് നല്ല തണുപ്പുണ്ട്. പുൽക്കുടിലിനുള്ളിൽ, പക്ഷേ, തണുപ്പ് കുറവായിരുന്നു. ഒമ്പതര മണി. റോഡിൽ അപ്പോഴും ജനങ്ങൾ നടന്നു നീങ്ങുന്നുണ്ടായിരുന്നു. 'Lost and Found' കൗണ്ടറിൽ നിന്നുള്ള അറിയിപ്പുകൾ വന്നുകൊണ്ടിരിക്കുന്നു. കൂട്ടംതെറ്റിപ്പോയവരെ കണ്ടെത്താനുള്ള വിളിച്ചുചൊല്ലൽ. കാണാതെ പോയവരെപ്പറ്റിയുള്ള വേവലാതിയിൽ പലപ്പോഴും കണ്ഠമിടറി കരച്ചിലിനോടടുത്തുള്ള ശബ്ദമായിരുന്നു, പ്രത്യേകിച്ച് സ്ത്രീകളുടെ. തിരക്കിൽ കാണാതാവലിന്റെ ഭീകരത മനസ്സിനെ വല്ലാതെ അലട്ടി. അങ്ങനത്തെ സ്ഥിതി എങ്ങനെ മാനേജ് ചെയ്യും എന്ന് എനിക്ക് അറിഞ്ഞുകൂടാ. വിളിച്ചുപറഞ്ഞ ശേഷം, കൂട്ടംതെറ്റി കാണാതായവരെ കണ്ടെത്താൻ കഴിഞ്ഞിരുന്നുവോ എന്നും അറിയില്ല. കുറച്ചു കഴിഞ്ഞപ്പോഴേക്ക് അസ്വസ്ഥത കുറഞ്ഞു. സാമാന്യം ശാന്തമായി ഉറങ്ങി.


ആറു മണിയായപ്പോഴേക്കും എല്ലാവരും പ്രാതകർമ്മങ്ങൾ കഴിഞ്ഞ് റെഡി. അടുക്കള തുറന്നിട്ടുണ്ട്. അവർ ചായ തരാമെന്നു പറഞ്ഞു. കാത്തിരിപ്പിന്നൊടുവിൽ ആറരമണിക്ക് ഇഞ്ചിച്ചായ കിട്ടി. തിടുക്കത്തിൽ ചായകുടിച്ചുകൊണ്ടിരുന്നപ്പോൾ ഹരിനന്ദിന്റെ ഫോൺ വന്നു അവർ മെയിൻ റോഡിന് താഴെ, ചക്രമാധവ് ക്ഷേത്രത്തിന്റെ മുൻവശത്ത് കാത്ത് കിടപ്പുണ്ട്. ഞങ്ങളുടെ ക്യാമ്പിൽ നിന്നും അഞ്ഞൂറു മീറ്റർ മാത്രം ദൂരെ! ഞങ്ങൾ അമ്പലം ലക്ഷ്യമാക്കി വേഗത്തിൽ നീങ്ങി. അവരെ കണ്ടു പിടിക്കാൻ ഒരു വിഷമവും ഉണ്ടായില്ല. അവർ രാത്രിതന്നെ വന്ന് അവിടെ കിടക്കുകയായിരുന്നത്രെ! ഏഴുമണിക്കു മുമ്പുതന്നെ ഞങ്ങൾ അവിടെ നിന്ന് നീങ്ങി.

റോഡിൽ ഭയങ്കര ജനത്തിരക്ക്. പലപ്പോഴും അഞ്ച് പത്തു മിനിറ്റോളം വണ്ടി നീങ്ങാൻ വയ്യാതെ കിടന്നു. അത്രയ്ക്ക് ജനം തിങ്ങിനിറഞ്ഞ വീതി കുറഞ്ഞ വഴികൾ! എതിരെ തിക്കിത്തിരക്കി വരുന്ന ജനങ്ങൾ അമൃത സ്നാനത്തിനായി അക്ഷമരായി നീങ്ങുന്നവരായിരുന്നു. എന്നാലും അപശബ്ദങ്ങളൊന്നുമില്ല. ഈ രണ്ടു ദിവസവും ഒരാൾ പോലും വഴക്കിടുന്നതോ ശകാരിക്കുന്നതോ കശപിശ കൂടുന്നതോ, ചൂടാവുന്നതോ കണ്ടില്ല എന്നത് എനിക്ക് വിസ്മയമായി. ആയിരക്കണക്കിന് നീങ്ങുന്ന ജനങ്ങൾക്കിടയിൽ അസ്വാരസ്യങ്ങളൊന്നുമില്ലാതിരിക്കുക എന്നത് അത്ഭുതമല്ലേ? ഇതാണ് തിതീക്ഷ! ഇങ്ങനത്തെ ഒരു സീൻ നമ്മുടെ നാട്ടിൽ കാണുമോ? സംശയമാണ്. മേളയുടെ അന്തരീക്ഷം അത്രയും പവിത്രമായതിനാലായിരിക്കണം ഇങ്ങനെ സംഭവിക്കുന്നത്.

നഗരത്തിലെത്താൻ ഒന്നര മണിക്കൂറെടുത്തു. നഗരത്തിൽ, ഹൽദി റാമിന്റെ ഒരു ഭോജനശാല ഉണ്ട്. ഞങ്ങൾ അവിടെ പ്രാതലിന് കയറി. പൂരി, സബ്ജി, സാൻഡ്‌വിച്ച് എന്നിവയുണ്ട്. കാപ്പി/ചായകൾ ഇല്ല! ആവശ്യാനുസരണം ഭക്ഷിച്ച്, പുറത്തിങ്ങി മുൻപിലത്തെ കടയിൽ നിന്ന് ചായ കുടിച്ച് വീണ്ടും എയർപോർട്ട് ലക്ഷ്യമാക്കി വണ്ടിവിട്ടു. ഈ ഭാഗങ്ങളിൽ തീരെ ജനത്തിരക്കില്ല എന്നാൽ വാഹനത്തിരക്കു

# ശ്രീശങ്കരാചാര്യരുടെ 'ദൃക് ദൃശ്യ വിവേകം'

## ഒരു ആസ്വാദനം



**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

1) "രൂപം ദൃശ്യം ലോചനം ദൃക്
തദ്ദൃശ്യം ഭൃക്തു മാനസം
ദൃശ്യാഃ ധീവൃത്തയസ്സാക്ഷി
ഭൃഗേവ ന ശു ദൃശ്യതേ"

സാരം:- രൂപം ദൃശ്യവും, നേത്രം ദൃക്കും (ദൃഷ്ടാവും) ആകുന്നു. (മനസ്സിന്റെ തലത്തിൽ നോക്കുമ്പോൾ) നേത്രം ദൃശ്യവും മനസ്സ് ദൃക്കുമാണ്. മനസ്സും അനുബന്ധവൃത്തിയും (സാക്ഷിയുടെ തലത്തിൽ നോക്കുമ്പോൾ) ദൃശ്യമാണ്. സാക്ഷി (ബോധം) ഒന്നിനും ദൃശ്യമല്ല.

"വദന്തി തത് തത്ത്വവിദഃ
തത്ത്വം യദ് ജ്ഞാനമദ്വയം
ബ്രഹ്മേതി പരമാത്മേതി
ഭഗവാനിതി ശബ്ദ്യതേ"
ഭാഗവതം (സ്ക.-1, അ.-2, ശ്ലോ.-11)

സാരം:- നിത്യ, ശുദ്ധ, മുക്ത 'ബോധ'മാണ് തത്ത്വം, ബ്രഹ്മം, പരമാത്മാവ്, ഭഗവാൻ എല്ലാം ഈ തത്ത്വം തന്നെ.

2) "നീലപീതസ്ഥൂലസൂക്ഷ്മ
ഹ്രസ്വദീർഘാദി ഭേദതഃ |
നാനാവിധാനി രൂപാണി
പശ്യേല്ലോചനമേകധാ"

സാരം:- നമ്മുടെ കണ്ണ് നീല, മഞ്ഞ, സ്ഥൂലം, സൂക്ഷ്മം, ചെറുത്, വലുത് എന്നിങ്ങനെ പല പ്രകാരത്തിലുള്ള രൂപങ്ങൾ കാണുന്നു. എന്നാൽ കണ്ണിന് ഒരു മാറ്റവും സംഭവിക്കുന്നില്ല.

3) "ആന്ധ്യമാന്ദ്യപടുത്വേഷ്ഠ
നേത്രധർമ്മേഷു ചൈകധാ
സംകല്പയേന്മനഃ ശ്രോത്ര
ത്വഗാദൌ യോജ്യതാമിദം"

സാരം:- കണ്ണിന്റെ അന്ധത, മന്ദത, തീക്ഷ്ണത എല്ലാം മനസ്സറിയുന്നു. ഇതുപോലെ തന്നെയാണ് ചെവി, ത്വക്ക് എന്നിവയുടെ കാര്യത്തിലും.

4) "കാമഃ സംകല്പസന്ദേഹൌ
ശ്രദ്ധാƒശ്രദ്ധേ ധൃതീതരേ

→

---

→

ണ്ടുതാനും. നീങ്ങിയും നിരങ്ങിയും പത്തരയ്ക്ക് മുൻപ് വിമാനത്താവളത്തിലെത്തി. പ്ലെയിൻ ഡിലേയ്ഡ് ആണെന്ന വാർത്തയാണ് ഞങ്ങളെ സ്വീകരിച്ചത്.

ഹരിനന്ദിനെയും കൂട്ടുകാരനെയും കണക്കനുസരിച്ചുള്ള വാടക കൊടുത്ത് സന്തോഷത്തോടെ യാത്ര പറഞ്ഞു. ഡിപ്പാർച്ചർ സമയത്തിന്റെ മൂന്ന് മണിക്കൂർ മുൻപ് മാത്രമേ ഉള്ളിലേക്ക് കയറ്റുകയുള്ളൂ. മേളയുടെ തിരക്കും ഫ്ളൈറ്റിന്റെ താമസവും കണക്കിലെടുത്തായിരിക്കണം ഈ തീരുമാനം. എയർ പോർട്ട് ആണെങ്കിൽ ചെറുതുമാണ്. എയർ പോർട്ട് ഡിഫൻസിന്റെ കീഴിൽ ആയതുകൊണ്ട് സ്ട്രിക്റ്റുമാണ്. പത്തേമുക്കാലിന് ഉള്ളിൽ കയറി. 11.30 ആയപ്പോഴേക്കും സെക്യൂരിറ്റി ചെക്കിങ് കഴിഞ്ഞ് വെയിറ്റിംഗ് ഏരിയയിൽ എത്തി. പ്രയാഗ് – ഹൈദരാബാദ് – കൊച്ചി എന്നിങ്ങനെയാണ് ഫ്ളൈറ്റ് പ്ലാൻ. എല്ലാവരും രണ്ടു മണിക്കൂറ് കാത്തിരിപ്പിനായി കസേരകളിലേക്ക് ചാഞ്ഞു. ഇപ്പോൾ അറിയുന്നു, രണ്ടുമണിക്കേ വിമാനം പറന്നുയരൂ എന്ന്. ഞങ്ങൾക്ക് പോകേണ്ട വിമാനം ഹൈദരാബാദിൽ നിന്ന് വരാൻ വൈകിയതാണ് കാരണം. ഇവിടെ നിന്ന് രണ്ടു മണിക്കൂർ ആണ് ഹൈദരാബാദിലേക്കുള്ള ഫ്ളയിംഗ് ടൈം. ഹൈദരാബാദിൽ നിന്ന് 6.20-ന് ആണ് വിമാനം. അതിനാൽ പരിഭ്രമിക്കേണ്ടതില്ല. യാത്ര തിരിച്ചതു മുതൽക്ക് അനുഭവിച്ച ഭാഗ്യങ്ങളെ എണ്ണിക്കൊണ്ട്, വലിയൊരു സൽക്കർമ്മം ചെയ്യാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം സംഭാവന ചെയ്ത മനഃശാന്തി കാത്തിരിപ്പിനെ ആയാസരഹിതമാക്കി. കണ്ണുകളടച്ച് സീറ്റിലേക്ക് ചായുമ്പോൾ ഗംഗാനദിയും ജനത്തിരക്കും മനസ്സിൽ തെളിഞ്ഞു. (അവസാനിച്ചു) ●

ഹീർധിർഭീരിത്യേവമാദീൻ
ദാസയത്യേകധാ ചിതിഃ"

സാരം:- ആഗ്രഹങ്ങൾ, സങ്കല്പം, സന്ദേഹം, വിശ്വാസം, അവിശ്വാസം, ധൈര്യം, ലജ്ജ, ജ്ഞാനം, ഭയം മുതലായ മനസ്സിന്റെ നാനാ വൃത്തികളെയും ബോധം പ്രകാശിപ്പിക്കുന്നു.

5) "നോദേതി നാസ്തമേത്യാഷാ
ന വൃദ്ധിം യാതി ന ക്ഷയം |
സ്വയം വിഭാത്യധാന്യാനി
ഭാസയേത് സാധനം വിനാ ||"

സാരം:- ഈ ബോധം നിത്യവും സ്വയം പ്രകാശിക്കുന്നതും വേറെയൊന്നിന്റെയും സഹായമില്ലാതെ എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്നതുമാകുന്നു.

6) "ചിച്ഛായാവേശതോ ബുദ്ധൌ
ജ്ഞാനം ധീസ്തു ദ്വിവിധാ സ്ഥിതാ
ഏകാഹംകൃതിരന്യാ സ്യാത്
അന്തഃകരണ രൂപിണി ||"

സാരം:- ജഡബുദ്ധിക്ക് 'ബോധ'ത്തിന്റെ പ്രതിബിംബം മൂലം പ്രകാശം ലഭിക്കുന്നു. ബുദ്ധി രണ്ട് തരത്തിലുണ്ട്. ഒന്ന് 'അഹങ്കാരം', മറ്റേത് 'മനസ്സ്'.

7) "ച്ഛായാഹംകാരയോരൈക്യം
തപ്തായഃപിണ്ഡവന്മതം|
തദഹം കാരതാദാത്മ്യാത്
ദേഹച്ഛേതനതാമശാത് ||"

സാരം:- പ്രതിബിംബിത ചേതനയും അഹങ്കാരവും തീയും ചുട്ട ഇരുമ്പ് പന്തും പോലെയാണ്. ശരീരത്തോട് അഹങ്കാരം; താദാത്മ്യപ്പെടുമ്പോൾ ചേതവാനായിത്തീരുന്നു.

8) "അഹങ്കാരസ്യ താദാത്മ്യ
വിച്ഛായാദേഹസാക്ഷി ഭിഃ |
സഹജം, കർമ്മജം ഭ്രാന്തി
ജന്യം ച ത്രിവിധം ക്രമാത് ||"

സാരം:- സഹജം, കർമ്മജം, ഭ്രാന്തിജന്യം എന്നീ മൂന്ന് വിധത്തിലാണ് ശരീരവും ബോധവും അഹങ്കാരം മൂലമുള്ള താദാത്മ്യമുണ്ടാകുന്നത്.

9) "സമ്പന്ധിനോ' സതോർ നാസ്തി
നിവൃത്തിഃ സഹജസ്യ തു |
കർമ്മക്ഷയാത് പ്രബോധാച്ച
നിവർതേതേ ക്രമാഭുഭേ || "

സാരം:- സഹജമായ താദാത്മ്യം, അത് സത്യമല്ലെന്ന് ബോദ്ധ്യമാകുമ്പോൾ അവസാനിക്കുന്നു. (കയറാണെന്ന് ബോധ്യമാകുമ്പോൾ പാമ്പിന്റെ ഭയം നീങ്ങുന്നു) കർമ്മവാസന അവസാനിക്കുമ്പോൾ താദാത്മ്യം അവസാനിക്കുന്നു. ജ്ഞാനോദയം വന്നാൽ താദാത്മ്യം അവസാനിക്കുന്നു.

10) "അഹംകാർലയേ സുഷുപ്തൗ
ഭവേദ് ദേഹോ പ്യചേതനഃ |
അഹംകാർ വികാസാർഥഃ
സ്വപ്നഃ സർവസ്തു ജാഗരഃ ||"

സാരം:- സുഷുപ്തിയിൽ അഹങ്കാരമില്ല; ശരീരബോധവുമില്ല. സ്വപ്നാവസ്ഥയിൽ അഹങ്കാരം പകുതിയുണ്ട്. എന്നാൽ ജാഗ്രതാവസ്ഥയിൽ മുഴുവൻ അഹങ്കാരവും ഉണ്ട്.

11) "അന്തഃകരണ വൃത്തി ശ്ച
ചിതിച്ഛായൈക്യമാഗതാഃ |
വാസനാഃ കൽപയേത് സ്വപ്നേ
ബോധേ ക്ഷൈർവിഷയാമ്പഹിഃ ||"

സാരം:- അന്തഃകരണം ബോധ ചൈതന്യത്തിന്റെ പ്രകാശം മൂലം സ്വപ്നം കാണുന്നു. എന്നാൽ ജാഗ്രതാവസ്ഥയിൽ ഇതേ അന്തഃകരണം ബാഹ്യവസ്തുക്കളെ ചിന്തിക്കുന്നു.

12) "മനോഽഹം കൃത്യുപാദാനം
ലിംഗമേകം ജഡാത്മകം |
അവസ്ഥാത്രയമന്വേതി
ജായതേ മ്രിയതേ തഥാ ||"

സാരം:- സൂക്ഷ്മ ശരീരവും അഹങ്കാരവും ചേർന്നാണ് അവസ്ഥാത്രയങ്ങൾ ഉണ്ടായി മരിക്കുന്നത്.

13) "ശക്തിദ്വയം ഹി മായായാ
വിക്ഷേപാവൃത്തി രൂപകം |
വിക്ഷേപശക്തിർലിംഗാദി
ബ്രഹ്മാണ്ഡാന്തം ജഗത് സൃജേത് ||"

സാരം:- മായയ്ക്ക് രണ്ട് കഴിവുകൾ ഉണ്ട്. ഒന്ന് വിക്ഷേപണവും മറ്റേത് ആവരണവും. അതിൽ വിക്ഷേപണ ശക്തി കൊണ്ടാണ് ശരീരം മുതൽ ബ്രഹ്മാണ്ഡമടക്കമുള്ള ജഗത്തിനെ സൃഷ്ടിക്കുന്നത്.

14) "സൃഷ്ടിർനാമ ബ്രഹ്മരൂപേ
സച്ചിദാനന്ദവസ്തുനി |
അബ്ധൗ ഫേനാദിവത് സർവ
നാമരൂപപ്രസാരണാ ||"

സാരം:- ഒരു സമുദ്രത്തിൽ എപ്രകാരമാണോ നുരപതകൾ മുതലായ രൂപങ്ങൾ ഉണ്ടാകുന്നത്, അതുപോലെ സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മത്തിൽ നാമരൂപങ്ങൾ ഉണ്ടാകുന്നതിനെയാണ് സൃഷ്ടി എന്ന് പറയുന്നത്.

15) "അന്തർ ഭൃഗ്ദൃശ്യയോർഭേദം
ബഹിശ്ച ബ്രഹ്മസർഗയോഃ |
ആവരണോതൃപരാ ശക്തിഃ
സാ സംസാരസ്യ കാരണം || "

സാരം:- ഉള്ളിൽ ദൃക്ദൃശ്യ വ്യത്യാസങ്ങൾ വരുത്തി പുറമെ 'മായ'യുടെ ശക്തിയാൽ സംസാരം ഉണ്ടാക്കുന്നു.

16) "സാക്ഷിണഃ പുരതോ ഭാതി
ലിംഗം ദേഹേന സംയുക്തം |
ചിതിച്ഛായാത്സമാവേശാത്
ജീവഃ സ്യാദ് വ്യാവഹാരികഃ ||"

സാരം:- ജീവാത്മാവ്, പരമാത്മാവിന്റെ പ്രകാശത്താലും ശരീരവുമായി അടുത്തിടപഴകുന്നത് കൊണ്ടും സംസാരം ഭുജിക്കുന്നു.

17) "അസ്യ ജീവത്വമാരോപാത്
സാക്ഷിണ്യപ്യവഭാസതേ |
ആവൃത്തേതു വിനഷ്യയാം
ഭദേ ഭാതേ$f$ പയാതി തത് ||"

സാരം:- അവിവേകിയായ മനുഷ്യൻ എല്ലാറ്റിനും സാക്ഷിയായ ഭഗവാനിൽ ജീവഭാവം നൽകുന്നു. ദേഹബോധത്തിൽ നിന്ന് ആത്മബോധത്തിലേക്ക് ഉയരുന്നതാണ് ആത്മീയത.

18) "തഥാ സർഗ്ഗബ്രഹ്മണോശ്ച
ഭേദമാവൃത്യ തിഷ്ടതി |
യാ ശക്തിസ്തദ്വശാദ് ബ്രഹ്മ
വികൃതത്വേന ഭാസതേ || "

സാരം:- ബ്രഹ്മം വൃദ്ധിക്ഷയമില്ലാത്തതാണ്. എന്നാൽ മായയുടെ ശക്തിമൂലം സൃഷ്ടിയാണ് എന്നും ഉള്ളതെന്നും ബ്രഹ്മം വൃദ്ധിക്ഷയമുള്ളതാണെന്നും തോന്നുന്നു.

19) "അത്രാപ്യാവൃത്തിനാശേൻ
വിഭാതി ബ്രഹ്മസർഗ്ഗയോഃ |
ഭേദസ്തയോർവികാരഃ സ്യാതു
സർഗേ ന ബ്രഹ്മണി ക്വചിത് ||"

ഭാഗവതം (സ്ക്ക. 2, അ.-9, ശ്ലോ. 34)

സാരം:- മായ നീങ്ങിയാൽ, വൃദ്ധിക്ഷയങ്ങൾ സൃഷ്ടിയിലാണെന്നും ബ്രഹ്മം എന്നും പൂർണ്ണമാണെന്നും മനസ്സിലാകും.)

20) "അസ്തി, ഭാതി, പ്രിയം, രൂപം
നാമം, ചേത്യംശപംപകം |
ആദ്യത്രയം ബ്രഹ്മരൂപം
ജഗദ്രൂപം തതോ ദ്വയം ||"

സാരം:- ജഗത്തിലെ വസ്തുക്കൾക്ക് അഞ്ച് പ്രത്യേകതകൾ ഉണ്ട്. അസ്തി, ഭാതി, പ്രിയം ബ്രഹ്മത്തോട് ബന്ധപ്പെട്ടതും നാമരൂപങ്ങൾ സൃഷ്ടിയോട് ബന്ധപ്പെട്ടതുമാണ്.

21) "ഖം വായു അഗ്നിജലോർവീഷു
ദേവതിർയക് നരാദിഷ്ഠ |
അഭിന്നാഃ സച്ചിദാനന്ദാ
ഭിദ്യതേ രൂപനാമാനി ||"

സാരം:- ആകാശം, വായു, അഗ്നി, ജലം, ഭൂമി, ജഡപ്രപഞ്ചം, ദേവഗണങ്ങൾ, മൃഗങ്ങൾ, മനുഷ്യർ എല്ലാറ്റിലും സച്ചിദാനന്ദ തത്വം ഉണ്ട്. നാമരൂപങ്ങൾ മാത്രമാണ് ഒന്നിൽ നിന്ന് മറ്റൊന്നിനെ വ്യത്യസ്തമാക്കുന്നത്.

22) "ഉപേക്ഷ്യ നാമരൂപേ ദ്വേ
സച്ചിദാനന്ദ തത്പരമഃ |
സമാധിം സർവദാ കുർയാദ്
ഹൃദയേ വാഥവാ ബഹിഃ ||"

സാരം:- എല്ലാം നാമരൂപങ്ങൾ മാത്രം. "ഈശാവാസ്യമിദം സർവ്വം" എന്ന ഉറപ്പോടെ മനസ്സ് ഭഗവാനിൽ ലയിപ്പിച്ചാൽ ബ്രഹ്മാനന്ദം ലഭിക്കും.

23) "സവികല്പോ നിർവികല്പേഃ
സമാധി ദ്വിവിധോ ഹൃദി |
ദൃശ്യാശബ്ദാനുവേധേന
സവികല്പഃ പുനർദ്വിധാ ||"

സാരം:- ഹൃദയത്തിൽ രണ്ട് വിധത്തിലുള്ള സമാധി പരിശീലിക്കണം; നിർവികല്പവും സവികല്പവും. സവികല്പ സമാധി പിന്നെയും രണ്ടായി പിരിച്ചിട്ടുണ്ട്; ദൃശ്യാനുവിദ്ധവും ശബ്ദാനുവിദ്ധവും.

24) "കാമാദ്യാശ്ചിത്തഗാ ദൃശ്യാഃ
തത് സാക്ഷിത്വേന ചേതനം |
ധ്യായേദ് ദൃശ്യാനുവിദ്ധോ$f$യം
സമാധിഃ സവികല്പകഃ ||"

25) "അസംഗഃ സച്ചിദാനന്ദഃ
സ്വപ്രഭോ ദ്വൈതവർജതഃ|
അസ്മീതി ശബ്ദവിദ്ധോ$f$യം
സമാധിഃ സവികല്പകഃ || "

സാരം:- ഇതിൽ ശാസ്ത്രത്തിൽ പറയുന്ന ഞാൻ അസംഗനാണ്, സച്ചിദാനന്ദനാണ്, അദ്വൈതനാണ്, സ്വയംപ്രകാശനാണ് എന്നീ ലക്ഷണങ്ങളെ സ്വസ്വ രൂപത്തിൽ ഉറപ്പിച്ചുകൊണ്ടുള്ള സമാധിയാണ് 'ശബ്ദാനുവിദ്ധ' സവികല്പ സമാധി.

26) "സ്വാനുഭൂതിർ സാവേശാദ്
ദൃശ്യശബ്ദാനുപേക്ഷ്യ തു |
നിർവികല്പസ്സമാധി സ്യാത്
നിവാതസ്ഥിത ദീപവത് ||"

സാരം:- കാറ്റില്ലാത്ത സ്ഥലത്ത് കത്തുന്ന വിളക്ക് പോലെ, മനസ്സ് ചഞ്ചലമില്ലാതെയിരിക്കുന്ന അവസ്ഥ യാണ് നിർവികല്പ സമാധി. ആ അവസ്ഥയിൽ സാധകൻ ആത്മാലയത്താൽ ആത്മാനന്ദം അനുഭ വിക്കുന്നു.

27) ഹൃദീവ ബാഹ്യഭേഗേ$f$പി
യസ്മിൻ കസ്മിംശ്ച വസ്തുതി |
സമാധി രാദ്യസ്സ ന്മാത്രാ്ഭ്
നാമരൂപപൃധക്കൃതിഃ ||

സാരം:- ദൃക്ദൃശ്യ സമ്പ്രദായത്തിലുള്ള സമാധി പോലെ, ബാഹ്യമായ ഏതെങ്കിലും ഒരു വസ്തുവിനെ ആസ്പദമാക്കി സമാധിയിൽ എത്താം. ഇതിൽ ആദ്യ പടി നാമരൂപങ്ങളെയും നിത്യാനിത്യ വസ്തുക്ക ളെയും വേർതിരിച്ചറിയലാണ്.

28) "അഖണ്ഡൈകരസം വസ്തു
സച്ചിദാനന്ദ ലക്ഷണം |
ഇതിവിച്ഛിന്ന ചിന്തേയം
സമാധിർമദ്ധ്യമോ ഭവേത് ||"

സാരം:- നിത്യവും സത്യവുമായ സച്ചിദാനന്ദ സ്വരൂപം ബ്രഹ്മമാകുന്നു. ഇതറിയലാണ് ശാസ്ത്രപ രമായി നിർവികല്പ സമാധി.

29) "സ്തബ്ധിഭാവോ രസാസ്വാദാത്
ത്രിതീയം പൂർവവൻ മതഃ |
ഏതൈസ്സമാധിദിഃ ഷഡ്ഭിഃ
നയേത്കാലം നിരന്തരം ||"

സാരം:- മുമ്പ് വിവരിച്ചപോലെ, മനസ്സിന്റെ നിശ്ച ലത മൂലമുള്ള മൂന്നാമത്തെ നിർവികല്പ സമാധി യാണിത്. ഈ ആറ് തരത്തിലുള്ള സമാധിയും ഒരു സാധകൻ പരിചയിക്കണം.

30) "ഭേഹാഭിമാനേ ഗലിതേ
വിജ്ഞാതേ പരമാത്മനി |
യെത്ര യെത്ര മനോ യാതി
തത്ര തത്ര സമാധയാ ||"

സാരം:- ശരീരബോധം വിട്ട് ആത്മബോധം വന്നാൽ സാധകൻ സമാധിയിൽ ലയിക്കുന്നു.

31) "ഭിദ്യതേ ഹൃദയഗ്രന്ഥിഃ
ഛിദ്യന്തേ സർവസംശയഃ |
ക്ഷീയന്തേ ചാസ്യകർമ്മാണി
തസ്മിൻ ദൃഷ്ടേ പരാപരേ ||"

സാരം:- പരമാത്മാവിനെ അനുഭവിക്കുന്നവന്റെ ഹൃദയഗ്രന്ഥി പൊട്ടി എല്ലാ സംശയങ്ങളും നീങ്ങി സർവ കർമ്മങ്ങളും അവസാനിക്കുന്നു. ഭാഗവത ത്തിലെ വരികൾ നോക്കാം:-

"ഭിദ്യതേ ഹൃദയഗ്രന്ഥി ഛിദ്യന്തേ സർവസംശയഃ
ക്ഷിയന്തേ ചാസ്യ കർമ്മാണി മയി
ദൃഷ്ടേ$f$ഖിലാത്മനി"

ഭാ. (11-20-31)

സാരം:- എല്ലാറ്റിലും നിറഞ്ഞിരിക്കുന്ന ഭഗവാനെ കാണുന്ന ഭക്തന്മാരുടെ ഹൃദയഗ്രന്ഥി പൊട്ടി സർവ സംശയങ്ങളും തീർന്നിരിക്കുന്നു. അവരുടെ കർമ്മ ങ്ങൾ ക്ഷീണിച്ചിരിക്കുന്നു. (അങ്ങിനെയുള്ള ഭക്തി യോഗമാണ് അഭികാമ്യം).

അതിനായി ഭഗവാൻ എല്ലാവരെയും അനുഗ്രഹി ക്കട്ടെ. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ




## അഭിനന്ദനങ്ങൾ

തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ നടന്ന കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല സൗത്ത് സോൺ കലോത്സവത്തിൽ താളവാദ്യം (പൗരസ്ത്യം) മത്സരത്തിൽ ഒന്നാം സ്ഥാനവും സംസ്ഥാനതല ഇന്റർസോൺ മത്സരത്തിലേക്ക് അർഹതയും നേടിയ **സൗരവ് പി. വർമ്മ** (ഗവ. ആയുർവേദ കോളേജ് തിരുവന ന്തപുരം). പന്തളം വടക്കേടം പാലസിൽ പ്രമോദ് വർമ്മ - ശ്രീലേഖ വർമ്മ ദമ്പതിമാരുടെ മകനാണ്. സഹോദരി: ശിശിര പി. വർമ്മ.

# Women Empowerment & their Social Status

## Part - 2



**E. Ravi Varma Raja**
Kochu Kottaram, Ennakkad, Mob: 9746257789

Bhagavan Krishna proclaimed to the world in the Bhagavad Gita that the Wisdom/knowledge of the Yoga, He transferred to Vivaswan (Surya), Surya to Manu then Manu to Ekshvaku and so on in that order. Many volumes of water had flown down the Ganges since then. That wisdom was either faded or lost partially in the course of centuries or even Yugas (now it is Kaliyuga) of life. So it is not the knowledge that is wrong, but the understanding and interpretations. Ancient texts have deep, solid and profound meaning & message to us. The time, concept and context may be different but the essence is the same. India has to reclaim its cultural heritage. However developed and scientifically advanced a nation may be, for eg. US and in spite of its materialistic progress, it looks upon India for the inner and lasting peace & happiness. We see in Hindu religion so many Gods & Goddesses and stories associated with them. For a few at least, at times, it is confusing and even leading to superstition. A section of general public consider Krishna as propounder and advocate of war. In fact He acted as the mediator (Doothan) of Pandavas and Kouravas and tried His utmost to avert the possibility of war with the desperadoes (Athathayikal). Remember, He pleaded for half the kingdom/ 5 villages/ 5 houses/1house at the least. Pandavas' last resort was the war. It was Dharma Yudha. Actually Gita gives warning of the consequences of war. In a war- like situation & conflicts the women & children are the most adversely affected and exploited. As you know the most effective tactics of war is to attack civilians and hospitals. It stays good in the past & in the present too. Sufferings, poverty, epidemics and even varnasankara are the ultimate eventualities of any war, anywhere.

Imagine an army (Infantry) of women soldiers alone fighting a war with men soldiers as enemy in the opposite side. Because women are so vulnerable that support & help of fellow men soldiers are essential to override and overcome the situation. Due to physical, physiological, anatomical and emotional peculiarities except spiritual and intellectual, women differ with men. It implies both are complementary to each other in life. Absolute equality is only a mirage.

Let us turn back the pages of human episodes and admire a few exceptional heroines.

**Legendary**

In puranas names of Seethadevi and Damayanthi for their chastity, Kuntidevi and Penelope of Odyssey (Greek mythology) are famous and outstanding for their devotion, endurance and resoluteness. India has recognized these great women as ideal examples worthy of emulation.

**Historical & Current**

We had in India no less and valourous persons like Jhansi ki Rani, Kittur Rani Chennamma who fought against the British Regime. In indian politics, prominent women names - Sarojini

Naidu, Annie Besant etc. could be written in golden letters. Patriarchy never stood against their achievements. Education, power and open dialogues have transformed lives of women. English education has contributed a lot. The role of women in Indian government has evolved significantly over time. Take Pahalgam operation and Sindoor press conference of the recent past. Wing Commander Vyomika Singh and Colonel Sofia Qureshi in the Defence sector proved exemplary feats. In the run for equal protection under the law, a breakthrough in judiciary was 2022 Supreme Court Review- Gender Equality. Court asked why the post of Judge (Legal) in Judge Advocate- General Br. cannot be given to women. Well-known Malayalam novelist and feminist Sarah Joseph won the Mathrubhumi Sahithya Award 2025. Others, a few in the list here are the human computer Shakuntala Devi, Prof. Madhavi Letha -the Chenab bridge fame-. Banu Mushtaq’s ‘Heart Lamp’ got international Booker Award for Lives of Women in Patriarchal Communities. A few above living personalities have exemplified how women power was recognized & honoured.

**Social**

Manmohan Singh was one of India's famous Prime Ministers. His daughter Upendra Singh performed his last rites. This simple but profound gesture was a stark departure from patriarchal tradition and a testament to the evolving role of women in indian society. Sikkim unequivocally rejects the regressive notion of women being inferior or impune- a march towards equality. Koran's basic stand is that Muslim women are first & foremost Muslims, religiously equal to men. Leaders of the Indian Muslim League support women candidates in elections. An unfortunate condition in Afghanistan disappoints the progressive outlook. There, social upheaval, cultural erosion and institutionalised cynicism prevail.

Many forget the universal fact that from women men are born and from her even kings are born.

Nowadays we hear about parity in salary and joint loan for house, car etc. among spouses. Same job, same workplace, working the same hours, i. e equal wages for man & woman. Equal remuneration Act 1976 empowers it. There are enough protectimg laws in favour of women's rights. They are:-

a) Dowry Prohibition Act 1961

b) Equal rights for daughters in ancestral property 1956 Act as amended in 2005

c) Protection of women from domestic violence Act 2005

d) POSH Act 2013 - The sexual harassment of women at workplaces(Prevention, Prohibition & Redressal)

e) Nari Sakthi Vandan Adhiniyam 2023. It mandates 33% reservation for women in the Lok Sabha & State Assemblies. The Constitution 73$^{rd}$ & 74th amendments Act 2023 mandates $^{1}/_{3}{}^{rd}$ of seats for women in Panchayatraj institutions. Renaissance and Reforms are must for upliftment of women. Sometimes reforms crafted for the spiritual aspirants also. Interactions with the West and use of English language have opened up eyes & hearts of people and helped to spread knowledge world-wide.

Women Empowerment should have a limit in the fashion-world. It is accepted that fashion in dress is for self-acceptance and at the same time embracing one's own individuality. About Bollywood style, fashion-world experts ask "Has decency take a back seat?" Is fame measured by what little you wear? Each wants to get attention by dress. Isn't it? Beautiful women

don't show their skin in public and so also rich men don't show their money in public. Real beauty is modest and real rich is silent. Generally speaking, if ladies' attraction is to jewellery, then men's to luxurious car etc. Foreign influence, drugs, movies/cinemas, serials and social media are adversely shocking the society. There is a blind tendency to emulate. That is the problem. Ladies changing dress (in Thailand etc.) for trial in open shops is ethically & ethnically not good. Usually a lady gets respect according to her way of dressing.

When we talk about women and their rights/ empowerment, role of a mother comes to mind first. Jagadguru Adi Sankaracharya's sloka on his mother (Mathru Panchakam) extols the greatness of Motherhood. It is Divine. Mother is the first & foremost teacher. As a mother, she can inculcate love & culture in children more than father. Insight in to the Ramayana shows Seetha Devi as the best example for an ideal wife, loving mother & 'Adya' Guru.

See, what Dr. A.P.J. Abdul Kalam had complimented:-

'Home is dark without Mother,

Life is dark without Father'

In Taityaranya Upanishad,

'Matrudevo Bhava,

Pitrudevo Bhava, Acharyadevo Bhava,

Athidhidevo Bhava.'

In both the above quotations Mother comes first. That is MOTHER.


Skanda Purana & and other Hindu philosophy narrate-One daughter is equal in effect (ഫലത്തിൽ) to 10 sons. In other words the result of upbringing 10 sons is achieved by besetting a single daughter. Let us not discuss & dispute over that. It is generally agreed that, in life, with recklessness and frivolities of husband and wife love, patience and tolerance act as corner- stone of a happy family. ●

## അഭിനന്ദനങ്ങൾ




കോഴിക്കോട് മലാപ്പറമ്പ് വേദവ്യാസ വിദ്യാലയത്തിൽ ലൂമിനസ്സ് സ്പാർക്സ് 9.0 എന്ന പേരിൽ സംസ്ഥാന തല ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനാർഹനായ **ഗൗതം ഡി. വർമ്മ**യ്ക്ക് മുൻ ഗോവ ഗവർണ്ണർ പി.എസ്. ശ്രീധരൻപിള്ള ട്രോഫിയും അവാർഡും നൽകുന്നു. ചാഴൂർ കോവിലകത്തെ സജിതാ വർമ്മയുടെയും തൃശ്ശൂർ തിരുത്തൂർ നടുവിൽ മഠത്തിലെ ദിനേശ് കെ. വർമ്മയുടെയും മകനാണ്. താമരശ്ശേരി അൽഫോൺസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ പ്ലസ്സ് ടു വിദ്യാർത്ഥിയാണ്.

# അജാതശത്രുവും ധർമ്മരാജനും



**സതീഷ് കുമാർ ടി.എൻ.**
ഇടപ്പള്ളി, മൊ. 9895031738

അസാമാന്യകവിത്വം കൈമുതലായുള്ള മുനിവര്യനും സ്ഥാനംകൊണ്ട് നേർമുത്തച്ഛനും (അതോ നിയോഗ മുത്തച്ഛനോ?) ആയ ഞങ്ങളുടെ വംശത്തിന്റെ ചരിത്രകാരൻ എനിക്ക്പല പേരുകളും ചാർത്തിത്തരുകയുണ്ടായിട്ടുണ്ട്. അജാതശത്രുവും ധർമ്മരാജനും അവയിൽപ്പെടുന്നവയാണ്. വേടന്റെ അമ്പേറ്റുള്ള മച്ചുനൻ കൃഷ്ണന്റെ മരണത്തോടെ (അവന്റെ അപ്രമാദിത്വത്തിലായിരുന്നല്ലോ, ഞങ്ങൾ ഊറ്റം കൊണ്ടിരുന്നതും അവസാനം വംശത്തിലെ വിരലിലെണ്ണാവുന്നവരെ മാത്രം അവശേഷിപ്പിച്ച് യുദ്ധം ജയിച്ച് ഹസ്തിനപുരത്തിൽ ഭരണം കൈയാളിയതും) അർജ്ജുനന്റെ അസ്ത്രപാരംഗതയിൽ വിശ്വാസമർപ്പിച്ച് ഇനി മുന്നോട്ടുപോകുക അസാധ്യമാണ് എന്ന തിരിച്ചറിവിൽ അനുജന്മാരെയും പാഞ്ചാലിയെയും നിർബന്ധിച്ച് മഹാപ്രസ്ഥാനത്തിലേക്കു നയിക്കുന്ന വഴിയിൽ ഞാൻ എന്റെ ഈ അപരനാമങ്ങളെപ്പറ്റി കൂടുതൽ ചിന്തിക്കാനിടയായി.



അജാതശത്രു. ശത്രു ജനിക്കാത്തവൻ, അതായത് ശത്രുവില്ലാത്തവൻ. ഞാനോ 'ശത്രുവില്ലാത്തവൻ?' നല്ലവണ്ണം അപഗ്രഥിച്ചു നോക്കിയാൽ എനിക്കുണ്ടായിരുന്നത്രയും ശത്രുക്കൾ പാണ്ഡവരുടെ കൂട്ടത്തിൽ ആർക്കുമുണ്ടായിരിക്കാനിടയില്ല. എനിക്ക് ശത്രുക്കൾ ശത്രുപക്ഷത്തിൽ മാത്രമല്ല, എന്റെ കുടുംബത്തിൽ പോലുമുണ്ടായിരുന്നുവെന്നതാണ് സത്യം. ശത്രുപക്ഷത്തിൽ എന്റെ പ്രധാന ശത്രു വേറെയാരുമായിരുന്നില്ല ദുര്യോധനൻ തന്നെയായിരുന്നു. എനിക്കുണ്ടെന്നു ഞാൻ ഭാവിക്കുകയും മറ്റുള്ളവരെ വിശ്വസിപ്പിക്കുകയും പിതാമഹനും വല്യച്ഛനുമടക്കം മറ്റുള്ളവർ തെറ്റിദ്ധരിച്ചിരുന്നതുമായ നന്മകളും ഗുണഗണങ്ങളുമായിരുന്നു അതിനു കാരണം. മറ്റുള്ളവരുടെ മുൻപിൽ പരമ സാത്വികനായി അഭിനയിക്കുന്നതിന്റെ ബുദ്ധിമുട്ട് ഏകാന്തതയിൽ ഞാൻ എന്നെത്തന്നെ പീഡിപ്പിച്ചു തീർക്കുകയായിരുന്നുവെന്നുള്ളത് മറ്റുള്ളവർക്ക് അറിയുമായിരുന്നില്ലല്ലോ. ഒരുപക്ഷെ, മറ്റുള്ളവരെല്ലാം ധരിച്ചുവച്ചിരുന്നതുപോലെ ഭീമനായിരുന്നില്ല ദുര്യോധനന്റെ (മനസ്സിലെ) ശത്രു. അതു ഞാനായിരുന്നു. കാരണം ഭീമന്റെ കഴിവുകൾ ശാരീരികാഭ്യാസം കൊണ്ട് നേടിയവയായിരുന്നു; അവയിൽ പലതിലും ഭീമനെ ജയിക്കാൻ അല്ലെങ്കിൽ ഭീമനോട് തുല്യമായി പൊരുതി നിൽക്കാൻ ഉള്ള അഭ്യാസമികവ് ദുര്യോധനന് സ്വായത്തമായിരുന്നു. കൗരവരിൽ മൂത്തവനായ അവനെക്കൊണ്ടാവാത്ത ഒരു കാര്യം മനസ്സിനെ നിയന്ത്രിക്കുക എന്നതായിരുന്നു, പാണ്ഡവരിൽ മൂത്തവനായ എന്റെ ഏറ്റവും വലിയ കഴിവും അതായിരുന്നു. മനസ്സിലുള്ള വികാരങ്ങൾ നിയന്ത്രിച്ച് നന്മയുടെ പ്രതിരൂപമായി നിൽക്കാൻ എനിക്കുള്ള കഴിവ് - അതാണ് ദുര്യോധനന് എന്നോടുള്ള ശത്രുതയ്ക്കുള്ള പ്രധാന കാരണം.

ഇനി കുടുംബത്തിലോ? മാദ്രിച്ചെറിയമ്മയുടെ മക്കൾ എന്റെ കൗശലം കൊണ്ട് അവരുടെ കൂടെ ഭാര്യയായ ദ്രൗപദിയെ ചൂതിൽ പണയം വച്ചപ്പോൾ മാത്രമാണ്അൽപ്പം അനിഷ്ടം എന്നോട് കാണിച്ചത്. അതിൽ ശത്രുഭാവം ഒട്ടും തന്നെയില്ലായിരുന്നു. എന്നാൽ എന്റെ രണ്ടു നേർസഹോദരങ്ങളും ദ്രൗപദിയും എന്തിന്, അമ്മയായ കുന്തീദേവിപോലും എന്നെ ശത്രുവായാണ് പലപ്പോഴും കണ്ടിരുന്നത്. ഓരോരുത്തർക്കും ഓരോ കാരണങ്ങളുണ്ടായിരുന്നെന്നു മാത്രം.

ആദ്യം ഭീമന്റെ കാര്യമെടുക്കാം. ഹസ്തിനപുരത്തിലെ പ്രത്യേകമായി ഉണ്ടാക്കിയ സഭാമന്ദിരത്തിൽ

ചൂതിൽ തുടർച്ചയായി പരാജയം നേരിട്ട്, ദ്രൗപദിയെ പണയമായി നൽകിയപ്പോൾ, അതിനു കാരണമായ പകിടയെറിഞ്ഞ എന്റെ കൈ പൊള്ളിക്കുവാൻ അഗ്നി കൊണ്ടുവരാനാവശ്യപ്പെട്ടപ്പോൾ അവന്റെ ശത്രുത ഞാൻ മുഖാമുഖം കണ്ടു. ചൂതിൽ നഷ്ടപ്പെട്ട തെല്ലാം കൈക്കരുത്തിലൂടെ തിരിച്ചുപിടിക്കണമെന്ന് പിന്നീടുള്ള വനവാസകാലത്തും അജ്ഞാതവാസ കാലത്തും വാദിച്ചിരുന്ന ഭീമൻ എന്റെ ക്ഷമാശാസനം തികഞ്ഞ പുച്ഛത്തോടും ശത്രുതയോടുമാണ് വീക്ഷിച്ചിരുന്നത്. തനിക്ക് ആദ്യമായി സ്ത്രീസുഖം പകർന്നു തന്ന ഹിഡിംബിയെ കാട്ടിൽ ഉപേക്ഷിക്കേണ്ടി വന്നതിനും അവന് എന്നോട് കടുത്ത വൈരമുണ്ടായിരുന്നു എന്നു വേണം കരുതാൻ.

അർജ്ജുനന് എന്നോടുള്ള വിരോധം പാഞ്ചാലീ സ്വയംവരത്തിന്റെ അന്ന് തുടങ്ങിയതാണ്. തന്റെ അസ്ത്രവൈദഗ്ദ്ധ്യം കൊണ്ട് മാത്രം നേടിയ പാഞ്ചാലരാജകുമാരിയെ മറ്റു നാല് സഹോദരരുമായി പങ്കുവയ്ക്കേണ്ടി വന്നത്, പാഞ്ചാലി കൂടെയുണ്ടെന്ന കാര്യം ഗോപ്യമായി വച്ച്, “ഞങ്ങൾ ഭിക്ഷയുമായി എത്തി അമ്മേ'', എന്ന് ഞാൻ പതിവുപ്രകാരം കുടിലിന്റെ മുൻപിൽ നിന്ന് പറഞ്ഞതും, അമ്മ പതിവ് പോലെ “അഞ്ചുപേരും കൂടി പങ്കുവച്ചു കഴിച്ചുകൊള്ളൂ” എന്ന് മറുപടി പറഞ്ഞത് അസത്യമാകരുത് എന്ന് വാശി കാണിച്ചതും കാരണമാണല്ലോ. ആ കോപം എന്നെ അവന്റെ ശത്രുവാക്കി. ആ ശത്രുത വെളിവാക്കാനും ഉള്ളിലടക്കിയ കോപം പ്രദർശിപ്പിക്കാനുമാണല്ലോ അവൻ ഒരു വാശി തീർക്കാനെന്ന പോലെ ഉലൂപിയേയും ചിത്രാംഗദയെയും സുഭദ്രയേയും മറ്റും പിന്നീട് വിവാഹം കഴിച്ചത്.

ദ്രൗപദിയുടെ വൈരവും സ്വയംവര ദിനത്തിൽ ത്തന്നെ തുടങ്ങുന്നു. സർവ്വാസ്ത്രപാരംഗതനായ അർജ്ജുനൻ ഒറ്റയ്ക്ക് അനുഭവിക്കേണ്ട അവളെ എന്റെ ഗൂഢാലോചനയാൽ അഞ്ചുപേർക്കുമായി സമർപ്പിക്കേണ്ട ഗതികേടും അതുവഴിയുണ്ടായ മാനഹാനിയും അവളിൽ എന്നോട് കടുത്ത ശത്രുതയുണ്ടാക്കി. പോരാഞ്ഞിട്ട് ഞാൻ അവളെ ചൂതിൽ പണയമായി കൊടുത്തില്ലേ? ഇന്ദ്രപ്രസ്ഥത്തിലെ രാജ്ഞിയെന്ന സ്ഥാനം നഷ്ടപ്പെട്ട്, വനവാസത്തിന്റെ കാഠിന്യങ്ങൾ അസഹനീയമായപ്പോൾ കൗരവരോട് യുദ്ധം ചെയ്ത് നഷ്ടപ്പെട്ടതെല്ലാം തിരികെ പിടിക്കണമെന്ന അവളുടെ നിരന്തരമായ ഉപദേശം തീരെ ചെവിക്കൊള്ളാതെ, ക്ഷമയാണ് അപ്പോൾ അവശ്യം വേണ്ടതെന്നു തിരിച്ചുപദേശം നൽകിയ എന്നെ ശത്രുവായിട്ടല്ലാതെ അവൾക്കു കാണാനാകുമോ?

അമ്മ കുന്തീദേവി ശത്രുഭാവം കൈക്കൊണ്ടതെങ്ങനെയെന്നല്ലേ? ചെറുപ്പകാലം മുതൽ ഹസ്തിനപുരം തലസ്ഥാനമായുള്ള രാജ്യത്തിൽ പാണ്ഡുവഴിയുള്ള അവകാശത്തിനെച്ചൊല്ലി എന്നും ഉൽക്കണ്ഠാകുലയായിരുന്നു അമ്മ. അച്ഛന്റെ മരണശേഷം കാട്ടിൽ നിന്ന് ഹസ്തിനപുരത്ത് എത്തിയ നാൾ മുതൽ ചെറുപ്പത്തിലേ തന്നെ അമ്മ ഞങ്ങളെ അതിനെപ്പറ്റി ഓർമ്മിപ്പിച്ചിരുന്നു. പാണ്ഡുവിന്റെ ശാഖയെ ഹസ്തിനപുരത്തിൽ നിന്ന് അകറ്റി ഖാണ്ഡവപ്രസ്ഥത്തിലേക്കയച്ചപ്പോൾ അമ്മ സത്യം പറഞ്ഞാൽ സന്തോഷവതിയായിരുന്നു. അവകാശപ്പെട്ടത് ശണ്ഠകൂടാതെ കിട്ടിയല്ലോ എന്ന് സമാധാനിച്ചിരുന്നു. എന്നാൽ ഖാണ്ഡവപ്രസ്ഥത്തെ അടിസ്ഥാനമാക്കി അമ്മ കെട്ടിപ്പൊക്കിയ സ്വപ്നം എന്റെ ദ്യൂതഭ്രമത്താൽ തകർന്നു തരിപ്പണമായില്ലേ? കൂനിന്മേൽ കുരുവെന്നപോലെ കൗരവസഭയിൽ ദ്രൗപദി മേലുണ്ടായ അപമാനവും. സ്ത്രീത്വം അപമാനിക്കപ്പെടാനുള്ള കാരണം ഞാനാണ്, ഞാൻ മാത്രമാണ് എന്ന അമ്മയുടെ ചിന്ത, അമ്മയ്ക്ക് എന്നോട് വിരോധമുണ്ടാകാൻ കാരണമായി. പിന്നീടുള്ള വനവാസക്കാലത്തും അജ്ഞാതവാസക്കാലത്തും അമ്മ ഞങ്ങളോടൊപ്പമില്ലായിരുന്നെങ്കിലും അമ്മയുടെ ഹൃദയത്തിൽ കൗരവരോടുള്ള പ്രതികാരാഗ്നി ആളിക്കത്തുകയായിരുന്നു. ഭീമന്റെ കരുത്തും അർജ്ജുനന്റെ അസ്ത്രവൈദഗ്ധ്യവും നകുലനെയും സഹദേവനെയും പോലുള്ളവരുടെ പോരാട്ടവീര്യവും കൈമുതലായുള്ള ഞാൻ എന്തേ നിഷ്ക്രിയനായിരിക്കുന്നു എന്നതായിരുന്നു അമ്മയ്ക്കെന്നോടുള്ള ശത്രുതയ്ക്കുള്ള അവസാന കാരണം. അതുകൊണ്ടാണല്ലോ ദൂതിനു പോയ കൃഷ്ണനോട് എന്നോടോതുവാൻ വിദുരോപദേശം പറഞ്ഞുവിട്ടത്.

ഇവയ്ക്കൊക്കെ പുറമെയാണ് എനിക്ക് എന്നോടുതന്നെയുള്ള ശത്രുത. സൽഗുണസമ്പന്നനാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനായുള്ള ശ്രമത്തിൽ സ്വന്തം സ്വത്വം അടിയറ വയ്ക്കുന്നതിനോട് മനഃസാക്ഷിക്കുള്ള കടുത്ത ശത്രുത. ബാക്കിയുള്ള ശത്രുതകൾക്കൊക്കെ കാരണവും പരിഹാരവുമുണ്ടെന്ന് സമർത്ഥിക്കാനാവുമെങ്കിലും എനിക്ക്

എന്നോടുതന്നെയുള്ള ശത്രുതയ്ക്ക് ഒരു പരിഹാര മാർഗ്ഗവും കാണാനെനിക്കാവുന്നില്ല.

യുദ്ധത്തിന്റെ പരിണാമത്തിൽ, ഭരണം കൈയാളുന്നതിന്റെ ഉന്മാദത്തിൽ, കാലത്തിന്റെ ഭാവിയിലേക്കുള്ള സഞ്ചാരത്തിൽ പല വൈരങ്ങളും അലിഞ്ഞില്ലാതായി. എന്നാലും അവസാനമായി ഞാൻ പറഞ്ഞ ശത്രുത, എനിക്ക് എന്നോടുതന്നെയുള്ള ശത്രുത, ഇതുവരെ ഒഴിഞ്ഞുപോകാത്ത ആ വൈരം, അത് ഈ മഹാപ്രസ്ഥാനത്തിന്റെ അവസാനത്തിൽ, പ്രാണൻ ശരീരത്തിൽനിന്ന് സ്വതന്ത്രമാകുമ്പോൾ, അവസാനിക്കുമായിരിക്കാം.

ഇങ്ങനെയൊക്കെ നോക്കുമ്പോൾ ഈ 'അജാതശത്രു'വെന്ന എന്റെ അപരനാമം എനിക്കൊട്ടും യോജിക്കാത്തതാണ് എന്ന് എനിക്ക് തോന്നുന്നു.

ഇനി 'ധർമ്മരാജൻ' എന്ന അപരനാമത്തിന്റെ കാര്യമെടുത്താലോ? ധർമ്മപുത്രർ എന്നതുകൂടാതെ ധർമ്മരാജൻ എന്നും എന്നെ പരാമർശിച്ചുവരുന്നതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. യമധർമ്മന്റെ, ധർമ്മരാജാവിന്റെ, പുത്രനായതിനാലാണ് എന്നെ ധർമ്മപുത്രർ എന്ന് വിളിച്ചുവന്നിരുന്നത്. അതിൽ അസാംഗത്യമൊന്നും ഞാൻ കാണുന്നില്ല. എന്നാൽ എന്നെ ധർമ്മരാജനെന്നു വിളിക്കുന്നതിൽ അനൗചിത്യം മറ്റാരും കാണുന്നില്ലെങ്കിലും ഞാൻ കണ്ടില്ലെന്നു നടിക്കുന്നതിൽ അർത്ഥമില്ലല്ലോ. ധർമ്മരാജൻ എന്ന പേര് അന്വർത്ഥമാകണമെങ്കിൽ ലാഭനഷ്ടക്കണക്കുകളിൽ ദൃഷ്ടിയൂന്നാതെ, ധർമ്മമാർഗ്ഗത്തിൽ നിന്ന് അൽപ്പംപോലും വ്യതിചലിക്കാതിരിക്കണ്ടേ. ജീവിതത്തിൽ ഞാൻ ചെയ്ത പല കാര്യങ്ങളും സ്വന്തം നേട്ടത്തിനായി അല്ലെങ്കിൽ കാര്യസാധ്യത്തിനായിട്ടായിരുന്നു. അതുകൊണ്ടുതന്നെ അവ ശ്രേഷ്ഠമായ ധർമ്മത്തിന് അല്ലെങ്കിൽ ധർമ്മാചരണത്തിന് നിരക്കാത്തവയായിരുന്നു.

ഞാൻ വരുത്തിയ പ്രധാന ധർമ്മപ്പിഴകളിൽ ഒന്നാമത്തേത് ദ്രൗപദിയെ അഞ്ചു സഹോദരന്മാരും ചേർന്ന് വിവാഹം കഴിക്കാനിടയാക്കിയ സാഹചര്യം (അതോ കുതന്ത്രമോ?) മെനയുകയായിരുന്നു. ദ്രൗപദിയുടെ സൗന്ദര്യത്തിൽ ഭ്രമിച്ച എനിക്ക്, എനിക്കുംകൂടി അനുഭവിക്കാവുന്ന വിധത്തിൽ അമ്മയുടെ വാക്കിലെ സത്യം പാലിക്കപ്പെടണമെന്നും ദ്രൗപദിയുടെ ബഹുഭർത്തൃത്വത്തിൽ അപാകതയില്ലെന്നും മുത്തച്ഛനെ സമ്മതിപ്പിക്കാൻ എനിക്ക് പുരാണങ്ങളിൽ ഗവേഷണം നടത്തേണ്ടിവന്നു. ഓശിനരാജാവിന്റെ പുത്രി അജിതയെ നിതന്തു രാജാവിന്റെ അഞ്ചു പുത്രന്മാർ ഒത്തുചേർന്ന് വേട്ട കാര്യം കണ്ടുപിടിച്ച് അത് മുത്തച്ഛനെക്കൊണ്ട് ദ്രൗപദിയുടെ അച്ഛനെയും സഹോദരനെയും ബോധ്യപ്പെടുത്താൻ ഞാൻ കിണഞ്ഞു പരിശ്രമിച്ചത് എന്റെ ഭാഗത്തുനിന്നുള്ള ഒരു ധർമ്മച്യുതിയാണെന്ന് ആരും സംശയിക്കാത്തതുകൊണ്ട് എന്റെ ധർമ്മബോധത്തെ ആരും ചോദ്യം ചെയ്തില്ല. പക്ഷെ എനിക്ക് തീർച്ചയായിരുന്നു, അത് സാധാരണയുള്ള ധർമ്മനിർവചനത്തിന് യോജിച്ചുപോകുന്നതല്ലെന്ന്.

ധർമ്മാനുഷ്ഠാനത്തിൽ എനിക്കു പറ്റിയ വേറൊരു പിഴവായിട്ടു ഞാൻ കാണുന്നത് രാജാക്കന്മാരെ വഴിപിഴപ്പിക്കുന്ന പലകാര്യങ്ങളിൽ ഒന്നായ ദ്യൂതത്തിൽ, ദ്യൂതത്തിനു ക്ഷണിച്ചാൽ നിരസിക്കുന്നത് രാജാക്കന്മാർക്ക് യോജിച്ചതല്ല എന്ന കാരണം ബന്ധുക്കളുടെ മുൻപിൽ അവതരിപ്പിച്ച്, അവരുടെ എതിർപ്പിനെ മറികടന്ന് പങ്കെടുക്കാൻ സമ്മതം നേടി എന്നതാണ്. അതേത്തുടർന്ന് നാലനുജന്മാരെയും അഞ്ചുപേരുടെയും കൂടെ ഭാര്യയായ ദ്രൗപദിയെയും അവരാരുമായും കൂടിയാലോചിക്കാതെയും അവരുടെ അനുമതി കൂടാതെയും പണയംവച്ചു എന്നുള്ളതാണ്. ചൂതിന്റെ ലഹരിയിൽ ഞാനുണ്ടോ ധർമ്മമോർത്തു?

പിന്നീടുണ്ടായ രണ്ടു ധർമ്മലംഘനങ്ങൾ മച്ചുനൻ കൃഷ്ണന്റെ ഉപദേശപ്രകാരം യുദ്ധത്തിൽ എങ്ങനെയും വിജയം നേടുന്നതിനായി ചെയ്ത അപരാധങ്ങളിലൂടെയാണ്. ഭീഷ്മപിതാമഹന്റെ നേതൃത്വത്തിൽ ശത്രുപക്ഷം വിജയക്കൊടി പാറിച്ചുകൊണ്ടിരുന്നപ്പോൾ പാണ്ഡവരുടെ പരാജയം ഏതാണ്ട് സുവിദിതമായിരുന്നു. അപ്പോഴാണ് കൃഷ്ണൻ യുദ്ധത്തിൽ പിതാമഹനെ തോൽപ്പിക്കുന്നതിനുള്ള സൂത്രം പിതാമഹനിൽ നിന്നുതന്നെ അറിയാനുള്ള വഴി നോക്കണമെന്ന് പറഞ്ഞതും അതനുസരിച്ച് പിതാമഹനെ അർദ്ധരാത്രിയിൽ വിശ്രമിക്കുന്ന നേരത്ത് ശത്രുപക്ഷത്തിലെ ആരും കാണാതെ കൂടാരത്തിൽ പോയി കണ്ടതും. നേരെനിന്ന് യുദ്ധം ചെയ്ത് പിതാമഹനെ തോൽപ്പിക്കുക സാധ്യമല്ലെന്നു വന്നപ്പോൾ ധർമ്മമാർഗ്ഗം വെടിഞ്ഞ് എങ്ങനെയും ജയിക്കുവാൻ വേണ്ടി മാത്രം കുതന്ത്രം പ്രയോഗിക്കാനുള്ള വഴി ചോദിച്ചുചെന്ന ഞാൻ എങ്ങനെയാണ് ധർമ്മരാജനാകുക?

യാത്രാവിവരണം

# യാഗഭൂവിലെ മണിത്തറയിൽ...



ശ്രീപ്രസാദ് റ്റി.
കുറ്റിലഞ്ഞി, മൊ. 94973 66244

'ശാന്തം പത്മാസനസ്ഥം ശശിധരമകുടം
പഞ്ചവക്ത്രം ത്രിനേത്രം...
ശൂലം വജ്രം ചശംഖം പരശുമഭയദം ദക്ഷഭാഗേ
വഹന്തം...
നാഗം പാശം ച ഘണ്ടാം പ്രളയ ഹുതവഹം
സാങ്കുശം വാമഭാഗേ...
നാനാലങ്കാരദീപ്തം സ്ഫടികമണിനിഭം
പാർവതീശം നമാമി...'

കേട്ടറിവുള്ള കൊട്ടിയൂരിലേക്കൊരു തീർത്ഥയാത്ര. അതു സാധ്യമായത് ഇക്കഴിഞ്ഞ ജൂൺ 26 ന്. അതും ഉത്സവകാലമായ വൈശാഖോത്സവ നാളുകളിൽ മനസ്സിൽ തിടമ്പേറ്റിയ ഒരു ചിരകാല ആഗ്രഹ സാഫല്യത്തിന് ചിറകു വിരിഞ്ഞതിൽ എന്റെ ജീവിതസഹചാരിയായ സഹധർമ്മിണിയും സാക്ഷി.

2025 ജൂൺ മാസം 26 വ്യാഴാഴ്ച പ്രഭാതത്തിൽ ഞാനേകനായി കുറ്റിലഞ്ഞിയിൽ നിന്നും യാത്ര പുറപ്പെട്ടു. സ്വതവേ വാഹനമോടിക്കാൻ കമ്പമുള്ള യാളാണ് ഞാനെങ്കിലും തലശ്ശേരിയിലുള്ള എന്റെ ഒരു സുഹൃത്തിന്റെ അഭിപ്രായപ്രകാരം യാത്ര ബസ്സിലും ട്രെയിനിലുമാക്കി.അനിയന്ത്രിതമായ ഗതാഗതക്കുരുക്കും വാഹന പാർക്കിങ്ങുകളിലെ അസൗകര്യങ്ങളും അഭൂതപൂർവമായ ഭക്തജന ത്തിരക്കും യാത്രാമദ്ധ്യേയുണ്ടായേക്കാവുന്ന മാർഗ്ഗ തടസ്സങ്ങളുമാണ് പൊതുഗതാഗതത്തെ ആശ്രയിക്കു വാൻ എന്നെ പ്രേരിപ്പിച്ചത്.

കുറ്റിലഞ്ഞിയിൽ നിന്നും ആലുവ വരെ ബസ്സിലും അവിടെനിന്ന് ട്രെയിനിലുമായി സായാഹ്നത്തോടെ തലശ്ശേരിയിലെത്തി. ഉത്തര മലബാറിൽ അദ്ധ്യാപന വൃത്തി നടത്തുന്ന എന്റെ ഭാര്യ ശാലിനി വർമ്മ കോഴിക്കോടുനിന്നും എന്നോടൊപ്പം ചേർന്നു. തലശ്ശേരിയിൽ അന്നു രാത്രി ഞങ്ങൾ ഒരു ഹോട്ട ലിൽ തങ്ങി പിറ്റേന്ന് പുലർച്ചെ മൂന്നരയോടെ കൊട്ടിയൂർ ദർശനത്തിന് പുറപ്പെട്ടു. തലശ്ശേരിയിൽ നിന്നും യഥേഷ്ടം ബസ്സുകൾ വൈശാഖോത്സ വകാലത്ത് കൊട്ടിയൂർക്ക് ലഭ്യമാണ്. പുലർച്ചെ 4 മണിയോടെ ആരംഭിക്കുന്ന സർവീസുകൾ രാത്രി

→

→

ധർമ്മരാജനെന്ന എന്റെ പേരിനു (അതുവഴി ധർമ്മപുത്രനായ ഞാൻ എന്റെ അച്ഛനായ ധർമ്മ രാജാവിനും) കളങ്കം ചാർത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഞാൻ കൃഷ്ണൻ ചൂണ്ടിക്കാണിച്ച ചതിപ്രയോഗത്തിലൂടെ കുലഗുരുവായ ദ്രോണാ ചാര്യരെ ആയുധം ഉപേക്ഷിക്കുവാൻ പ്രേരിപ്പി ക്കുവാനും ഗുരു ഭഗ്നാശനായ ആ അവസരത്തിൽ ഗുരുവിന്റെ തലയറുക്കാനും കൂട്ടുനിന്നു എന്നതാണ്. യുദ്ധവീര്യം പ്രദർശിപ്പിച്ച് മുന്നേറിക്കൊണ്ടിരുന്ന അഭിമന്യുവിനെ യുദ്ധനിയമങ്ങൾ മറന്ന് കൊലപ്പെ ടുത്തുന്നതിൽ നിന്നും മറ്റുള്ളവരെ ഗുരു തടഞ്ഞില്ല എന്നത് ഉയർത്തിക്കാണിച്ച് ആചാര്യന്റെ കൊല സാധൂകരിക്കാൻ ശ്രമിച്ചാലും എന്റെ ധർമ്മാചരണ ത്തിൽ വന്ന അക്ഷന്തവ്യമായ പിഴവാണത്. ഈ ഒരൊറ്റക്കാരണം മതി ധർമ്മരാജനെന്നുള്ള എന്റെ അപരനാമത്തിന് ഏറെ ഗ്ളാനിയുണ്ടാക്കാൻ.

അങ്ങനെ ധർമ്മരാജനെന്നു വാഴ്ത്തപ്പെടുന്ന ഞാൻ ആ പേരിനും അർഹനല്ലായിരുന്നു.

അജാതശത്രുവെന്നും ധർമ്മരാജനെന്നും ഉള്ള അപരനാമങ്ങൾ അന്നെനിക്കൊരു ഭൂഷണമായി ഞാൻ കരുതിയിരുന്നു, മറ്റുള്ളവർ വിശ്വസിച്ചിരുന്നു. ഇതിന്മേലുള്ള എന്റെ വൈക്ലബ്യം ഉടൻ ഇല്ലാതാകു മെങ്കിലും ഭാവിയിലും ഞങ്ങളുടെ വംശചരിത്രം പഠിക്കുന്നവരിൽ പലരും ഇതേച്ചൊല്ലി എന്നെ ഇകഴ്ത്തിയേക്കാം. ●

10 വരെ തുടരുന്നു. കൊട്ടിയൂർ ബസ്സിനായുള്ള പുലർച്ചെ മൂന്നര മണിക്കുള്ള ഭക്തജനസാഗരം ഞങ്ങളിൽ അങ്ങേയറ്റം ആശങ്കയും അദ്ഭുതവും ഉളവാക്കിയെങ്കിലും മനസ്സിൽ കരുതിയിരുന്നതിനാൽ എല്ലാം സാധാരണമായിത്തോന്നി. കുറച്ചു ബുദ്ധി മുട്ടി ബസ്സിൽ രണ്ടു സീറ്റുകൾ സംഘടിപ്പിച്ച് യാത്ര തുടർന്നു. ഉദ്ദേശം ഒന്നര മണിക്കൂറോളം യാത്ര ചെയ്ത് അങ്ങനെ ഞങ്ങളും എത്തി കൊട്ടിയൂർ. കൊട്ടിയൂർ യാഗഭൂമിയിൽ... ദക്ഷിണകാശിയിൽ...

നിറഞ്ഞുപെയ്യുന്ന മഴയിൽ, കോടമഞ്ഞിൽ പുതച്ചുനിൽക്കുന്ന മലനിരകൾക്ക് നടുവിൽ ദക്ഷയാഗ ഭൂമിയിൽ... ബാവലി പുഴ തെളിനീരായി പ്രദക്ഷിണവഴിയിലൂടെ വലംവെച്ച് ഒഴുകുന്ന ക്ഷേത്രം അക്കരെ കൊട്ടിയൂർ... കണ്ടമാത്രയിൽ ഒരു എളിയ സ്മ്യൂൾ ഗായകനായ എനിക്ക് ആ പ്രകൃതി രമണീയത ക്യാമറയിൽ ഒപ്പിയെടുക്കുവാൻ മോഹ മുദിച്ചു. ആ മോഹം പെരുമാളിന്റെ ഒരു ഭക്തിഗാന ചിത്രീകരണത്തിന് വഴിയൊരുങ്ങിയപ്പോൾ സഹാ യിയായി സഹധർമ്മിണിയും ഒപ്പം കൂടി. ഞങ്ങളെ ത്തിച്ചേർന്ന ജൂൺ 27 വെള്ളി പെരുമാൾക്ക് പുണർതം ചതുശ്ശതം. അക്കരെ ദർശനം അസാധാരണമാ യൊരു അനുഭവം സാധ്യമാക്കി. നഗ്നപാദരായി ബാവലിപ്പുഴ പാലം കടന്ന് യാഗസ്ഥാനത്തേ യ്ക്കുള്ള പരസ്പരം കൈകോർത്തുള്ള ഞങ്ങളുടെ ഒരോ ചുവടും കൂർത്ത കൽമുനകളാൽ പ്രീണിത മായിരുന്നെങ്കിലും പെരുമാൾ ദർശനം തേടിയുള്ള ഏകാഗ്രതയിൽ സർവ്വ വേദനകളും ലയിച്ചു. വൃദ്ധ ജനങ്ങളുടെയും ബാലികാ ബാലകരുടേയും ഒരു നോക്കു ദർശനത്തിനായി നേരിടുന്ന വൈഷമ്യങ്ങൾ നേരിൽക്കണ്ട് നിസ്സഹായരാകുവാനേ സാധിക്കു. ബാവലിപ്പുഴയിൽ മുങ്ങിക്കുളിച്ച് ഈറനോടെ ചിത്ത-കായ ശുദ്ധി വരുത്തി അക്കരെ മണിത്തറ യിൽ സ്വയംഭുവായമരുന്ന പെരുമാൾ ദർശനത്തി നായി പകലന്തിയോളം കാത്തുനിൽക്കുന്ന ഭക്ത ജനാവലിയുടെ ഒരു നീണ്ട നിരതന്നെ ദർശിക്കാ മായിരുന്നു. എങ്കിലും, വൃദ്ധജനങ്ങൾക്കും നിത്യ രോഗികൾക്കും പ്രത്യേക മാർഗ്ഗത്തിലൂടെ ക്ഷേത്ര ദേവസ്വ ഭാരവാഹികൾ അനായാസേന ദർശന സൗകര്യമൊരുക്കി. മണിത്തറയിലെ സ്വയംഭൂ ദർശനശേഷം പുഴജലത്താൽ ചുറ്റപ്പെട്ട തറയുടെ പ്രദക്ഷിണവഴിയിലൂടെ അമ്മാറക്കൽത്തറയും പൂവറയും തൊഴുത് മുട്ടോളം വെള്ളത്തിൽ നാമജപ ത്തോടെ മൂവുരു വലംവച്ച്, വഴിപാടു കൗണ്ടറുകളിൽ



നിന്ന് പ്രസാദങ്ങളും വാങ്ങി പ്രവേശന മാർഗ്ഗത്തി ലൂടെത്തന്നെ തിരിച്ചിറങ്ങി നടന്ന് നേരെ ഇക്കരെ ക്ഷേത്രദർശനം. പെരുമാൾ അക്കരയ്ക്ക് എഴുന്ന ള്ളുന്ന വൈശാഖ മഹോത്സവ നാളുകളിൽ ഇക്കരെ ക്ഷേത്രനട അടഞ്ഞുകിടക്കും. എങ്കിലും ഭക്തർക്ക് പുറമേ നിന്ന് ദർശനം നടത്താം.

27 നാൾ നീണ്ടുനിൽക്കുന്ന വൈശാഖ മഹോ ത്സവത്തിന് ഭക്തജനങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ വളരെ പരിമിതമാണ്. താമസ സൗകര്യങ്ങളുടെയും പൊതു ശൗചാലയങ്ങളു ടെയും ആരോഗ്യകരമായ ഭക്ഷണശാലകളുടെയും വാഹന പാർക്കിങ് സംവിധാനങ്ങളുടേയും അപര്യാ പ്തത എവിടേയും ദർശിക്കാമായിരുന്നു, ഈ ഭക്തശിബിരത്തിന് ദർശന സൗകര്യമൊരുക്കുവാൻ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വികസിപ്പി ക്കുവാനുണ്ടെന്ന് ഒറ്റനോട്ടത്തിൽ തോന്നി, എങ്കിലും എല്ലാം ഉൾക്കൊണ്ട് ഓടപ്പൂവും (പേജ് 55 കാണുക) വാങ്ങി ഈശ്വരകൃപയാൽ പെരുമാൾ നിറവേറ്റി ത്തന്ന ദർശനസാഫല്യത്തോടെ അന്ന് ജൂൺ 27 വെള്ളിയാഴ്ച രാവിലെ 10 മണിയോടെ ഞങ്ങൾ മടങ്ങി.

**കൊട്ടിയൂർ വൈശാഖ മഹോത്സവത്തെക്കുറിച്ച്**

ഇടവച്ചോതിനാളിലെ നെയ്യാട്ടം ചടങ്ങോടെ ആരംഭിച്ച് ഇരുപത്തിയേഴു ദിവസങ്ങളിലായി വിവിധ ചടങ്ങുകളോടെ നടക്കുന്ന കൊട്ടിയൂർ വൈശാഖ മഹോത്സവം മിഥുനമാസം ചിത്തിര നാളിൽ തൃക്കല ശാട്ടത്തോടെ പരിസമാപ്തിയിലെത്തുന്നു.

**2025 കൊട്ടിയൂർ യാഗോത്സവം,<br>വിശേഷ ദിവസങ്ങളും ചടങ്ങുകളും**

പ്രക്കൂഴം (മെയ് 12), നീരെഴുന്നള്ളത്ത് (ജൂൺ 2), നെയ്യാട്ടം (ജൂൺ 8), ഭണ്ഡാരം എഴുന്നള്ളത്ത് (ജൂൺ 9), തിരുവോണം ആരാധന (ജൂൺ 15), ഇളനീർ വെപ്പ്

(ജൂൺ 17), ഇളനീരാട്ടം അഷ്ടമി ആരാധന (ജൂൺ 18), രേവതി ആരാധന (ജൂൺ 19), രോഹിണി ആരാധന (ജൂൺ 24), തിരുവാതിര ചതുശ്ശതം (ജൂൺ 26), പുണർതം ചതുശ്ശതം (ജൂൺ 27), ആയില്യം ചതുശ്ശതം (ജൂൺ 28), മകം കലം വരവ്, കലം പൂജ ജൂൺ 30), അത്തം ചതുശ്ശതം, വളാട്ടം കലശപൂജ (ജൂലായ് 3), തൃക്കലശാട്ട് (ജൂലായ് 4).

ജൂൺ 9നു രാത്രി ഭണ്ഡാരം എഴുന്നള്ളത്ത് അക്കരെ ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനു മുൻപും ജൂൺ 30 ന് മകം നാൾ ഉച്ചശീവേലിക്കു ശേഷവും സ്ത്രീകൾക്ക് പ്രവേശനമുണ്ടായിരിക്കില്ല.

**കൊട്ടിയൂർ ക്ഷേത്ര ഐതിഹ്യം**

അക്കരെ കൊട്ടിയൂർ ക്ഷേത്രത്തെ ഒരു ക്ഷേത്ര സഞ്ചയത്തിലുപരി ദക്ഷയാഗം നടന്ന സ്ഥലമായി ട്ടാണ് പുരാണങ്ങളിൽ വിശേഷിപ്പിക്കുന്നത്. കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ബാവലിപ്പുഴയുടെ തീര ത്താണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ദക്ഷിണ കാശി എന്ന പേരിലും ഈ ക്ഷേത്രം അറിയപ്പെ ടുന്നു. വൈശാഖ നാളിലെ ദക്ഷയാഗമാണ് ഐതിഹ്യകേന്ദ്രം. പരമശിവ പത്നിയായ സതീദേവി യുടെ പിതാവായ ദക്ഷപ്രജാപതി പരമശിവനെ അവഹേളിച്ച് നടത്തിയ യാഗത്തിൽ ശിവനെ ക്ഷണിച്ചില്ല. സഭാമദ്ധ്യത്തിൽ തന്റെ പതിയെ നിഷ്ഠൂരമായി അവഹേളിച്ചതിൽ അപമാനിതയും ദുഃഖിതയുമായ സതീദേവി മനം നൊന്ത് യാഗ ശാലയിലെ അഗ്നികുണ്ഡത്തിൽ ചാടി സ്വയം ജീവനൊടുക്കി. ഈ സംഭവത്തിൽ കോപിതനായ ശിവൻ സംഹാരതാണ്ഡവമാടി തന്റെ ജട പറിച്ച് നിലത്തടിച്ച് വീരഭദ്രനെ സൃഷ്ടിച്ചു. വീരഭദ്രൻ യാഗശാലയിൽ എത്തി ദക്ഷന്റെ തലയറുത്തു. ദേവതകളും ബ്രഹ്മാവും വിഷ്ണുവും ശിവനെ ശാന്തനാക്കി. യാഗം പൂർത്തിക്കാനുള്ള അനുമതിയു ണ്ടാകണമെന്ന് മാപ്പപേക്ഷിച്ച ദക്ഷനെ പിന്നീട് ശിവൻ, ശിരസ്സു വേർപ്പെട്ട സ്ഥാനത്ത് ആടിന്റെ തല ചേർത്ത് പുനർജീവിപ്പിച്ച ശേഷം യാഗം പൂർത്തി യാക്കി ശിവൻ കൈലാസത്തിലേക്ക് മടങ്ങി.

**ക്ഷേത്രം ഉത്ഭവം**: യാഗം നടന്ന സ്ഥലമായ കൊട്ടിയൂർ പിന്നീട് കാടായി മാറി, കുറിച്യർ എന്ന ആദിവാസികൾക്ക് വാസസ്ഥലമായി. ഒരു കുറിച്യ യുവാവ് തന്റെ അമ്പിന് മൂർച്ച കൂട്ടാൻ ശിലയിൽ ഉരച്ചപ്പോൾ രക്തം വരികയും, അതറിയിച്ച പടിഞ്ഞീറ്റ നമ്പൂതിരി അവിടെ കലശം നടത്തുകയും ചെയ്തു എന്നാണ് ഐതിഹ്യം. ശേഷം, ശങ്കരാചാര്യർ ക്ഷേത്രത്തിലെ ചിട്ടകൾ രൂപപ്പെടുത്തിയതാ ണെന്നാണ് വിശ്വാസം.

ഭാഗവതപ്രിയനാണ് കൊട്ടിയൂരിൽ ശ്രീ മഹേശ്വരൻ... തന്മൂലം ഭക്തകവി പൂന്താനം കൊട്ടി യൂരിൽ ഭാഗവത പാരായണം നടത്തിയത്രേ. ആചാര ങ്ങളുടെ ആഴം – മൗനം മുതൽ കല്ലുകളുടെ ദിവ്യത വരെ.

ദക്ഷയാഗവും സതിയുടെ തപസ്സും ശിവന്റെ താപവും ഈ പ്രദേശത്തുതന്നെ പ്രത്യക്ഷപ്പെട്ടതാ യുള്ള വിശ്വാസം ഇന്നും പ്രതിഫലിക്കുന്നു.

ശൈവ വൈഷ്ണവ ചൈതന്യ സങ്കലനത്താൽ തേജോമയമായ അന്തരീക്ഷത്തിലാണ് കൊട്ടിയൂര പ്പൻ കുടികൊള്ളുന്നത്. ദക്ഷിണകാശി എന്ന് അറിയ പ്പെടുന്ന ഭഗവാൻ ശിവന്റെ അനന്തദൈവീകതയുടെ പുണ്യഭൂമി. പ്രകൃതിയും മനുഷ്യനും പരസ്പരം ഇണ ചേർന്നാഘോഷിക്കുന്ന ഉത്സവമാണ് വൈശാഖോ ത്സവം. വർഷംതോറും നടക്കുന്ന വൈശാഖ മഹോ ത്സവം, ഭക്തരും തന്ത്രിമാരും ഒരുപോലെ ആചാര പരമായി നിർവഹിക്കുന്നതും ആന്തരശുദ്ധിയേറിയ തുമായ രീതിയിലാണ് നടത്തുന്നത്. ശബ്ദനിയന്ത്ര ണവും ആന്തരമായ ഭക്തിയുമാണ് പ്രധാനമായ ആചാരങ്ങൾ. ആയതിനാൽ ഉച്ചഭാഷിണികൾ നിഷിദ്ധമാണ്. അതുപോലെ, ഇവിടെ സർവ്വ ചരാചരങ്ങളിലും, എന്തിന് ഇവിടുത്തെ പാറകളിൽ പോലും ശിവന്റെ ദിവ്യശക്തിയാൽ സംയുക്തമായവ ആണെന്ന് വിശ്വസിക്കപ്പെടുന്നു. ശിവന്റെ സാന്നിധ്യം പുഴയ്ക്കപ്പുറത്തുള്ള കല്ലുകളിലും മണ്ണിലും മുഴുവനായും നിറഞ്ഞുനിൽക്കുന്നു എന്നുള്ളതി നാൽ ശ്രീ ശങ്കരാചാര്യർ പോലും പുഴയ്ക്കക്കര യിലേക്ക് കാൽനടയായി പ്രവേശിച്ചില്ല എന്നും ഐതിഹ്യമുണ്ട്.

സാധാരണ ശിവക്ഷേത്രങ്ങളിൽ ശിവ പഞ്ചാക്ഷ രിയായ 'ഓം നമ:ശിവായ' മന്ത്രം ഉരുവിടുമ്പോൾ, കൊട്ടിയൂരിൽ 'ഗോവിന്ദാ ഹരി ഗോവിന്ദാ' എന്ന് ഉരുവിടുന്നു. സ്വയംഭൂ ക്ഷേത്രമായ അക്കരെ കാനനക്ഷേത്രത്തിൽ ഓരോ ചടങ്ങുകളും (മന്ദംഞ്ചേരി ഉരളിക്കുളത്തിൽ നിന്ന് നീര് എഴുന്ന ള്ളുമ്പോൾ, നാളം തുറക്കുമ്പോൾ, മുതിരേരി വാൾ വരവ്, വിളക്കുതിരി വരവ്, നെയ് വരവ്, ദണ്ഡാരം വരവ്, ഇളനീർ വരവ്, കലം വരവ്, ശയനപ്രദക്ഷിണം,

നെയ്യാട്ടം, ഇളനീരാട്ടം മുതലായവ) നടക്കുമ്പോൾ 'ഗോവിന്ദാ... ഹരി ഗോവിന്ദാ...' എന്ന് ജപിക്കുന്നു.

ദക്ഷിണ കാശി എന്ന് പുകൾപെറ്റ കൊട്ടിയൂരിൽ, ദക്ഷയാഗം നടന്നതായ സ്ഥലമായി പറയപ്പെടുന്നു. സതി ദേവിയുടെ ആത്മാഹുതിക്ക് ശേഷം ശിവ ശങ്കര ഭഗവാന്റെ ക്രോധം ശമിപ്പിക്കാൻ, ദേവഗണ ങ്ങൾ 'ഗോവിന്ദാ ഹരി ഗോവിന്ദാ...' എന്ന മന്ത്രജപ ത്താൽ ആശ്രയിച്ചത് മഹാവിഷ്ണുവിനെയാണ് എന്ന് പറയുന്നു. മഹാവിഷ്ണു ശങ്കര ഭഗവാനെ ആലിംഗനം ചെയ്തതോടു കൂടിയാണ് കോപം അടങ്ങിയത്. ഇതിന്റെ പ്രതീകാത്മകമായിട്ടാണത്രേ വൈശാഖ നാളുകളിൽ ആലിംഗന പുഷ്പാഞ്ജലി നടക്കുന്നത്.

കൊട്ടിയൂരിലെ ആചാരങ്ങൾ ശങ്കരാചാര്യർ ഉണ്ടാക്കിയതാണ് എന്നും പറയപ്പെടുന്നു. ഇവി ടുത്തെ കാലപ്പഴക്കം ഇതേവരെ നിർണ്ണയിക്കാനാ യിട്ടില്ല... ഒരു മാസത്തിനടുത്ത് നീളുന്ന വൈശാ ഖോത്സവം കഴിഞ്ഞാൽ, അക്കരെ മണിത്തറയിലെ സ്വയംഭൂ അഷ്ടഗന്ധത്താൽ മൂടും. വിഗ്രഹങ്ങൾ ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലേക്ക് തിരികെയെ ത്തിക്കും. ഇക്കരെ ക്ഷേത്രം പണ്ട് പടിഞ്ഞീറ്റ നമ്പൂ തിരിമാരുടെ ഇല്ലമായിരുന്നു.

പണ്ട് ഘോരവനമായിരുന്ന കൊട്ടിയൂരിലെത്തു മ്പോൾ വന്യമൃഗങ്ങളിൽ നിന്നും രക്ഷക്കായി 'ഗോവിന്ദാ ഹരി ഗോവിന്ദാ...' എന്ന് ഭക്തജനങ്ങളും ഉരുവിട്ടാണ് വരുന്നത്.

വൈശാഖോത്സവാരംഭത്തോടെ സപ്തമാത്ര പുരം എന്നറിയപ്പെടുന്ന മണത്തണ ചപ്പാരം ക്ഷേത്ര ത്തിൽ നിന്നും വാളും ഗോപുരത്തിൽ നിന്ന് ഭണ്ഡാരവും വെള്ളി, സ്വർണ്ണം, കുടങ്ങൾ, ആഭര ണങ്ങൾ എന്നിവയും കൊട്ടിയൂരിൽ എത്തും. മണത്തണ മഹാവിഷ്ണു ക്ഷേത്രത്തിനും കൊട്ടിയൂർ ആചാരങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട്.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്ന ആചാരങ്ങളും, അനുഷ്ഠാന ങ്ങളും, നിഗൂഢ പൂജകളും ഉൽസവം നടക്കുന്നതിന് മുമ്പ് രാത്രി രണ്ടു പ്രാവശ്യം നടക്കുന്ന ആയില്ല്യാർ ക്കാവിലെ നിഗൂഢ പൂജകളും അപ്പട പ്രസാദവും പാലുകാച്ചി മലയും മലക്കാരി സ്ഥാനവും മുത്തപ്പൻ സ്ഥാനവും കയ്യാലകളും ശീവേലി, ആയിരംകുടം, ഓടപ്പൂവ്, കൂത്ത്, അഭിഷേകം, അങ്ങനെ നിരവധി യുണ്ട് കൊട്ടിയൂരിൽ...

ദക്ഷയാഗത്തിനെത്തിയ സതീദേവി അന്തർധാനം ചെയ്ത സ്ഥലമാണ് അമ്മാറ കല്ല്. അക്കരെ കൊട്ടി യൂരിൽ കിഴക്കേനടയിൽ പൂവറയോട് ചേർന്നാണ് അമ്മാറക്കല്ലിന്റെ സ്ഥാനം.

ഉൽസവം കഴിഞ്ഞാൽ അക്കരെ കാനനക്ഷേത്ര ത്തിൽ പ്രവേശനം ആദിവാസി സമൂഹങ്ങൾക്ക് മാത്ര മാണ്...

കൊട്ടിയൂർ വൈശാഖ മഹോത്സവം സമാപി ക്കാൻ നാലുനാൾ ബാക്കിനിൽക്കേ, അക്കരെ കൊട്ടി യൂരിൽനിന്ന് സ്ത്രീകളും ഗജവീരന്മാരും വിശേഷ വാദ്യക്കാരും മടങ്ങും. ഉച്ചശീവേലിക്കുശേഷം ഗജ വീരന്മാർ പ്രസാദവും സ്വീകരിച്ച് അക്കരെ സന്നി ധാനത്തുനിന്ന് വിടവാങ്ങും. ആനയൂട്ടും നടക്കും. ഇതോടൊപ്പം വിശേഷ വാദ്യക്കാരും വിടവാങ്ങും. ശേഷമുള്ള നാലുനാൾ കലംപൂജകൾ നടക്കും. മുഴക്കുന്ന് നല്ലൂരിൽ നിന്ന് സ്ഥാനികർ കലങ്ങൾ എഴുന്നള്ളിക്കുന്നു. കലപൂജകൾക്കായുള്ള മൺ കലങ്ങൾ കൊട്ടിയൂരിലെത്തിക്കുന്നതോടെയാണ് ഗൂഢപൂജകൾ തുടങ്ങുക.

**വാളാട്ടം**: ഉത്സവകാലത്ത് കൊട്ടിയൂരിലെത്തിച്ച ദേവതകളെയെല്ലാം ഏഴില്ലക്കാർ വിഗ്രഹത്തിൽനിന്ന് തിരികെ ആവാഹിച്ച് വാളുകളിൽ ലയിപ്പിക്കു ന്നതാണ് വാളാട്ടം. കലശം കുളി കഴിഞ്ഞ് ശുഭ്ര വസ്ത്രം ധരിച്ച വാളശ്ശന്മാർ ഭണ്ഡാര അറയിൽ നിന്ന് ശ്രീചപ്പാരം ക്ഷേത്രത്തിലെ വാളുകളുമായി തിരുവഞ്ചിറയിൽ കിഴക്കോട്ട് തിരിഞ്ഞുനിൽക്കും. ഇക്കരെ ക്ഷേത്രത്തിലെ ദേവന്റെയും ദേവിയുടെയും തിടമ്പുകളുമായി പാലക്കുന്ന് നമ്പൂതിരിയും പടിഞ്ഞിറ്റ നമ്പൂതിരിയും തെക്കോട്ട് തിരിഞ്ഞുനിൽക്കും. ദേവതാ ചൈതന്യം തിടമ്പുകളിൽ നിന്ന് വാളുകളി ലേക്ക് ആവാഹിക്കുന്ന ചടങ്ങാണ് വാളാട്ടം. പ്രായ ക്രമത്തിൽ ഓരോരുത്തരും ഇത് ആവർത്തിക്കും. ഒരോരുത്തരായി തിരുവഞ്ചിറയിൽ ഓരോ പ്രദ ക്ഷിണം നടത്തും. ഇത്തരത്തിൽ മൂന്ന് വാളശ്ശ ന്മാരും ഓരോ പ്രദക്ഷിണം കഴിഞ്ഞാൽ വാളാട്ടം സമാപിക്കും. വാളാട്ടത്തിനു ശേഷം വാളുകൾ ഭണ്ഡാര അറയിൽ സൂക്ഷിക്കും.

**തേങ്ങയേറ്**: കൊട്ടിയൂർ പെരുമാളിന്റെ സവിധ ത്തിൽ വാളാട്ടം കൂടാതെ കുടിപതികളുടെ തേങ്ങ യേറും നടക്കുന്നു. പൂവറയ്ക്കും അമ്മാറയ്ക്കൽ തറയ്ക്കും മദ്ധ്യേയുള്ള സ്ഥലത്താണ് തേങ്ങയേറ് നടക്കുക. ഭണ്ഡാരങ്ങളും തിരുവാഭരണങ്ങളും

മണത്തണ ഗോപുരത്തിലേക്ക് തിരിച്ചെഴുന്നള്ളിക്കാൻ നിയുക്തരായ കുടിപതികളാണ് തേങ്ങയേറ് നടത്തുന്നത്. തുടർന്ന് അത്തം ചതുശ്ശതം പെരുമാൾക്ക് സമർപ്പിക്കുന്നു. പന്തീരടി നിവേദ്യത്തിന് മുൻപായി മത്തവിലാസം കൂത്തിന്റെ പുറപ്പാട് നിർവ്വഹിച്ച് ചാക്യാർ ഈ വർഷത്തെ കൂത്തിന്റെ അനുഷ്ഠാനം പൂർത്തിയാക്കുന്നു. വൈകുന്നേരത്തെ ആയിരംകുടം അഭിഷേകവും ഒരു നവകത്തോടെയുള്ള പൂജയും കഴിയുന്നതോടെ ഈ വർഷത്തെ നിത്യനിദാനങ്ങൾ പൂർത്തിയാകുന്നു. ചിത്തിര നാളിൽ രാത്രിയോടെ കലശമണ്ഡപത്തിൽ കലശപൂജയും കലശാഭിഷേകവും നടക്കും.

**അത്തശിവേലി**: മിഥുനത്തിലെ അത്തംനാളിൽ അവസാനത്തെ ചതുശ്ശതം നിവേദിക്കും. ദേവസ്വം വകയാണ് പായസം. പന്തീരടി പൂജയൊപ്പമാണ് വലിയവട്ടളം പായസം നിവേദിക്കുന്നത്.

ശേഷം നടക്കുന്ന ചടങ്ങായ മിഥുനത്തിലെ അത്തംനാളിലെ പന്തീരടി ശീവേലിയാണ് വൈശാഖോത്സവത്തിലെ അവസാനത്തെ ശീവേലി. സ്വയംഭൂവിൽ ആടാനുള്ള കളഭക്കൂട്ടിന് ആവശ്യമായ കുങ്കുമം, ചന്ദനമുട്ടികൾ, കസ്തൂരി തുടങ്ങിയ സാധനങ്ങൾ സാമൂതിരി കോവിലകത്തുനിന്നും സന്നിധാനത്ത് എത്തിച്ചേരുന്നതോടെയാണ് അത്തം നാളിലെ പൊന്നിൻ ശീവേലി ആരംഭിക്കുന്നത്.

**ചിത്തിരതൃക്കലശ്ശാട്ട്**: ഉത്സവാന്ത്യം ചിത്തിര നാളിൽ കലശ കുംഭങ്ങൾ ഭഗവാന്റെ സ്വയംഭൂവിൽ ആടുന്ന ചടങ്ങാണ് തൃക്കലശ്ശാട്ട്. ശൈവ വൈഷ്ണവ ചൈതന്യ സങ്കലനത്താൽ തേജോമയമായ അന്തരീക്ഷത്തിലാണ് തൃക്കലശ്ശാട്ട്. 27 നാൾ നീളുന്ന വൈശാഖ മഹോത്സവത്തിന് ജൂലൈ 4ന് നടക്കുന്ന തൃക്കലശ്ശാട്ടത്തോടെ സമാപനമാകും. തൃക്കലശ്ശാട്ടിന് മുൻപ് അമ്മാറക്കല്ലിലെ വിളക്കിലെ നാളം തേങ്ങാമുറിയിലേക്ക് മാറ്റും.

തൃക്കലശ്ശാട്ട് ദിവസമായ ചിത്തിര നാളിൽ രാവിലെ വാകച്ചാർത്ത് നടക്കുന്നു. അതിനുശേഷം ചോതിവിളക്ക് അണയ്ക്കുന്നു. നെയ്യാട്ടം നാളിൽ ചാതിയൂർ മഠത്തിൽ നിന്നും എഴുന്നള്ളിച്ചു കൊണ്ടുവന്ന അഗ്നി (ഓടയും തീയും വരവ്) ഉപയോഗിച്ച് തെളിയിച്ച മൺതാലങ്ങളിലെ ദീപങ്ങളിൽ നിന്നും കത്തിക്കുന്ന മണിത്തറയ്ക്ക് മുന്നിലുള്ള വഴിവിളക്ക്, അമ്മാറക്കൽവിളക്ക്, ഊരാളകയ്യാലകളിലെ വിളക്ക് എന്നിവ അണയ്ക്കുന്നത് തൃക്കലശ്ശാട്ട് ദിവസമാണ്. വഴിവിളക്കിൽനിന്നും തേങ്ങമുറികളിൽ ദീപം പകർന്നതിനു ശേഷമാണ് ഈ വിളക്ക് അണയ്ക്കുന്നത്. വഴിവിളക്ക് അണച്ചുകഴിഞ്ഞാൽ, ശ്രീകോവിൽ പൊളിക്കുന്ന ചടങ്ങാണ് പിന്നീട് നടക്കുന്നത്. മണിത്തറയ്ക്ക് മേലാവരണമായി ഏച്ചുകെട്ടാത്ത മുളയും ഞെട്ടിപ്പനയോലയും കൊണ്ട് നിർമ്മിച്ച താൽക്കാലിക ശ്രീകോവിൽ തൂണോടെ പൊളിച്ച് പടിഞ്ഞാറേ നടയ്ക്കു കുറുകെ തിരുവഞ്ചിറയിൽ തള്ളും. നമ്പീശന്മാർ, വാര്യർമാർ ഇവർ ചേർന്ന് ശ്രീകോവിലിന്റെ നാലുതൂണുകളും ഇളക്കിമാറ്റി തിരുവഞ്ചിറയിൽ പടിഞ്ഞാറ് ഭാഗത്തായി തള്ളിയിടുന്നു. ശ്രീകോവിൽ പൊളിച്ചതിനു ശേഷം, കലശമണ്ഡപത്തിൽ പൂജിച്ചുവെച്ചിട്ടുള്ള കലശങ്ങൾ ബ്രാഹ്മണസ്ഥാനികർ മണിത്തറയിലേക്ക് എഴുന്നെള്ളിച്ചുകൊണ്ടുവന്ന്, കലശങ്ങൾ സ്വയംഭൂവിൽ ആടുന്നു. കലശാഭിഷേകത്തിനു ശേഷം ചന്ദനം, കുങ്കുമം, ഗോരോചനം, കസ്തൂരി ഇവ പനിനീരിൽ അരച്ചെടുത്ത കളഭജലം സ്വയംഭൂവിൽ അഭിഷേകം ചെയ്യുന്നു...

അമ്മാറക്കല്ലിലെ തൃച്ചന്ദനപ്പൊടി അഭിഷേകം, ആചാര്യദക്ഷിണ, തൃക്കലശ്ശാട്ട്, പൂർണ്ണ പുഷ്പാഞ്ജലി, മുതിരേരി വാൾ മടക്കം, ഭണ്ഡാരം തിരിച്ചെഴുന്നള്ളത്ത് എന്നിവയും നടക്കും. കുടിപതിസ്ഥാനികരുടെ 'തണ്ടിൻമേൽ ഊണ്' എന്ന ചടങ്ങും ചിത്തിര നാളിലാണ് നടക്കുന്നത്. കുടിപതികൾ ഈ ദിവസം തിടപ്പള്ളിയിലിരുന്നാണ് ഊണ് കഴിക്കുന്നത്. അന്നത്തെ പായസ നിവേദ്യവും കുടിപതികൾക്ക് അവകാശപ്പെട്ടതാണ്. പിന്നീട് ഭണ്ഡാരം ഏറ്റുവാങ്ങൽ ചടങ്ങ് നടക്കുന്നു.

കുടിപതികളുടെ ഊണ് കഴിഞ്ഞ് ഭണ്ഡാരങ്ങൾ കണക്കപ്പിള്ളയിൽ നിന്നും ഏറ്റുവാങ്ങി, കൂത്തരങ്ങിൽ കൊണ്ട് വെച്ചതിനുശേഷം, തിരിച്ചെഴുന്നള്ളിക്കാനായി കാവുകൾകെട്ടി ഒരുക്കിവെയ്ക്കുന്നു.

**മുതിരേരിവാൾ മടക്കം**: മുതിരേരിവാൾ തിരിച്ചെഴുന്നള്ളിക്കാനായി ഒരുങ്ങുന്ന സ്ഥാനിക ബ്രാഹ്മണൻ (മൂഴിയോട്ടില്ലത്തെ നമ്പൂതിരി) തിടപ്പള്ളിയിലിരുന്ന് ധ്യാനിക്കുന്നു. ധ്യാനത്തിനിടയിൽ മുഹൂർത്തമായെന്ന ഉൾവിളി തോന്നിയാൽ, ഉടൻതന്നെ അദ്ദേഹം തീർത്ഥക്കുണ്ടിൽ കുളിച്ചുവന്ന് ഭണ്ഡാര അറയിൽനിന്നും വാൾ കൈയിലെടുത്ത്, മണിത്തറയിലെ സ്വയംഭൂവിനോട് വാൾ ചേർത്തുവെച്ച്, ഒരുപിടി പൂവോടുകൂടി വാളും എടുത്ത് പടിഞ്ഞാറെ

നടവഴി മുതിരേരിയിലേക്ക് ഏകനായിത്തന്നെ തിരിച്ചുപോകുന്നു. വയനാട്ടിലെ മുതിരേരിദേശ ക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന വാൾ മുതിരേരിവാൾ എന്നറിയപ്പെടുന്നു.

മുതിരേരി വാൾ മടക്കത്തോടെ ഈ ഉൽസവ കാലത്തെ ദർശനം പൂർത്തിയാക്കി ദർശനസായൂജ്യ മടഞ്ഞ് ഭക്തരും മടങ്ങും. ശിവഭൂതഗണമായ വീരഭദ്രൻ ഈ യാഗഭൂമിയിൽ വച്ച് ദക്ഷന്റെ ശിരസ്സ റുത്തത് മുതിരേരി വാളിനാലെന്നാണ് ഐതീഹ്യം.

മുതിരേരിവാൾ പോയിക്കഴിഞ്ഞാൽ പടിഞ്ഞിറ്റ നമ്പൂതിരി അമ്മാറക്കൽ തറയിൽ തൃച്ചന്ദനപ്പൊടി അഭിഷേകം ചെയ്യുന്നു. കുടിപതികൾ ശുദ്ധമായി പൊടിച്ചുകൊണ്ടുവരുന്ന മഞ്ഞൾപ്പൊടിയാണ് തൃച്ചന്ദനപ്പൊടി എന്നറിയപ്പെടുന്നത്. ഇതാണ് അമ്മാറക്കൽ തറയിൽ അഭിഷേകം ചെയ്യുന്നത്...

പിന്നീട് യാത്രാബലിയാണ്. കോഴിക്കോട്ടിരി നമ്പൂതിരിയാണ് ഈ ചടങ്ങ് നടത്തുന്നത്. പുഷ്പാഞ്ജലി നടത്തി, അതോടൊപ്പം മണിത്തറക്ക് ചുറ്റും അദ്ദേഹം ഹവിസ്സ് തൂകുന്നു...

ഭണ്ഡാരം തിരിച്ചെഴുന്നള്ളത്ത് ആണ് സമാപന ചടങ്ങിൽ അവസാനമായി നടക്കുന്നത്. അടിയന്തിര യോഗക്കാരും ഭണ്ഡാരങ്ങളുമായി കുടിപതികളും വെള്ളിവിളക്കുമായി ചെമ്പോട്ടി പണിക്കരും ഇക്കരെ കൊട്ടിയൂരിലെ ബലിബിംബങ്ങളുമായി പാലോന്നം, പടിഞ്ഞിറ്റ എന്നീ നമ്പൂതിരിമാരും ചപ്പാരംവാളു കളുമായി വാളശ്ശൻമാരും എല്ലാം ചേർന്ന് ഭണ്ഡാരം തിരിച്ചെഴുന്നള്ളത്ത് ആരംഭിക്കുന്നു. ഇക്കരെ ക്ഷേത്രത്തിലെത്തി ബലിബിംബങ്ങൾ ശ്രീകോവി ലിൽ എഴുന്നെള്ളിച്ചുവെയ്ക്കുന്നു. അപ്പോഴേക്കും യാത്രാബലി പാമ്പറപ്പാൻ തോടിനടുത്തെത്തി ഹവിസ്സ് അർപ്പിച്ച് കോഴിക്കോട്ടിരി സ്വഭവനത്തി ലേക്ക് മടങ്ങുന്നു. പന്തക്കിടാങ്ങൾ ഹവിസ്സ് നിറ ച്ചിരുന്ന പാത്രവുമായി (കായട്ട) തിരിച്ചെത്തിയാൽ ഭണ്ഡാരവും ചപ്പാരം വാളുകളും അടിയന്തിര യോഗവും എല്ലാംചേർന്ന് മണത്തണയിലേക്ക് പുറപ്പെടുന്നു. ഭണ്ഡാരം മണത്തണ കരിമ്പന ഗോപുരത്തിലും ഭഗവതിയുടെ ഉടവാളുകൾ ചപ്പാരം ക്ഷേത്രത്തിലും തിരിച്ചെഴുന്നള്ളിക്കുന്ന ഈ ചടങ്ങോടെ ഇരുപത്തിയേഴുദിവസം നീണ്ടുനിന്ന വൈശാഖോൽസവത്തിന് തിരശ്ശീല വീഴുന്നു...

മുതിരേരി വാൾ മടങ്ങി. ഭണ്ഡാരങ്ങളും ബലി ബിംബങ്ങളും പരാശക്തിയുടെ വാളുകളും അടിയന്തിരക്കാരും ബാവലിപ്പുഴ കടന്നു. ഉത്സവ സമാപനത്തലേന്ന് പൂജകളും വിശേഷാഭിഷേകങ്ങളും ശീവേലിയും താല്കാലികമായി നിലയ്ക്കും,.

പൂർണ്ണ പുഷ്പാഞ്ജലിക്ക് ശേഷം മുഖ്യ തന്ത്രി പാമ്പറപ്പാൻ തോട് വരെ ഹവിസ്സ് തൂവി, കൈവട്ടക അവിടെ വച്ച് തിരിഞ്ഞുനോക്കാതെ കൊട്ടിയൂർ വിടും. പിന്നീട് സ്ഥാനികർ അഷ്ടബന്ധം കൊണ്ട് സ്വയം ഭൂലിംഗം മൂടുന്നു.

**വറ്റടി**: സമാപന ദിവസ പിറ്റേന്ന് വറ്റടി എന്ന ചടങ്ങോടെ അക്കരെ സന്നിധാനം ദേവന്മാർക്ക് മാത്രമാകും. ചോതി നാളിൽ പിടഞ്ഞീറ്റ, ഉഷക്കാമ്പ്രം എന്നീ സ്ഥാനികരാണ് വറ്റടി എന്ന ചടങ്ങ് നടത്തുന്നത്. വറ്റടി എന്നത് മണിത്തറയിലെ സ്വയംഭൂ അഷ്ടബന്ധത്താൽ മൂടുന്ന ചടങ്ങാണ്. ഈ വിശേഷാൽ ചടങ്ങു നടത്തുന്നത് പടിഞ്ഞീറ്റ നമ്പൂതിരിയും ഉഷക്കാമ്പ്രം നമ്പൂതിരിയുമാണ്. സന്നിധാനത്ത് ഒരു ചെമ്പ് ചോറ് വെച്ച് നിവേദിക്കുന്നു. ഇത് ഒറ്റപ്പിലാൻ സ്ഥാനികന് നൽകുന്നു. സ്വയംഭൂ ആദ്യ പകുതി മൂടി ഉഷക്കാമ്പ്രം ഇക്കരെ വന്നാൽ പടിഞ്ഞീറ്റ നമ്പൂതിരി അക്കരെ പോയി ബാക്കി കൂടി പൂർത്തിയാക്കി മടങ്ങുന്നതോടെ വറ്റടി പൂർത്തിയാവുന്നു.

ഇനി അടുത്ത 11 മാസത്തെ കാത്തിരിപ്പ്. അടുത്ത വൈശാഖം വരെ മനുഷ്യപ്രവേശനം ഇല്ലാത്ത സന്നിധാനം ഒറ്റപ്പിലാൻ കയ്യേൽക്കും. വറ്റടി നാളിലെ നിവേദ്യത്തിന്റെ അവകാശിയും ഒറ്റപ്പിലാൻ ആണ്. മിഥുനചോതിയിലെ വറ്റടി ചടങ്ങുകൾക്കു ശേഷം സ്ഥാനികർ തിരിച്ചു പോകുന്നു. പിന്നീട് പതിനൊന്നു മാസക്കാലം മനുഷ്യപ്രവേശമില്ലാതെ ഈ യാഗഭൂമി കാടുമൂടിക്കിടക്കും. അടുത്ത വർഷത്തെ വൈശാഖോൽസവം തുടങ്ങുന്ന സമയംവരെ ഈ യാഗ ഭൂമിയിൽ ദേവപൂജ നടക്കുന്നുവെന്ന വിശ്വാസത്തോടെയുള്ള ഒരു ജനതയുടെ കാത്തിരിപ്പ്. പെരുമാളുടെ തൃക്കലശ്ശാട്ട് കഴിഞ്ഞുള്ള പതിനൊന്ന് മാസക്കാലം മണിത്തറയും അക്കരക്കൊട്ടിയൂരും കട്ടൻ പുറങ്കലയന്റെ അധീനതയിലായിരിക്കും. പതിനൊന്നു മാസക്കാലം അക്കരെ കൊട്ടിയൂരിൽ നിശബ്ദത കളിയാടും.

**ഓടപ്പൂവ്**: കൊട്ടിയൂർ ഉൽസവത്തിലെ ഏറ്റവും വലിയ കൗതുകവും ആകർഷണവുമാണ് കൊട്ടിയൂരിൽ മാത്രം ലഭിക്കുന്ന ഓടപ്പൂവ്. ദർശനം കഴിഞ്ഞു മടങ്ങുന്നവർ ഓടപ്പൂവ് ഒരെണ്ണമെങ്കിലും സ്വന്തമാക്കിയിരിക്കും. കൊട്ടിയൂർ ദർശനത്തിന്റെ സന്തോഷം

കൊട്ടിയൂരിൽ എത്താത്തവരുമായി പങ്കിടാൻ ഓടപ്പൂവ് സമ്മാനമായി നൽകുകയും ചെയ്യും. ഭൃഗു മുനിയുടെ വെളുത്ത താടിയെയാണ് ഓടപ്പൂ ഓർമ്മി പ്പിക്കുന്നത്.

ഓടപ്പൂവിന്റെ നിർമ്മാണം ഏറെ അധ്വാനമുള്ള ജോലിയാണ്. ഓട വെള്ളത്തിലിട്ട ശേഷം എടുത്ത് ഇടിച്ചു ചതച്ചശേഷം വീണ്ടും വെള്ളത്തിലിട്ടു കറ കളയും. കറ കളയാത്തപക്ഷം പൂവിനു മഞ്ഞനിറം ഉണ്ടാകും. വീണ്ടും അത് പിഴിഞ്ഞെടുത്ത് പൂവിന്റെ രൂപത്തിലാക്കിയാണ് ദർശനത്തിനെത്തുന്ന ഭക്തൻ മാർക്ക് നൽകുന്നതിനായി സൂക്ഷിക്കുന്നത്. ദിവസ ങ്ങളുടെ അധ്വാനം വേണം ഓടപ്പൂവ് നിർമ്മിക്കാൻ. ഒരുകാലത്ത് പരക്കെയുണ്ടായിരുന്ന ഓടക്കാടുകൾ കൊട്ടിയൂരിൽനിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞു. കൊട്ടിയൂർ ഭഗവാനെ ആദിവാസികൾ വിളിക്കുന്നത് തന്നെ 'ഓടക്കാടച്ഛൻ' എന്നാണ്.

ദക്ഷയാഗത്തിനു നേതൃത്വം നൽകിയ ഭൃഗു മുനിയുടെയും മറ്റ് മുനിമാരുടെയും താടി രോമ ങ്ങളാണ് ഓടപ്പൂവ് എന്നാണ് വിശ്വാസം. ശിവ ഭൂതങ്ങളുടെ തലവൻ വീരഭദ്രനും സംഘവും യാഗം തകർക്കാൻ എത്തിയപ്പോൾ ഭൃഗുമുനിയുടെയും മറ്റ് മുനിമാരുടെയും താടിരോമങ്ങൾ പിഴുതെറിഞ്ഞ താണ് ഓടപ്പൂവായി മാറിയതെന്ന് കരുതപ്പെടുന്നു.

## അഭിനന്ദനങ്ങൾ



എം.ജി. യൂണിവേഴ്സിറ്റി യിൽ നിന്നും എം.എ. മൃദംഗം ഒന്നാം റാങ്കു നേടിയ **ജിഷ്ണു ആർ. വർമ്മ** (ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈനാർട്സ്). അനന്തപുരം കൊട്ടാരത്തിലെ കെ. രാഘവ വർമ്മയുടെയും (റിട്ട. ഗണിത ശാസ്ത്ര അദ്ധ്യാപകൻ, കിളി മാനൂർ ആർ.ആർ.വി.ജി.എച്ച്. എസ്.) സി. അംബിക വർമ്മ (വയലിൻ ഗസ്റ്റ് ലക്ചറർ, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ) യുടെയും മകനും, നെടുവക്കാട്ട് കോവി ലകത്തെ എസ്. രവിവർമ്മയുടെയും നെടുമ്പള്ളി കോവിലകത്തെ സി. ചന്ദ്രമതി തമ്പുരാട്ടിയുടെയും കൊച്ചുമകനുമാണ്.

കൊട്ടിയൂരിൽ വൈശാഖ ഉൽസവത്തിന് എത്തുന്ന ഭക്തർക്ക് ഓടപ്പൂവ് ഒരു കൗതുകവും കൊട്ടിയൂരിന്റെ മാത്രം പ്രത്യേകതയും മാത്രമല്ല, അടുത്തവർഷം വൈശാഖമാസം വരെയുള്ള ഐശ്വര്യത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ്.

**ലേഖനവിരാമം:** ത്രിമൂർത്തികളുടെയും, ദേവീദേവ ന്മാരുടെയും അതീവസാന്നിദ്ധ്യമുള്ള ഈ ദക്ഷ യാഗഭൂമിയുടെ മാഹാത്മ്യങ്ങൾ പറഞ്ഞാൽ തീരാ ത്തതാണ്. പറഞ്ഞുതീർക്കാൻ പറ്റുന്ന ചടങ്ങുകളിൽ ഒതുങ്ങുന്നതല്ല ഈ ദേവഭൂമിയുടെ ഓരോരോ വിശേ ഷങ്ങളും മാഹാത്മ്യങ്ങളും. വ്യത്യസ്തമാർന്നതും പ്രകൃതിയുമായി ഇണങ്ങിച്ചേർന്നതുമായ ആചാരാ നുഷ്ഠാനങ്ങളാലും വിവിധ സമുദായക്കാരുടെ കൂട്ടായ്മയിൽ നടക്കുന്ന അത്യപൂർവ്വമായ ചടങ്ങുക ളാലും പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ചുറ്റുപാടുക ളാലും ബാവലിപ്പുഴയുടെ സാമീപ്യത്താലും തിമിർത്തുപെയ്യുന്ന മഴയുടെ സാന്നിദ്ധ്യത്താലും സർവ്വോപരി ശ്രീപരമേശ്വരന്റെയും ശ്രീ ഭഗവതിയു ടേയും അനുഗ്രഹത്താലും പരിപാവനമായ ഈ യാഗഭൂമിയിലെ വൈശാഖ മഹോൽസവത്തിൽ പങ്കെടുക്കാനും ദേവീദേവന്മാരുടെ അനുഗ്രഹം നേടാനും കഴിയുകയെന്നത് ഒരു മനുഷ്യജന്മത്തിൽ അപൂർവ്വമായി ലഭിക്കുന്ന സുകൃതങ്ങളിൽ ഒന്നുമാത്ര മാണെന്ന് നിസ്സംശയം പറയാം. ഗിരീശന്റെ അത്ഭുത ലീലകൾ വർണ്ണിപ്പാൻ ഒരു ജന്മം മുഴുവനും ശ്രമി ച്ചാലും മതിയാവില്ല. എങ്കിലും വാരിധിയോളം നിറഞ്ഞുനിൽക്കുന്ന മഹിമകളിൽനിന്ന് ഒരു ചെറു തുള്ളി പകർന്നെടുത്ത് ഈ ലേഖനത്തിലൂടെ കുറച്ചുപേരിലെങ്കിലും എത്തിക്കാൻ സാധിച്ചതിൽ അതീവ കൃതാർത്ഥതയുണ്ട്, സന്തോഷമുണ്ട്. എഴു തിയതിൽ എന്തെങ്കിലും തെറ്റുകുറ്റങ്ങൾ സംഭവി ച്ചിട്ടുണ്ടെങ്കിൽ സർവ്വാപരാധം പൊറുക്കണമെന്ന് പരബ്രഹ്മമൂർത്തിയായ ഭഗവാനോടും ഈ ലേഖനം ക്ഷമാപൂർവ്വം വായിക്കുവാൻ മനസ്സുകാണിച്ച എന്നിലുപരി അറിവുള്ള സഹൃദരായ നിങ്ങളേ വരോടും ക്ഷമാപണത്തോടുകൂടി പ്രാർത്ഥിച്ചു കൊണ്ട് ആ ശക്തിചൈതന്യത്തെ മനസ്സിൽ നിറച്ചുകൊണ്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു...

'ശംഭോ രുദ്ര മഹാദേവ ശങ്കരരുദ്ര മഹാദേവ... ഹരഹര രുദ്ര മഹാദേവ ഗോവിന്ദാ ഹരി ഗോവിന്ദാ...'

*(കടപ്പാട്: കൊട്ടിയൂർ ക്ഷേത്ര അനൗദ്യോഗിക മുഖപുസ്തകം)*

# പി. രവിവർമ്മ-പുരസ്കാരം സമർപ്പിച്ചു



മികച്ച യാത്രാവിവരണത്തിനുള്ള പി. രവിവർമ്മ (ദിനേശ്) സ്മാരക പുരസ്കാരം 2025 ജൂലൈ 25 ന് പ്രൗഢഗംഭീരമായ സദസ്സിൽ വച്ച് എം.എൻ. സുഹൈബിന് സമർപ്പിച്ചു. അദ്ദേഹത്തിന്റെ 'അറേബ്യ, തുർക്കി-ഒരു യാത്ര' എന്ന പുസ്തകത്തെ മുൻനിർത്തിയാണ് പുരസ്കാരം.

അന്തരിച്ച പന്തളം രാജകുടുംബാംഗം രോഹിണി നാൾ അംബാലിക തമ്പുരാട്ടിക്ക് അനുശോചനം അർപ്പിച്ചുകൊണ്ടാണ് യോഗം ആരംഭിച്ചത്. കെ.സി. ഗിരീഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. ഡോ. ഗിരീഷ് അനുശോചന പ്രമേയം അവതരിപ്പിച്ചു. രോഷ്നി വർമ്മ ഈശ്വരപ്രാർത്ഥന നടത്തി. ബഹു. കേരള കൃഷിമന്ത്രി പ്രസാദ് ഉദ്ഘാടനം നിർവ്വഹിച്ചു. അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ രവിവർമ്മയെയും അദ്ദേഹത്തിന്റ രചനകളെയും സഞ്ചാരങ്ങളെക്കുറിച്ചും സംസാരിച്ചു. തുടർന്ന് പുരസ്ക്കാരാർഹമായ പുസ്തകത്തിലേക്കു കടന്ന് പുസ്തകത്തെക്കുറിച്ചുള്ള തന്റെ അഭിപ്രായം വിശദമാക്കി. പിന്നീട് യാത്രകളിലുടെ മനുഷ്യൻ സൃഷ്ടിച്ചെടുത്ത പുരോഗതികളുടെയും സംസ്കാരങ്ങളുടെയും സാമൂഹ്യ-രാഷ്ട്രീയ ബോധത്തിന്റെയും കാര്യങ്ങളിലേക്കായി; വായനയുടെ മഹത്വത്തിലേക്കായി; പിന്നെ കൃഷിയെ സംബന്ധിച്ചായി. മഴത്താളത്തെ നിഷ്പ്രഭമാക്കിയ ഒരു താളത്തിൽ ആ മനോഹരമായ പ്രസംഗം ഏറെ ഒഴുകി.

മന്ത്രിയുടെ വളരെ വിശദമായ പ്രസംഗത്തിനു ശേഷം ഫോക്‌ലോർ അക്കാദമി അദ്ധ്യക്ഷൻ ഒ.എസ്. ഉണ്ണികൃഷ്ണൻ സംസാരിച്ചു. ഹൃദ്യമായ ഒരു സംഭാഷണത്തിൽ പുരാണങ്ങളും ഇതിഹാസങ്ങളും എങ്ങനെ സഞ്ചാര സാഹിത്യങ്ങളാകുന്നു എന്നതിനെപ്പറ്റിയും ഗോത്രങ്ങളുടെ സഞ്ചാരവും അധിനിവേശങ്ങൾ എങ്ങനെ അവരുടെ യാത്രകളെ നിശബ്ദരാക്കി എന്നതിനെക്കുറിച്ചും സംസാരിച്ചു.

ആശംസാപ്രസംഗത്തിൽ രവിവർമ്മയുടെ സഹപ്രവർത്തകനായ സലിൻ മാങ്കുഴി, വർമ്മയുടെ ഒരു വാങ്മയ ചിത്രം വരച്ചു. സരസമായ പ്രസംഗത്തിൽ തന്റെ രവിവർമ്മ അനുഭവങ്ങൾ അദ്ദേഹം വിശദീകരിച്ചു. തുടർന്ന് രവിവർമ്മ തമ്പുരാനും സുഭാഷ് വലവൂരും സംസാരിച്ചു. പുരസ്കാര നിർണ്ണയത്തിന്റെ നാൾവഴി തന്റ ലഘു പ്രസംഗത്തിൽ സുഭാഷ് അവതരിപ്പിച്ചു. രവിവർമ്മ തമ്പുരാൻ ലഘു പ്രസംഗത്തിൽ രവിവർമ്മയെ അനുസ്മരിച്ചു.

പുരസ്കാര സമിതി കൺവീനർ ജയകുമാര വർമ്മ ആർ.കെ. അതിഥികൾക്ക് ഉപഹാരം നൽകി ആദരിച്ചു. പുരസ്കാര ജേതാവ് എം.എൻ. സുഹൈബ് മറുപടി പറഞ്ഞു. രവിവർമ്മയുടെ പത്നി മനോരമ തമ്പാട്ടി കൃതഞ്ജത രേഖപ്പെടുത്തി

## അഭിനന്ദനങ്ങൾ



കൊച്ചി സഹോദയ സി.ബി.എസ്.ഇ. കലോത്സവത്തിൽ വിഭാഗം 4-ൽ ഭരതനാട്യത്തിലും കുച്ചിപ്പുടിയിലും ഒന്നാം സ്ഥാനവും ശാസ്ത്രീയ സംഗീതത്തിൽ രണ്ടാം സ്ഥാനവും പങ്കെടുത്ത ഗ്രൂപ്പ് ഇനങ്ങളായ തിരുവാതിരയിൽ രണ്ടാം സ്ഥാനവും ദേശഭക്തിഗാനത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കിയ **മീനാക്ഷി എസ്. വർമ്മ**. ഭരതനാട്യത്തിനും കുച്ചിപ്പുടിക്കും സ്വയം ചിട്ടപ്പെടുത്തി ആലപിച്ച വരികൾക്കാണ് ചുവടുവച്ചത്. എറണാകുളം മംഗളമഠം സതീഷ് വർമ്മയുടെയും പൂഞ്ഞാർ കൊട്ടാരത്തിൽ ദീപ വർമ്മയുടെയും മകളാണ്.

ലേഖനം



# നവരാത്രിപ്പെരുമ

**പ്രഭാകര വർമ്മ**
ബാലുശ്ശേരി, മൊ. 9048746359

അഖണ്ഡ ഭാരതത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക പൈതൃകത്തിന്റെ ഉജ്ജ്വലമായ ഓർമ്മപ്പെടുത്തലാണ് കൊല്ലംതോറും അരികിലണയുന്ന ഓരോ നവരാത്രി ആഘോഷവും. ഭൂമിശാസ്ത്രപരമായ വ്യതിയാനങ്ങൾക്കനുസരിച്ച് ഹൈന്ദവാചാരങ്ങൾ വിഭിന്നമായതിനാൽ നവരാത്രിയാഘോഷങ്ങൾക്കും വൈവിധ്യ ഭാവങ്ങൾ ഉണ്ട്. കേരളത്തിൽ നവരാത്രി നാളുകൾ വിദ്യാരംഭത്തിന്റേതാണെങ്കിൽ തൊട്ടടുത്ത തമിഴ്നാട്ടിൽ കൊലുവെയ്പ്പിന്റെയും കർണ്ണാടകയിൽ ദസറയുടെയും ബംഗാളിൽ ദുർഗ്ഗാപൂജയുടെയും ഉത്തരേന്ത്യയിൽ രാമലീലയുടെയും ഉത്സവ ദിനങ്ങളാണ്. ആചാരാനുഷ്ഠാനങ്ങളിൽ വൈവിധ്യങ്ങൾ പലതുണ്ടെങ്കിലും രാജ്യം ഒട്ടാകെ കൊണ്ടാടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഹൈന്ദവാഘോഷം തന്നെയാണ് നവരാത്രിയെന്ന് നിസ്സംശയം പറയാം.

സംസ്കൃതജന്യമായ 'നവരാത്രി' എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത് പത്തു പകലും ഒൻപതു രാവുമായി നടത്തുന്ന അസുലഭ സുന്ദരവും ഭക്ത്യാധിക്യവും ആനന്ദവും നിറഞ്ഞ ഉത്സവ നാളുകൾ എന്നതാണ്. ആ ദിവ്യ നാളുകളിലെ രാപകലുകൾ ഓരോന്നും ആത്മപരിശോധനയുടെയും ശുദ്ധീകരണത്തിന്റെയും നവീകരണത്തിന്റെയും നിമിഷങ്ങൾ നിറഞ്ഞതാണ്. അജ്ഞാനവും അന്ധകാരവുമകറ്റി വിജ്ഞാനദീപം തെളിക്കുന്ന അനശ്വര മുഹൂർത്തങ്ങളുമാണ് അത്.

കന്നിമാസത്തിലെ ശുക്ലപക്ഷത്തിൽ പ്രഥമ മുതൽ നവമി വരെയുള്ള ഒൻപതു നാളുകളിലാണ് നവരാത്രിയാഘോഷം നടത്തിവരുന്നത്. ശ്രീപാർവ്വതിയുടെയും ശ്രീലക്ഷ്മിയുടെയും സരസ്വതി ദേവിയുടെയും ചൈതന്യം ഒത്തുചേർന്ന് ആദിപരാശക്തിയായ ദുർഗ്ഗയുടെ രൂപത്തിൽ അവതരിച്ച് ത്രിമൂർത്തികളുടെ വരദാനങ്ങൾ കൈക്കൊണ്ട് കഠിന വ്രതത്തിലൂടെ, ആയുധാഭ്യാസത്തിലൂടെ, ശക്തിയും ജ്ഞാനവും ആർജ്ജിച്ച് അഹിംസാമൂർത്തിയായ മഹിഷാസുരനെ നിഗ്രഹിക്കുന്നതാണ് നവരാത്രിയുടെ പിന്നിലെ ഐതിഹ്യം.

നവരാത്രിയിലെ ആദ്യത്തെ മൂന്നു നാൾ ദുർഗ്ഗാദേവിയെ പാർവ്വതിയായും പിന്നീടുള്ള മൂന്നു ദിവസം മഹാലക്ഷ്മിയായും അവസാനത്തെ മൂന്നു നാൾ സരസ്വതിയായും സങ്കല്പിച്ച് വിദ്യാരംഭ നാളുകളിൽ പൂജ നടത്തിവരുന്നു. ദിവ്യചൈതന്യവത്തായ ദുർഗ്ഗാദേവിയുടെ ഒൻപത് ഭാവങ്ങളെ ഒൻപതു രൂപത്തിലും ഒൻപത് നിറത്തിലും ആരാധിക്കുന്നു. ഇത് ശൈലപുത്രിയിൽ തുടങ്ങി സിദ്ധിധാത്രിയിൽ അവസാനിക്കുന്നു. (ശൈലപുത്രി, ബ്രഹ്മചാരി, ചന്ദ്രഘണ്ഡ, കൂശ്മാണ്ഡ, സ്കന്ദമാത, കാർത്ത്യായനി, കാളരാത്രി, മഹാഗൗരി, സിദ്ധിഗാത്രി).

ദേവീ ഉപാസകർക്ക് ഏറ്റവും വിശേഷപ്പെട്ട ആഘോഷം തന്നെയാണ് നവരാത്രി. കാരണം അവരുടെ മനസ്സിലെ ഉപാസനാമൂർത്തിക്ക് കൂടുതൽ ഊർജ്ജം നൽകുവാനും ശക്തി പകരുവാനും ധ്യാനത്തിലൂടെയും പൂജാദി കർമ്മങ്ങളിലുള്ള പങ്കാളിത്തം മുഖേനയും വ്രതാനുഷ്ഠാനങ്ങളിലൂടെയും കഴിയുന്നു. ഓരോ ദിവസവും ഓരോ ഭാവത്തിലായി മരുവുന്ന ദുർഗ്ഗാദേവിയെ ഒൻപതു ദിവസവും ധ്യാനിച്ചാൽ ദുർഗതി നിവാരിണിയും ദുഃഖനാശിനിയുമായ ദേവി അഭീഷ്ട സിദ്ധിദായികയായി അനുഗ്രഹാശിസ്സുകൾ ചൊരിയുന്നതാണ്. തിന്മയുടെയും പ്രാകൃതത്ത്വത്തിന്റെയും മൂർത്തീഭാവമായ അജ്ഞാനത്തെ നീക്കി ജ്ഞാനദീപം തെളിക്കുന്നതാണ്.

കേരളത്തിലെ പ്രശസ്തമായ ഒട്ടുമിക്ക ആരാധനാലയങ്ങളിലും നവരാത്രി നാളുകളിൽ ദിവസവും വാദ്യഘോഷങ്ങളോടെ പൂജാദികർമ്മങ്ങൾ നടത്താറുണ്ടെങ്കിലും അവസാനത്തെ മൂന്ന് നാളുകൾക്കാണ് കൂടുതൽ പ്രാധാന്യം നൽകാറുള്ളത്. അഷ്ടമി, നവ

മി, ദശമി എന്നീ മൂന്ന് നാളുകളിൽ ആയുധപൂജ എന്ന സങ്കൽപ്പത്തിൽ സരസ്വതി ദേവിയെയാണ് ആരാധിക്കാറ്. അഷ്ടമി നാൾ വൈകുന്നേരം ഗ്രന്ഥങ്ങളും നവമി നാൾ ആയുധങ്ങളും ദേവിക്ക് മുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ദശമി നാൾ രാവിലെ വിദ്യാദേവതയായ സരസ്വതിയെയും വിഘ്നേശ്വരനായ ഗണപതിയെയും പൂജിച്ച് തൃപ്തിപ്പെടുത്തി അവരുടെ അനുഗ്രഹങ്ങൾ വാങ്ങി വിദ്യയും കർമ്മവും തുടങ്ങുന്നു. അഷ്ടമി നാളിലെ പൂജ കഷ്ടപ്പാടുകളും ദോഷങ്ങളും നീക്കാനുള്ളതാണെങ്കിൽ നവമിയിലെ പൂജ ഐശ്വര്യവും ധനലാഭവും അഭിവൃദ്ധിയും ഉണ്ടാകുവാനും ദശമി നാളിലെ പൂജ, വിദ്യയും ബുദ്ധിയും കർമ്മസിദ്ധിയും ഭാഗ്യവും നേടാനും ഉത്തമമാണെന്നും വിശ്വസിക്കപ്പെടുന്നു.

ജീവിതത്തിന്റെ സകല മേഖലകളിലും പ്രവർത്തിക്കുന്ന മനുഷ്യർ അവരവരുടെ തൊഴിലുപകരണങ്ങളും തൂലികയും പുസ്തകങ്ങളും ജീവസന്ധായിനിയായ പ്രകൃതി മാതാവിന്റെ മുമ്പിൽ സമർപ്പിച്ച് നവീകരിച്ചെടുക്കുന്നതാണ് നവരാത്രിയുടെ പിന്നിലെ സങ്കൽപ്പം. കൊല്ലംതോറും നടത്തുന്ന ഈ പ്രക്രിയ (സംസ്ക്കരണം, നവീകരണം) യിലൂടെ അജ്ഞാനവും അവിദ്യയും കൊണ്ട് നിറഞ്ഞ അന്ധകാരത്തെ അകറ്റി വിദ്യയുടെ പ്രകാശത്തെ തെളിക്കുന്നു. ഹൈന്ദവ വിശ്വാസ പ്രകാരം സകല കലകളുടെയും വിജയത്തിന്റെയും ആരാധനയുടെയും വിദ്യാരംഭത്തിന്റെയും ഉത്സവമായ നവരാത്രി വരുംകാലങ്ങളിൽ കൂടുതൽ കേമമായി കൊണ്ടാടപ്പെടുമെന്നും അതിലൂടെ നവ നവ ഉന്മേഷശാലിയായിത്തീരുന്ന മാനവപ്രതിഭ ഇനിയും ഇവിടെ പുത്തൻ വിജ്ഞാന ലോകങ്ങൾ പണിയുമെന്നും നമുക്ക് ആശിക്കാം. ഒപ്പംതന്നെ ശ്രീമദ് ദേവീഭാഗവതത്തിൽ പ്രതിപാദിച്ച വരികൾ കൂടി എന്നും മനസ്സിൽ ഓർക്കാം.

'മഹാപാപങ്ങൾ ചെയ്തോനും
നവരാത്രി വ്രതത്തിനാൽ
പാപങ്ങളെല്ലാം തീർന്നൊനായ്
ഭവിക്കും ശങ്കയില്ലതിൽ' ●

## നടനതിലകം പുരസ്ക്കാരം



ശ്രീ ഗുരുഗോപിനാഥ് ട്രസ്റ്റിന്റെ നടനതിലകം പുരസ്കാരത്തിന് അർഹയായ **കാഞ്ചന കെ. വർമ്മ.** കേരള കലാമണ്ഡലം കൂത്തമ്പലത്തിൽ വെച്ച് നടന്ന ചടങ്ങിൽ ആദരണീയനായ പദ്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ ആണ് പുരസ്കാരം നൽകി ആദരിച്ചത്. പ്ലസ് വൺ വിദ്യാർത്ഥി നിയായ കാഞ്ചന പന്തളം ആതിര നാട്യ അക്കാദമിയിലെ വനജ മനോഹറിന്റേയും ആതിര അരുണിന്റേയും ശിഷ്യയാണ്. ഭരതനാട്യം, കുച്ചിപ്പുടി, കേരളനടനം, മോഹിനിയാട്ടം എന്നിങ്ങനെ നൃത്തരൂപങ്ങൾ ചെയ്തുവരുന്ന കാഞ്ചന പന്തളം നാലുകെട്ട് കൊട്ടാരത്തിൽ (സാകേതം) കെ.ആർ. കേരള വർമ്മയുടെയും പള്ളത്ത് കൊട്ടാരത്തിൽ സീതാലക്ഷ്മി വർമ്മയുടെയും മകളാണ്.

## അഭിനന്ദനങ്ങൾ



അമൃത വിശ്വവിദ്യാലയത്തിൽ നിന്ന് (കോയമ്പത്തൂർ) Bachelor of Science in Agriculture - First Class-ൽ പാസ്സായ **ആർദ്ര എസ്. വർമ്മ.** നല്ല ഒരു നർത്തകി കൂടിയാണ്. തിരുവല്ല യൂണിറ്റിലെ സന്തോഷ് വർമ്മയുടെയും ശ്രീകലാ വർമ്മയുടെയും മകളാണ്.

# KEDARNATH



**Sreedevi Ram Pandalai**
Chicago

*(Continued from previous issue.)*

As the evening descended, so did the temperatures. Layers of clothing were added to combat the chill and then, as the last light of day lingered, the first vision of the Kedarnath temple emerged through the mountain mist. Tears welled up, not just from the physical exertion but from the overwhelming sense of accomplishment and the spiritual significance of the moment.

At an awe-inspiring altitude of 11, 755 feet, Kedarnath temple stood as a beacon of spirituality amidst the majestic Himalayan peaks. The temperature, hovering at a chilly 5 degrees Celsius, added a touch of divine austerity to the surroundings. Approaching the temple at this elevated perch, everything else paled in comparison to the sheer majesty of the sacred edifice. The view was just a visual feast!

As the evening descended upon the sacred enclave of Kedarnath, a serene ambience enveloped the pilgrimage site. Campfires flickered, casting a comforting glow that not only served the practical purpose of keeping pilgrims warm but also added an ethereal touch to the mountainous landscape. The view of the Mandakini River, originating from the sacred heights of Kedarnath, added a perfect backdrop to the evening—a reminder of the divine source that nourishes the land and the soul. With the practicalities of warmth and accommodation sorted, the attention turned towards the spiritual heart of Kedarnath—the temple. The timing aligned with the Aarti—an evening ritual of worship with the sounds of bhajans and chanting creating a harmonious symphony of devotion. All that could be heard was the rhythmic repetition of “Har Har Mahadev”, a mantra that reverberated through the Himalayan valleys.

The evening culminated with a quick yet profound darshan of Bholenath—the Lord of Kedarnath. Having glimpsed the sacred deity, we retired for the night, the echoes of the Aarti and the divine presence lingering in our hearts. The simplicity of the night was embellished with the warmth of hot chapatis and dal—a humble yet nourishing meal. The anticipation of the following day added a layer of sacred excitement. The Pooja booked for 3 am held the promise of an intimate communion with the divine. The prospect of performing abhishekam—the ritualistic bathing of the deity—and seeking blessings in the early hours of the morning filled me with a sense of reverence and awe.

The much-anticipated morning arrived, and at 3 am, my mother and I reached near the temple door. Despite the biting cold, there was a warmth in our hearts, a joyous anticipation of being in the presence of the Lord. As the temple doors opened, we were ushered in, stepping into the hallowed space we felt the sacred energy and the cold was forgotten in the radiant presence of the Lord.

Being held close to the deity, a participant in the sacred ritual of Abhishekam, was a moment

of profound happiness. The pouring of holy water and the rhythmic chants seemed to create a cocoon of peace around you. As the holy waters cascade over the divine form, it symbolizes a moment where the devotee offers their love and reverence to the Lord. After the Abhishekam, we chose to sit in meditation. In those silent moments, time seems to stand still, and the external world fades away, allowing the inner sanctuary of the soul to connect with the divine.



The time to bid farewell to Kedarnath arrives. As you capture the essence of the temple in photographs, each snapshot becomes a cherished memento. The departure from Kedarnath is a poignant moment, marked by a mix of emotions—gratitude for the divine experience, contentment from the spiritual fulfillment, and a tinge of nostalgia for the sacred moments spent in the lap of the Himalayas. The journey back retraces the path through which you ascended, each step a reminder of the sacred landscapes, the rhythmic chants, and the timeless energy that linger in the mountainous air.


The descent from Kedarnath brings a sense of fulfillment and the beginning of the return journey, as you navigate the winding paths and retrace the steps that led you to the sacred temple in the heart of the Himalayas. At Sonprayag, where the journey to Kedarnath began, we reunited with our driver and the vehicle that patiently awaited our return. Leaving the mountainous terrain behind, the journey now turns towards the spiritual towns of Rishikesh and Haridwar, situated along the banks of the holy Ganges River.

Stopping at Devprayag on the return journey adds a meaningful pause to the travelog. Devprayag, with its stunning landscape, becomes a significant waypoint as the rivers Alaknanda and Bhagirathi converge to form the sacred Ganges. The visual contrast between the blue-colored Bhagirathi and the muddy-hued Alaknanda creates a mesmerizing spectacle. Witnessing this divine union at Devprayag is not just a geographical observation but a symbolic recognition of the sacred confluence that gave birth to the holiest river in Hinduism—the Ganges.

As the wheels carry you to Rishikesh, the iconic bridges—Ram Jhoola, Laxman Jhoola, and Janaki Jhoola—come into view. Each bridge carries a tale from ancient scriptures, and witnessing them becomes a connection to the mythological past. Guided by Mr. Sunil, our driver, we reached a spot known for its breathtaking view of the Triveni Sangam. Descending a hundred steps, the anticipation builds, and as you step into the open area, the fierce Ganges reveals itself in all its majesty. The sight is not just a visual treat; it's a powerful encounter with the elemental force of the river.

The Ganges, flowing in its length and breadth, becomes a force of nature that transcends the ordinary. The visual impact is so overwhelming that words alone cannot capture the intensity of the moment. The river, carrying the energy of the mountains and the sacred confluence, roars with a primal power, leaving an indelible mark on your senses. Unable to contain the impact of the visual spectacle, we experience a surge of emotions. The sacred confluence of the Triveni Sangam becomes not just a geographical point but a rendezvous with the sublime—an encounter that transcends the physical and touches the depths of the soul. The pilgrimage,

which began in the heights of Kedarnath, now stands at the banks of the Ganges. The visual power of the river becomes a part of the pilgrimage's visual diary, a memory etched in



the heart, and a testament to the transformative power of nature and spirituality.

Bringing Ganga water in a bottle is a beautiful and symbolic gesture, a way of spreading the blessings and the divine energy acquired during the pilgrimage. In this act of sharing, the Ganges becomes a river that flows not just through the northern plains but through the hearts of those who receive its sacred waters in Kerala.

Heading back home to Cochin marks the culmination of a sacred journey—a journey that traversed the heights of Kedarnath, the confluence at Devprayag, and the banks of the mighty Ganges. The flight from Delhi becomes a transition from the northern plains to the southern shores. As you step onto the familiar soil of Cochin, the journey becomes a complete circle that began with a calling to Kedarnath and found its culmination in the embrace of home. The journey to Kedarnath was a testament to the love, support, and connections that bind you with those who played pivotal roles in making this pilgrimage possible.

First and foremost, my husband stands as a pillar of support and love, embracing your decisions and standing right by your side when the call to Kedarnath echoed. His unwavering support becomes a foundation on which the pilgrimage is built.

Sajish, the loving friend with intimate knowledge of Kedarnath, becomes a guide and on-call support, ensuring that every step of the journey is safe and sound. His assistance transforms the pilgrimage into a shared endeavor, where the collective knowledge and care contribute to the sacred experience.

My brother, against all odds, becomes a beacon of determination, ensuring that the trip to Kedarnath becomes a reality.

And then, there's a heartfelt acknowledgement and love sent to my mother and late father. Their presence, though one in spirit, becomes a constant companionship throughout the journey. Travelling the world in their memory becomes not just a physical act but a spiritual homage, a way of keeping their love alive in every step taken.

The journey to Kedarnath, when viewed through the lens of these relationships, becomes a collective endeavor—a journey enriched by the love, support, and memories shared with those who walked alongside you, both physically and in spirit. It's a journey that extends beyond the geographical landscapes, reaching into the realms of love, connection, and the enduring bonds that define the sacredness of life's pilgrimage. ●

വായന ശീലമാക്കൂ...
ക്ഷാത്രസ്പന്ദനം വരിക്കാരാകൂ...

# ശതാഭിഷേക മംഗളാശംസകൾ



തൃപ്പൂണിത്തുറ, വടക്കേക്കോട്ട, മഹേഷ് നഗർ, 'സൗപർണ്ണിക'യിൽ പരേതനായ പ്രൊഫസ്സർ **റ്റി.കെ. ഭാസ്ക്കര വർമ്മ**യുടെ പത്നി **ശ്രീമതി കെ.ബി. ഹൈമവതി ബായി തമ്പുരാട്ടി**യുടെ ശതാഭിഷേകം 2025–ാം ആണ്ട് ആഗസ്റ്റു മാസം 1–ാം തീയതി (1200–ാം ആണ്ട് കർക്കിടക മാസം 16–ാം തീയതി) വെള്ളിയാഴ്ച്ച ചോതി നക്ഷത്രത്തിൽ തൃപ്പൂണിത്തുറ കളിക്കോട്ട പാലസിൽ വച്ച് പിറന്നാൾ ഹോമം, വിഷ്ണു പൂജ, അഭിഷേകം മുതലായ ചടങ്ങുകളോടെ മക്കളുടേയും മരുമക്കളുടേയും പേരക്കുട്ടികളുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ സമുചിതമായി ആഘോഷിച്ചു.



# വിവാഹ മംഗളാശംസകൾ

ചേർത്തല വട്ടയ്ക്കാട്ടു കോവിലകത്ത് സതീഷ്കുമാറിന്റെയും ഇടപ്പള്ളി കോശ്ശേരി മഠത്തിൽ പരേതയായ ആശാ സതീഷ്കുമാറിന്റെയും മകൻ **അശ്വിൻ വർമ്മയും** കോഴിക്കോട് മണാശ്ശേരി പാലക്കടവത്ത് പൃഥ്വിരാജിന്റെയും ഗേളിയുടെയും മകൾ **രാഗ്ജയും** തമ്മിലുള്ള വിവാഹം 2025 സെപ്റ്റംബർ 12–ാം തീയതി കോഴിക്കോട് എരഞ്ഞിപ്പാലത്തുള്ള ആശിർവാദ് കൺവെൻഷൻ സെന്ററിൽ വച്ച് സമംഗളം നടന്നു.









# വിവാഹ മംഗളാശംസകൾ



തിരുവനന്തപുരം തൈക്കാട് ജി 8 Gallery യിൽ ഡോ. സി.കെ. കൃഷ്ണദാസിന്റെയും (ചാഴൂർ കോവിലകം) പി.കെ. ബിന്ദു വർമ്മയുടെയും (തിരുവണ്ണൂർ കോവിലകം) മകൾ **പാർവ്വതി വർമ്മയും** തിരുവനന്തപുരം കിള്ളിപ്പാലം 2 A, Heera Four Pillars ൽ ഡോ. ആർ. അജയകുമാർ വർമ്മയുടെയും (കടപ്ര – മാന്നാർ വാക്കയിൽ കോയിക്കൽ) ലതാ വർമ്മയുടെയും (കണ്ണൂർ ചിറയ്ക്കൽ കോവിലകം) മകൻ **പ്രണവ് വർമ്മയും** തമ്മിലുള്ള വിവാഹം ഓഗസ്റ്റ് 31 ന് തിരുവനന്തപുരം മണ്ണന്തല സൂര്യപ്രഭാ കൺവെൻഷൻ സെന്ററിൽ വച്ച് സമംഗളം നടന്നു.



അഭിനന്ദനങ്ങൾ... ആശംസകൾ...

## അകത്തേപ്പുര കുടുംബാംഗങ്ങൾ

കോട്ടയ്ക്കകം, മാവേലിക്കര




അമ്മേ ശരണം...ദേവീ ശരണം...പത്തിയൂരമ്മേ ശരണം...

തിരുവിതാംകൂർ ദേവസ്വംബോർഡ്

മേജർ പത്തിയൂർ
ശ്രീ ദുർഗ്ഗാദേവീ മഹാക്ഷേത്രം



# പത്തിയൂർ നവാഹം

നാലാമത്

# പത്തിയൂരമ്മ പുരസ്കാരം

ഇത്തവണത്തെ പുരസ്കാരം
കലാമണ്ഡലം
ശ്രീകാന്ത്‌വർമ്മക്ക്



കലാമണ്ഡലം ശ്രീകാന്ത്‌വർമ്മ
പത്ത് വയസ്സു മുതൽ ചെണ്ടപഠനം
ഗുരുക്കന്മാർ അരിയന്നൂർ നാരായണൻ നമ്പൂതിരി
വാരണാസി മാധവൻ നമ്പൂതിരി
കലാമണ്ഡലം നാരായണൻ വാരണാസി
കലാമണ്ഡലത്തിൽനിന്നും കഥകളി ചെണ്ടയിൽ ഡിപ്ലോമ
പി.ജി.ഡിപ്ലോമ ഒന്നാം ക്ലാസ്സോടെ പാസ്സായി
കലാമണ്ഡലത്തിൽ നിന്നും മൂത്തമന വെങ്കിച്ചൻ അവാർഡ്
കേന്ദ്ര ഗവൺമെന്റിന്റെ സ്കോളർഷിപ്പ്
വാദ്യരത്നം പുരസ്കാരം
30 വർഷമായി കഥകളിമേളം
തായമ്പക ചെണ്ടമേളം രംഗത്ത് സജീവം



# രാശി സ്വരൂപങ്ങളും വ്യക്തി സ്വഭാവവും

**ഇ.കെ. രാജവർമ്മ**
വെള്ളാരപ്പിള്ളി, മൊ. 9447327450

മേടം മുതൽ മീനം വരെയുള്ള ഓരോ രാശി കൾക്കും ആ കൂറു കളിൽ വരുന്ന നക്ഷത്രങ്ങൾക്കും പറയാവുന്ന ഓരോ സ്വരൂപങ്ങളുണ്ട് അല്ലെങ്കിൽ ഓരോ രൂപങ്ങളുണ്ട്. അവയെ ഓരോന്നായി പരി ശോധിക്കാം. ഈ രാശിയിലോ കൂറിലൊ ജനിച്ച വർക്ക് ഇതുമായി ബന്ധപ്പെടുത്താവുന്ന ശരീര പ്രകൃതിയും സ്വഭാവ വിശേഷതകളും കാണാൻ സാധ്യതയുണ്ട്.

മേടം രാശിയുടെ സ്വരൂപം അല്ലെങ്കിൽ മേടക്കൂ റിന് പറയുന്ന സ്വരൂപം കോലാടാണ്. അവർ ആടി നെപ്പോലെ സഞ്ചാരശീലം, നിഷ്കളങ്ക സ്വഭാവം, ഉയർന്ന സ്ഥലങ്ങളിൽ താമസിക്കാനുള്ള ഇഷ്ടം, വളരെ വേഗത്തിൽ ഭക്ഷിക്കുന്ന ശീലം, വാചാലത എന്നിവയൊക്കെയാണ് പറയപ്പെടുന്നത്.

ഇടവം രാശിയുടെയും ഇടവക്കൂറിലുള്ളവരു ടെയും സ്വരൂപം കാളയാണ്. അതനുസരിച്ച് പുഷ്ടി യുള്ള ശരീരം, അധിക വിശപ്പ്, അദ്ധ്വാനശീലം, കർമ്മ നിരതത്വം, സാഹസികത, സ്ഥൂല ശരീര പ്രകൃതി, ചെയ്യുന്ന ജോലി പെട്ടെന്ന് ചെയ്തു തീർക്കാനുള്ള താല്പര്യം എന്നിവ ഇവരിൽ പ്രകടമാണ്.

മിഥുനം രാശി / മിഥുനക്കൂർ, സ്വരൂപം – ദമ്പതികൾ (വീണ കയ്യിലേന്തിയ വധുവും ഗദ കയ്യിലേന്തിയ വരനും). ഇവരിൽ സുഖഭോഗം, ആഡംബരം, കലാരംഗം, ധീരത, ദയ, ആയുധ വിദ്യ, പാചകകല തുടങ്ങിയ സ്വഭാവ വിശേഷങ്ങൾ കാണാം.

കർക്കിടക രാശി / കർക്കിടകക്കൂർ, സ്വരൂപം – ഞണ്ട്. ഞണ്ടിന്റെ സ്വഭാവം പോലെ ഇടയ്ക്കിടക്ക് വാസസ്ഥലം മാറുന്ന ശീലം, തന്ത്രപരമായ നീക്കം, മറ്റുള്ളവരിൽനിന്ന് അകന്നിരിക്കാനുള്ള താല്പര്യം, ഗൂഢസ്വഭാവം, അന്തർമുഖത്വം, ആക്രമണസ്വഭാവം മുതലായവ കാണാം. ഇവർ പൊതുവെ മുൻധാരണ കൂടിയവരാണ്.

ചിങ്ങം രാശി / ചിങ്ങക്കൂർ, സ്വരൂപം – സിംഹം. പേരുപോലെ തന്നെ നേതൃപാടവം, ധീരത, ഏകനായി കഴിയുക, ഹിംസാത്മക സ്വഭാവം, ആത്മീയ കാര്യങ്ങളിൽ താല്പര്യം എന്നിവ പ്രകടമാവാം.

കന്നി രാശി / കന്നിക്കൂർ, സ്വരൂപം – യുവതി. ഇവരിൽ ലജ്ജ, സഭാകമ്പം, മടി, യാത്ര ചെയ്യാനുള്ള താല്പര്യം, ഭക്ഷണം, പാചക കല, കൂർമ്മബുദ്ധി എന്നീ സ്വഭാവ വിശേഷങ്ങൾ പറയപ്പെടുന്നു. ഇവർ ഒറ്റക്കിരുന്ന് ഒരുപാട് ചിന്തിക്കാൻ ഇഷ്ടപ്പെടുന്നവരാ കാൻ ഇടയുണ്ട്.

തുലാം രാശി / തുലാംകൂർ, സ്വരൂപം – തുലാസ്സ്. ഈ സ്വരൂപം പോലെതന്നെ ഇവർക്ക് കച്ചവട മനസ്ഥിതി, വ്യാപാര മനോഭാവം, തുറന്ന സ്വഭാവം, ശരീരപുഷ്ടി. അതുകൊണ്ടുതന്നെ ഇവർ എല്ലാ കാര്യങ്ങളും കണക്കുകൂട്ടി മാത്രമേ തീരുമാന മെടുക്കു.

വൃശ്ചികരാശി / വൃശ്ചികക്കൂർ, സ്വരൂപം – തേൾ. ഇവരിൽ ക്രൂര സ്വഭാവം, ദുഷ്ടത, ക്രമം തെറ്റിയ ജീവിതശൈലി, സ്വാധീനശക്തി, ഏതൊരു സാഹ ചര്യത്തെയും ദുരുപയോഗം ചെയ്യുന്ന ശീലം, പല കാര്യങ്ങളും മറച്ചുവെച്ച് സംസാരിക്കുക, അസ്വാ ഭാവിക പെരുമാറ്റം. ഇത്തരക്കാർക്ക് അവരുടെതന്നെ ചില പ്രവൃത്തികൾ അവർക്കുതന്നെ വിനയാകാൻ ഇടയുണ്ട്.

ധനു രാശി / ധനുക്കൂർ, സ്വരൂപം – ധനുസ്സ് / വില്ല്. ഇവർ പൊതുവെ ധീരന്മാരായിരിക്കും, ആയുധം, വാഹനം, യന്ത്രം എന്നിവയുമായി ബന്ധ പ്പെട്ട് താല്പര്യം, ജോലി, സഞ്ചാര വേഗം, കർമ്മരംഗത്തു കഴിവ് പ്രകടിപ്പിക്കും, പണം പാഴാക്കി കളയും, ആഡംബര ജീവിതത്തിൽ

യാത്രാവിവരണം

# കാഞ്ചിപുരം കൈലാസനാഥർ കോവിൽ



**വിനോദ് വർമ്മ**
ചെന്നൈ, മൊ. 9840031531

(കഴിഞ്ഞ ലക്കം തുടർച്ച)

ഇപ്പറഞ്ഞ രാജസിംഹൻ എന്ന നരസിംഹ വർമ്മൻ രണ്ടാമൻ ആണ് ശിവഭക്തിപ്രസ്ഥാനത്തിലെ പ്രധാനികളായ അറുപത്തിമൂവരിൽ കഴൽശിങ്കനായനാരായി അറിയപ്പെടുന്നത്. അദ്ദേഹം നിർമ്മിച്ചതാണ് ഈ കൈലാസനാഥർ കോവിൽ. തമിഴ്നാട്ടിൽ പൊതുവേ നമുക്കു പരിചയമുള്ള ക്ഷേത്രങ്ങൾ ചോളപാണ്ഡ്യനിർമ്മിതികളാണ്. അവയിൽ നിന്നും പ്രകടമായ വ്യത്യാസം ഈ ക്ഷേത്രത്തിന്റെ രൂപകല്പനയിൽ കാണാം. ഈ ക്ഷേത്രത്തിന് സമാനത കാണുന്നത് പല്ലവ കാലത്തെ പ്രശസ്ത നിർമ്മിതികളായ മഹാബലിപുരത്തെ ക്ഷേത്രങ്ങളോടാണ്. ഇപ്പോൾ അവ വിനോദസഞ്ചാര കേന്ദ്രങ്ങളാണ്, എന്നാൽ ഈ ക്ഷേത്രത്തിൽ ഇപ്പോഴും പൂജ നടക്കുന്നുണ്ട്. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സംരക്ഷണത്തിലാണ് ഈ ക്ഷേത്രം.

അധിഷ്ഠാനം ഒഴിച്ചുള്ള ഭാഗങ്ങൾ പൊടിക്കല്ലു (sandstone) കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്; അധിഷ്ഠാനം ഗ്രാനൈറ്റ് കൊണ്ടും. ഗർഭഗൃഹവും അർദ്ധമണ്ഡപവും കൂടാതെ മഹേന്ദ്രവർമ്മൻ നിർമ്മിച്ച ശ്രീകോവിലും കാണാം. ഗർഭഗൃഹത്തിലും മുമ്പിലുള്ള ശ്രീകോവിലിലും ശിവലിംഗം ഉണ്ട്. പ്രാകാരത്തിലെ ചുമരിൽ അമ്പത്തെട്ടോളം കോവിലുകളുണ്ട്. പ്രാകാരചുമരിന്റെ പുറംഭാഗത്തും ഏഴു പ്രതിഷ്ഠകൾ കാണാം. ഇവ കൂടാതെ നിരവധി കൊത്തുപണികളാൽ സമ്പന്നമാണ് ഈ ക്ഷേത്രത്തിന്റെ ചുമരുകൾ. ക്ഷേത്രത്തിന് പുറത്ത് നന്ദിയുടെ വലിയ ഒരു ബിംബവും കാണാം. രാജരാജ ചോഴന് തഞ്ചാവൂരിൽ ബൃഹദീശ്വരക്ഷേത്രം നിർമ്മിക്കാൻ ഈ ക്ഷേത്രം പ്രചോദനമായിരുന്നത്രേ!

ഈ പല്ലവരാജാവിന്റെ സമകാലീനനായിരുന്നു ചെന്നൈ നഗരത്തിനടുത്ത് തിരുനിന്റ്റവൂർ എന്ന സ്ഥലത്തുണ്ടായിരുന്ന പൂശലാർ. അദ്ദേഹത്തെയും അറുപത്തിമൂവരിൽ ഒരാളായി പരിഗണിക്കുന്നു. മേൽപ്പറഞ്ഞ കൈലാസനാഥ ക്ഷേത്രത്തിന്റെ കുംഭാഭിഷേകത്തിന് നിശ്ചയിച്ച ദിവസത്തിന്

→

---

→

താല്പര്യം. ഇവർ എല്ലാ കാര്യങ്ങളിലും മുന്നോട്ടിറങ്ങാൻ താല്പര്യം പ്രകടിപ്പിക്കും.

മകരം രാശി / മകരക്കൂർ, സ്വരൂപം – മാൻ. ഇവരുടെ അരക്കു താഴെ മെലിഞ്ഞ ശരീരമായിരിക്കും, കുടവയർ, നിഷ്കളങ്കത, നിരുപദ്രവ സ്വഭാവം, ഏതിനെയും ഭയം, കരയിലും വെള്ളത്തിലും കൈകാര്യം ചെയ്യുന്ന ജോലി എന്നിവയാണ് പറയപ്പെടുന്നത്.

കുഭം രാശി / കുംഭക്കൂർ, സ്വരൂപം – കുടം. കുടം എന്ന് പറയുമ്പോൾ അകത്തെന്ത് എന്നറിയാത്ത സ്വഭാവം, പൊങ്ങച്ചം പറയുക, ആഡംബരം, ധൂർത്ത്, ഒറ്റപ്പെട്ട ജീവിതം, തികഞ്ഞ അദ്ധ്വാനി, പൂർവ്വികസ്വത്ത് കളഞ്ഞുകുളിക്കും, വിദേശവാസം, കൃഷി, വാണിജ്യം എന്നീ മേഖലയിൽ ശോഭിക്കും.

മീന രാശി / മീനക്കൂർ. സ്വരൂപം – മത്സ്യം. മത്സ്യത്തെപ്പോലെ ആർക്കും പിടികൊടുക്കാത്ത സ്വഭാവം. ഉറച്ച തീരുമാനം, വാസസ്ഥലം ഇടയ്ക്കിടെ മാറിക്കൊണ്ടിരിക്കും / മാറാനുള്ള ചിന്താഗതി ഉണ്ടാവും, ജീവിതത്തിൽ ധാരാളം സഞ്ചാരയോഗം ഉണ്ട്, എല്ലാവരുമായി സഹകരണം പ്രകടിപ്പിക്കും. ഇവർക്ക് കാര്യപ്രാപ്തിക്ക് കൂടുതൽ പരിശ്രമിക്കേണ്ടിവരും.

ഇതൊക്കെ പൊതുവെ പറയുന്ന സ്വഭാവവിശേഷങ്ങൾ ആണെങ്കിലും ഭാവബലങ്ങളും കാരകത്വങ്ങളും പക്ഷബലവുമൊക്കെയനുസരിച്ച് മാറ്റങ്ങൾ വന്നേക്കാം. ●

# ശ്രീശുക ഹരിണപുരാധിപൻ



**ശകുന്തള വർമ്മ**
കിളിമാനൂർ കൊട്ടാരം, മൊ. 97466 85717



രത്നഖചിത കിരീടത്തിൻ കാന്തിയും
കാരുണ്യമൂറുന്ന നേത്രങ്ങളും
എള്ളിൻപൂവൊത്തൊരു നാസികയും
ഹൃദ്യപുഞ്ചിരി തൂകുന്ന ചുണ്ടുകളും

വൈഡൂര്യമാല്യവും വൃന്ദഹാരങ്ങളും
രത്നമണിമയ ശൃംഖലയും
സായക, കോദണ്ഡം പാണിപത്മത്തിലും
ഗൗരാഭയാർന്നെഴും അംശുകവും.

നീലവസനവും ഉൽക്കട കാഞ്ചിയും
ശോഭ വഴിയുന്ന പാദങ്ങളും
ദേശാധിനാഥനാം അയ്യപ്പസ്വാമിയെ
സാഷ്ടാംഗം ഞാനിതാ കുമ്പിടുന്നു.

ശ്രീശുകഹരിണപുരാധിപനാകുമീ-
ശ്രീ ഭൂതനാഥാ ദേവ ദേവാ......
ശിവഹരിനന്ദനാ കലിയുഗവരദാ
ശ്രീ ധർമ്മശാസ്താ പാലയമാം ●

---

→



*ക്ഷേത്രത്തിനു പുറത്തുള്ള നന്ദി വിഗ്രഹം*

തലേന്ന് രാത്രി രാജാവിന് ശിവഭഗവാൻ "നാളെ എന്റെ പരമഭക്തനായ പൂശലാർ നിർമ്മിച്ച ക്ഷേത്രത്തിന്റെ കുംഭാഭിഷേകമാണ്, ഇവിടത്തെ കുംഭാഭിഷേകം മറ്റൊരു ദിവസത്തേയ്ക്ക് മാറ്റണം" എന്ന് പറയുന്നതായി സ്വപ്നദർശനമുണ്ടായി. തുടർന്ന് രാജാവ് പൂശലാറെ അന്വേഷിച്ച് തിരുനിന്റ്രവൂർ എത്തി. അവിടെ അങ്ങിനെ ഒരു ക്ഷേത്രമേ കണ്ടില്ല. പൂശലാർ ക്ഷേത്രം നിർമ്മിക്കാൻ മോഹിച്ചെങ്കിലും ധനം സമാഹരിക്കാൻ കഴിയാത്തതിനാൽ സ്വന്തം മനസ്സിൽ തന്നെ യഥാവിധി ക്ഷേത്രം നിർമ്മിച്ച് കുംഭാഭിഷേകത്തിന് ഒരുങ്ങുകയായിരുന്നു. അദ്ദേഹം രാജാവിന്റെ കൈപിടിച്ച് ഹൃദയത്തിൽ വച്ചു. രണ്ടു പേരും കൂടി മാനസപൂജയിലൂടെ കുംഭാഭിഷേകം നടത്തി. അവിടെനിന്നും മടങ്ങിവന്ന് പിന്നീട് നല്ലൊരു മുഹൂർത്തം നോക്കിയാണത്രേ കാഞ്ചീപുരത്തിൽ താൻ നിർമ്മിച്ച ക്ഷേത്രത്തിലെ കുംഭാഭിഷേകം നടത്തിയത്.

ഉച്ചനീചത്വങ്ങളില്ലാത്ത സമത്വഭാവനയോടെയുള്ള ഭക്തിയാണ് ഈശ്വരപൂജയ്ക്ക് വേണ്ടത് എന്ന് ഈ ഐതിഹ്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

സുന്ദരമൂർത്തി സ്വാമികൾ 'കടൽ ചൂഴ്ന്ന ഉലകെലാം കാക്കിന്റ്ര പെരുമാൻ കാടവോർ കഴൽശിങ്കൻ' എന്ന് രാജാവിനെയും 'മന്നിയചീർ മറൈനൊവൻ നിന്റ്രവൂർ പൂശലാർ' എന്ന് പൂശലാറെയും ദാസ്യഭാവത്തോടെ വന്ദിക്കുന്നു. നമുക്കും ആ പ്രാർത്ഥനയോടെ ഭക്തരെയും ഭഗവാനെയും വണങ്ങാം. ●

കവിത

# ഏറ്റവും പ്രിയപ്പെട്ട 'ലാലേട്ടൻ' എന്ന എന്റെ 'ആര്യൻ' മോഹൻലാലിന്



**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി, പാലക്കാട്. മൊ. 9846429743

എൻ തറവാട്ടിൽ* വന്നു
വലുതായുള്ള ലാലേട്ടനും
'ആര്യൻ' എന്നൊരു നാമമായ പടവും
ചിത്രീകരിച്ചീടുവാൻ
കണ്ടൂ നാട്യമതേറെ വിവിധം
ഭാവങ്ങളുൾക്കൊണ്ടുതാൻ
മോഹൻലാലഥ കാട്ടിയുള്ളതഖിലം
കെങ്കേമമായ് കൂട്ടരേ

ആര്യൻ 'ഷൂട്ട്' നടക്കവേ
ലാലേട്ടനോടൊപ്പമായ്
വന്നൂ തിക്കുറിശ്ശി നടനും
ഇന്നസെന്റും സോമനും
പോലും നല്ലൊരു വില്ലനായ്
ബഹുധാ ശോഭിച്ചിതന്നേയ്ക്കുമായ്
ഇൻസ്പെക്ടർ വേഷമോടൊത്തു
വന്നതുമിതം ഓർക്കുന്നു ഞാൻ ഇപ്പൊഴേ

തിക്കുറിശ്ശിയഥ തദ്ക്ഷണം ബഹു
ശോഭയാർന്നൊരു മട്ടിലായ്
ചൊല്ലിയെന്നോടു നല്ലനല്ല ശ്ലോകവും
നിമിഷത്തിലായി രചിച്ചിതാൻ
ഞാനുമെന്നുടെ മട്ടിലായി നിമിഷത്തി
ലായി രചിച്ചതാം
ശ്ലോകമൊക്കെ ബഹുധാ രസിച്ചുകേട്ടു
ബഹുതുഷ്ടിയായ്
എന്റെ ശ്ലോകമതൊക്കെയും ബത
തിക്കുറിശ്ശി മഹാനുമേ
കൊണ്ടുചെന്നു കാഴ്ചവെച്ചു പലരേയുമേ
മോഹൻലാല്, സുകുമാരി, തൊട്ടവരെന്നെ
യേറെ പ്രശംസയായ് ചൊല്ലി പല നല്ലതും-
ഓർപ്പതുണ്ടിതു ഞാനുമേ

അന്നുകണ്ട നടനിന്നിതാ
വളരെ ശ്രേഷ്ഠമായ കഥമാറുന്നു കാലം
ദാദാ സാഹിബ് ഫാൽക്കെയെ**ന്ന
പരമോന്നതത്തിലുമെത്തിയും
നമ്മെയൊക്കെയൊന്നുപോലെ
വിസ്മയത്തിലുമാഴ്ത്തിയ
മോഹൻലാല് ജയിച്ചിടട്ടെയഥ
നാൾക്കുനാളിലുമേറെയായ്
ശുഭമസ്തു.

** കോഴിക്കോട് തിരുവണ്ണൂർ പടിഞ്ഞാറേ കെട്ടിൽ.*
*** ദാദാ സാഹിബ് ഫാൽക്കെ അവാർഡ് ജേതാവ്.*

*(പേജ് 126 തുടർച്ച)*

BOX No. 2550

| | | | |
|---|---|---|---|
| മ ശി | | ച | |
| | ഗ്രഹനില | | കു ശു |
| | | | ര |
| ല മാ ഗു | | | ബു സ |

| | | | |
|---|---|---|---|
| ബു | ല മാ | സ | |
| | നവാംശം | | കു ശു |
| ച | | | ഗു |
| | ശി | മ | ര |

ജന്മശിഷ്ടം: 4 വർഷം 4 മാസം 14 ദിവസം ആദിത്യദശ

Suitable alliance invited for Kshatriya boy, 29 years, (3 September 1996), Karthika star, 168 cm, B.Tech. (Mechanical Engineering) working as Assistant, Govt. Secretariat, Trivandrum.

**Contact No: 8330054846**




# മഞ്ചിയിലെ പുതുമുഖം

**ശ്രീകാന്ത് വർമ്മ**
മാവേലിക്കര, മൊ. 9447485946

*(കെന്നത്ത് ആൻഡേഴ്സൻ രചിച്ച 'The Tiger Roars' എന്ന പുസ്തകത്തിലെ 'The Novice of Manchi' എന്ന കഥയുടെ സ്വതന്ത്ര പരിഭാഷ.)*

*(കഴിഞ്ഞ ലക്കം തുടർച്ച...)*




എത്രനേരം ആ സ്ഥിതി തുടർന്നുവെന്ന് എനിക്ക് നിശ്ചയമില്ല. പെട്ടെന്നാണ് നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് ഗ്രാമത്തിൽ നിന്നും ഒരു നായയുടെ ഭീതി കലർന്ന ഓരിയിടൽ കേട്ടത്. പിരിമുറുക്കം നിറഞ്ഞ അവസ്ഥയ്ക്ക് ഒരിളവ് ലഭിച്ചിരുന്നു. രണ്ട് കാര്യങ്ങൾ ഉറപ്പിച്ച് പറയാം എന്റെ സാന്നിധ്യം കടുവ തിരിച്ചറിഞ്ഞിട്ടില്ല, മറ്റൊന്ന് അവൻ നരഭോജിയാണെന്ന് നിസ്സംശയം ഉറപ്പിക്കാം. സാധാരണ ഒരു കടുവ മനുഷ്യവാസസ്ഥലത്തിനു സമീപം അപ്രകാരം ചുറ്റിത്തിരിയുകയുമില്ലല്ലോ. ഞാനിനി അവിടെയിരിക്കുന്നതിൽ കാര്യമില്ല എന്നെനിക്ക് തോന്നി. മാത്രമല്ല അപകടകരവുമാണ്. അവൻ തിരികെ വരുന്ന പക്ഷം എന്റെ സാനിധ്യം കണ്ടുപിടിക്കപ്പെട്ടേക്കാം. ഞാനിവിടെ നിന്ന് എഴുന്നേറ്റ് ഗ്രാമത്തിലേക്ക് നടന്നു. ടോർച്ചിന്റെ വെളിച്ചം കടുവയുടെ മേൽ പതിക്കുകയാണെങ്കിൽ ഒരു വെടി, കാര്യം എളുപ്പമാകുമെന്ന് ഞാൻ കരുതി. കുളത്തിലേക്കുള്ള നടപ്പാത ഉപയോഗിക്കാതെ കുറ്റിക്കാടുകൾക്കിടയിലൂടെയാണ് ഞാൻ നടന്നത്. പെട്ടന്നാണ് ഗ്രാമത്തിൽ നിന്നും നായ്ക്കൾ കൂട്ടത്തോടെ കുരയ്ക്കുവാനും ഓരിയിടുവാനും ആരംഭിച്ചത്. ഇത്രയും ശബ്ദം കേൾക്കുന്ന പക്ഷം കടുവ എന്റെ സമിപത്തേക്ക് ഓടി വരുമെന്ന് ഞാൻ കരുതി. അല്പനിമിഷം കാത്തു നിൽക്കാതെ ഞാൻ ടോർച്ച് പ്രകാശിപ്പിച്ചു. വെളിച്ചം കടുവയുടെ മേൽ പതിയുകയും ചെയ്തു. എന്നാൽ ഒരു നിമിഷാർദ്ധ നേരത്തേയ്ക്കു മാത്രമേ എനിക്കവനെ കാണുവാൻ കഴിഞ്ഞുള്ളു. നരഭോജികളുടെ സഹജമായ ഭീരുത്വം കൊണ്ടെന്നവണ്ണം വലിയൊരു ഗർജ്ജനത്തോടെ അവൻ കുറ്റിക്കാട്ടിലേക്ക് ഓടി മറഞ്ഞു.

ഗ്രാമത്തിലെത്തിയ ഞാൻ ബൈറയെ വിളിച്ച് കാര്യങ്ങളെല്ലാം പറഞ്ഞു. അയാൾ ഉറങ്ങാതെ കിടക്കുകയായിരുന്നു. കടുവയുടെ ഗർജ്ജനം കേൾക്കുന്നതുവരെ അത് പുറത്ത് ചുറ്റിത്തിരിയുന്നുണ്ടെന്ന് അയാൾ അറിഞ്ഞിരുന്നില്ല. സമയം എട്ടു മണി കഴിഞ്ഞിരുന്നു കൂടുതലൊന്നും ചെയ്യാനില്ലാത്തതിനാൽ ഞാനെന്റെ ടെന്റിലേക്ക് പോയി അല്പം ചായ ഉണ്ടാക്കിക്കുടിച്ച് ടെന്റിന്റെ വാതിൽ മുറുക്കിക്കെട്ടി കിടക്ക നിലത്തുവിരിച്ച് ഉറങ്ങാൻ കിടന്നു. ഉറക്കത്തിന് പ്രകാശം ഒരു തടസ്സമായിരുന്നതിനാൽ വിളക്കും കെടുത്തി.

ഉറക്കത്തിനിടയിൽ എന്തുകാരണത്താലെന്നറിയില്ല, ഞാൻ ഞെട്ടിയുണർന്നു. ഒരപായസൂചന എന്റെ മനസ്സിലേക്ക് ഇരച്ചെത്തി. കൈകൾ യാന്ത്രികമായിത്തന്നെ സമീപത്തായി നിറച്ച് തയ്യാറാക്കി വെച്ച റൈഫിളിലേക്ക് നീണ്ടു. പെട്ടന്നാണ് തീരെ ചെറിയ ഒരുരസൽ ശബ്ദം ഞാൻ കേട്ടത്. രണ്ടു മൂന്നു വട്ടം അത് ആവർത്തിച്ചു. പാമ്പായിരിക്കുമോ? പെട്ടെന്നാണ് എന്റെ കിടക്കയുടെ ഒരു ഭാഗം കൂർത്ത എന്തോകൊണ്ട് കോർത്തു വലിക്കുന്നതായി എനിക്കനുഭവപ്പെട്ടത്. ഒരു ഞെട്ടലോടെ ഞാൻ തിരിച്ചറിഞ്ഞു, നരഭോജി പുറത്തുണ്ട്. ടെന്റിനുള്ളിൽ മനുഷ്യവാസമുണ്ടെന്ന് അവനെങ്ങനെയോ മനസ്സിലാക്കിയിരിക്കുന്നു. ഉള്ളിൽ കിടന്നുറങ്ങുന്ന മനുഷ്യനെ അയാളറിയാതെ വലിച്ചുപുറത്തെത്തിക്കുകയാണവന്റെ ലക്ഷ്യം. അവന്റെ ഉദ്ദേശം ഒന്നാംതരം തന്നെ പക്ഷേ ഞാനായിപ്പോയി എന്നുമാത്രം. ഭാഗ്യം കൊണ്ടാണ് എനിക്ക് തക്കസമയത്ത് അപായസൂചന ലഭിച്ചതും എഴുന്നേൽക്കാൻ സാധിച്ചതും. കുറ്റാക്കൂരിരുട്ടായിരുന്നു ടെന്റിനുള്ളിൽ. ഞാൻ വേഗം കടുവ നിൽക്കുന്നു എന്നു തോന്നിയ സ്ഥലത്തേക്ക്

റൈഫിൾ നീട്ടി. ടെന്റിനുവെളിയിൽ അവൻ നിൽക്കുന്ന സ്ഥലം കൃത്യമായി എനിക്ക് തിട്ടപ്പെടുത്താനുമായിരുന്നില്ല. എന്റെ കിടക്കയിൽ ഒരിക്കൽ കൂടി അവൻ പിടിച്ചുവലിച്ചപ്പോൾ ഞാനാദ്യത്തെ വെടിവച്ചു. റൈഫിളിന്റെ അണ്ടർ ലിവർ വേഗത്തിൽ പ്രവർത്തിച്ചു, രണ്ടു തവണ കൂടി ഞാനാദിശയിലേക്ക് നിറയൊഴിച്ചു.

കടുവയുടെ ഒച്ചയൊന്നും കേൾക്കുന്നില്ല. അത് ചത്തുവോ? അങ്ങിനെയാണെങ്കിൽ അത് അന്ത്യശ്വാസം വലിക്കുന്ന ശബ്ദം ഞാൻ കേൾക്കേണ്ടതാണല്ലോ. അതിന് മുറിവേറ്റിട്ടേയുള്ളുവെങ്കിൽ അത് ഗർജ്ജിക്കുമായിരുന്നല്ലോ, അതോ അത് സ്ഥലം വിട്ടുവോ? ഒരു നിശ്ചയവുമില്ല എന്റെ മൂന്നു വെടികളും പാഴായെന്ന് തോന്നുന്നു. ഒരു വിഡ്ഢിത്തരം ഞാൻ പ്രവർത്തിച്ചിരുന്നു. വെടിവെയ്ക്കും മുമ്പ് ഒരു നിമിഷത്തേക്കെങ്കിലും ടോർച്ച് പ്രകാശിപ്പിച്ച് കടുവയുടെ സ്ഥാനം നിർണ്ണയിക്കാമായിരുന്നു. അത് ചെയ്യാതെ കടുവയ്ക്ക് കൊള്ളുമെന്നുറപ്പിച്ച് ഇരുട്ടിലേക്കാണ് ഞാൻ വെടിവച്ചത്. ടോർച്ച് പ്രകാശിപ്പിച്ചുകൊണ്ട് ഞാൻ ടെന്റിന് പുറത്തിറങ്ങി. വിശദമായി പരിശോധിച്ചു. ഞാൻ സംശയിച്ചതുപോലെത്തന്നെ എന്റെ മൂന്നു വെടികളും പാഴായിരിക്കുന്നു. കടുവ രക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. വെടിയൊച്ചയിൽ ഗ്രാമത്തിൽ നിന്ന് ബൈറയും കൂട്ടരും എന്താണ് സംഭവിച്ചതെന്ന് ഉറക്കെ വിളിച്ചുചോദിക്കുന്നത് ഞാൻ കേട്ടു. ഞാനങ്ങോട്ട് ചെന്നില്ലെങ്കിൽ ആ സാധുക്കൾ എന്നെ തിരഞ്ഞ് ഇങ്ങോട്ട് വരുമെന്നറിയാവുന്നതിനാൽ ഞാൻ ഗ്രാമത്തിലെക്ക് ചെന്ന് കാര്യങ്ങളെല്ലാം അവരോട് പറഞ്ഞു. ടെന്റിലേക്ക് മടങ്ങുന്നതപകടമായതിനാൽ, താൻ കഴിയുന്ന കുടിലിൽ രാത്രി കഴിച്ചുകൂട്ടാമെന്ന് ബൈറ പറഞ്ഞെങ്കിലും ഞാനത് നിരസിച്ച് ടെന്റിലേക്ക് മടങ്ങിപ്പോന്നു.

അടുത്ത പ്രഭാതത്തിൽ ഗ്രാമവാസികളുടെ കൂട്ടത്തോടെയുള്ള വിളി കേട്ടാണ് ഞാനുണർന്നത്. കാര്യമെന്താണെന്നറിയാൻ ഞാൻ തിടുക്കത്തിൽ വാതിൽ തുറന്നു. വളരെ ലളിതമായിരുന്നു അവരുടെ ഉത്തരം. ആരോ എന്റെ തോക്കിൽ കൂടോത്രം ചെയ്തതിലാണത്രേ എനിക്ക് അബദ്ധങ്ങൾ സംഭവിച്ചതും രാത്രി മൂന്നു വെടിയുണ്ടകൾ പാഴായിപ്പോയതും എന്നായിരുന്നു അവരുടെ നിഗമനം. അത് ഒഴിവാക്കിയാൽ മാത്രമേ നരഭോജിയെ വെടിവെയ്ക്കാൻ എനിക്ക് സാധിക്കൂവത്രെ. ഇത്തരം അന്ധവിശ്വാസങ്ങൾ ഗ്രാമീണരുടെയിടയിൽ മാത്രമല്ല, പരിഷ്കൃതരെന്ന് സ്വയം നടിക്കുന്ന ചില നഗരവാസികൾക്കുമുണ്ട്. ഗ്രാമീണരുടെ അത്തരം വിശ്വാസങ്ങളെ പറഞ്ഞുതിരുത്താനുമാകില്ല. മാത്രമല്ല ഞാനെതിർത്താൽ അവരെനിക്ക് തന്നുകൊണ്ടിരിക്കുന്ന സഹകരണം അവസാനിപ്പിച്ചെന്നിരിക്കും. എന്തെങ്കിലും പിഴവ് എന്റെ ഭാഗത്തുനിന്നുണ്ടായാൽ എന്റെ റൈഫിളിനേയും എന്നേയുമായിരിക്കും അവർ കുറ്റപ്പെടുത്തുക. അവരോട് സഹകരിക്കുക മാത്രമാണ് അതൊഴിവാക്കാനുള്ള എളുപ്പവഴി.

“എന്റെ തോക്കിൻമേലുള്ള കൂടോത്രം ഒഴിപ്പിക്കാനാരെങ്കിലുമുണ്ടോ?” ഞാനവരോട് ചോദിച്ചു. “ഉണ്ട് പക്ഷേ അതിന് അഞ്ചുരൂപ ചിലവാകും സാർ” എന്നായിരുന്നു മറുപടി. അവർ പറഞ്ഞ പണം നൽകി ഞാനവരെ മടക്കിയയച്ചു. പൂജ ആരംഭിച്ചു. മുഖ്യകാർമ്മികൻ എന്റെ റൈഫിൾ ചോദിച്ചുവാങ്ങി അതിന്റെ പിടിയിൽ ചുണ്ണാമ്പും കുങ്കുമവും കൊണ്ട് ചില വരകൾ വരച്ചു. പൂജ അവസാനിച്ചതോടെ ബൈറ ഇനി നമുക്ക് കടുവയെ തേടി പോകാമന്ന് പറഞ്ഞു. മാന്ത്രികശക്തിയുടെ സ്വാധീനത്താൽ കടുവ ഉറപ്പായും നമ്മുടെ മുന്നിൽ വന്ന് ചാടുമെന്നയാൾ വിശ്വസിച്ചു. സൂര്യൻ നല്ലപോലെ ഊറിച്ചിരിക്കുന്നു. ബൈറയെ കൂടാതെ കാർമ്മികന്റെ ഏതാണ്ട് ഇരുപതു വയസ്സുള്ള ചെറുമകനും കടുവയെ തേടി വരാമെന്നേറ്റു. മുത്തു എന്നാണവന്റെ പേര്. വനത്തേയും വന്യജീവികളേയും കുറിച്ച് ബൈറയ്ക്ക് അപാരമായ അറിവാണുള്ളത് എന്നതിൽ എനിക്ക് സംശയമേതുമില്ല. എന്നാൽ ഈ പകൽവെളിച്ചത്തിൽ കടുവയെ തേടി വനത്തിൽ ചുറ്റിത്തിരിയാം എന്ന അയാളുടെ അഭിപ്രായത്തിൽ എനിക്കൽപ്പം അത്ഭുതം തോന്നാതെയുമിരുന്നില്ല.

എന്നാൽ ബൈറയും മറ്റുള്ളവരും കൂടി വനത്തിലേക്ക് അവരോടൊപ്പം ചെല്ലുവാൻ എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. പൂജ കഴിഞ്ഞതോടെ അവരുടെ ആത്മവിശ്വാസം വർദ്ധിച്ചെന്നു തോന്നുന്നു. കടുവയുടെ പഴയതോ പുതിയതോ ആയ കാൽപ്പാടുകൾ ശ്രദ്ധിച്ചായിരുന്നു ഞങ്ങൾ നടന്നിരുന്നത്. ഗ്രാമത്തിലൂടെയും കുളക്കരയിലൂടെയും അവൻ നടന്നിരുന്നതിന്റെ ശേഷിപ്പുകൾ ഞങ്ങൾക്ക് കണ്ടെത്താനായി. മറ്റൊരിടത്ത് കണ്ട പാടുകളിൽ നിന്നും കടുവ അതിവേഗം ഓടുകയായിരുന്നുവെന്ന് ഞങ്ങൾ അനുമാനിച്ചു. കഴിഞ്ഞ രാത്രി എന്റെ വെടിയൊച്ച കേട്ട്

അവൻ ഭയന്നോടിയപ്പോഴത്തേതാകാം അത്. എന്നാൽ രക്തത്തിന്റെ അംശം ഒട്ടും കാണാത്തതിനാൽ അവന് മുറിവേറ്റിട്ടില്ലെന്ന് ഞാനുറപ്പിച്ചു. ഒരരുവിയുടെ തീരത്തുനിന്ന് കുന്നിൻ ചെരുവിലേക്കാണ് ആ കാൽപ്പാടുകൾ പോയിരുന്നത്. കഴിഞ്ഞ ദിവസം ഞാൻ ബാബൂൽ വൃക്ഷച്ചുവട്ടിലിരിക്കുമ്പോൾ ലാംഗൂർ കുരങ്ങിന്റെ അപകട സൂചകമായ വിളി ആദ്യം മുഴങ്ങിയത് ആ ദിശയിൽ നിന്നായിരുന്നുവെന്ന് ഞാനോർത്തു.

ആ കുന്നിൻ ചെരുവിൽ അല്ലെങ്കിൽ അല്പമകലെയുള്ള ഗുന്തരായൻ മലമുകളിൽ ഏതെങ്കിലുമൊരു ഗുഹയിലായിരിക്കാം കടുവയുടെ വാസമെന്ന് ഞാനൂഹിച്ചു. ഞങ്ങൾ അതേവഴി പിൻതുടർന്നു. എന്നാൽ, അല്പദൂരം പിന്നിട്ടപ്പോഴേക്കും ഭൂമി പാറകൾ നിറഞ്ഞതായി. അതോടെ കാൽപ്പാടുകൾ പിൻതുടർന്നുള്ള യാത്ര ദുഷ്കരമായിത്തീർന്നു. വനവുമായി ഏറെ പരിചയമുള്ളവരായിരുന്നു ബൈറയും മുത്തുവും എങ്കിലും പാറക്കൂട്ടങ്ങൾ നിറഞ്ഞ ആ അവസ്ഥയിൽ കടുവ പോയ ദിശ മനസ്സിലാക്കുവാൻ ഞങ്ങൾ ഏറെ ബുദ്ധിമുട്ടി. മലയുടെ മുകൾഭാഗത്തെവിടെയെങ്കിലും ഒരു ഗുഹ കണ്ടെത്താനാവുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ മലകയറുവാനാരംഭിച്ചു. മലയുടെ മുകൾഭാഗം വരെ കയറി ഞങ്ങൾ പരിശോധിച്ചെങ്കിലും ഗുഹകളൊന്നും തന്നെ കണ്ടെത്താൻ കഴിയാത്തതിനാൽ മലയുടെ അങ്ങേവശത്തേക്ക് ഇറങ്ങി പരിശോധിക്കുവാൻ തീരുമാനിച്ചു. ആ ഭാഗം താരതമ്യേന പാറക്കൂട്ടങ്ങൾ കുറവുള്ളതായിരുന്നു. എന്നാൽ വൃക്ഷങ്ങളും കുറ്റിക്കാടുകളും ഇടതിങ്ങി വളർന്നിട്ടുണ്ടായിരുന്നു. ഞങ്ങൾക്ക് പരസ്പരം കാണാനാവുമായിരുന്നില്ല. എന്റെ സഹായികളുടെ കൈയിലാണെങ്കിൽ ആയുധങ്ങൾ ഒന്നും തന്നെയില്ല. അങ്ങിനെയുള്ള അവസ്ഥയിൽ അവിടെ അധികനേരം തങ്ങുന്നത് അപകടകരമാണ്. അപ്രതീക്ഷിതമായി കടുവയുടെ ആക്രമണമുണ്ടായാൽ എനിക്ക് ഒന്നുംതന്നെ പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് വരില്ല.

പെട്ടെന്നാണ് മുത്തു നിന്ന ഭാഗത്തുനിന്നും ഭയത്തോടെ ഒരു നിലവിളി കേട്ടത്. എന്റെ ഭാഗത്ത് ഏതാണ്ട് നൂറുവാരയകലെയായിരുന്നു അവൻ. മുത്തുവിന്റെ നിലവിളി കേട്ടയുടൻ തന്നെ കടുവയുടെ ഗർജ്ജനവും കേട്ടു. എനിക്കും ബൈറയ്ക്കും എന്താണ് സംഭവിച്ചതെന്ന് മനസ്സിലായി. ഞങ്ങൾ ഓടി അവിടേക്കെത്തിയപ്പോഴേക്കും എല്ലാം അവസാനിച്ചിരുന്നു. മുത്തു നിലത്തുകിടക്കുന്നു. അവന്റെ തലയോട്ടി തകർന്നിരുന്നു. കടുവ അവനെ ക്രൂരമായി കടിക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങളെത്തുന്നതിനു മുൻപ് തന്നെ മുത്തു ജീവൻ വെടിഞ്ഞുകഴിഞ്ഞിരുന്നു. ഏതാനും വാരയകലെയുള്ള ഒരു പാറയുടെ താഴെയാണ് മുത്തു സമീപിക്കുന്നതും പ്രതീക്ഷിച്ച് നരഭോജി പതുങ്ങിയിരുന്നത്. കടുവയുടെ ഭാരം കാരണം ആ ഭാഗത്ത് വളർന്നുനിന്ന പുൽച്ചെടികൾ മടങ്ങിയിരുക്കുന്നത് ഞങ്ങൾ കണ്ടു. കടുവയുടെ ശക്തമായ അടിയേറ്റ് മുത്തുവിന്റെ കണ്ണുകൾ രണ്ടും പുറംതള്ളിയിരുന്നു. നാവാകട്ടെ സ്വയം കടിച്ചുമുറിച്ച നിലയിൽ അല്പമായി വെളിയിലേക്ക് തള്ളിക്കിടക്കുന്നു. അവന്റെ രക്തം അവിടെയൊക്കെ തളംകെട്ടിക്കിടക്കുന്നു. എന്റെ ശരീരം തളരുന്നതുപോലെ തോന്നി, തിരിഞ്ഞുനോക്കിയ ഞാൻ ബൈറയുടെ മുഖമാണ് കണ്ടത്. നിരായുധനായ ആ ചെറുപ്പക്കാരനെ കടുവയുടെ ക്രൂരതയ്ക്കിരയാക്കിയത് ഞങ്ങളുടെ ശ്രദ്ധക്കുറവ് തന്നെയായിരുന്നു. സമചിത്തത വീണ്ടെടുക്കാൻ തന്നെ ഞങ്ങൾക്കൽപ്പം സമയം വേണ്ടിവന്നു. "പൂജ നടത്തിയാൽ നരഭോജിയെ നിഷ്പ്രയാസം വകവരുത്താമെന്നാണല്ലോ നിങ്ങൾ പറഞ്ഞത് എന്നിട്ടും മുത്തുവിന്റെ ജീവൻ രക്ഷിക്കാനെനിക്ക് സാധിക്കാത്തത് എന്തുകൊണ്ട്?" ഞാൻ ചോദിച്ചു. എന്റെ ചോദ്യത്തിന് അയാൾക്ക് കൃത്യമായ മറുപടിയൊന്നുമുണ്ടായിരുന്നില്ല.

അതേസമയം മറ്റൊരാശയം എന്റെ മനസ്സിൽ കടന്നുകൂടി. കടുവ മറഞ്ഞിരുന്ന പാറക്കൂട്ടവും മുത്തുവിന്റെ മൃതദേഹവും തമ്മിൽ പത്തടി ദൂരം മാത്രമാണ് ഉണ്ടായിരുന്നത്. നാലു പാറകളാണ് അവിടെ കൂടിക്കിടന്നിരുന്നത്. അതിൽ ഏറ്റവും വലുതിന് മൂന്നടി ഉയരംവരും. ഇപ്പോൾത്തന്നെ ഏതാനും പാറകൾ അവിടെയുണ്ടല്ലോ? അതിനോടുകൂടി ഏതാനും പാറകൾ കൂടി ചേർത്താൽ കടുവ സംശയിക്കാനിടയില്ല. അവിടെയൊരു മറ നിർമ്മിച്ച് കാത്തിരിക്കുക, കടുവ വരുന്നപക്ഷം തൊട്ടടുത്തിരുന്ന് അവനെ വെടിവെയ്ക്കുക. എന്നാൽ ഞാൻ ഭ്രാന്തു പറയുകയാണെന്നായിരുന്നു ബൈറയുടെ മറുപടി. ആ മറ കടുവ കാണുന്ന പക്ഷം തീർച്ചയായും അവൻ സംശയിക്കും അയാൾ തറപ്പിച്ചുപറഞ്ഞു. ഒന്നുകിൽ അവൻ മടങ്ങിപ്പോകും അല്ലെങ്കിൽ നിങ്ങളറിയുന്നതിനുമുന്നേ അവൻ നിങ്ങളുടെ മേൽ ചാടിവീഴും.

മുത്തുവിനുണ്ടായ ദുരന്തം ഗ്രാമത്തിലറിയിക്കുകയും മൃതദേഹം എത്രയും വേഗം ഗ്രാമത്തിലെത്തിച്ച് സംസ്കാരം നടത്തുവാനുമുള്ള നടപടികളാണ് നാമിപ്പോൾ കൈക്കൊള്ളേണ്ടത്'' ബൈറ പറഞ്ഞു. “കടുവ മടങ്ങിവരുന്ന പക്ഷം മുത്തുവിന്റെ മൃതദേഹത്തിൽ തൊടാൻ ഞാൻ അനുവദിക്കുകയില്ല.'' ഞാൻ തറപ്പിച്ചു പറഞ്ഞു. “ദുഃഖകരമായ ഈ സംഭവം മുതലെടുക്കുകയാണെന്ന് കരുതാതെ ഒരു നായാട്ടുകാരനെ പോലെ ചിന്തിക്കൂ” ഞാൻ ബൈറയോട് പറഞ്ഞു. നരഭോജി മടങ്ങിവരുന്ന പക്ഷം എനിക്കവനെ വെടിവച്ചുവീഴ്ത്താൻ സാധിച്ചാൽ അതുവഴി ഒരുപാട് മനുഷ്യജീവനുകൾ രക്ഷിക്കുവാൻ സാധിക്കില്ലേ? ഞാൻ ബൈറയെ നോക്കി. നിഷ്കളങ്കമായ ഒരു നോട്ടം മാത്രമായിരുന്നു അയാളുടെ ഉത്തരം.

കടുവയ്ക്ക് സംശയം തോന്നാതിരിക്കാൻ ഏതാണ്ട് ഇരുനൂറ് വാരയകലെ നിന്നാണ് ഞങ്ങൾ പാറക്കഷ്ണങ്ങൾ ശേഖരിച്ചത്. ചെറുതും വലുതുമായി ആറോളം പാറക്കഷ്ണങ്ങൾ ഞങ്ങൾക്ക് ശേഖരിക്കേണ്ടി വന്നു. നാലു പാറകൾ അവിടെയുണ്ടായിരുന്നല്ലോ; അവയുമായി ചേർത്ത് ഒരു വൃത്താകൃതിയിൽ ഞങ്ങളതടുക്കിവച്ചു. മൂന്നടി പൊക്കമുള്ള ഒരു കിണർ മറ പോലെയായിരുന്നു അത്. സുരക്ഷിതമായ സങ്കേതമാണ് അതെന്ന് പറയാനാവില്ലങ്കിലും ഇനിയും ഉയരം വർദ്ധിച്ചാൽ കടുവ സംശയാലുവാകാനിടയുണ്ട്. രാവിലെ വഞ്ചിയിൽ നിന്നും പുറപ്പെടുമ്പോൾ ഇത്തരമൊരു ദുരന്തമുണ്ടാകുമെന്ന പ്രതീക്ഷിക്കുക വയ്യല്ലോ. അതിനാൽ ഞാനെന്റെ ടോർച്ചും വാട്ടർബോട്ടിലുമൊന്നും കരുതിയിരുന്നില്ല. അവ കൊണ്ടുവരാൻ ബൈറയെ തനിച്ചാക്കുന്നത് അപകടകരമാണ്. ഞാൻ തനിയെയോ ഞങ്ങൾ ഒരുമിച്ചോ പോയിവരാമെന്ന് കരുതിയാൽ ഞങ്ങളില്ലാത്ത തക്കം നോക്കി കടുവ വന്ന് മൃതദേഹം ഭക്ഷിക്കുകയോ മറ്റെവിടേക്കെങ്കിലും മാറ്റുകയോ ചെയ്താൽ അത് ബുദ്ധിമുട്ടാകും. എല്ലാ കാര്യങ്ങളും വിശദമായി ആലോചിച്ചപ്പോൾ, ഞാൻ മറയിലും ബൈറ ഏതെങ്കിലും വൃക്ഷത്തിന്റെ മുകളിലും കഴിച്ചുകൂട്ടുകയാവും ഉചിതമെന്ന് ഞങ്ങൾക്ക് തോന്നി.

ഏതാണ്ട് അര ഫർലോങ് അകലെയുള്ള ഒരു പുളിമരമാണ് ബൈറ തന്റെ രക്ഷാസ്ഥലമായി തെരഞ്ഞെടുത്തത്. സമയം രണ്ടുമണി കഴിഞ്ഞിരുന്നു. എനിക്ക് ചില ഉപദേശങ്ങൾ തന്ന് അയാൾ മരത്തിൽ കയറിപ്പറ്റി. ഞാനെന്റെ ചെറു കോട്ടയിലേക്കും മടങ്ങി. സൂര്യതാപമേറ്റ് ചുട്ടുപഴുത്തിരുന്നതിനാൽ നിലത്ത് ചടഞ്ഞിരിക്കാൻ സാധിക്കുമായിരുന്നില്ല. കുത്തിയിരിക്കേണ്ടിയിരുന്നു. എന്റെ കോട്ടയ്ക്ക് ഉയരം കുറവായിരുന്നതിനാൽ അങ്ങനെയിരിക്കുമ്പോൾ എന്റെ ശിരസ്സ് വെളിയിൽ കാണാമായിരുന്നു. കടുവ വരുന്നപക്ഷം എന്നെ കാണുമെന്നുറപ്പ്. അങ്ങനെയെങ്കിൽ അവന്റെ ഇരകളിൽ എന്റെ പേരുകൂടി ഇടംപിടിക്കും. ഞാനവിടെ നിന്ന് പുറത്തിറങ്ങി അല്പം പുല്ലു പറിച്ച് എന്റെ തൊപ്പിയിൽ ചേർത്തു വച്ചു. ഇപ്പോൾ ദൂരെ നിന്ന് നോക്കിയാൽ എന്റെ തൊപ്പി കാണുകയില്ല. അല്പം പുല്ലുകൾ വളർന്നു നിൽക്കുന്നതായി മാത്രമേ തോന്നുകയുള്ളു. ഞാനെന്റെ കോട്ടയിലേക്ക് വീണ്ടും കടന്നിരുന്നു. എന്നാൽ ദീർഘനേരം കുന്തിച്ചിരിക്കാൻ എന്റെ കാലിലെ സന്ധികൾ അനുവദിക്കുന്നുണ്ടായിരുന്നില്ല. അസഹ്യമായ വേദന. നാലുമണിയോടെ വെയിലിന്റെ തീവ്രത ഒട്ടവസാനിച്ചപ്പോൾ പാറപ്പുറത്ത് ചടഞ്ഞിരിക്കാമെന്നായി.

തികഞ്ഞ നിശബ്ദതയായിരുന്നു എല്ലായിടത്തും. അഞ്ചുമണിയോടെ സുഖകരമായ തണുത്ത കാറ്റ് വീശിത്തുടങ്ങി. ഞാനാകെ രാവിലെ വഞ്ചിയിൽ നിന്നും പുറപ്പെട്ടശേഷം തുള്ളി വെള്ളം കുടിച്ചിട്ടുമില്ല. കലശലായ ദാഹം തോന്നുന്നു. അടുത്തദിവസം വഞ്ചിയിൽ തിരിച്ചെത്തുന്നതുവരെ ദാഹിച്ചിരിക്കേണ്ടിവരും. ദീർഘനേരമായി തുടരുന്ന നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഒരു തിത്തിരി പക്ഷിയുടെ ശബ്ദം മുഴങ്ങി. അതേറ്റു പിടിച്ചെന്നവണ്ണം മറ്റൊരു പക്ഷിയും ശബ്ദം മുഴക്കി. ആറുമണിയോടടുക്കുന്നു. ജീവജാലങ്ങൾ ഇപ്രകാരം സജീവമായി തുടർന്നാൽ കടുവയുടെ വരവിനെക്കുറിച്ച് മുന്നറിയിപ്പ് ലഭിക്കുമല്ലോ എന്നോർത്ത് ഞാൻ സന്തോഷിച്ചു. സൂര്യനസ്തമിച്ച് കഴിഞ്ഞിരിക്കുന്നു. എന്റെ ചുറ്റുമുള്ള വസ്തുക്കൾ വളരെ അവ്യക്തമായി മാത്രമേ എനിക്ക് കാണാനാകുമായിരുന്നുള്ളു. ഒരു വലിയ വവ്വാൽ എന്റെ തൊപ്പിയിൽ വച്ചു പിടിപ്പിച്ചിരുന്ന പുല്ലിനിടയിൽ നിന്നും ഭക്ഷിക്കാനെന്തെങ്കിലും കിട്ടുമോയെന്ന് പരതി എന്റെ തലയിൽ വന്നിരുന്നു. മുത്തുവിന്റെ മൃതദേഹം അപ്പോഴാണ് അവന്റെ ശ്രദ്ധയിൽ പെട്ടത്. അവൻ അവിടെയും പോയി പരതിനോക്കി നിരാശയോടെ പറന്നുപോയി. ഇരുട്ടിന് കാഠിന്യം വർദ്ധിച്ചതോടെ എനിക്കൊന്നും കാണുവാൻ സാധിക്കുമാ

യിരുന്നില്ല. കടുവ എന്നെ കാണുന്നപക്ഷം എന്നെക്കൂടി അവന്റെ ഭക്ഷണമാക്കാൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടാവില്ല. കഠിനമായ അന്ധകാരത്തിൽ അവന്റെ ദയാവായ്പിലാണ് എന്റെ ജീവൻ. ഭീതികൊണ്ട് ഞാൻ വിറയ്ക്കുന്നുണ്ടായിരുന്നു. ബൈറയെ ഉറക്കെ വിളിക്കാനായി അന്തരംഗം എന്നെ പ്രേരിപ്പിക്കുന്നതുപോലെ. ഞാനാകെ വിയർത്തുകുളിച്ചു. ദുശ്ശകുനമെന്നോണം ദൂരെയെവിടേയോ ഒരു മരത്തിലിലുന്ന് ഒരു മൂങ്ങ മൂളുന്നുണ്ടായിരുന്നു.

ഭീതിതമായ ആ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് പെട്ടെന്നാണ് ഒരു സാംബാർ മാനിന്റെ മരണരോദനം കേട്ടത്. അതിനു കാരണക്കാർ ഒരുപറ്റം കാട്ടുനായ്ക്കളോ ഒരു പുലിയോ കടുവയോ ആകാം. കാട്ടുനായ്ക്കളുടെ കൂട്ടത്തോടെയുള്ള കൊലവിളി ഞാൻ കേൾക്കുകയുണ്ടായില്ല. മാത്രമല്ല സാധാരണ ഗതിയിൽ രാത്രികാലങ്ങളിൽ അവ വേട്ടയാടാറുമില്ല. അതിനാൽ ആ കൊലയ്ക്ക് ഉത്തരവാദി വലിയ തെണ്ടു വിഭാഗത്തിൽപ്പെട്ട ഒരു പുലിയോ ഒരു കടുവയോ ആയിരിക്കും. മറ്റൊരു മൃഗത്തിനും സാംബാർ മാനിനെപ്പോലെ വലിയൊരു ജീവിയെ ഒറ്റയ്ക്ക് കീഴ്പ്പെടുത്താൻ സാധിക്കില്ല. കടുവ തന്നെയാണെങ്കിൽ അത് നരഭോജി തന്നെയാവുമോ? അതോ മറ്റേതെങ്കിലും കടുവകുടി ആ പ്രദേശത്ത് ഉണ്ടായിരിക്കുമോ? ഞാൻ കേട്ടത് ശരിയാണെങ്കിൽ നരഭോജി മറ്റു മൃഗങ്ങളെ തൊടാറില്ല. സാധാരണ നരഭോജിയാകുന്ന മൃഗങ്ങൾക്ക് നരമാംസം മാത്രം ഭക്ഷിച്ച് ജീവിക്കാനാവില്ല. മറ്റു മൃഗങ്ങളേയും അവ ഭക്ഷിക്കാറുണ്ട്. തരംകിട്ടിയാൽ മനുഷ്യരെ ഭക്ഷിക്കാമെന്നു മാത്രം.

കഴിഞ്ഞ ദിവസം മുതൽ അവൻ ആഹാരം കഴിച്ചിട്ടുണ്ടാവാനിടയില്ല. അവന് അതിയായ വിശപ്പ് ഉണ്ടായിരിക്കാം. മുത്തുവിനെ ഭക്ഷിക്കാനായി വരുന്ന വഴി അപ്രതീക്ഷിതമായാവണം സാംബാർ മാൻ അവന്റെ മുന്നിൽ പെട്ടത്. അവൻ ചിലപ്പോൾ അതിനെ ഭക്ഷിച്ച് ഇന്ന് തൃപ്തിവരുത്തുമായിരിക്കും. എന്റെ കാത്തിരുപ്പ് വിഫലമാകുമോ? സമ്മിശ്രമായ പലവിധ ചിന്തകൾ എന്നെ അലട്ടിക്കൊണ്ടിരുന്നു ഒപ്പം അല്പം ഭയവും. ബൈറയും സാംബാർ മാനിന്റെ മരണരോദനം ശ്രവിച്ചിരിക്കണം. അടുത്ത അരമണിക്കൂർ നേരം വനം തികച്ചും ശാന്തമായിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ ഒരാന ആഹരിക്കുന്ന ശബ്ദം കേട്ടു. സാംബാർ മാനിനെ ഭക്ഷിച്ചുകൊണ്ട് അവി



ടെത്തന്നെയുണ്ടാവുമെന്ന് ഞാനൂഹിച്ചു. പെട്ടന്നാണ് ആനയുടെ ചിന്നംവിളി മുഴങ്ങിയത്. പിന്നാലെ തന്നെ കോപാന്ധനായ കടുവയുടെ ഗർജ്ജനവും കേട്ടു. അവ രണ്ടും കുറച്ചുനേരത്തേക്ക് ആവർത്തിച്ചുകൊണ്ടിരുന്നു. ആനയുടെ ചിന്നംവിളിയുടെ രീതി മാറിത്തുടങ്ങി. അവന്റെ കോപമടങ്ങിയിരിക്കണം. സ്വാഭാവികമായും തനിക്കുള്ളതെന്ന് കരുതുന്ന മുളങ്കൂട്ടത്തിനിടയിൽ കടുവയെ കണ്ടത് അവനിഷ്ടപ്പെട്ടിരിക്കില്ല. കടുവയെന്തു ചെയ്യും? ഏതായാലും ഒരാനയോട് എതിരിടാൻ നിൽക്കാതെ അവൻ പിന്മാറാനാണ് സാധ്യത. നക്ഷത്രങ്ങളിൽ നിന്നുള്ള നാമമാത്രമായ വെളിച്ചം ഇപ്പോൾ ലഭിക്കുന്നുണ്ട്. മുത്തുവിന്റെ മൃതദേഹവും സമീപത്തുള്ള കുറ്റിക്കാടും ഇപ്പോഴെനിക്ക് അവ്യക്തമായെങ്കിലും കാണാൻ സാധിക്കുന്നുണ്ട്. കടുവ മടങ്ങിവരുമോ?

എന്റെ ചിന്തകൾക്കെല്ലാം ഉത്തരമെന്നോണം ഒരു മുരൾച്ച കേട്ടു. എന്നാൽ ആ ശബ്ദത്തിന്റെ ദിശ മനസ്സിലാക്കുവാൻ സാധിച്ചില്ല. ഞാൻ സാവധാനം എന്റെ ഇടതുവശത്തേക്ക് എന്തെങ്കിലും സമീപിക്കുന്നുണ്ടോ എന്നറിയാൻ നോക്കി. പെട്ടെന്ന് വീണ്ടുമൊരു മുരൾച്ച കേട്ടു. മുൻപത്തേക്കാൾ അല്പം ഉച്ചത്തിലും അടുത്തുമായിരുന്നു അത്. എന്റെ ദിശയിലേക്കാണ് അവൻ നടന്നടുത്തുകൊണ്ടിരുന്നത്. നരഭോജിയെ പ്രകോപിപ്പിച്ച് മുത്തുവിന്റെ സമീപത്തേക്കെത്തിക്കാൻ ആന ചെയ്ത സഹായത്തിന് മനസ്സാ ഞാൻ നന്ദി പറഞ്ഞു. ആനയുടെ സമീപത്തുനിന്ന് പിൻവാങ്ങിയപ്പോഴാകണം കൂടുതൽ രുചികരമായ മനുഷ്യമാംസത്തെക്കുറിച്ച് അവനോർത്തത്. എന്നാൽ ആനയോട് അവനുതോന്നിയ കോപം അപ്പോഴും അടങ്ങിയിരുന്നില്ല. ഭാഗ്യം എന്റെ കൂടെയായിരുന്നു എന്നുവേണം പറയാൻ. കാരണം മുരൾച്ചയിലൂടെ കടുവ അവന്റെ ദിശ വ്യക്തമാക്കിത്തന്നു. കയ്യിൽ ഒരു ടോർച്ചുപോലുമില്ലാതെയായിരുന്നല്ലോ ഞാനിവിടെ ഇരുന്നിരുന്നത് മാത്രമല്ല, ആനയോടുള്ള കോപമടങ്ങാത്തതിനാൽ അവൻ

പരിസരമൊന്നും ശ്രദ്ധയോടെ വീക്ഷിക്കാതെയാണ് വന്നുകൊണ്ടിരിക്കുന്നത്. അല്ലാത്ത പക്ഷം അവനെന്റെ മറ കണ്ടുപിടിക്കാൻ സാധ്യതയേറെയായിരുന്നു. രണ്ടു പ്രാവശ്യം കൂടി കടുവ മുരണ്ടു. കറുത്ത നീളമുള്ള ഒരു രൂപം എന്റെ ഇടതുവശത്ത് അല്പം താഴെയായി നീങ്ങുന്നത് ഞാൻ കണ്ടു. പിന്നെ അപ്രത്യക്ഷമായി. അല്പ നിമിഷങ്ങൾക്കകം അത് വീണ്ടും പ്രത്യക്ഷപ്പെട്ടു. അത് കടുവയാണെന്ന് എനിക്ക് ഉറപ്പായിരുന്നു. അവൻ മുത്തുവിന്റെ മൃതശരീരത്തിന് സമീപം വന്നുനിന്നു. കേവലം പത്തടി മാത്രം അകലം. എന്റെ മറ അവന്റെ ശ്രദ്ധയിൽപ്പെട്ടതേയില്ല.

അവനപ്പോഴും ഭീതിദമായി മുരളുന്നുണ്ടായിരുന്നു. ആനയോടുള്ള ദേഷ്യം തീർക്കാനെന്നോണം അവൻ മുത്തുവിന്റെ മൃതദേഹത്തിൽ രണ്ടുമൂന്നു തവണ കടിച്ചു. എന്റെ മുന്നിലുള്ള പ്രധാന പ്രശ്നത്തെക്കുറിച്ച് അപ്പോഴാണ് ഞാനാലോചിച്ചത്. ഒറ്റ വെടിക്കുതന്നെ അവന്റെ കഥ കഴിയണം അല്ലെങ്കിൽ മർമ്മസ്ഥാനത്തെവിടെയെങ്കിലും വെടിവച്ച് മാരകമായ പരിക്കേൽപ്പിക്കണം. അല്ലാത്തപക്ഷം ഉറപ്പായും അവനെന്റെ മേൽ ചാടിവീഴും. കേവലം പത്തടി ദൂരത്തുമാത്രമാണവൻ നിൽക്കുന്നതെങ്കിലും അവനെ കൃത്യമായി കാണാനെനിക്ക് സാധിക്കുമായിരുന്നില്ല. മുത്തുവിന്റെ മൃതദേഹം അവൻ കൂടുതൽ വികൃതമാക്കുന്നതിനു മുന്നേ ഞാനെന്തെങ്കിലും പ്രവർത്തിക്കേണ്ടതുണ്ട്. ആനയോടുള്ള ദേഷ്യമടങ്ങി അവൻ ഭക്ഷണം കഴിക്കാനാരംഭിച്ചാൽ, ഒരു ചെറു ശബ്ദമായാലും ശരി, അവന്റെ ശ്രദ്ധയിൽപ്പെടും. ഉറപ്പായും ആക്രമിക്കുകയും ചെയ്യും. ഞാൻ സാവധാനം റൈഫിളുയർത്തി തോളിൽവച്ചു കടുവയുടെ നേരെ ഉന്നംപിടിച്ചു. മർമ്മ സ്ഥാനത്തെവിടെയെങ്കിലും വെടിവച്ച് കൊള്ളിക്കാമെന്ന പ്രതീക്ഷയെനിക്കില്ലായിരുന്നു. ഒറ്റ വെടിക്ക് അവനെ കൊല്ലാമെന്ന പ്രതീക്ഷ ഒരു ശതമാനം പോലും ഇല്ലാതിരുന്നെങ്കിലും ശ്വാസഗതിയെ നിയന്ത്രിച്ച് വളരെ ശ്രദ്ധയോടെ ഞാൻ റൈഫിളിന്റെ ട്രിഗർ വലിച്ചു.

അതിഭീകരമായ ഗർജ്ജനമായിരുന്നു പിന്നീടുണ്ടായത്. ഭാഗ്യത്തിന് എനിക്ക് പുറം തിരിഞ്ഞായിരുന്നു അവന്റെ നിൽപ്പ്. വെടിയേറ്റയുടൻ അവൻ മുന്നിലേക്ക് കുതിച്ചു. അവിടെയുണ്ടായിരുന്ന കുറ്റിക്കാട്ടിലാവാം അക്രമി ഒളിഞ്ഞിരിക്കുന്നതെന്ന് കരുതിയാവണം. അവനത് തകർത്തു. അവ്യക്തമായി മാത്രം കാണപ്പെട്ട ആ കറുത്ത രൂപത്തിലേക്ക് ഞാൻ രണ്ടാമതും നിറയൊഴിച്ചു. അവൻ വായുവിലേക്ക് ഉയർന്നുപൊങ്ങി. നിലത്തുവീണ അവൻ വൃത്താകൃതിയിൽ കിടന്നു കറങ്ങി. അവന് എഴുന്നേൽക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ അവനെന്റെ സ്ഥാനം കണ്ടുപിടിച്ചിരുന്നു. നിലത്തുകിടന്ന് വട്ടം കറങ്ങിക്കറങ്ങി അവൻ എന്റെ നേർക്ക് വന്നു. അവനേകദേശം എന്റെ അടുത്തെത്തിയപ്പോൾ, കേവലം രണ്ടടി മാത്രമകലെ വച്ച് അവന്റെ ശിരസ്സിലേക്ക് ഞാൻ മൂന്നാമത്തെ വെടിവച്ചു. അതോടുകൂടി മറയിൽ നിന്നും ചാടിപ്പുറത്തുകടക്കുകയും ചെയ്തു. അവൻ ശ്വാസമെടുക്കുമ്പോളുണ്ടാകുന്ന കുറുകൽ ശബ്ദം എനിക്ക് വ്യക്തമായി കേൾക്കാമായിരുന്നു. അവന്റെ പരിക്കുകളിൽ നിന്നും ചീറ്റിയൊഴുക്കിക്കൊണ്ടിരുന്ന രക്തം എന്റെ കാലുകളെ നനച്ചു. അപ്പോഴും ജീവൻ നഷ്ടപ്പെടാതെ പിടിച്ചുകൊണ്ടിരുന്ന അവന്റെ ദേഹത്തേക്ക് ഒരുണ്ടകൂടി പായിച്ച്, അവന്റെ വേദനകളിൽ നിന്ന് എന്നെന്നേക്കുമായി ഞാനവന് മോചനം നൽകി.

ഞാൻ ബൈറയെ ഉറക്കെ വിളിച്ചു. അല്പസമയത്തിനുള്ളിൽ അയാൾ വൃക്ഷത്തിൽ നിന്നുമിറങ്ങി എന്റെ സമിപം വന്നു. നടന്ന കാര്യങ്ങളെല്ലാം തന്നെ വിശദമായി അയാളോട് ഞാൻ പറഞ്ഞു. കുറ്റാക്കുറ്റിരുട്ടായിരുന്നിട്ടും ബൈറയുടെ കഴിവൊന്നുകൊണ്ട് മാത്രം ഞങ്ങൾ മഞ്ചിയിൽ തിരിച്ചെത്തി. മുത്തുവിന്റെ ദാരുണമായ അന്ത്യത്തിൽ ദു:ഖമുണ്ടായിരുന്നെങ്കിലും നരഭോജിയുടെ കഥകഴിഞ്ഞതിൽ ഗ്രാമവാസികൾ എല്ലാവരും വളരെയധികം സന്തോഷിച്ചു. ഏറെ വൈകാതെ ഒരു സംഘം ആളുകൾ മുത്തുവിന്റെയും കടുവയുടെയും ജഡങ്ങൾ കൊണ്ടുവരാനായി വനത്തിലേക്ക് പുറപ്പെട്ടു.

എന്റെ ആദ്യത്തെ വെടി കടുവയുടെ വയറ്റിലാണ് കൊണ്ടത്. രണ്ടാമത്തെ വെടി അവന്റെ സുഷുമ്ന നാഡിയെയും തോളെല്ലും തകർത്തു. സത്യത്തിൽ ആ രണ്ടാമത്തെ വെടിയാണ് അവനെ ഓടിപ്പോകാൻ കഴിയാത്ത വിധം അവിടെത്തന്നെ തളച്ചത്. ഞാൻ കരുതിയതുപോലെ നരഭോജി ഒരു പ്രായംകുറഞ്ഞ മൃഗമായിരുന്നു. മുത്തുവിനെ ഇരയായി വെച്ചതെന്തുകൊണ്ടാണെന്ന് ചില ഗ്രാമവാസികൾ എന്നോടു ചോദിച്ചു. എന്നാൽ മുത്തുവിന്റെ മൃതദേഹം അധികം വികൃതമാകാതെ ഞങ്ങൾ സംരക്ഷിച്ചില്ലേ? മറ്റു ചോദ്യങ്ങൾക്ക് ഗ്രാമവാസികൾക്ക് പ്രത്യേകിച്ച് ഉത്തരമൊന്നും തന്നെയുണ്ടായിരുന്നില്ല. (അവസാനിച്ചു).

ലേഖനം


# കൊതുക്

**മഞ്ജുളാ ഭായി**
കോട്ടയം, മൊ. 9847038021



“തമ്പുരാട്ടി എന്താ ചെയ്യുന്നത്, കൊതുക് കടിക്കാതിരിക്കാൻ ഫാൻ ഇടുമോ, അതോ പുതയ്ക്കുമോ?”

ഓഫീസിൽ ചെന്നപ്പോൾ ഉമ്മച്ചന്റെ വക ചോദ്യം. ഞാൻ “ഒന്നുകിൽ പുതയ്ക്കും എന്നിട്ട് ഉഷ്ണിക്കാതിരിക്കാൻ ഫാൻ ഇടും. അല്ലെങ്കിൽ ഫാനിടും എന്നിട്ട് തണുക്കാതിരിക്കാൻ പുതയ്ക്കും.” അധികം ആലോചനയൊന്നുമില്ലാതെ എന്റെ സ്ഥിരം ശൈലിയിൽ പറഞ്ഞു. എല്ലാവർക്കും ഒന്നു ചിരിക്കാൻ ഈ ഉത്തരം മതിയായിരുന്നു.



“എല്ലാവരും ഒരു ദിവസം ഒരു കൊതുകിനെയെങ്കിലും കൊല്ലണം. കൊന്നാൽ മാത്രം പോരാ, അതിന്റെ കൊമ്പൊടിച്ചു വിടുകയും വേണം. അല്ലെങ്കിൽ ഒരു കൊതുകിൽ നിന്നും നൂറ് കൊതുക് ഉണ്ടാകും.” ഹോസ്റ്റലിൽ ചെന്നപ്പോൾ ജിജി ടീച്ചറിന്റെ ക്ലാസ്. ടീച്ചർ കോളേജ് ലക്ചറർ ആണ്. അതേ കോളേജിൽ പഠിക്കുന്ന ഹോസ്റ്റൽവാസികളോടാണ് പറയുന്നത്.

ഇതു കേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു. “ഹോ, അങ്ങനെയായിരിക്കും ചേർത്തലക്കാരുടെ കൊതുകു നശിപ്പിക്കൽ യജ്ഞം ഇത്രയും വിജയം കണ്ടത്!” (ടീച്ചർ ചേർത്തലക്കാരിയാണ്.)

ഏതായാലും കൊതുക് ഒരു സംഭവം തന്നെയാണ്. പണ്ട് രണ്ടുപേർ തമ്മിൽ കണ്ടാൽ, “അവിടെ മഴയുണ്ടോ? വെള്ളം പൊങ്ങിയപ്പോൾ വീട്ടിൽ കയറിയോ” എന്നൊക്കെ ലോഹ്യം ചോദിച്ചിരുന്നതുപോലെയാണ്, ഇപ്പോൾ രണ്ടുപേർ തമ്മിൽ കണ്ടാൽ കൊതുകിന്റെ വിശേഷം ചോദിക്കുന്നത്.

പണ്ടൊക്കെ രണ്ടിനം കൊതുകേ ഉണ്ടായിരുന്നുള്ളൂ ‘അനോഫിലിസ്’, ‘ക്യൂലക്സ്’. ഒന്ന് മന്തുരോഗം പരത്തുന്നു, മറ്റേത് മലമ്പനി. ഒന്ന് പ്രതലത്തിൽ ലംബമായിട്ട് ഇരിക്കുന്നു, മറ്റേത് തിരശ്ചീനമായിട്ട്. കെട്ടിക്കിടക്കുന്ന അഴുക്കുവെള്ളത്തിൽ രണ്ടും മുട്ടയിട്ട് പെരുകുന്നു. സന്ധ്യയാകുമ്പോൾ കൊതുക് പാട്ടുംപാടി വരുന്നു. നമ്മൾ നെരിപ്പോടും മറ്റും ഉണ്ടാക്കി വെച്ച് കൊതുകുകടിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നു.

ഇപ്പോഴോ പലയിനം കൊതുകുകൾ! രാത്രിയെന്നോ പകലെന്നോ ഇല്ല. അവയിൽ തീരെ ചെറിയവയും വലിയവയുമുണ്ട്. ശുദ്ധജലത്തിൽ മുട്ടയിടുന്നവയും കെട്ടിക്കിടക്കുന്ന അഴുക്കുവെള്ളത്തിൽ മുട്ടയിടുന്നവയും. ചിലതിന് ഒരു ചെടിയുടെ ഇലയിൽ കൊള്ളുന്നത്ര വെള്ളം മതിപോലും, മുട്ടയിടാൻ. ഇവയൊക്കെക്കൂടി പരത്തുന്ന രോഗങ്ങളോ... മന്ത്, മലമ്പനി, ഡെങ്കിപ്പനി.

കടയിൽ കയറി പല സാധനങ്ങളും എടുത്ത് വില പറഞ്ഞപ്പോൾ കടക്കാരൻ ഇങ്ങോട്ടു ചോദിച്ചു, “കൊതുകിന് മരുന്നൊന്നും വേണ്ടായോ?” എന്ന്. “തീർച്ചയായും”. അയാൾക്ക് ഉത്സാഹമായി.

“ഇത് സാധാരണ കൊതുകുതിരി. ഇത് ഗുഡ്നൈറ്റ് പിന്നെ ഇത് ഒരുതരം സാമ്പ്രാണിയാണ്. മൂന്ന് മണിക്കൂർ വരെ കത്തിനില്ക്കും. ഇത് ഹിറ്റ്. ദുർഗ്ഗന്ധമില്ല. ഓഡോമോസ്, അല്പം കാലിലോ കൈയിലോ പുരട്ടിയാൽ മതി”. “എനിക്ക് എല്ലാം വേണം, പിന്നെ കൊതുകിനെ അടിച്ചുകൊല്ലുന്ന ബാറ്റും”. അയാൾ എല്ലാം എടുത്തുതന്നു.

നാട്ടിൽ ചെന്നപ്പോൾ അവിടെയും സംസാരവിഷയം കൊതുകുകൾ തന്നെ.

“ഇപ്പോൾ പഞ്ചായത്തിൽ നിന്നും ‘മരുന്നടി’ ഇല്ലേ? പണ്ട്, ഇടയ്ക്ക് ഉണ്ടായിരുന്നല്ലോ?”

“എവിടെ... ഇപ്പോൾ മാസം തോറും. വെളിയിൽ കിടക്കുന്ന ചിരട്ടകൾ ഒക്കെ കമഴ്ത്തി വെയ്ക്കണം എന്നൊരു ലേഡി വന്ന് പറഞ്ഞുപോകും”.

കഥ

# ചില കണ്ടുമുട്ടലുകൾ

**തങ്കം കോവിലകത്ത്**
തിരുവനന്തപുരം, മൊ. 9446462855



രംഗനാഥൻ സമയം നോക്കി, രാവിലെ 5:15. കോട്ടുവായൊക്കെയിട്ട് തിരിഞ്ഞ് കൈയൊക്കെ ഒന്നു കുടഞ്ഞ് എഴുന്നേറ്റു.

“സർ പോവുകയാണൊ” നീതു ചോദിച്ചു.

‘‘ജോബിയും അരവിന്ദും ഒക്കെ പോയോ ആരേയും കണ്ടില്ലല്ലൊ നീതു”

“അവരൊക്കെ പോയി സാറെ.”

“നീതുപോകുന്നില്ലേ?”

“എനിക്ക് കുറച്ച് ജോലി കൂടിയുണ്ട് സാറെ” നീതു പറഞ്ഞു.

“എന്നാൽ ഞാനിറങ്ങുവാണ് കേട്ടോ നീതു”.

പുറത്തേക്കിറങ്ങി രംഗനാഥൻ ബൈക്കിന്റെ അടുത്തേക്കു നടന്നു, വണ്ടി സ്റ്റാർട്ട് ചെയ്തപ്പോഴേക്കും ഒരാൾ സെക്യൂരിറ്റി രഘുചേട്ടന്റെയടുക്കൽ നിന്നും എന്തോ പറഞ്ഞ് തിരിഞ്ഞുനടന്നു, ഒരു പരിചിത മുഖം പോലെ, അത് ആരായിരിക്കും ആലോചിച്ച് അങ്ങിനെയിരുന്നു. നല്ല കാറ്റു വന്നു തലോടുന്നു, എന്നും വൈകുന്നേരം എല്ലാവരും ജോലി ക്ഷീണം തീർക്കാൻ ഇവിടെ ഇരിക്കും എന്തു രസമാണെന്നോ...

രംഗനാഥൻ വേഗം രഘുചേട്ടന്റെയടുത്തേക്കു നീങ്ങി, “ചേട്ടാ ആരാ അത് എന്നാ കാര്യം?”

‘‘കുഞ്ഞേ ഒന്നും പറയണ്ട നല്ലസ്ഥിതിയിൽ കഴിഞ്ഞ ഒരു മനുഷ്യനാണ്, ഇവിടെയല്ല അങ്ങ് ബോംബേയിൽ നല്ല ഒരു ഹോട്ടൽ ഉടമയായിരുന്നു കേട്ടോ, കൊറോണ സമയത്ത് ലോക്ക്ഡൗൺ ആയപ്പോൾ കട അടച്ചു. പിന്നെ തുറന്നില്ല തുറക്കാൻ പറ്റിയില്ലാന്നാ അദ്ദേഹം പറഞ്ഞത് നല്ല അദ്ധ്വാനിയായിരുന്നതു കൊണ്ട് കൊറോണക്കു മുൻപ് കുറച്ച് പൈസയിരുന്നതു കൊണ്ട് ഈ നാട്ടിൽ തന്നെ പെങ്ങൾടെ കുടുംബ ഓഹരി മേടിച്ചൂന്നാ പറഞ്ഞത്. അവിടെ നല്ലനിലയിൽ കഴിഞ്ഞതാ സാറെ, ഈ വീട് നല്ലവണ്ണം പുതുക്കിപ്പണിത് ഇടാമെന്നാണ് വിചാരിച്ചത് എന്നൊക്കെ കഥ പറഞ്ഞു. എന്റെ സാറേ രണ്ടു പെൺകുട്ടികളാത്രേ വേറെ. ‘എവിടെയെങ്കിലും പോയി തിരക്കൂ’ എന്നു പറഞ്ഞു. നമ്മൾ എന്തു ചെയ്യാനാ അല്ലെ? ഞാൻ ആരോടെങ്കിലും പറയാമെന്ന് പറഞ്ഞു. ഇത്രയും കേട്ടിട്ട് എന്തെങ്കിലും പറയാതിരിക്കുന്നതെങ്ങനാ അല്ലെ?” രംഗനാഥന് നല്ല വിഷമം തോന്നി. പണ്ടേ അങ്ങിനെയാണ്. ജോലിക്കാര്യം ആരു പറഞ്ഞാലും എനിക്കു സങ്കടമാണ്. അവരുടെ കുടുംബത്തിലെ പ്രാരാബ്ധം ചിന്തിക്കും. എന്നിട്ട് തന്നെയിരുന്ന് വിഷമിക്കും. “ശരി പോട്ടെ രഘുച്ചേട്ടാ, ഞാനും ശ്രമിക്കാം”. പക്ഷെ പോട്ടേന്ന് പറഞ്ഞെങ്കിലും മനസ്സിന് എന്തോ →

→

“ഓ, അത്രേയൊള്ളോ? പറമ്പിലെ കാടൊക്കെ പറിച്ചു കളയാൻ സഹായിക്കാൻ, ആരെയെങ്കിലും വിടുന്നുണ്ടോ? തൊഴിലുറപ്പുകാരെയോ മറ്റോ?”

“ങാ, ചിലപ്പോൾ. നാം ചെയ്യേണ്ടത്, വീടും പരിസരവും വൃത്തിയാക്കിയിടുക. വെള്ളം കെട്ടിക്കിടക്കാതെ നോക്കുക. എല്ലാ ജനലുകൾക്കും കൊതുക് കയറാത്തതുപോലെ നെറ്റ് ഇടുക, സന്ധ്യയ്ക്കു മുമ്പേ അടയ്ക്കുക. വീട്ടിൽ അനാവശ്യ സാധനങ്ങൾ ഒന്നും നിരത്തിയിടാതിരിക്കുക. തുണികൾ, പുസ്തകങ്ങൾ ഇവ അടുക്കി അലമാരികളിൽ സൂക്ഷിക്കുക. ദിവസവും അത്യാവശ്യ സാധനങ്ങൾ (വിരിപ്പുകൾ, ബെഡ്, അത്യാവശ്യം ഉപയോഗിക്കുന്ന പുസ്തകങ്ങൾ) ഇവ തട്ടിക്കുടഞ്ഞ് വെയ്ക്കുക. കഴിയുന്നതും ‘കൊതുകുവല’യിട്ട കട്ടിലിൽ കിടക്കുക.”

“ശരി, അപ്പോൾ സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.” ●

ഒരു വിഷമം. പോട്ടെ, പോട്ടേന്ന് വിചാരിക്കും, എന്നിട്ട് അതുതന്നെ ചിന്തിക്കും. ഭാനു എപ്പോഴും പറയും കട്ടിയില്ലാത്ത മനസ്സാണ് ഏട്ടന്റെ എന്ന്. ഇതും മനസ്സിലിട്ട് ഒരാഴ്ച കഴിഞ്ഞപ്പോൾ ദാ, തന്നെ കാത്ത് അയാൾ നിൽക്കുന്നു ആ രാമഭദ്രൻ. അയാളുടെ കഥ കേട്ടപ്പോൾ മുതൽ സഹായിക്കണമെന്നു തോന്നിയിരുന്നു. പക്ഷെ എങ്ങിനെ എന്തു ചെയ്യാൻ പറ്റുമെന്ന് എത്ര വിചാരിച്ചിട്ടും ഒന്നും തെളിഞ്ഞുവരുന്നില്ല. എന്തായാലും അയാൾ ദാ മുൻപിൽ, എന്നാൽ കാണാം എന്നു വിചാരിച്ച് രംഗനാഥൻ വളരെ പതുക്കെ അയാളുടെ അടുത്തെത്തി. രാമഭദ്രൻ തൊഴുതുകൊണ്ട് എന്റടുത്ത് വന്നുനിന്നു. "ആ സെക്യൂരിറ്റി പറഞ്ഞു സാറിനോട് പറഞ്ഞാൽ മതിയെന്ന് എന്തെങ്കിലും ജോലി ശരിയാകുംന്ന്". ഞാൻ മനസ്സിൽ 'അയ്യോ'ന്ന് പറഞ്ഞു പോയി. കുറെനേരം അയാളുടെ കാര്യങ്ങൾ തന്നെ പറഞ്ഞുകൊണ്ടിരുന്നു. എന്തു ജോലിയായാലും ചെയ്യാമെന്നും രണ്ടു പെൺകുട്ടികൾ അവരെ പഠിപ്പിക്കണംന്നും... എന്നാലാവുന്നത് ശ്രമിക്കാമെന്ന് ഞാനും പറഞ്ഞു. ഇനി അടുത്തയാഴ്ച കാണാമെന്ന് പറഞ്ഞ് അയാൾ പോയി. രാത്രിയിൽ അത്താഴം കഴിഞ്ഞ് കിടന്നപ്പോഴും മനസ്സിൽ അയാളുടെ മുഖം ഓർമ്മ വന്നു. എവിടെയോ ഒന്ന് കണ്ടുമറന്ന മുഖം പോലെ. പക്ഷെ കണ്ടിട്ടേയില്ല സത്യം. "എന്താ വയ്യാണ്ടിരിക്കുന്നെ..." ഭാനു ഇങ്ങനെ ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു...

"എന്തെങ്കിലും ഉണ്ടെങ്കിൽ പറയൂന്നേ പറഞ്ഞാലല്ലെ അറിയൂ എന്റെ ഏട്ടാ..." ഭാനു കുനിഞ്ഞ് എന്റെ താടിപിടിച്ചുയർത്തി എന്റെ നെറ്റിയിൽ അവളുടെ ചുണ്ടമർത്തി എന്റെ കയ്യ് അവളുടെ കയ്യിൽ ചേർത്തു വെച്ച് എന്നോട് ചേർന്നിരുന്നു ഭാനുവിനോട് കാര്യം പറഞ്ഞു. "നമ്മുടെ നീരജേം നിരുപമേം പോലെ രണ്ടു പെൺകുട്ടികൾ അയാൾക്കുണ്ട് ഉണ്ടാക്കിയ സമ്പത്തുകൊണ്ട് വീടും വാങ്ങി അയാൾക്ക് ഒരു ജോലി വേണമെന്ന്."

"നമുക്ക് ആലോചിക്കാമെന്നേ, ഇപ്പൊ ഒന്നുറങ്ങൂട്ടൊ..."

എന്റെ ഈശ്വരാ ഒന്ന് മയങ്ങീന്നു തോന്നുന്നു, അത്രേ ആയുള്ളു, മയക്കത്തിൽ എപ്പോഴോ ആരോ പറഞ്ഞതുപോലെ തോന്നി: "നിനക്കൊന്ന് പരിശ്രമിച്ചുകൂടെ?". മയക്കം വിട്ടുണർന്നു, എഴുന്നേറ്റ് ജനാല തുറന്ന് വെളിയിലേക്ക് നോക്കി. പ്രകൃതി ഇരുട്ടിൽ നിറഞ്ഞു നിൽക്കുന്നു ഒരിടത്തും ഒരു വെളിച്ചമില്ലാത്ത അവസ്ഥ. അതെ ചിലപ്പോൾ ചിലരുടെ അവസ്ഥ ഇതുപോലെയല്ലെ മുന്നിൽ ഒന്നും ഇല്ല ഒരു ചെറു വെളിച്ചം പോലും ഇല്ലാത്ത അവസ്ഥ.

എന്താ അല്ലെ എല്ലാവർക്കും ജീവിക്കാൻ എന്തെങ്കിലും വരുമാനം വേണ്ടേ, ഒന്നും ഇല്ലാതിരുന്നാൽ എന്തു ചെയ്യും, ഒരിക്കലും കണ്ടിട്ടില്ലാത്ത ആ മനുഷ്യനോട് എന്തോ ഒരു ഇഷ്ടമോ പരിചയമോ ഒക്കെ തോന്നുന്നു. ആരോ പറഞ്ഞുകേട്ടിട്ടുണ്ട് അങ്ങിനെ തോന്നുന്നത് മുൻജന്മത്തിലെ ബന്ധമാകാമെന്ന്, എവിടെയോ വായിച്ചതായും ഓർക്കുന്നു. അങ്ങിനെ ആയിരിക്കുമോ, രംഗനാഥൻ ചിന്തിച്ചു. എന്തായാലും രാവിലെ കാപ്പി കഴിഞ്ഞ് ഓഫീസിലേക്ക് ഇറങ്ങാൻനേരം ഭാനു പറഞ്ഞു: "ഹോട്ടലുടമയെന്നല്ലേ പറഞ്ഞത്. ഏട്ടന്റെ കൂട്ടുകാരൻ രാജന്റെ അച്ഛൻ മരിച്ചിട്ട് അവരുടെ ഹോട്ടൽ തുറക്കാതെ ഇട്ടിരിക്കുകയല്ലേ നോക്കാൻ ആളില്ലാത്തതുകൊണ്ട്, ഏട്ടൻ ഒന്ന് പറഞ്ഞു നോക്കൂ..."

"താങ്ക്സ് ഡിയർ" എന്നുപറഞ്ഞ് ഓഫീസിലേക്കോടി. സെക്യൂരിറ്റി രഘുച്ചേട്ടനോട് പറഞ്ഞു:

"അയാൾ വരുമ്പോൾ എന്നെയൊന്ന് വിളിക്കൂ..." അയാൾക്ക് വേണ്ടി ഞാനും പ്രാർത്ഥിച്ചു.

അതുകൊണ്ടാവും ഇത്ര പെട്ടെന്ന് ഒരു തീരുമാനം ആയത്. പിന്നെയെല്ലാം പെട്ടെന്നായിരുന്നു... ഹോട്ടൽ ഉദ്ഘാടനത്തിന് കാണാമെന്ന് പറഞ്ഞ് പിരിഞ്ഞു. അന്നു വീട്ടിൽ ചെല്ലുമ്പോൾ എന്തൊരു സമാധാനമായിരുന്നു. വീട്ടിലെത്തിയ ഉടനെ

"മക്കളെ നീരജാ... രണ്ടുപേരും വന്നേ. ഭാനു എന്തിയേ മക്കളെ..." ഭാനുവും വന്നു. എല്ലാവരെയും ചേർത്ത് പിടിച്ചു.

"മക്കളെ ഇന്ന് അച്ഛന് ഒന്നുറങ്ങണം സമാധാനത്തോടെ".

"എന്താ അച്ഛാ രാമഭദ്രൻ അങ്കിളിന് ജോലിയായോ?" രംഗനാഥൻ ഉടനെ ഭാനുവിനെ നോക്കി. അവളുടെയും കണ്ണു നിറഞ്ഞുവോ?

"അതെ മക്കളെ നിങ്ങളെപ്പോലെ രണ്ടു മക്കൾ അദ്ദേഹത്തിനും ഉണ്ട്. അച്ഛന് സന്തോഷമായി മക്കളെ".

എന്തോ രാമഭദ്രന്റെ നിഷ്കളങ്കമായ മുഖം മനസ്സീന്നു മാറുന്നില്ല. ആലോചിച്ചു, മുൻജന്മത്തിൽ ചിലപ്പോൾ അയാൾ എന്റെ ആരെങ്കിലുമായിരിക്കാം.

മിനിക്കഥ

# ഒരു FB ദുരന്തം

ജയശ്രീ സുന്ദർ
കോഴിക്കോട്, മൊ. 9961215672



ഞായറാഴ്ച ഡാഡാ (maid-നെ ഇവിടെ ഇങ്ങിനെ വിളിക്കും... സഹോദരി എന്നർത്ഥം) വരാത്ത ദിവസം ആയതുകൊണ്ട് കിട്ടുന്ന സമാധാനം പലതാണ്. ഒന്ന് അവൾക്ക് എന്തൊക്കെ പണികൾ കൊടുത്ത് വലപ്പിക്കണം എന്ന ദുഷ്ചിന്ത ഇല്ല. പിന്നെ അവളെക്കൊണ്ട് അതുമിതും ഉണ്ടാക്കി കഴിച്ച് വീർപ്പുമുട്ടേണ്ട. പിന്നെ എന്റെ അടുക്കളയിൽ ഞാനൊരു അതിഥിയല്ല. ആ ചിന്തകളിലൂടെ ഞായറാഴ്ച ആസ്വദിച്ചിരിക്കെ പതിദേവൻ ചോദിച്ചു:

"എന്താണ് breakfast ?"

മിനിഞ്ഞാന്ന് fb യിൽ ഒരു വിദ്വാൻ രാവിലെ എന്തൊക്കെ കഴിക്കണം എന്ന് പറഞ്ഞത് വിസ്തരിച്ചു വായിച്ചശേഷം തീരുമാനിച്ചതാണ് ഈ പ്രഭാത ഭക്ഷണ മെനു. ഫ്രിഡ്ജിൽ നിന്നും പത്തു ബദാം ശനിയാഴ്ച രാത്രി മറക്കാതെ വെള്ളത്തിൽ ഇട്ടു. പൊട്ടാസ്സിയവും മഗ്നിഷ്യവും തൊട്ട് പലതും ഉള്ള ബദാം കുതിർത്തത് തൊലി കളഞ്ഞ് പതിദേവന് 5 എണ്ണം കൊടുത്തു ആദ്യം. ദോശയും ചട്ണിയും പ്രതീക്ഷിച്ച് മേശയ്ക്കു മുന്നിൽ ഇരുന്ന ആൾ എന്നെ ഒന്നു വല്ലാതെ നോക്കി.

"ഇത് വെറും സാമ്പിൾ... എല്ലാം വരും"

എന്നുപറഞ്ഞ് 5 എണ്ണം ഞാനും എടുത്ത് പ്രോത്സാഹനം കൊടുത്തു. പതുക്കെ ചവച്ചരച്ചു കഴിക്കാൻ പറഞ്ഞ് ഞാനും ചവച്ചുതുടങ്ങി. അങ്ങിനെ അഞ്ചെണ്ണം ചവച്ചരച്ചു കഴിഞ്ഞ് ഞാൻ ഒന്ന് പുഞ്ചിരിച്ചു. ഇതൊക്കെ ഭക്ഷണം കൊടുക്കുമ്പോഴും കഴിക്കുമ്പോഴും ചെയ്യേണ്ട കാര്യമാണ്. ഇനിയെന്താ എന്ന പതിദേവന്റെ നോട്ടം കണ്ടപ്പോൾ ഞാൻ പതുക്കെ എഴുന്നേറ്റു അടുക്കളയിൽ വീണ്ടും പോയി.

പ്ലേറ്റ് ഒന്ന് അങ്ങോട്ടുമിങ്ങോട്ടും നീക്കി. വരാൻ പോകുന്ന ദോശയോ ഇഡ്ഡലിയോ കഴിക്കാൻ തയ്യാറാക്കിയ പ്ലേറ്റിലേക്ക് ഒരു റോബസ്റ്റാ പഴം കൊണ്ടുവെച്ചു ഞാൻ. പ്രതീക്ഷ തകരാത്ത മനസ്സോടെ പഴത്തിന്റെ തൊലി ഉരിയുന്നത് നോക്കി ഞാനും കയ്യിലുള്ള പൂവൻപഴം കഴിക്കാനിരുന്നു.

"പതുക്കെ ചവച്ച് ഉമിനീരിറക്കി കഴിക്കണം"

എന്ന് വീണ്ടും പറഞ്ഞ എന്നെ ദയനീയമായി നോക്കിയ ആ നോട്ടം!

"See, നാം കഴിക്കുന്ന ഭക്ഷണം പോഷകവും കൂടെ എല്ലിനും പല്ലിനും വേണ്ട എല്ലാ കാര്യവും വേണ്ടതാണെന്ന് അറിയില്ലേ?"

ഈ പഴത്തിൽ എല്ലിന് വേണ്ടത് എന്താണാവോ എന്ന് ചിന്തിച്ച ശേഷം പഴത്തോല് അങ്ങോട്ടു നീക്കി വെച്ച് എന്നെ നോക്കി എന്റെ പാതി. 'വരും' എന്ന് കൈയാംഗ്യം കാണിച്ചു ഞാൻ ഒരു ചരിതാർഥ്യത്തോടെ കസാരയിലേക്ക് ഒന്ന് ചാരി.

വീണ്ടും എഴുന്നേറ്റുപോയ എന്നെ നോക്കി പതിദേവൻ,

"ചട്ണി ഉണ്ടോ കൂടെ"

എന്നങ്ങ് ഉറക്കെ ചോദിച്ചു. 'ആഹാ പൊട്ടാഷ്യമൊക്കെ പ്രവർത്തിച്ചുതുടങ്ങി' എന്ന് ചിന്തിച്ചു

→

→

ഹോട്ടൽ ഉദ്ഘാടനത്തിന് വീണ്ടും കണ്ടപ്പോൾ ഓടി വന്നു. ഷെയ്ക്ഹാന്റ് തന്നപ്പോൾ അദ്ദേഹം പറഞ്ഞു:

"കഴിഞ്ഞ ജന്മത്തിൽ നിങ്ങൾ എന്റെ സഹോദരനോ സഹോദരിയോ ആയിരുന്നിരിക്കാം..."

ഞാനും അദ്ദേഹത്തോട് പറയാനിരുന്ന വാചകം, അതെ മുൻജന്മത്തിൽ ഞങ്ങൾ ബന്ധുക്കളായിരുന്നിരിക്കാം അല്ലേ... ശരിയായിരിക്കും ചിലരെ കാണുമ്പോൾ പണ്ട് കണ്ടുമറന്ന മുഖംപോലെ... ●



# ശ്രീരാമഗീതയിലൂടെ...

**രവീന്ദ്രവർമ്മ അംബാനിലയം**
ഓമല്ലൂർ, മൊ. 9496107399

(കഴിഞ്ഞലക്കം തുടർച്ച...)

വിശ്വരൂപ ദർശനമാണ് 12-ാം അദ്ധ്യായത്തിലൂടെ വർണ്ണിക്കുന്നത്. ഭഗവാന്റെ വിശ്വരൂപം ദർശിക്കണമെന്ന ഹനൂമാന്റെ ആഗ്രഹപ്രകാരം ജാനകീനാഥൻ ഇപ്രകാരം അരുളിച്ചെയ്തു:

''വായൂപുത്രാ പാദസേവ കൊണ്ട് എന്നെ സംപ്രീതനാക്കിയും, വിശ്വപ്രദർശനയോഗം ഉള്ളതിനാലും, വാക്കുകൾക്ക് അതീതമായതും, മായാവിലാസത്തിൽ വിചിത്രമായി തോന്നാവുന്നതുമായ വിശ്വരൂപത്തെ യഥാവിധി ഞാൻ പറഞ്ഞു തരാം. എന്നാൽ അത് കേട്ട് ഭയപ്പെടരുത്". "സ്വാമിൻ, ഭഗവാനോട് ചേർന്ന് നിൽക്കുമ്പോൾ ഞാൻ എന്തിന് ഭയപ്പെടണം തന്നെയുമല്ല അങ്ങയുടെ മുഖാരവിന്ദത്തിൽ നിന്ന് തന്നെയല്ലേ അത് ശ്രവിക്കാൻ എനിക്ക് കഴിയുക." "വായൂപുത്രാ, അങ്ങനെ ചിന്തിക്കരുത്. ഒരിക്കൽ എന്റെ വിശ്വരൂപത്തിന്റെ വിവരണം ശ്രവിച്ച് ബ്രഹ്മാവും ഇന്ദ്രാദികളായ ദേവഗണം പോലും നടുങ്ങിപ്പോയിട്ടുണ്ട്. കപിഷ്ഠാ, ആർക്കും സ്പർശിക്കാൻ കഴിയാത്തതും എന്നാൽ സർവ്വദിക്കിലും വ്യാപിച്ചിരിക്കുന്ന വിസ്തൃതമായ കരചരങ്ങളോടും, കണ്ണുകൾ, മുഖം, നാസികകൾ, മസ്തകം എന്നിവ സർവ്വവ്യാപ്തമായിക്കുന്നതുമായ ഒരു രൂപത്തെ മനസ്സിൽ കാണുക. അതിന്റെ നാസികയാകുന്ന ഗുഹകളിൽ കൂടി ശ്വാസോച്ഛ്വാസ സമയത്ത് ഈരേഴ് പതിനാല് ലോകങ്ങളും ചെറിയ കൊതുകുകളെപ്പോൽ അകത്തേക്കും പുറത്തേക്കും ഗമിക്കുന്നു. കേശാലങ്കാരമായി അങ്ങുമിങ്ങുമായി കോടിക്കണക്കിന് ബ്രഹ്മാണ്ഡം സ്ഥിതി ചെയ്യുന്നു. കവിൾകൊണ്ട് ജലകണം കണക്കെ സപ്തസമുദ്രങ്ങളും അതിൽ കുടികൊള്ളുന്നു. ശ്രേഷ്ഠങ്ങളായ എല്ലാ നദികളും പർവ്വതശ്രേണികളും മലർപൊടി പോലെ അതിൽ പറ്റിപ്പിടിച്ചിരിക്കുന്നു. മദ്ധ്യാഹ്ന സൂര്യൻ പോലും ചെറുമിന്നാമിനുങ്ങിന്റെ വെട്ടമായി മാത്രമാണ് കാണപ്പെടുന്നത്. ഈ വിരാട് രൂപത്തിന്റെ നാഭിപത്മത്തിൽ അതിവിശാലം പൂണ്ട അനേകായിരം നാന്മുഖന്മാർ താമരപ്പൂമ്പൊടിക്ക് സമം ഒട്ടിപ്പിടിച്ചു കിടക്കുന്നു. എന്റെ രൂപം ആദിമദ്ധ്യാന്തഹീനമാണെന്നും അറിയുക. സൂര്യചന്ദ്രന്മാർ അതിന്റെ കർണ്ണകുണ്ഡലങ്ങളായി ശോഭിക്കുന്നു. ബാഹ്യാന്തരങ്ങളിൽ വ്യാപിച്ചിരിക്കുന്ന അഖണ്ഡ

→

---

→

കൊണ്ട് (ശബ്ദം പതിവിലും ഉറക്കെ ആയിരുന്നു) ചോദ്യത്തിന് ഉത്തരമായി അഞ്ച് ഈത്തപ്പഴവും പത്തു നിലക്കടലയും ഒരുത്തമ ഭാര്യയായി ഒരു ബൗളിൽ കൊണ്ട് വന്നു മുന്നിൽ വെച്ച് പറഞ്ഞു,

"ഇന്നത്തെ പ്രഭാത ഭക്ഷണം കഴിഞ്ഞു. ഇനി 11.30 ന് പപ്പായ തരും"

മുഖത്ത് വന്ന ഏതു വികാരത്തെയും കാണാൻ ശക്തിയില്ലാതെ ഞാൻ മുറിയിലേക്ക് ഇടംവലം നോക്കാതെ നടന്നു. വയറിൽ എരിയുന്ന വിശപ്പിനെ അവഗണിക്കാനായി തുണികൾ മടക്കുകയും അലമാര അടുക്കുകയും ചെയ്തു. ഇരിപ്പുമുറിയിൽ നിന്നും മൊബൈലിന്റെയോ ടി.വിയുടെയോ ശബ്ദം കേൾക്കാത്തപ്പോൾ ഞാൻ പതുക്കെ എത്തിനോക്കി.

"ഞാൻ ചൗപ്പാട്ടിയിൽ കഴിക്കാൻ പോകുന്നു, വരുന്നോ?"

ശരീരത്തിൽ കയറ്റിയ മഗ്നീഷ്യത്തിന്റെയും പൊട്ടാഷ്യത്തിന്റെയും ബലത്തിൽ ഓടി മുറിയിലേക്ക് കുപ്പായം മാറാൻ പോയപ്പോൾ ചൗപ്പാട്ടിയിലെ പൂരി ഭാജിയും ഫിൽറ്റർ കോഫിയും മാത്രമായിരുന്നു ഏക ലക്ഷ്യം. ●

ശരീരത്തോട് വിരാജിക്കുന്ന അതിൽ ബ്രഹ്മ തേജസ്സും ക്ഷാത്രതേജസ്സും അലിഞ്ഞ് ചേർന്നിരിക്കുന്നു. ദർശിക്കാനോ ശ്രവിക്കാനോ, കഴിയാത്ത അലൗകീകവും അപൂർവ്വവുമാണ് എന്റെ രൂപമെന്ന് ധരിച്ചാലും".

ഇപ്രകാരം ജാനകീനാഥൻ വിശ്വരൂപവർണ്ണനയ്ക്ക് തുടക്കം കുറിച്ചപ്പോൾ സ്വഭാവനകൊണ്ട് അത് ദർശിക്കാൻ ശ്രമിച്ച് ഹനുമാൻ മോഹാലസ്യപ്പെട്ടു. ഇതുകണ്ട് ശ്രീരാമചന്ദ്ര പ്രഭു ഹനുമാനെ തന്റെ കരവലയത്തിൽ എടുത്ത് ഉയർത്തി ശീതളജലം നൽകി ഉണർത്തി. ബോധം പൂർണ്ണമായും തിരിച്ചുവന്നപ്പോൾ ഭഗവാൻ തന്റെ വിശ്വരൂപ വർണ്ണന വീണ്ടും ആരംഭിച്ചു. എന്നാൽ അതു കേട്ട് ആഞ്ജനേയ പുത്രനായ ഹനുമാൻ ശ്രീരാമന്റെ ഇരു പാദവും കെട്ടിപ്പിടിച്ച് ഇപ്രകാരം പറഞ്ഞു: "അല്ലയോ ദയാസമുദ്രമായ പരമാത്മാവേ, അങ്ങയുടെ വിശ്വരൂപം വൈഭവം നിറഞ്ഞതും വിചിത്രവും ദുരൂഹവുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിന്റെ സ്മരണ ഉണ്ടാകുമ്പോൾ പോലും ഞാൻ ഭയപ്പെടുന്നു. സർവ്വവ്യാപിയും സർവ്വശക്തിമാനും അനിർവചനീയനും അനന്ത വൈഭവത്തോടു കൂടിയവനുമായ അങ്ങ് ദുർബ്ബലനായ എന്നിൽ കരുണകാട്ടണേ. ബ്രഹ്മാവിന് പോലും ദർശനം ലഭിക്കാത്ത അങ്ങയുടെ ഇരു പാദത്തേയും, ഞാൻ ആശ്രയിക്കുന്നു. വെറുമൊരു കുരങ്ങനായ എന്റെ മഹാപരാധം പൊറുത്ത് എന്നോട് ദയാപൂർവ്വം ക്ഷമിച്ചാലും." ബാഷ്പാകുലമായ കണ്ണുകളോടും ഗദ്ഗദമായ കണ്ഠത്തോടും കൂടി ഹനുമാൻ സ്വവികാരം അറിയിച്ചപ്പോൾ ഭക്തവാത്സല്യത്തോടെ കരുണാമയനായ ഭഗവാൻ ദയാപരവശനായി ഹനുമാനെ തന്റെ കരവലയത്തിൽ ഒതുക്കി സാന്ത്വനപ്പെടുത്തിയ ശേഷം വിശ്വരൂപത്തെക്കുറിച്ചുള്ള വർണ്ണന നിർത്തുന്നു. പിന്നീട് താരക മന്ത്രത്തെക്കുറിച്ച് ഹനുമാൻ ചോദിച്ചതനുസരിച്ച് അതിനെക്കുറിച്ചുള്ള വിശദീകരണമാണ് പതിമൂന്നാം അദ്ധ്യായത്തിലെ പ്രതിപാദ്യ വിഷയം. "ഭഗവാനെ, വിവിധതരത്തിലുള്ള താരകമന്ത്രത്തെക്കുറിച്ച് ഞാൻ പറഞ്ഞുകേൾക്കുന്നു.



'ഹരേ രാമ ഹരേ രാമ
രാമ രാമ ഹരേ ഹരേ
ഹരേ കൃഷ്ണ ഹരേ കൃഷ്ണ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ'

പതിനാറ് ഭഗവത് നാമങ്ങൾ അടങ്ങുന്ന ഈ മഹാമന്ത്രം ജപിച്ചാൽ സംസാരസാഗരം കടന്ന് മോക്ഷപ്രാപ്തിയിൽ എത്തിച്ചേരുമെന്ന് ചില പണ്ഡിതന്മാർ പറയുന്നു. മറ്റു ചിലർ 'രാമ' എന്ന മന്ത്രം മാത്രം മതിയെന്നും, 'ഓം നമോ നാരായണ' എന്ന എട്ടക്ഷരമുള്ള ശ്രേഷ്ഠമന്ത്രമാണ് ഉചിതമെന്നും കാശിയിൽ 'ഓം നമോ നമഃശിവായ' എന്ന ശിവ പഞ്ചാക്ഷരത്തെ താരക മന്ത്രമായി കണക്കാക്കുന്നതായും കാണുന്നു. എല്ലാത്തിലും ഉപരി 'ഓം' എന്ന ഏകാക്ഷര പ്രണവമാണ് യഥാർത്ഥ താരകാ മന്ത്രമെന്നും വിവക്ഷിക്കുന്നുണ്ട്. ഇതിൽ ഏതെങ്കിലും ഒന്ന് നിത്യോപാസനയ്ക്കായി അരുളിച്ചെയ്താലും."

"കപിഷ്ഠാ, മന്ത്രാക്ഷരങ്ങൾ ഒന്നുപോലും വ്യർത്ഥമല്ല. എല്ലാത്തിനും അതിന്റേതായ അർത്ഥ ത്തിൽ ഗുണവും വ്യാപ്തിയുമുണ്ടെന്ന് ധരിക്കുക. വൈഷ്ണവരുടെയും ശൈവരുടെയും എല്ലാ മന്ത്രങ്ങൾക്കും ലൗകീകതയിൽ നിന്ന് മനുഷ്യമനസ്സിനെ മോചിപ്പിക്കാനുള്ള ശക്തിയുണ്ട്. എന്നിരുന്നാലും 'പ്രണവം' എന്ന നാമത്തിൽ അറിയപ്പെടുന്ന മന്ത്രമാണ് കൂടുതൽ ഉചിതം. മുക്തി കൈവരിക്കാൻ ഈ താരക മന്ത്രം തന്നെയാണ് അത്യുത്തമം. മറ്റ് മന്ത്രങ്ങൾ ഐഹികമായ മോക്ഷത്തിനും ഭോഗത്തിനും വേണ്ടി ഉപയോഗപ്പെടുത്തുമ്പോൾ പ്രണവ മന്ത്രാക്ഷരി മോക്ഷപ്രാപ്തിക്കു വേണ്ടി മാത്രമാണ് ഉതകുന്നത്.

'അ' കാരവും 'ഉ' കാരവും ചേർന്ന് ഉത്ഭവിക്കുന്ന 'ഓം' കാര രൂപമായ പ്രണവത്തെക്കുറിച്ച് എല്ലാ വേദാന്തങ്ങളിലും പ്രകീർത്തിച്ചിട്ടുണ്ട്. അതിന്റെ ആദ്യാക്ഷരം 'അ'കാരമാണ്. പിന്നീട് 'ഉ'കാരവും

തുടർന്ന് 'മ'കാരവും. അതിനു ശേഷം അർത്ഥമാത, നാദം, ബിന്ദു എന്നിവചേരുന്നു. തുടർന്ന് കല, അതിലും അതീതമായ സ്ഥിതി, ശാന്തിയും പിന്നീട് ശാന്തിക്കും മേലെയായ മാത്രയും ഇതിൽ അന്തർ ലീനമായിരിക്കുന്നു. കൂടാതെ പതിനൊന്നാമത്തെ അംശമായി ഉന്മിനി എന്നതും, പന്ത്രാണ്ടതായി മനോന്മനിയും, ഒപ്പം പൂരി, മദ്ധ്യമറ, പശ്യന്തി എന്നി വയും പതിനാറാമതായി പരാമാത്രയും ഇതിൽ കുടികൊള്ളുന്നു. ഈവിധം പ്രണവം പതിനാറ് സൂക്ഷ്മ മാത്രകളോട് ചേർന്ന് പതിനാറ് വിധത്തി ലുണ്ടെന്ന് അറിഞ്ഞാലും. ഏതൊരു പരബ്രഹ്മ മാണോ അഖണ്ഡസച്ചിദാനന്ദ സ്വരൂപമെന്ന് പ്രസി ദ്ധമായിട്ടുള്ളത് അതുതന്നെയാണ് താരകസ്വരൂപ മായ പ്രണവത്തിന്റെ ആന്തരിക അർത്ഥവും. ചിത്ത ശുദ്ധിക്ക് ഏകമാത്ര കാരണസ്വരൂപവും വിശുദ്ധവും അവിഭക്തവുമായ ഈ പ്രണവമന്ത്രം ഉചിത രൂപത്തിൽ ജപിക്കുന്നത് എല്ലാവർക്കും ഗുണകര മാണ്."

ഭഗവദ് വചനങ്ങൾ ഇപ്രകാരം ശ്രവിച്ച ഹനുമാൻ ഭഗവാനോട് വീണ്ടും ഒരു സംശയം ഉണർത്തിച്ചു: "ലക്ഷ്മീപതിയായ മാധവ, നാരായണ, അങ്ങുതന്നെ യാണ് പ്രണവാർത്ഥത്തിന്റെ യഥാർത്ഥ രൂപമെന്ന് ഋഷീശ്വരന്മാർ പറയുന്നു. അതിന്റെ പൊരുളറിയാൻ ഞാൻ ആഗ്രഹിക്കുന്നു." "വിശ്വഭാവനനായ സുമി ത്രാത്മജൻ ലക്ഷ്മണൻ 'അ'കാരമെന്ന അക്ഷര ത്തിൽ നിന്നാണ് ജന്മം എടുത്തതെന്ന് അറിയുക. തൈജസ്വരൂപനായ ശത്രുഘ്നൻ 'ഉ'കാരത്തിൽ നിന്നും പ്രജ്ഞാത്മകനായ ഭരതൻ 'മ'കാരത്തിൽ നിന്നുമാണ് ഉത്ഭവിച്ചത്. ഞാൻ അർദ്ധമാത്രാത്മക നാണ് ബ്രഹ്മാനന്ദസ്വരൂപം തന്നെയാണെന്ന് അറിഞ്ഞാലും". ഇപ്രകാരം തന്റെ വാത്സല്യനിധി യായ ഹനുമാനോട് പറഞ്ഞു കൊടുക്കുന്നു. കൂടാതെ പ്രണവത്തിന്റെ 'ജാഗ്രത് ജാഗ്രത്' ജാഗ്രത് സ്വപ്നം, ജാഗ്രത് സുഷുപ്തി എന്നിങ്ങനെയുള്ള പതിനാറ് അവസ്ഥകളെക്കുറിച്ചും ഇതേ അദ്ധ്യായ ത്തിൽ വിവരിക്കുന്നുണ്ട്. അതിനുശേഷം ചതുർ വേദങ്ങളിലെ നാലു മഹാവാക്യങ്ങളുടെ മാഹാത്മ്യ വർണ്ണനയാണ്. "വായുപുത്രാ, അദ്യന്തഹീനമായ നാലുവേദങ്ങളാണല്ലോ ഋഗ്വേദം, യജുർവേദം, സാമ വേദം, അഥർവ്വവേദം എന്നിവ. ഇതിൽ ഒന്നാം വേദത്തിൽപ്പെട്ട 'പ്രജ്ഞാനം ബ്രഹ്മ'. ആത്മാവ് തന്നെയാണ് സാക്ഷത്തായ ബ്രഹ്മം. ഇപ്രകാരം ആത്മാവും ബ്രഹ്മവും തമ്മിലുള്ള ഐക്യത്തിന്റെ വിശുദ്ധി മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അനന്തരം സാമവേദാന്തർഗതമായ തത്ത്വമസിയെക്കുറിച്ച് പഠിക്കണം. ഇതിൽ തത് എന്ന പദം കൊണ്ട് അഖണ്ഡവും നിർഗ്ഗുണവുമായ ബ്രഹ്മത്തിന്റെ ബോധമാണ് മനസ്സിലുണരേണ്ടത്. 'ത്വം' എന്ന പദംകൊണ്ട് ജീവാത്മാവിനെയും 'അസി' എന്ന പദത്താൽ ബ്രഹ്മാവും ആത്മാവും തമ്മിലുള്ള ഏകത്വത്തിനേയും പ്രതിനിധീകരിക്കുന്നു. പിന്നീട് അറിയേണ്ടത് യജുർവ്വേദത്തിലെ മഹാവാക്യമായ 'അഹം ബ്രഹ്മാസ്മി' എന്നതാണ്. 'അഹം' എന്ന പദം ദേഹാദികളുടെ സാക്ഷിരൂപമായ സാക്ഷിരൂപമായ കൂടസ്ഥനെയാണ് സൂചിപ്പിക്കുന്നത്. ബ്രഹ്മം എന്ന പദം, ശ്രേഷ്ഠവും നിർഗുണവും, പൂർണ്ണമായതുമായ പരബ്രഹ്മത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്. അടുത്തത് ഋഗ്വേദാന്തർഗ്ഗതമായ 'പ്രജ്ഞാനം ബ്രഹ്മം' എന്ന ശ്രേഷ്ഠ വചനമാണ്. ജീവികൾ ഏതൊരു ഉപാധി കൊണ്ടാണോ സകലതും അറി യുന്നത് അതിനെ പ്രജ്ഞാനം എന്നു പറയുന്നു. അതുതന്നെയാണ് സർവ്വവ്യാപകവും സച്ചിദാനന്ദ സ്വരൂപവുമായ ബ്രഹ്മം. സർവ്വവേദാതിഗ്രന്ഥങ്ങ ളിലും അന്തർലീനമായിരിക്കുന്ന മഹാവാക്യങ്ങ ളുടേയും അർത്ഥത്തിന്റെ രൂപം ഞാൻ തന്നെ യാണെന്നറിയുക".

പതിനഞ്ചാം അദ്ധ്യായത്തിൽ നവചക്രങ്ങളായ, മൂലാധാരം, സ്വാധിഷ്ഠാനം, അഭിചക്രം, ഹൃദയ ചക്രം, സുഷുമ്ന താലുചക്രം, ഭൂചക്രം, ആജ്ഞാ ചക്രം, ആകാശചക്രം എന്നിവയെക്കുറിച്ച് സവി സ്ഥതം പ്രതിപാദിക്കുന്നു. ഒപ്പം, ജിതേന്ദ്രിയൻ എന്നറിയപ്പെടുവാൻ യോഗ്യതയുള്ളത് ആർക്കാ ണെന്നും വിദ്വാനേയും വിദ്വാനല്ലാത്തവനേയും എങ്ങനെ തിരിച്ചറിയാം എന്ന ഹനുമാന്റെ സംശയ ത്തിനും ഭഗവാൻ ഉത്തരം നൽകുന്നുണ്ട്. അദ്ധ്യായം പതിനാറിൽ അണിമാദി സിദ്ധി ഭൂഷണത്തെ ക്കുറിച്ചും പതിനേഴിൽ ദശോപനിഷത്തിലെ ജ്ഞാന തത്വങ്ങളുടെ വിശദീകരണവുമാണ് നൽകുന്നത്. "ഭക്തവത്സലാ, ഭഗവാനേ, ജാനകീനാഥാ അങ്ങ യുടെ മുഖകമലങ്ങളിൽ നിന്ന് ലഭിച്ച അറിവുകാ രണം എന്റെ എല്ലാ സംശയങ്ങളും ദൂരീകരിച്ചിരി ക്കുന്നു. എങ്കിലും ഭഗവാനെ അങ്ങ് അരുളി ചെയ്ത ശാസ്ത്രീയ തത്വങ്ങൾ എല്ലാം ചുരുക്കി എന്നോട്

ഒന്നുകൂടിപ്പറഞ്ഞു തരുവാൻ കനിവുണ്ടാകണം" എന്ന ഹനുമാന്റെ അപേക്ഷപ്രകാരം ഭഗവാൻ എല്ലാ അദ്ധ്യായങ്ങളിലും വർണ്ണിച്ച മഹാതത്വങ്ങളുടെ രത്നച്ചുരുക്കമാണ് പതിനെട്ടാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. സമസ്തവേദങ്ങളിലും അവയുടെ മൂന്ന് വിഭാഗങ്ങളിലും ഏറ്റവും ശ്രേഷ്ഠമായി അംഗീകരിക്കപ്പെടുന്ന നൂറ്റിയെട്ട് ഉപനിഷത്തുക്കളുടെ പ്രാധാന്യമാണ് ആദ്യം പറഞ്ഞത്. ജീവാത്മാവും ബ്രഹ്മവുമായുള്ള താദാത്മ്യത്തെക്കുറിച്ചാണ് പിന്നീട് വർണ്ണിച്ചത്. അതിന് ശേഷം പ്രാരാബ്ധം ചേർന്ന ജീവമുക്തന്റെയും പ്രാരാബ്ധമില്ലാത്ത വിദേഹമുക്തിയുടെയും അവസ്ഥയെക്കുറിച്ച് പ്രതിപാദിച്ചു. പിന്നീട് വാസനാക്ഷയം, മനോനാശം എന്നിവയെപ്പറ്റിയും അനന്തരം സപ്ത ഭൂമികകളുടെ പ്രകൃതത്തെക്കുറിച്ചുമാണ് വിചിന്തനം ചെയ്തത്. തുടർന്ന് ദൃശ്യാനുവൃത്തം മുതലുള്ള ആറുപ്രകാരത്തിലുള്ള സമാധികളുടെ നിരൂപണമാണ് നടത്തിയത്. പിന്നീടാണ് വർണ്ണാശ്രമങ്ങളുടെ അത്ഭുതകരമായ വ്യവസ്ഥാപനത്തെക്കുറിച്ച് അറിവ് പകർന്നത്. തുടർന്ന് "സഞ്ചിതാദി കർമ്മങ്ങളുടെ വിഭാഗവും ഗുണത്രയമനുസരിച്ച് കർമ്മി, ഭക്തൻ, ജ്ഞാനി, യോഗി എന്നിവർക്കുണ്ടാകുന്ന സവിശേഷ ലക്ഷണങ്ങളും ഞാൻ പറഞ്ഞുതന്നു. നഗ്നനേത്രങ്ങൾക്ക് ഗോചരമാകാത്തതും മനുഷ്യജന്മങ്ങൾക്ക് അപ്രാപ്യവുമായ എന്റെ വിശ്വരൂപത്തെക്കുറിച്ചുള്ള അറിവും ഞാൻ പകർന്ന് നൽകി. അതിന് ശേഷം താരകബ്രഹ്മമായ പ്രണവത്തെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചു. പിന്നീട് നാലുവേദങ്ങളുടെയും നിഗൂഢമായ അർത്ഥം പ്രകടമാക്കുന്ന മഹാവാക്യങ്ങളുടെ സാരവും മൂലാധാര ആദിയായ നവചക്രങ്ങളുടെ വിവേചനവും അങ്ങേയ്ക്ക് പകർന്ന് നൽകി. തുടർന്ന് അഷ്ടസിദ്ധികളുടെ ദോഷവശത്തേയും, ശ്രേഷ്ഠമായ വിദ്യാസമൂഹത്തെയും കുറിച്ചും പ്രതിപാദിച്ചു. വായൂപുത്രാ, സമസ്ത വേദാന്തങ്ങളുടെയും ഗൂഢാർത്ഥം സമർത്ഥമായി ഞാൻ പറഞ്ഞു കഴിഞ്ഞു. ഇതിൽ സകലവേദാന്തങ്ങളുടെയും രഹസ്യമായ അർത്ഥം ഏകരൂപത്തിൽ ഞാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആഞ്ജനേയ, വായൂപുത്രാ, എന്റെ ആത്മാവിനെ ഉത്തരാരണിയാക്കിയും, ഈശോപനിഷത്ത് മുതൽ മുക്തികോപനിഷത്ത് വരെയുള്ള സകല ഉപനിഷത്തുകളെയും ചേർത്ത് ഉത്തരാരണിയാക്കിയും കടഞ്ഞെടുത്ത ശ്രേഷ്ഠമായ അഗ്നിയിൽ നിന്നും ഉടലെടുത്ത ഗീതാരൂപത്തിൽ ജ്വലിക്കുന്ന അഗ്നി അങ്ങയുടെ ദുഃഖമാകുന്ന സമിത്തുകൾ എരിഞ്ഞ് ഹൃദയത്തിൽ ജ്വലിച്ച് നിന്ന് സർവ്വസജ്ജനങ്ങളുടെയും ലൗകീക പ്രാരാബ്ധമാകുന്ന ഘോരവനം ദഹിപ്പിക്കുവാൻ സാധിക്കട്ടെ. ഗീതാരൂപത്തിലുള്ള ഈ അമൃത് ആകണ്ഠം പാനം ചെയ്താൽ സംസാര സാഗരത്തിൽ നിന്ന് കരകയറി മോക്ഷപ്രാപ്തിയിൽ എത്തിച്ചേരും". ഇപ്രകാരം ചഞ്ചലമാനസമായവരെ അചഞ്ചല ഹൃദയരാക്കുവാനും ഇഹലോക ദുഃഖങ്ങൾക്ക് പരിഹാരമായും, ഭഗവാൻ ശ്രീരാമചന്ദ്ര പ്രഭു അരുളിച്ചെയ്ത ശ്രീരാമ ഗീത ജീവിതത്തിൽ ഒരിക്കലെങ്കിലും പാനം ചെയ്യാൻ സജ്ജനങ്ങൾക്ക് ഇടയാവട്ടെ, അതിനുള്ള ചൂണ്ടുപലകയായിത്തീരുവാൻ ഈ ആമുഖക്കുറപ്പിന് കഴിയട്ടെ എന്നും കരുതുന്നു.

*അവലബം: ഗീതാപഞ്ചകം* ●

## ശ്രീപത്മനാഭ സന്നിധിയിൽ...



തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ച് 2025 ഏപ്രിൽ 6ന് ക്ഷത്രിയക്ഷേമസഭ വിവിധ യൂണിറ്റുകളിലെ അംഗങ്ങൾ അവതരിപ്പിച്ച തിരുവാതിരകളിയിൽ പങ്കെടുത്തവർ.

*(ഇടത്തുനിന്ന്) ഗായത്രി ദേവി, കൃഷ്ണകുമാരി, ബിന്ദു വർമ്മ, ശ്രീജയ വർമ്മ, ശ്രീലക്ഷ്മി വർമ്മ, ഗൗരി വർമ്മ, അരുണിമ വർമ്മ, അമ്പിളി വർമ്മ, ആതിര വർമ്മ, ശിശിര വർമ്മ.*


യാത്രാവിവരണം

# ഹാപ്പിയായി ഹംപിയിലേക്കൊരു യാത്ര



**ജി. കീർത്തനാ വർമ്മ**
ദേവപ്രയാഗ്, കൈപ്പുഴ, പന്തളം, മൊ. 9400409046

ഒരു ഫീൽഡ് വർക്കിന്റെ ഭാഗമായി ബംഗളൂരുവിൽ താമസിക്കുമ്പോൾ കിട്ടിയ ഒരു ഇടവേള, ആകെക്കിട്ടിയ ഒരു അവധിദിനമായ ഞായറാഴ്ച, മനസിൽ വളരെനാളായി കൊണ്ടുനടന്ന ആഗ്രഹത്തിന് ചിറകുമുളച്ചു. പല പുസ്തകങ്ങളിൽ വായിച്ചും പഠിച്ചും സിനിമകളിൽ കണ്ടും എന്തുകൊണ്ടോ ഹംപി എനിക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. മനോഹരമായ കാഴ്ചകൾ മനസിലും ക്യാമറയിലും പകർത്തുകമാത്രമല്ല, വിജയനഗര സാമ്രാജ്യത്തിനേറ്റ കനത്ത പ്രഹരത്തിന്റെ ബാക്കിപത്രമായതും കാലത്തിന്റെ വിസ്മയമായി നിലകൊള്ളുന്നതുമായ ഉത്തരകർണാടകത്തിലെ പുരാതന നഗരമായ ഹംപിയെ അടുത്തറിയുകയായിരുന്നു ലക്ഷ്യം.




*ഹംപിയിലെ ഒരു കാഴ്ച.*
*പണം കണ്ടെത്താനായി ഹനുമാന്റെ വേഷംകെട്ടി നിൽക്കുന്ന കുട്ടി*

ദീർഘനാളായി 'ബക്കറ്റ് ലിസ്റ്റി'ലുള്ള ഒരിടമായിരുന്നതുകൊണ്ട് മറ്റൊന്നുമാലോചിക്കാതെ പോകാനുറച്ചു. കൂട്ടുകാരും കൈകോർത്തപ്പോൾ തീവണ്ടിയിലെ യാത്രയ്ക്ക് കൂടുതൽ ത്രില്ലായി. രാത്രി വിജയപുര സ്പെഷ്യൽ ട്രെയിനിൽ ഞങ്ങൾ നാലുപേരും ഹംപിയെ ലക്ഷ്യമാക്കി യാത്രതിരിച്ചു. യാത്രചെയ്യാനും കഥകൾ പറയാനും ഭക്ഷണം കഴിക്കാനും ഏറെ ഇഷ്ടമുള്ള നാലുപേരായിരുന്നതുകൊണ്ടു തന്നെ ആ യാത്ര വളരെ ആസ്വാദ്യകരമായി തോന്നി. സോഷ്യൽവർക്ക് പഠിക്കുന്നതുകൊണ്ടാകാം എല്ലാം അഡ്ജസ്റ്റ് ചെയ്യാൻ ഞങ്ങൾക്ക് എളുപ്പമായിരുന്നു. തിരക്കുള്ള ട്രെയിനിൽ കിട്ടിയ ഇരിപ്പിടത്തിൽ ഞങ്ങൾ ഇരുന്നു. പക്ഷേ അധികനേരം കഴിയുംമുമ്പ് ഞങ്ങളുടെ ഇടയിലേക്ക് മലവെള്ളപ്പാച്ചിൽപോലെ ഒരുകൂട്ടം ആളുകൾ തള്ളിക്കയറി, എന്തൊക്കെയോ ഉറക്കെ സംസാരിച്ചും കൈയടിച്ചും ചിരിച്ചും ആഹ്ളാദിക്കുന്നുണ്ടായിരുന്നു അവർ. ഭാഷ അറിയാത്തതുകൊണ്ട് തന്നെ പന്തംകണ്ട പെരുച്ചാഴിയെപ്പോലെ ഞങ്ങൾ അവരുടെ ചേഷ്ടകൾ കണ്ട് ചിരിച്ചുകൊണ്ടിരുന്നു. വളരെ വിചിത്രമായിരുന്നു കാഴ്ചകൾ. ഇത്രയും ബഹളത്തിലും ഉറങ്ങുന്ന മനുഷ്യർ, ചിരി പടർത്തുന്ന ചില മുഖങ്ങൾ, യാത്രയ്ക്കിടയിൽ പരിചയപ്പെട്ടതാണെന്ന് പോലും തോന്നിക്കാതെ കൊണ്ടുവന്ന ഭക്ഷണം വീതംവെച്ച് ഒരുമിച്ച് ആസ്വദിച്ച് കഴിക്കുന്നവർ, നേരം നന്നേ ഇരുട്ടിയിട്ടും ആർക്കും ഉറക്കമില്ലായിരുന്നു. ട്രെയിനിൽ കയറിയപ്പോൾ ഉണ്ടായ സന്തോഷവും ആവേശവും വിട്ട് ഞങ്ങൾ ഉറക്കത്തിലേക്ക് ഊളിയിട്ടു.

അടുത്തദിവസം പുലരുമ്പോൾ ഹോസ്പേട്ട് ജങ്ഷൻ സ്റ്റേഷനിലിറങ്ങി. ഉറക്കക്ഷീണമുണ്ടെ

ങ്കിലും ഏതോ യുഗങ്ങൾ പിറകിലേക്ക് ഉയർന്നു നിൽക്കുന്ന പഴക്കമേറിയ ഹംപിയുടെ ഗോപുരം തന്നെയായിരുന്നു മനസ്സിൽ. ഒന്നു ഫ്രഷ് ആയി, ആദ്യംതന്നെ വിരൂപാക്ഷ ക്ഷേത്രത്തിലാണ് പോയത്. ചുറ്റും കല്ലിൽ കൊത്തിയ അപൂർവങ്ങളായ ഒട്ടനവധി ശിൽപങ്ങളുള്ള മനോഹരമായ ക്ഷേത്രം.

പിന്നീടുള്ള യാത്രയ്ക്കുവേണ്ടി ഓട്ടോറിക്ഷയെ ആശ്രയിക്കാമെന്നുകരുതി. സിറ്റി റൈഡറായ രാമുവിനെ കണ്ട് വിലപേശലിനൊടുവിൽ ഒരാളിന് 250 രൂപ സമ്മതിച്ച് യാത്രതുടങ്ങി. നിത്യതൊഴിൽ അഭ്യാസമായതുകൊണ്ടാകാം രാമു കഥകളുടെ കെട്ടഴിച്ചു. അറിയാവുന്ന ഭാഷയിൽ രാമു സ്ഥലവിവരണം നടത്തിക്കൊണ്ടിരുന്നു. ഭക്ഷണം കഴിക്കാനും പോകാനുമുള്ള ഇടമെല്ലാം രാമുതന്നെ സെലക്ട് ചെയ്തു. ലോട്ടസ് മഹൽ, വിജയനഗര സാമ്രാജ്യത്തിലെ രാജകീയ ആനകൾക്ക് അഭയം നൽകിയിരുന്ന എലിഫന്റ് സ്റ്റേബിൾ, വിജയ വിഠല ക്ഷേത്രം, നരസിംഹ ടെമ്പിൾ തുടങ്ങിയ സ്ഥലങ്ങളിലേക്കായിരുന്നു യാത്ര.

പുതിയ കാഴ്ചകൾ, പുതിയ മനുഷ്യർ. ഞങ്ങൾ ആ യാത്ര നന്നായി ആസ്വദിച്ചു. കൗതുകമെങ്കിലും ഇടയ്ക്ക് മനസിനെ നൊമ്പരപ്പെടുത്തിയ ഒരു കാഴ്ചയുമുണ്ടായി. ഹനുമാന്റെ വേഷംകെട്ടിയ ഒരു കുട്ടിയായിരുന്നു അത്. പഠനം നിർത്തി പണത്തിനുവേണ്ടി മാതാപിതാക്കൾ വേഷംകെട്ടിച്ച് നിർത്തിയ ആ ബാലന്റെ മുഖം മനസിൽ മായാതെ അങ്ങനെ കിടന്നു. സ്ഥലങ്ങൾ കണ്ടും കഥകൾ അറിഞ്ഞും ചിത്രങ്ങൾ പകർത്തിയും ഒരു പകൽ അവസാനിച്ചു. വിനോദസഞ്ചാരികൾ ദിവസങ്ങളെടുത്ത് കാണുന്ന കാഴ്ചകൾ സമയപരിമിതികാരണം ഒരു ഓട്ട പ്രദക്ഷിണത്തിലൂടെ ആവാഹിച്ച് ഞങ്ങൾ രാത്രി തീവണ്ടിയിൽ ബംഗളുരുവിലേക്ക് മടങ്ങി. ഒരു ദിവസമെങ്കിലും ഒരുപാട് ദിവസം ചെലവഴിച്ചതുപോലെ ഒരു തോന്നൽ. മനസ്സിൽ ചേർത്തുവെയ്ക്കാൻ ഒരു ഹംപി യാത്ര. ●

## പാരമ്പര്യത്തിന്റെ നാണയക്കിലുക്കം; വയസ്കര രാജ്ഭവനിലേക്ക് ഉത്രാടക്കിഴി



പതിവുതെറ്റിയില്ല; കോട്ടയം വയസ്കര രാജ്ഭവനിലേക്ക് ഉത്രാടക്കിഴിയെത്തി. കൊച്ചി രാജകുടുംബത്തിന്റെ തായ്‌വഴിയിൽപ്പെട്ട ഇളങ്കുന്നപ്പുഴ നടയ്ക്കൽ കോവിലകാംഗം എൻ.കെ. സൗമ്യവതിത്തമ്പുരാട്ടിക്ക് മന്ത്രി വി.എൻ. വാസവൻ ഉത്രാടക്കിഴി കൈമാറി. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., കലക്ടർ ചേതൻകുമാർ മീണ, തഹസിൽദാർ എസ്.എൻ. അനിൽകുമാർ, ഡെപ്യൂട്ടി തഹസിൽദാർ എൻ.ആർ. രാജേഷ്, വില്ലേജ് ഓഫീസർ ജോബോയ് മാത്യു, ജീവനക്കാരായ ദർശന ദാസ്, എ.ഡി. അജീഷ്, അഖിൽ രാജ്, എമിൽ ഏബ്രഹാം, നഗരസഭാംഗം എൻ. ജയചന്ദ്രൻ ചീറോത്ത് എന്നിവർ സന്നിഹിതരായിരുന്നു.

തൃശൂർ ട്രഷറിയിൽനിന്നാണു വർഷം തോറും ഉത്രാടക്കിഴി ലഭിക്കുന്നത്. തൃശൂർ കലക്ടറേറ്റിൽ നിന്നുള്ള പ്രതിനിധി തുക കോട്ടയം താലൂക്ക് ഓഫീസിൽ നേരിട്ട് എത്തിക്കുന്നതാണു പതിവ്. പണ്ട് 14 രൂപയായിരുന്നു. ഇപ്പോൾ 1,001 രൂപയാണ് നൽകുന്നത്. കിഴക്കുംഭാഗത്തു മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാടിന്റെയും കുഞ്ഞിക്കാവു തമ്പുരാട്ടിയുടെയും മകളായ സൗമ്യവതിത്തമ്പുരാട്ടി വയസ്കര രാജ്ഭവനിൽ പരേതനായ എ.ആർ. രാജരാജ വർമ്മയുടെ ഭാര്യയാണ്.

# KKSY Football Tournament 2025 – Season 2

**Emirates Turf, Kozhikkode**
**Saturday, 13th September 2025**

### Introduction

The second season of the KKSY Football Tournament turned Emirates Turf, Kozhikkode into a buzzing football carnival on 13th September 2025. With teams arriving from different corners - Thiruvalla, Karappuram, Vellarappilly, Kozhikkode, Bengaluru, and Travancore - the stage was set for a day packed with passion, grit, and community spirit.

From early morning kick-offs to a nail-biting final that went down to penalties, the tournament had it all- goals, upsets, standout performances, and plenty of moments- to remember.

## Group Stage Highlights

### Match day Action

**Match 1**: Karappuram Strikers started strong, defeating Thiruvalla Titans 2–0. Arjun (GK) stood out, while Sandeep and Navneet got on the scoresheet.

**Match 2**: Vellarappilly Spartans and Atletico de Travancore played out a gritty 0–0 draw. Vignesh was named Player of the Match.


**Match 3**: Bengaluru Sangamam defeated Kozhikkode Royal Stars 2–0, with Neeraj bagging both goals.

**Match 4**: Karappuram Strikers edged out Spartans 2–1 thanks to Navneet and Varun.

**Match 5**: Titans held Bengaluru Sangamam 2–2 in a pulsating clash, with Akash leading from the front.

**Match 6**: Atletico de Travancore thrashed Royal Stars 4–0, Viswajith scoring twice.

**Match 7**: Vellarappilly Spartans shocked Bengaluru Sangamam 2–1.




**Match 8**: Karappuram Strikers proved unstoppable again, winning 3–1 against Royal Stars.

**Match 9**: Titans bounced back in style, beating Atletico de Travancore 2–0 with a brace from Akash.

**Points Table after Group Stage**

| Team | P | W | D | L | GD | Pts |
|---|---|---|---|---|---|---|
| Karappuram Strikers | 3 | 3 | 0 | 0 | +5 | 9 |
| Atletico de Travancore | 3 | 1 | 1 | 1 | +2 | 4 |
| Bengaluru Sangamam | 3 | 1 | 1 | 1 | +1 | 4 |
| Thiruvalla Titans | 3 | 1 | 1 | 1 | 0 | 4 |
| Vellarappilly Spartans | 3 | 1 | 1 | 1 | 0 | 4 |
| Royal Stars Kozhikkode | 3 | 0 | 0 | 3 | - 8 | 0 |

The Strikers looked unstoppable, while the Titans, Travancore, and Bengaluru Sangamam all squeezed into the knockout stage.

### Semi - Finals

**Semi-Final 1**: Thiruvalla Titans delivered a statement, defeating Karappuram Strikers 5–1. Akash (2), Arjun, Hrishikesh, and Aneerav were all on target, with Arjun crowned Player of the Match.

**Semi-Final 2**: Atletico de Travancore and Bengaluru Sangamam battled to a goalless draw. Bengaluru triumphed 4–3 in the penalty shootout, with goalkeeper Krishnaprem standing tall.

### The Grand Finale

The Final brought together Thiruvalla Titans and Bengaluru Sangamam. Normal time couldn't separate them - it ended 0–0. Penalties decided the champions.

In a dramatic shootout, Bengaluru Sangamam held their nerves to win 4–3 on penalties, lifting the KKSY Football Tournament 2025 trophy. Krishnaprem's brilliance in goal once again proved decisive.

**G.V. Raja ever rolling trophy was won by Sangamam, Bengaluru.**

### Individual Awards

- **Player of the Tournament**: Rahul (Bengaluru Sangamam)
- **Top Scorer**: Akash (Thiruvalla Titans – 4 goals)
- **Best Goalkeeper**: Krishnaprem (Bengaluru Sangamam)

### Closing Note

Season 2 of the KKSY Football Tournament was a celebration of football and community spirit. Every team brought heart and determination, and the fans who turned up at Emirates Turf created an atmosphere worthy of the competition.

Though Thiruvalla Titans fell short in the final, their fight and talent shone through. Karappuram Strikers impressed in the group stage, Spartans and Travancore showed resilience, and Royal Stars displayed grit despite results not going their way.

With each edition, this tournament grows bigger, stronger, and more vibrant. The passion shown by players, organizers, and supporters ensures that the KKSY Football Tournament is here to stay - and Season 3 already feels worth waiting for. ●

## അഭിനന്ദനങ്ങൾ

ദുബായ് ആസ്ഥാനമായുള്ള ഷോറിൻ കൈ കരാട്ടെ ഫെഡറേഷൻ സംഘടിപ്പിച്ച ഇന്റർനാഷണൽ കരാട്ടെ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്ത **വരുൺ** ബ്ലാക്ക്ബെൽറ്റ് കത്ത വിഭാഗത്തിൽ സ്വർണ്ണം കരസ്ഥമാക്കി. ഫൈനലിൽ ഇംഗ്ലണ്ടിന്റെ താരത്തെ തോൽപ്പിച്ചാണ് സ്വർണ്ണ നേട്ടം. ഒക്ടോബർ 4, 5 തീയതികളിൽ ദുബായി അൽമംസാറിലായിരുന്നു ചാമ്പ്യൻഷിപ്പ്. 15 രാജ്യങ്ങളിൽ നിന്നായി 300 മത്സരാർത്ഥികളാണ് വിവിധ ഇനങ്ങളിലായി ചാമ്പ്യൻഷിപ്പിൽ മാറ്റുരച്ചത്. ക്ഷത്രിയ ക്ഷേമസഭ പിലാത്തറ യൂണിറ്റ് അംഗമാണ്.



## പുസ്തകജാലകം



# സർഗ്ഗസാഫല്യം

ആർജ്ജവവും അർപ്പണബോധവും ഒപ്പം മഹാനായ ഗുരുവിന്റെ അനുഗ്രഹവും ഒത്തുചേർന്നപ്പോൾ ഡോ. എഴുമറ്റൂർ എന്ന സാംസ്കാരിക നായകന് എക്കാലവും അഭിമാനിക്കാവുന്ന 'എഴുമറ്റൂരിന്റെ സർഗ്ഗ പ്രപഞ്ചം' എന്ന ബൃഹദ് ഗ്രന്ഥം പ്രകാശിതമായി. കവി, ഗാനരചയിതാവ്, ഉപന്യാസകാരൻ, പ്രഭാഷകൻ, സംഘാടകൻ, പത്രാധിപർ, നാടകകൃത്ത്, ബാലചരിത്രകാരൻ തുടങ്ങി സാഹിത്യ-സാംസ്കാരിക മേഖലകളിലെ സമസ്ത രംഗങ്ങളിലും ശ്രദ്ധേയമായ സംഭാവനകൾ നല്കിയ എഴുമറ്റൂർ സംസ്ഥാന സർക്കാരിൽ ആഡിറ്റർ, സർവ്വവിജ്ഞ്ജാന കോശം എഡിറ്റർ, ഭാഷാവിദഗ്ധൻ തുടങ്ങി ഔദ്യോഗിക രംഗത്തും മികച്ച സേവനം നല്കിയിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് കേരളത്തിലെ 130 പ്രമുഖ വ്യക്തികൾ എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് ഈ വിശിഷ്ട ഗ്രന്ഥം. വ്യക്തി, കവി, ഗാനരചയിതാവ്, നാടകകൃത്ത്, ജീവചരിത്രകാരൻ തുടങ്ങി 19 ഉപശീർഷകങ്ങളോടെ എഴുമറ്റൂരിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ അനാവരണം




**എഴുമറ്റൂരിന്റെ സർഗ്ഗ പ്രപഞ്ചം**
*ഡോ. എഴുമറ്റൂർ രാജരാജവർമ്മ*
പ്രസാധകർ – ഫേമസ് ബുക്സ്, തിരുവനന്തപുരം
പേജ് – 990
വില – 1290 രൂപ

ചെയ്യപ്പെടുന്നു. ലേഖകരിൽ ഡോ. ശൂരനാട് കുഞ്ഞൻപിള്ള, പ്രൊഫ. എൻ. കൃഷ്ണപിള്ള, പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ, പ്രൊഫ. ആർ.എസ്. വർമ്മജി, പ്രൊഫ. എസ്. ഗുപ്തൻ നായർ, പ്രൊഫ. എം. കൃഷ്ണൻ നായർ, ശ്രീകുമാരൻ തമ്പി, അടൂർ ഗോപാലകൃഷ്ണൻ, എം. രവിവർമ്മ രാജ, ടി.പി. ശാസ്തമംഗലം, പന്ന്യൻ രവീന്ദ്രൻ തുടങ്ങിയ ഒട്ടേറെപ്പേർ ഉൾപ്പെടുന്നു. കൂടാതെ എഴുമറ്റൂരിന്റെ ജീവചരിത്രകാരനായ ആർ. വിനോദ് കുമാർ രചിച്ച ജീവചരിത്രസംഗ്രഹവും ഇതിലുണ്ട്. കേരളത്തിലെ ഒരു സാംസ്കാരിക നായകനെക്കുറിച്ച് ഇത്ര സമഗ്രവും സർവ്വതലസ്പർശിയുമായ മറ്റൊരു ഗ്രന്ഥം മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. അനുബന്ധമായി ചേർത്തിട്ടുള്ള ഗ്രന്ഥ സൂചികയും ലേഖക സൂചികയും വായനക്കാർക്ക് ഏറെ പ്രയോജനകരമായിരിക്കും.

പ്രശസ്ത വിദേശകാര്യ വിദഗ്ദ്ധനും മുൻ ഇന്ത്യൻ അംബാസിഡറും ആയ ടി.പി. ശ്രീനിവാസന്റെ പ്രൗഢ ഗംഭീരമായ അവതാരിക ഈ ഗ്രന്ഥത്തിന്റെ വൈശിഷ്ട്യത്തിന് മാറ്റുകൂട്ടുന്നു. ഈ ഗ്രന്ഥം മനോഹരമായി രൂപകൽപ്പന ചെയ്ത ഫേമസ് ബുക്സ് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. 'അംബാപ്രസാദം' എന്ന ആദ്ധ്യാത്മിക മാസികയുടെ ചീഫ് എഡിറ്റർ, എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ ശിൽപ്പി, സെക്രട്ടറി എന്ന നിലകളിലൊക്കെ സജീവമായി സാംസ്കാരിക രംഗത്തുള്ള, ക്ഷത്രിയ സമുദായത്തിന്റെ അഭിമാനമായ ഡോ. എഴുമറ്റൂരിൽ നിന്ന് ഇനിയും ഒട്ടേറെ അമൂല്യങ്ങളായ സാഹിത്യ കൃതികൾ കൈരളിക്ക് ലഭിക്കുമാറാകട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

**കെ.എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം, മൊ. 9447390709

## അഭിനന്ദനങ്ങൾ

തിരുവല്ല പാലിയേക്കര വലിയ കോയിക്കൽ പരേതരായ രവീന്ദ്ര വർമ്മയുടേയും ഓമന തമ്പുരാട്ടിയുടേയും മകൻ **അനിൽ വർമ്മ** 2025 ലെ മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് അർഹനായി . ഇത് രണ്ടാം തവണയാണ് ഈ മെഡലിന് അർഹനാവുന്നത്. ഭാര്യ: വെള്ളാരപ്പിള്ളി കോയിക്കൽ രമ്യവർമ്മ. മകൻ അർജ്ജുൻ വർമ്മ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ ഭരണ സമിതിയംഗം അജിത്ത് വർമ്മ സഹോദരനാണ്.



# കംബോഡിയ കാഴ്ചകൾക്കപ്പുറം

## ഒരു ആസ്വാദനം




**കംബോഡിയ കാഴ്ചകൾക്കപ്പുറം**
*സുഭാഷ് വലവൂർ*
**പബ്ലിഷേഴ്സ്: സൈൻ ബുക്സ്, തിരുവനന്തപുരം.**
**വില: 320 രൂപ.**

സുഭാഷ് വലവൂർ എഴുതിയ 'കംബോഡിയ കാഴ്ചകൾക്കപ്പുറം' എന്ന കൃതി വളരെ നല്ല ഒരു വായനാനുഭവം പ്രദാനം ചെയ്തു. ഹനുമാന്റെയും സുവന്ന മാച്ചയുടെയും പ്രേമരംഗം ചിത്രീകരിക്കുന്ന കവർപേജ് കംബോഡിയയുടെ ആത്മാവിനെ സ്വാംശീകരിച്ചിട്ടുള്ളത് തന്നെ.

ഒരു സാധാരണ യാത്രാവിവരണത്തിന് അപ്പുറമുള്ള വളരെ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ഒരു യാത്രാവിവരണമാണോ, ചരിത്രഗ്രന്ഥമാണോ, കംബോഡിയയിലൂടെയുള്ള ഒരു തീർത്ഥയാത്രയാണോ എന്ന് സംശയം തോന്നാം. ശൈവ, വൈഷ്ണവ, ബുദ്ധമത ചിഹ്നങ്ങൾ ഇത്രയധികം ആഴത്തിലും പരപ്പിലും ഇന്ത്യയിൽത്തന്നെ എവിടെയെങ്കിലും കാണുമോ എന്ന് സംശയം തോന്നും. ഏതൊരു ഭാരതീയനും അഭിമാനം തോന്നുന്ന കാഴ്ചകൾ തന്നെ. ലോകത്തിലെ ഏറ്റവും വലിയ ഹിന്ദു ക്ഷേത്രം 'അങ്കോർ വാറ്റ്' കംബോഡിയയിൽ ആണ് എന്നതുതന്നെ ഏവരെയും അത്ഭുതപ്പെടുത്തുന്നതാണ്. ഈ ക്ഷേത്രത്തെപ്പറ്റി സാമാന്യം നല്ല വിവരണം, ചരിത്ര പശ്ചാത്തലം, നിർമ്മിതിയുടെ പ്രത്യേകതകൾ എല്ലാം ഈ പുസ്തകത്തിൽ കാണാം.

മറ്റ് അനവധി ക്ഷേത്രങ്ങളും അവയുടെ പ്രത്യേകതകളും ഭംഗിയായി പ്രതിപാദിച്ചിരിക്കുന്നു. പാലാഴി മഥനം എന്ന ശിൽപം വലിപ്പംകൊണ്ടും ഹനുമാന്റെ നേതൃത്വത്തിലുള്ള 92 ദേവന്മാരും രാവണന്റെ നേതൃത്വത്തിലുള്ള 88 അസുരന്മാരും പ്രത്യക്ഷപ്പെടുന്നു എന്നതുകൊണ്ടും ഒരു വലിയ കാഴ്ചാനുഭവം തന്നെ. 37 സ്വർഗ്ഗവും 32 നരകവും ഓരോന്നിനുമുള്ള പ്രത്യേകതകളുമുള്ള റിലീഫുകൾ അതിഗംഭീരം തന്നെ.

കംബോഡിയയുടെ നഗരപ്രദേശങ്ങൾ അധികവും തന്നെ മെക്കോങ് നദിയുടെ തീരങ്ങളിലാണ്. മിക്കവാറും സ്ഥലങ്ങളുടെ പ്രത്യേകതകളും സംസ്കാരവും ചിന്തകളും ജീവിത രീതികളും അനുഷ്ഠാനങ്ങളും പുരാവസ്തുക്കളും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും സൂക്ഷ്മമായി മനസ്സിലാക്കി ഈ കൃതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പുസ്തകം രചിക്കുന്നതിന് വളരെ ആഴമേറിയ പഠനം നടത്തിയിട്ടുണ്ട് എന്ന് കാണാം.

കുറെ അധികം ഫോട്ടോകൾ കൊടുത്തിട്ടുണ്ട്. നല്ല ഫോട്ടോകൾ എടുത്ത് വലുപ്പത്തിൽ ആർട്ട് പേപ്പറിൽ പ്രിന്റ് ചെയ്ത് ചേർക്കുന്നതും പ്രധാന കാഴ്ചകളുടെ ഒരു സി.ഡി. ചേർക്കുന്നതും ഇന്നത്തെ കാലത്ത് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. വില വർദ്ധിപ്പിക്കേണ്ടി വരും. ഭാവിയിൽ ചിന്തനീയം എന്ന് മാത്രം.

**രവിവർമ്മ തിരുമുല്പാട്**
തിരുവനന്തപുരം
മൊ. 8848853289



**ശ്രീ അനന്തപുരി അന്യോന്യം**
**PRRA-49 പുന്നയ്ക്കൽ ലെയിൻ, കോട്ടയ്ക്കകം, തിരുവനന്തപുരം – 23**
ബ്രാഹ്മണ - ക്ഷത്രിയ വംശജരുടെ സീമന്തം, അന്നപ്രാശം, ചൗളം, ഉപനയനം, സമാവർത്തനം, സപിണ്ഡി, ആണ്ടുശ്രാദ്ധം എന്നീ ചടങ്ങുകൾ വിധിയാംവണ്ണം നടത്തുന്നതിനുള്ള പുണ്യസ്ഥലം
**ബന്ധപ്പെടുക: അർക്കന്നൂർ പ്രഭ (സെക്രട്ടറി) : 8848235638**



# പി.ആർ. രാമവർമ്മ രാജാ – ആലക്കോട് തമ്പുരാൻ




**പി.ആർ. രാമവർമ്മ രാജാ**
**ആലക്കോട് തമ്പുരാൻ**
***കെ.പി. കേശവൻ മാസ്റ്റർ***
**പബ്ലിഷേഴ്സ്: മാതൃഭൂമി**
**വില: 340 രൂപ.**

**ക്ഷ**ത്രിയ ക്ഷേമസഭ ശ്രീകണ്ഠാപുരം യൂണിറ്റിന്റെ മുൻ പ്രസിഡന്റ് കേശവൻ മാസ്റ്റർ എഴുതി, 2025 ആഗസ്റ്റ് 11–ാം തീയതി പ്രകാശനം ചെയ്ത പുസ്തകമാണ് പി.ആർ. രാമവർമ്മരാജാ – ആലക്കോട് തമ്പുരാൻ. പുസ്തക രചനയുടെ പണിപ്പുരയിലായിരുന്ന സമയത്ത്, ചില വിവരസമ്പാദന വേളയിലും ചില വ്യക്തികളിൽ നിന്ന് അദ്ദേഹവുമായുള്ള ഓർമ്മക്കുറിപ്പുകൾ ശേഖരിക്കുവാനുമൊക്കെ കേശവൻമാഷുമായി സഹകരിക്കുവാനായി എന്നുള്ളത് വളരെ സന്തോഷത്തോടെ ഓർമ്മിക്കുന്നു.

പുസ്തക പ്രകാശന ചടങ്ങ് ക്ഷത്രിയക്ഷേമ സഭാംഗങ്ങളുടെ, വിശിഷ്യാ, വടക്കൻ മേഖലയിലുള്ളവരുടെ ഒരൊത്തുചേരൽ കൂടിയാവണം എന്ന് മാഷ് ആഗ്രഹിച്ചിരുന്നു. ഈ ചടങ്ങിനെക്കുറിച്ച്, എല്ലാ യൂണിറ്റുകളേയും വാട്സ്ആപ് മുഖേന നേരത്തേ തന്നെ അറിയിക്കുകയും ചെയ്തിരുന്നു. അതുപ്രകാരം ശ്രീകണ്ഠാപുരം, ഇരിട്ടി, പിലാത്തറ, നീലേശ്വരം, തിരുവനന്തപുരം, കോട്ടയം, തിരുവല്ല, പന്തളം, അമ്പലപ്പുഴ തുടങ്ങി പല യൂണിറ്റുകളിൽ നിന്നുമുള്ള അംഗങ്ങൾ പങ്കെടുത്തിരുന്നു.

വിശിഷ്ടാതിഥികൾ ആലക്കോട് പാലസിൽ കൃത്യ സമയത്തുതന്നെ എത്തിച്ചേരുകയും വളരെ നല്ല ഒരു സദസ്സിനു മുൻപിൽ വച്ച് പുസ്തക പ്രകാശനം നടത്തുകയും ചെയ്തു. കേശവൻ മാഷ് മുൻകൂട്ടി അറിയിച്ചതനുസരിച്ച് ഞാൻ ഒരു അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു.

പുസ്തക പ്രകാശന ചടങ്ങുകൾ ഗംഭീരമായി. ഈ പുസ്തകം തമ്പുരാനെക്കുറിച്ചുള്ള പുത്തനറിവുകൾ നൽകുന്ന ഒന്നാണ്. ഒരു കാടിനെ നാടാക്കി മാറ്റിയ തമ്പുരാനെക്കുറിച്ചുള്ള ഈ ഗ്രന്ഥം വായിക്കുവാൻ രസകരവും ഒരു റിസർച്ച് ഗ്രന്ഥമായി ഉപയോഗിക്കാവുന്നതുമാണ്. പിന്നീട് ഈ പുസ്തകം പരിചയപ്പെടുത്തുന്ന ചടങ്ങ് പൂഞ്ഞാർ കാഞ്ഞിരമറ്റം പാലസിൽ വച്ചും തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ വെച്ചും നടത്തുകയുണ്ടായി.

നമ്മുടെ അംഗങ്ങൾ ഈ പുസ്തകം വായിച്ച് പ്രയോജനപ്പെടുത്തണം.

**മധുകുമാർ വർമ്മ വി.കെ.**



# അരങ്ങേറ്റം

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗവും ഇരിട്ടി കീഴൂർ ‘സൗപർണിക’യിൽ കീഴൂരിടത്തിൽ ശ്രീവിദ്യ ടീച്ചറുടെയും എം.പി. അനിൽകുമാറിന്റെയും മകളും ഇരിട്ടി ഹയർസെക്കൻഡറി സ്കൂൾ പത്താംതരം വിദ്യാർത്ഥിനിയുമായ **അൻവിത അനിൽകുമാറിന്റെ** മോഹിനിയാട്ടം അരങ്ങേറ്റം വടക്കേ മലബാറിലെ പ്രശസ്തമായ ഇരിട്ടി, മുഴക്കുന്ന് ശ്രീ മൃദംഗശൈലേശ്വരി ക്ഷേത്ര നവരാത്രി മണ്ഡപത്തിൽ 26–9–2025 വെള്ളിയാഴ്ച സമംഗളം നടന്നു. ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയും സംസ്ഥാന വൈസ് പ്രസിഡന്റുമായ ടി.എം. ശ്രീകുമാറിന്റെ കൊച്ചുമകൾ ആണ് അൻവിത അനിൽകുമാർ.

## ബാലവേദി/വളരുന്ന പ്രതിഭകൾ

**Poem**

# Rain



**S. Gowri Varma**
Chemprol Kottaram, Haripad

A thousand pearls fall from the sky
Or are they tears? Do clouds cry?
But if that is so,
What has caused these woes?

Is it sadness? Is it strife?
Or is it perhaps just the way of life?

Oh, now I understand
You heal our motherland
You kiss the earth and cleanse the air,
Healing with your boundless care.

Now I know you're the source of all that is living
The cycle of rain that never stops giving.

---

**Poem**

# Gentle Chaos



**Nandana Varma**
(Vellarappilly Unit)
B-Tech student
Sankara College of Engineering, Kalady

I am just 19, but it feels like ninety-
sleeping at 10, waking at 5
and finding comfort
in my morning chai.

I feel like an alien,
stuck in the wrong locus
getting drained by conversations,
but brighten at tiny observations-

Like the laughter of lilliputians,
or the process of elution -
the removal of sorrow from joy
and the knowledge of conservation.

Just like the lines above,
my mind seems cluttered-
having so much to say
but knowing not, the way.

I feel like a tug rope, or
like the juggler's set of orbs-
tossed again and again
no break. no pause.

One end being the
olden ways of simplicity
and the other being
the invasion of technology.

And I, a quiet spectator
to the war within my chest,
an aged heart in a young body
seeking somewhere to rest.

# അഭിനന്ദനങ്ങൾ


ഇക്കഴിഞ്ഞ 10-ാം ക്ലാസ്സ് സി.ബി.എസ്.ഇ. പരീക്ഷയിൽ 85% മാർക്കോടെ വിജയിച്ച **ശ്രീപ്രഭാ വർമ്മ എം.** കൊച്ചി മെട്രോ സഹോദയ നടത്തിയ മത്സരങ്ങളിൽ മൃദംഗം, കുച്ചിപ്പുടി, മൈം എന്നീ വിഭാഗങ്ങളിൽ 'എ' ഗ്രേഡ് കരസ്ഥമാക്കി സംസ്ഥാന മത്സരങ്ങൾക്ക് അർഹത നേടിയിട്ടുണ്ട്. വി.കെ. പ്രഭേഷ് വർമ്മയുടെയും ശ്രീജാ വർമ്മയുടെയും മകളാണ്.





ഹിന്ദുസ്ഥാൻ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് അസ്സോസിയേഷൻ ഓഫ് കേരളയുടെ 2024-25 ലെ 'രാജ്യ പുരസ്കാർ' സർട്ടിഫിക്കറ്റ് ബഹു. കേരള ഗവർണ്ണറിൽ നിന്ന് ഏറ്റുവാങ്ങിയ **അർപ്പിത വർമ്മ എസ്**. കാലടി ശ്രീ ശാരദ വിദ്യാലയത്തിൽ 10-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. വെള്ളാരപ്പിള്ളി സഭയിലെ അരുൺ വർമ്മയുടെയും സന്ധ്യാ വർമ്മയുടെയും മകളാണ്.

ഈ കഴിഞ്ഞ മഹാനവമി ദിവസം പുല്ലാങ്കുഴൽകച്ചേരിയിൽ അരങ്ങേറ്റം കുറിച്ച **ദേവനന്ദൻ വർമ്മ**. സംസ്ഥാന CBSE കലോത്സവത്തിൽ ഹൈസ്ക്കൂൾതലത്തിൽ FLUTE ( Eastern) വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ മാവേലിക്കര വിദ്യാധിരാജ വിദ്യാപീഠം സെൻട്രൽ & സൈനിക് സ്കൂളിൽ +2 വിദ്യാർത്ഥിയാണ്. ഇതേ വിദ്യാലയത്തിൽ നിന്ന് പത്താംക്ലാസിൽ full A+ വാങ്ങി വിജയിച്ചു. തിരുവല്ല യൂണിറ്റിലെ ഡോ. അജിത്ത് വർമ്മയുടെയും പ്രവീണാ വർമ്മയുടെയും മകനാണ്.



ഇക്കഴിഞ്ഞ സി.ബി.എസ്.ഇ. പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ Full A+ നേടിയ **ഹൃഷികേശ് വർമ്മ**. എറണാകുളം യൂണിറ്റ് അംഗങ്ങളായ അനൂപ് വർമ്മയുടെയും പാർവ്വതി വർമ്മയുടെയും മകനാണ്.



ഇക്കഴിഞ്ഞ സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയിൽ Full A+ നേടിയ **മീനാക്ഷി എസ്. വർമ്മ**. എറണാകുളം യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെയും ദീപ വർമ്മയുടെയും മകളാണ്.





യോഗക്ഷേമസഭ സംസ്ഥാന ബാലസഭ നടത്തിയ 'ആരവം 2025' സംസ്ഥാനതല മത്സരത്തിൽ ചിത്രരചനയിലും ജലച്ചായത്തിലും ഒന്നാം സ്ഥാനം ലഭിച്ച **ശ്രീഹരി വർമ്മ.** വെള്ളാരപ്പിള്ളി ക്ഷത്രിയ ക്ഷേമസഭാംഗങ്ങളായ കാഞ്ഞൂർ മുല്ലശ്ശേരി മഠം രമ്യവർമ്മയുടെയും അരവിന്ദ് രാജയുടെയും മകനാണ്. ഗുരുവായൂർ ഗോകുലം പബ്ലിക് സ്ക്കൂൾ ഏഴാംക്ലാസ്സ് വിദ്യാർത്ഥിയാണ്.

## നീലേശ്വരം അള്ളട സ്വരൂപത്തിലെ ചില ആചാരാനുഷ്ഠാനങ്ങൾ

വളപട്ടണം പുഴയ്ക്ക് വടക്ക് ചന്ദ്രഗിരിപ്പുഴ വരെ നീണ്ടുകിടക്കുന്ന പ്രദേശമാണ് അള്ളട സ്വരൂപത്തിന്റ അധികാരപരിധിയിലുള്ളത്. ക്ഷേത്രങ്ങൾ, കാവുകൾ ദേവസ്ഥാനങ്ങൾ എന്നിവ കൊണ്ട് സമൃദ്ധമായ ഈ പ്രദേശത്ത് ഇവിടങ്ങളിലെ ഉത്സവാഘോഷങ്ങൾ, കളിയാട്ടങ്ങൾ മറ്റ് അടിയന്തിരങ്ങൾ എന്നിവ നടക്കുമ്പോൾ രാജപ്രതിനിധികൾ നിർബന്ധമായും അവിടെ സന്നി ഹിതരാകേണ്ടതാണ്.

നായർ സമുദായത്തിലും മറ്റു സമുദായങ്ങളിലും സ്ഥാനികരെ പേരുവിളി നടത്തി അധികാരം ഏൽപ്പിക്കേണ്ടത് അള്ളട സ്വരൂപത്തിലെ മൂത്ത രാജാവാണ്. വയക്രമത്തിൽ ഒന്നുമുതൽ അഞ്ചുവരെ 'കൂറുവാഴ്ച' യാണ് നിലവിലുള്ളത്. ഒന്നാംകൂർ രാജാവാണ് ആചാരം സ്ഥാനികർക്ക് പേരുചൊല്ലി നാമകരണം നടത്തുന്നത്. ഒന്നാം കൂറിന്റെ അഭാവത്തിൽ മറ്റു ഒരു കൂറുവാഴ്ചയുള്ള രാജാവിന് നാമകരണം ചടങ്ങ് നടത്താവുന്നതാണ്. തളിയിൽ ശ്രീ നീലകണ്ഠേശ്വര ക്ഷേത്രത്തിൽ നെയ്ക്കിണ്ടി സമർപ്പിച്ച് പൂജ തൊഴുതാണ് കൂറുവാഴ്ചക്കാർ സ്ഥാനമേൽക്കുന്നത് പ്രസ്തുത ചടങ്ങിന് 'ആചാരം തൊഴൽ' എന്നാണ് പറയുന്നത്. തളിയിലപ്പന്റെ പ്രതിനിധിയായിട്ടാണ് കൂറുവാഴ്ച കിട്ടിയ തമ്പുരാക്കന്മാരെ കണക്കാക്കുന്നത്.

**സമുദായവും ആചാര പേരുകളും**

**നായർ സമുദായം**: 'കാര്യം പറ അവകാശി' എന്നാണ് അറിയപ്പെടുന്നത്. ക്ഷേത്രോത്സവങ്ങളിൽ, കളിയാട്ടങ്ങളിൽ, മറ്റ് അടിയന്തിരങ്ങൾ എന്നിവയിൽ തറവാട്ടിലെ അച്ഛന്റെ-തറവാട്ടു കാരണവർ- സാന്നിധ്യം നിർബന്ധമാണ്.

**മലയർ സമുദായക്കാരെ** പെരുമലയൻ, പണിക്കർ, അള്ളടൻ, എന്നീ പേരുകൾ ചൊല്ലി വിളിക്കും. അതുപോലെ മാവിലർ സമുദായത്തിന് ചിങ്കം എന്നാണ് പേര് നൽകുന്നത്. വേലൻ സമുദായ ക്കാരെ അഞ്ഞൂറ്റാൻ. വണ്ണാൻ സമുദായക്കാരെ നേണിക്കം എന്നും നൽകതായ സമുദായത്തെ പുത്തൂരാൻ, കലയപ്പാടി എന്നും നാമകരണം നൽകും. ചില സമുദായങ്ങളും അവർക്ക് നൽകുന്ന സ്ഥാനപ്പേരുമാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്.

## തിരുവനന്തപുരം യൂണിറ്റ് വനിതാ ഭാരവാഹികൾ



**രാജേശ്വരി വർമ്മ**
പ്രസിഡന്റ്, 7358214391



**ഉഷ ഉദയവർമ്മ**
സെക്രട്ടറി, 9446462855



**സ്മിതാ വർമ്മ**
ട്രഷറർ, 9497825233


## പന്തളം യൂണിറ്റ് ഭാരവാഹികൾ



**പി. രാഘവ വർമ്മ**
പ്രസിഡന്റ്, മൊ. 9447866492



**ജ്യോതി വർമ്മ**
സെക്രട്ടറി, മൊ. 8330054846



**ഹരികൃഷ്ണ വർമ്മ**
ട്രഷറർ, മൊ. 9846746465

## കുറ്റിലഞ്ഞി യൂണിറ്റ് ഭാരവാഹികൾ



**സുരേഷ് വർമ്മ**
പ്രസിഡന്റ്, മൊ. 9207326797



**കൃഷ്ണ വർമ്മ**
സെക്രട്ടറി, മൊ. 9495948023



**വിജയ് വർമ്മ**
ട്രഷറർ, മൊ. 8369983692

## യുവജന വിഭാഗം ഭാരവാഹികൾ



**പ്രസീദ വർമ്മ**
പ്രസിഡന്റ്, മൊ. 7306100638



**അനീഷ് വർമ്മ**
സെക്രട്ടറി, മൊ. 9048131465



**സജിൻ രാജ**
ട്രഷറർ, മൊ. 9821182276

## കോട്ടയം യൂണിറ്റ് വനിതാ ഭാരവാഹികൾ



**അംബികാ വർമ്മ**
പ്രസിഡന്റ് , മൊ. 9645254843



**മല്ലികാറാണി**
സെക്രട്ടറി, മൊ. 9744801150



**പ്രിയാ കണ്ണൻ**
ട്രഷറർ, മൊ. 8281439778

## കരപ്പുറം യൂണിറ്റ് വനിതാ ഭാരവാഹികൾ



**രജനി വർമ്മ**
പ്രസിഡന്റ്, മൊ. 8089819408



**പാർവ്വതി വർമ്മ**
സെക്രട്ടറി, മൊ. 9946444839



**രേഖ സജിത്ത് വർമ്മ**
ട്രഷറർ, മൊ. 7012172166

## തൃശ്ശൂർ യൂണിറ്റ് വനിതാ ഭാരവാഹികൾ



**ഡോ. ബിന്ദു ശങ്കർ**
പ്രസിഡന്റ്, മൊ. 9497800950.



**ദീപാപ്രസാദ്**
സെക്രട്ടറി, മൊ. 9895999978



**പ്രേമലത ദിലീപ്**
ട്രഷറർ, 9495073722

# കോഴിക്കോട് യൂണിറ്റ് ഭാരവാഹികൾ



**ബി. സുഷമാകുമാരി തമ്പുരാട്ടി സി.കെ.**
പ്രസിഡന്റ്, മൊ. 9446318736



**ഹരിപ്രസാദ് രാജ**
സെക്രട്ടറി, മൊ. 9037959136



**രവിവർമ്മൻ പി.**
ട്രഷറർ, മൊ. 9995892762

## വനിതാ വിഭാഗം



**അമൃത വർമ്മ ഇ.കെ.**
പ്രസിഡന്റ്, മൊ. 9745360848



**നന്ദിത എൻ. വർമ്മ**
സെക്രട്ടറി, മൊ. 9447950248

## യുവജന വിഭാഗം



**സഞ്ജയ് വർമ്മ ആർ.കെ.**
പ്രസിഡന്റ്, മൊ. 9746518780



**ഹൃഷികേശ് രാജ പി.കെ.**
സെക്രട്ടറി, മൊ. 8590780124



**ശ്രീജിത്ത് വർമ്മ പി.കെ.**
ട്രഷറർ, മൊ. 9995989624

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ 2024-25 ലെ വാർഷിക പൊതുയോഗം 2025 ജൂലായ് 27-ന് രംഗവിലാസം ഹാളിൽ വെച്ച് നടന്നു. പ്രസിഡന്റ് കിഷോർകുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി ജയചന്ദ്രവർമ്മ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടും 2024-25 വർഷത്തിലെ കണക്ക് ട്രഷറർ വേണുഗോപാൽ വർമ്മ അവതരിപ്പിച്ചതും യോഗം പാസ്സാക്കി. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ നിലവിലെ ഭരണസമിതി അംഗങ്ങൾ തുടരുവാൻ തീരുമാനമായി. സുരേഷ് കേരളവർമ്മ, അഖിൽ വർമ്മ എന്നിവരെ പുതിയതായി കമ്മറ്റിയിയിൽ ഉൾപ്പെടുത്തി.

സഭയിലെ വനിതാവിഭാഗത്തിന്റെ വാർഷിക പൊതുയോഗവും അന്നുതന്നെ നടന്നു. പ്രസിഡന്റ് രമണിവർമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി ശ്രീകലവർമ്മ പ്രവർത്തന റിപ്പോർട്ടും ട്രഷറർ സുമാവർമ്മ കണക്കും അവതരിപ്പിച്ചത് പാസ്സാക്കി. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡന്റ് ആയി രാജേശ്വരിവർമ്മ, വൈസ് പ്രസിഡന്റ് ബീനാരഘു, സെക്രട്ടറി ഉഷ ഉദയവർമ്മ, ജോയിന്റ് സെക്രട്ടറി ദിവ്യശ്രീ വർമ്മ, ട്രഷറർ സ്മിതവർമ്മ, എന്നിവരെ തെരഞ്ഞെടുത്തു. തുടർന്ന് കർക്കിടക മാസത്തിലെ രാമായണ പാരായണ മത്സരം നടത്തി. ശോഭനാവർമ്മയ്ക്ക് ഒന്നാം സമ്മാനമായ 2000 രൂപ (എ.സി. ഗോദവർമ്മ സ്പോൺസർ ചെയ്തത്) ക്യാഷ് അവാർഡും ഡോ. അംബിക ബാലചന്ദ്രന് 1000 രൂപയുടെ (മാലിനി രവി വർമ്മ സ്പോൺസർ ചെയ്തത്) ക്യാഷ് അവാർഡും രാഘവവർമ്മക്ക് 500 രൂപയുടെ (നിർമ്മലാ ദേവി സ്പോൺസർ ചെയ്തത്) ക്യാഷ് അവാർഡും ഉഷാ ഉദയവർമ്മയ്ക്ക് പ്രോത്സാഹന സമ്മാനവും ലഭിച്ചു. സമ്മാനം ഓണാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന കുടുംബസംഗമത്തിൽ വെച്ച് നൽകും. നല്ലൊരു അത്താഴവിരുന്നിന് ശേഷം യോഗം അവസാനിച്ചു.

ആഗസ്റ്റ് 3 ഞായറാഴ്ച രംഗവിലാസം ഹാളിൽ വെച്ച് കേന്ദ്രസഭയുടെ ഭരണസമിതിയോഗം കൂടി. രാവിലെ 10.30 ന് തുടങ്ങിയ യോഗത്തിൽ കേരളത്തിലെ വിവിധ യൂണിറ്റുകളിലെ ഭരണസമിതി അംഗങ്ങൾ പങ്കെടുത്തു. അവർക്കുവേണ്ട താമസ സൗകര്യവും ഭക്ഷണവും മറ്റു സൗകര്യങ്ങളും യൂണിറ്റ് തയ്യാറാക്കി. തിരുവനന്തപുരം യൂണിറ്റിലെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സെക്രട്ടറി ജയചന്ദ്രവർമ്മ യോഗത്തിൽ അവതരിപ്പിച്ചു. സഭയുടെ ഭാവിപ്രവർത്തനത്തിന് യൂണിറ്റിന്റെ പിന്തുണ ഉണ്ടാകുമെന്ന് അറിയിച്ചു. പ്രസിഡന്റ് കിഷോർ കുമാർ വർമ്മ ഭരണസമിതി അംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ആഗസ്റ്റ് 10-ന് വനിതാവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സഭാ ഓഫീസിൽ വച്ച് രാവിലെ 10 മണി മുതൽ വൈകീട്ട് 5 വരെ രാമായണ പാരായണം നടത്തുകയുണ്ടായി. സഭാംഗങ്ങൾ പങ്കെടുത്ത് രാമായണത്തിലെ ഓരോ ഖണ്ഡങ്ങൾ വായിച്ചു. തുടർന്ന് നിവേദ്യസമർപ്പണം നടന്നു. അന്നത്തെ പരിപാടി സ്പോൺസർ ചെയ്തത് സഭാ സെക്രട്ടറി ജയചന്ദ്ര വർമ്മ ആയിരുന്നു. വനിതാവിഭാഗം സെക്രട്ടറി ഉഷ ഉദയ വർമ്മ നന്ദി പ്രകാശിപ്പിച്ചു.

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഈ വർഷത്തെ ഓണാഘോഷവും കുടുംബയോഗവും സെപ്റ്റംബർ 21 രാവിലെ 10-ന് തിരുവനന്തപുരം തെക്കേത്തെരുവിലെ രംഗവിലാസം ഹാളിൽ വെച്ച് നടന്നു. പ്രസിഡന്റ് കിഷോർകുമാർ വർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനസമ്മേളനത്തിൽ വിദ്യാഭ്യാസ വിചക്ഷണനും എഞ്ചിനീയറിംഗ് കോളേജ് മുൻ പ്രിൻസിപ്പലും ശാസ്ത്രസാഹിത്യ പരിഷത്ത് ഡയറക്ടറും ANERT ഡയറക്ടറും സഭയിലെ മുതിർന്ന അംഗവുമായ ഡോ. ആർ.വി.ജി. മേനോൻ വിശിഷ്ടാതിഥിയായിരുന്നു. തേജസ്വി വർമ്മയുടെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച യോഗം ഈ കാലയളവിൽ അന്തരിച്ച സഭാംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും അനുശോചനം രേഖപ്പെടുത്തിയ ശേഷം ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. സെക്രട്ടറി ജയചന്ദ്രവർമ്മ സ്വാഗതം ആശംസിച്ചു. കിഷോർകുമാർ വർമ്മയുടെ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം മുഖ്യാതിഥി ഡോ. ആർ.വി.ജി. മേനോൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് സഭയിലെ മുതിർന്ന അംഗവും സ്വാതിതിരുനാൾ സംഗീത കോളേജ് മുൻ പ്രൊഫസറും പ്രശസ്ത വയലിനിസ്റ്റുമായ പ്രൊഫ. ഈശ്വര



വർമ്മ, തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി BMT wing മേധാവിയും സഭയിലെ മുതിർന്ന അംഗവുമായ ഡോ. ഹരികൃഷ്ണവർമ്മ, എം.ജി. സർവ്വകലാശാലയിൽ മൃദംഗത്തിൽ M.A. ഒന്നാംറാങ്ക് കരസ്ഥമാക്കിയ ജിഷ്ണു ആർ. വർമ്മ എന്നിവരെ ഉപഹാരം നൽകി ആദരിച്ചു. മേൽപ്പറഞ്ഞ വ്യക്തികൾക്ക് ആശംസകൾ അർപ്പിച്ചത് യഥാക്രമം പ്രശസ്ത സംഗീതജ്ഞ രഞ്ജിനിവർമ്മ, SCTIMST പ്രൊഫ. ഡോ. കവിത രാജ, സഭയിലെ യുവ അംഗം വൃന്ദാവർമ്മ എന്നിവരാണ്. തുടർന്ന് ആദരവ് നേടിയവർ മറുപടി പ്രസംഗം നടത്തി. കേന്ദ്രസഭ വൈസ് പ്രസിഡന്റ് കൃഷ്ണ ജയകുമാർ ആദരവ് നേടിയവർക്കും കുടുംബയോഗത്തിൽ പങ്കെടുത്തവർക്കും ആശംസ അർപ്പിച്ചു. തുടർന്ന് കർക്കിടക മാസത്തിൽ നടത്തിയ രാമായണ പാരായണ മത്സര ക്യാഷ് അവാർഡും പ്രോത്സാഹന സമ്മാനവും വിജയികൾക്ക് മുഖ്യാതിഥി സമ്മാനിച്ചു. വനിതാവിഭാഗം സെക്രട്ടറി ഉഷ ഉദയവർമ്മ കൃതജ്ഞത പ്രകാശിപ്പിച്ചു.

വനിതവിഭാഗം അവതരിപ്പിച്ച തിരുവാതിരകളിയോടെ കലാപരിപാടികൾ ആരംഭിച്ചു. തുടർന്ന് കൃഷ്ണകുമാർ വർമ്മയുടെ നേതൃത്വത്തിൽ സഭയിലെ ഗായകസംഘം അവതരിപ്പിച്ച ഓണപ്പാട്ട് സദസ്യർ ഏറെ ആസ്വദിച്ചു. കൃഷ്ണകുമാർ വർമ്മ, അജയ്കുമാർ വർമ്മ, കിഷോർകുമാർ വർമ്മ, രാജീവ് വർമ്മ, നവനീത് വർമ്മ, സംഗീത വർമ്മ, പ്രിയ വർമ്മ, ദേവി വർമ്മ, നിവേദിത വർമ്മ, ലീനാ വർമ്മ, നന്ദന വർമ്മ, തേജസ്വി വർമ്മ, വർഷ വർമ്മ, വേദിക രാജ, ജിൻസി ശബരീഷ് എന്നിവരുടെ ഗാനങ്ങളും ശ്രുതി വർമ്മ, കൃഷ്ണദേവ് വർമ്മ, കിരൺരാജ്, ധനഞ്ജയ വർമ്മ, മായാവർമ്മ, ഋഷഭ് വർമ്മ, ആരതി വർമ്മ, അരുണിമ വർമ്മ, ശ്രീകല വിജിത്ത്, ഭദ്ര എസ്. നമ്പൂതിരി എന്നിവരുടെ നൃത്തങ്ങളും ഉണ്ടായിരുന്നു. ഉച്ചക്ക് വിഭവസമൃദ്ധമായ ഓണസ്സദ്യയ്ക്ക് ശേഷം യുവജന വിഭാഗം അവതരിപ്പിച്ച നൃത്തച്ചുവടുകളും മുതിർന്ന അംഗവും മുൻ വനിതാവിഭാഗം പ്രസിഡന്റുമായ ഉഷ രാമവർമ്മ, മകൾ മായ വർമ്മ, കൊച്ചുമകൾ ദ്രുതി വർമ്മ എന്നിവർ ചേർന്ന് അവതരിപ്പിച്ച നൃത്തശിൽപ്പം സദസ്സിനെ ഏറെ ആകർഷിച്ചു.

ഓണപ്പാട്ട് അവതരിപ്പിച്ച ഗായകസംഘത്തിന് മുതിർന്ന അംഗം പ്രൊഫ. കുമാരകേരളവർമ്മ ഉപഹാരം നൽകി. തിരുവാതിരകളിക്കാർക്ക് പ്രൊഫ. വൃന്ദാദേവി തമ്പുരാൻ ഉപഹാരം നൽകി. തുടർന്ന് നടന്ന ഓരോ കലാപരിപാടികൾക്കു ശേഷവും സഭയിലെ മുതിർന്ന അംഗങ്ങൾ ഉപഹാരം നൽകി പ്രോത്സാഹിപ്പിക്കുകയുണ്ടായി. സെക്രട്ടറി ജയചന്ദ്ര വർമ്മ രചനയും സംവിധാനവും നിർവ്വഹിച്ച 'പഴയതും പുതിയതും' എന്ന നാടകം സഭയിലെ വനിതാവിഭാഗം അവതരിപ്പിച്ചത് ഏറെ കൈയ്യടി നേടി. തുടർന്ന് നടന്ന ഭാഗ്യ നറുക്കെടുപ്പിൽ അഭികേശവൻ ഒന്നാം സമ്മാനവും ശ്രീകല വിജിത്ത് രണ്ടാം സമ്മാനവും കരസ്ഥമാക്കി.

നൂറ്റി എഴുപതോളം അംഗങ്ങൾ രാവിലെ 9.30 മുതൽ വൈകീട്ട് 4.30 വരെ നീണ്ടുനിന്ന ആഘോഷങ്ങളിൽ പങ്കെടുത്തു. 1,500 രൂപയിൽ കൂടുതൽ സംഭാവന നൽകിയ അംഗങ്ങൾക്ക് സഭയുടെ ഉപഹാരം സെക്രട്ടറി നൽകി. വനിതാവിഭാഗം ട്രഷറർ സ്മിതാവർമ്മ നന്ദി പ്രകാശിപ്പിച്ചു.

**നവരാത്രി ആഘോഷം**

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 30, ഒക്ടോബർ 1, 2 തീയതികളിൽ ദുർഗ്ഗാഷ്ടമി, മഹാനവമി, വിജയദശമി എന്നിവ വിവിധ പരിപാടികളോടെ സഭാ ഓഫീസായ സുന്ദരവിലാസത്തിൽ വച്ചുനടന്നു. 30-ന് സഭാംഗങ്ങളുടെ ഭജനയും ദീപാരാധനയും ഒക്ടോബർ 1-ന് ഭജനയും ലളിതാസഹസ്രനാമവും ദേവിമഹാത്മ്യത്തെക്കുറിച്ച് വനിതാവിഭാഗം പ്രസിഡന്റ് രാജേശ്വരി വർമ്മയും ഒൻപത് ദിവസത്തെ ദേവിയുടെ രൂപത്തെകുറിച്ച് വനിതാവിഭാഗം സെക്രട്ടറി ഉഷ ഉദയനും പ്രഭാഷണം നടത്തി. ശേഷം പാൽപ്പായസ നിവേദ്യം ഉണ്ടായിരുന്നു. ചടങ്ങുകളിൽ സഭാ ഭാരവാഹികൾ അടക്കമുള്ള അംഗങ്ങൾ പങ്കെടുത്തു. ഒക്ടോബർ 2-ന് രാവിലെ വിജയദശമി ദിനത്തിൽ പൂജയെടുപ്പ് നടത്തി. സെക്രട്ടറി ജയചന്ദ്ര വർമ്മ

അംഗങ്ങൾക്ക് പൂജിച്ച പ്രസാദം നൽകി. നവരാത്രി ആഘോഷം സ്പോൺസർ ചെയ്ത അജയ്കുമാർ വർമ്മയ്ക്കും ലളിതവർമ്മയ്ക്കും സെക്രട്ടറി നന്ദി പ്രകാശിപ്പിച്ചു.

## കരിവെള്ളൂർ

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് ഭരണസമിതി യോഗവും ഉന്നത വിജയം കരസ്ഥമാക്കിയ സമുദായാംഗങ്ങളുടെ മക്കളെ അനുമോദിക്കലും 13- 7- 2025 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് ട്രഷറർ എൻ.കെ. കെ. ഉണിത്തിരിയുടെ മണക്കാട്ടുള്ള വസതിയിൽ വെച്ച് നടന്നു. എൻ.കെ.കെ. ഉണിത്തിരി സ്വാഗതം പറഞ്ഞു. പ്രസിഡന്റ് പി. എം. സുബ്രഹ്മണ്യൻ അദ്ധ്യക്ഷത വഹിച്ചു. സഭയുടെ സംസ്ഥാന കമ്മിറ്റിയും യൂണിറ്റും സമുദായ അംഗങ്ങളുടെ മക്കൾക്ക് നൽകിവരുന്ന വിവിധ സ്കോളർഷിപ്പുകളെക്കുറിച്ചും ധനസഹായത്തെക്കുറിച്ചും സംസ്ഥാന കമ്മിറ്റി അംഗം വി.എം. ദാമോദരൻ വിശദമായി സംസാരിച്ചു.

വിദ്യാഭ്യാസ/ചികിത്സാ ധനസഹായമായി റിയാക്ടിൽ നിന്നും നൽകിവരുന്ന ധനസഹായത്തെക്കുറിച്ചും മഹാറാണി സേതു പാർവതി ഭായി സ്മാരക സ്കോളർഷിപ്പ്, വായു സ്കോളർഷിപ്പ് എന്നിവ നൽകുന്നതിനെക്കുറിച്ചും വിശദമായി സംസാരിച്ചു.

തുടർന്ന് 2025-ലെ സ്കോളർഷിപ്പുകളും ക്യാഷ് അവാർഡും വിതരണം ചെയ്തു. സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ ആദിത്യ ടി.എം. S/o പ്രസീന എന്ന കുട്ടിക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അമ്മാവൻ ടി.എം. പ്രവീൺ ഏറ്റുവാങ്ങി. സി.ബി.എസ്.ഇ. പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ സ്നേഹിത് വർമ്മ എം.ടി. S/o സുരേന്ദ്രനാഥ് എന്ന കുട്ടിയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും സഹോദരി സ്നേഹ എസ്. വർമ്മ ഏറ്റുവാങ്ങി. ബി.എസ്.സി. കെമിസ്ട്രി പരീക്ഷയിൽ ഡിസ്റ്റിംഗ്ഷനോടെ ഉന്നത വിജയം കരസ്ഥമാക്കിയ വിസ്മയ ജി.കെ. D/o ഇ.എം. ഗോവിന്ദൻ കണ്ടക്കൈ എന്ന കുട്ടിക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും പിതാവ് ഇ.എം. ഗോവിന്ദൻ ഏറ്റുവാങ്ങി. യു.എസ്. എസ്. സ്കോളർഷിപ്പ് ലഭിച്ച പാർവണ പി. D/o ടി.എം. പ്രവീൺ, നികേത് വർമ്മ S/o ടി.എം. സദാനന്ദൻ, സംസ്കൃതം സ്കോളർഷിപ്പ് ലഭിച്ച അഞ്ജന വർമ്മ D/o ഗിരിജ വർമ്മ എന്നീ കുട്ടികൾ നേരിട്ട് ഹാജരായി ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ഏറ്റുവാങ്ങി. യു.എസ്.എസ്. സ്കോളർഷിപ്പും സംസ്കൃത സ്കോളർഷിപ്പും ലഭിച്ച അഭിരാമി D/o ഉണ്ണികൃഷ്ണൻ എന്ന കുട്ടിക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും പിതാവ് ടി.എം. ഉണ്ണികൃഷ്ണൻ ഏറ്റുവാങ്ങി. യു.എസ്.എസ്. സ്കോളർഷിപ്പ് ലഭിച്ച ശ്രീരാം കെ.പി. S/o സി.കെ. മുരളീധരൻ എന്ന കുട്ടിക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അമ്മ കെ.പി. ശ്രീജ ഏറ്റുവാങ്ങി.

സ്കോളർഷിപ്പ് ലഭിച്ച കുട്ടികളെ വി.എം. ദാമോദരൻ, എൻ.എം. പവിത്ര ചന്ദ്രൻ, ഗിരിജാ വർമ്മ, കെ.പി. ശ്രീജ, എൻ.കെ. പരമേശ്വരൻ, എൻ. പി. ബാലകൃഷ്ണൻ എന്നിവർ അഭിനന്ദിച്ചു. കുട്ടികൾക്കുള്ള ക്യാഷ് അവാർഡ് സംഖ്യ മുഴുവൻ യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യനാണ് സ്പോൺസർ ചെയ്തത്.

സുബ്രഹ്മണ്യനും കുടുംബത്തിനും കരിവെള്ളൂർ യൂണിറ്റിന്റെ നന്ദിയും കടപ്പാടും അറിയിച്ചു.

ജോയിന്റ് സെക്രട്ടറി ഇ.എം. കൃഷ്ണകുമാർ നന്ദി പ്രകാശിപ്പിച്ചതോടെ. യോഗം 4.30ന് അവസാനിച്ചു. സ്കോളർഷിപ്പ് ലഭിച്ച പാർവണ പി., നികേത് വർമ്മ, അഞ്ജന വർമ്മ, സ്നേഹ എസ്. വർമ്മ എന്നീ കുട്ടികൾ അവാർഡ് ലഭിച്ചതിൽ നന്ദി അറിയിച്ച് സംസാരിച്ചു.

17-8-2025 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ ഓണക്കുന്നിലുള്ള വസതിയിൽ നടന്ന ഭരണസമിതി യോഗത്തിൽ വച്ച് സ്വാതന്ത്ര്യത്തിന്റെ 79-ാം വാർഷികത്തോടനുബന്ധിച്ച് സൈനിക സേവനം നടത്തി വിരമിച്ച കെ. ജനാർദ്ദനൻ (പുതിയടം, പയ്യന്നൂർ), സി.ആർ.പി.എഫിൽ നിന്നും വിശിഷ്ട സേവനം നടത്തി വിരമിച്ച കെ. ശ്രീപതി (മണക്കാട്, കരിവെള്ളൂർ) എന്നിവരെ മുതിർന്ന അംഗവും യൂണിറ്റ് ട്രഷററുമായ എൻ.കെ.കെ. ഉണിത്തിരി പൊന്നാട അണിയിച്ച് ആദരിച്ചു. യോഗത്തിൽ പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ അദ്ധ്യക്ഷത വഹിച്ചു. ജോയിന്റ് സെക്രട്ടറി ഇ.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. ആദരവ് ഏറ്റുവാങ്ങിയ രണ്ടുപേരും യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. സി.കെ. രാഘവൻ നന്ദി പ്രകാശിപ്പിച്ചു.

**ഓണാഘോഷ പരിപാടിയും കുടുംബ സംഗമവും**

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് ഓണാഘോഷ പരിപാടിയും കുടുംബ സംഗമവും സെപ്തംബർ 7 ഞായറാഴ്ച ട്രഷറർ എൻ.കെ. കൃഷ്ണൻ ഉണ്ണിത്തിരിയുടെ വസതിയിൽ വിവിധ കലാപരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. സഭയുടെ സജീവ പ്രവർത്തകനും എക്സിക്യൂട്ടീവ് മെമ്പറുമായ സി.കെ. ശ്രീധര വർമ്മയുടെ കൊച്ചുമകൻ ഗൗതം വർമ്മയുടെ പ്രാർത്ഥനയോടെ യോഗം 10 മണിക്ക് ആരംഭിച്ചു. തുടർന്ന് എൻ.കെ. കൃഷ്ണൻ ഉണിത്തിരി സ്വാഗതമരുളി. സഭാ മെമ്പർമാരുടെ അജണ്ട അംഗീകാരത്തിന് ശേഷം യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. ഈയിടെ നിര്യാതരായ എം.എം. നാരായണൻ ഉണിത്തിരി (മണക്കാട്), പി.എം. രാധാകൃഷ്ണൻ (അമ്പലത്തറ), തെക്കേമഠത്തിൽ സത്യഭാമ (മതിരക്കോട്) എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷന്റെ ഉപക്രമ പ്രസംഗത്തിന് ശേഷം മുഖ്യാതിഥി വി.സി. കൃഷ്ണവർമ്മ രാജ, നീലേശ്വരം (ഉത്തരമേഖലാ സെക്രട്ടറി) ദീപ പ്രോജ്ജ്വലനം നടത്തി ഉൽഘാടനം നിർവ്വഹിച്ചു. മുഖ്യാതിഥിയുടെ പ്രഭാഷണത്തിന് ശേഷം യൂണിറ്റ് വൈസ് പ്രസിഡന്റ് വി.എം. ദാമോദരൻ മുഖ്യ പ്രഭാഷണം നടത്തി.



80 വയസ് കഴിഞ്ഞ സമുദായാംഗങ്ങളായ ശ്രീദേവി പിള്ളയാതിരിയമ്മ (മൊഴക്കോം), എൻ.പി. പാപ്പക്കുട്ടി പിള്ളയാതിരിയമ്മ (പലിയേരിക്കൊവ്വൽ), എൻ.എം. ഗൗരി പിള്ളയാതിരിയമ്മ (മണക്കാട്), അംബാലിക പിള്ളയാതിരിയമ്മ (മതിരക്കോട്), എൻ. കെ. പങ്കജാക്ഷി പിള്ളയാതിരിയമ്മ (മണക്കാട്), എൻ. കെ. സാവിത്രി പിള്ളയാതിരിയമ്മ (മണക്കാട്) എന്നിവർക്കുള്ള ഓണക്കോടി 3-9-2025 ന് യൂണിറ്റ് ഭാരവാഹികൾ അവരവരുടെ ഭവനത്തിൽ എത്തി നേരിട്ട് നൽകി ആദരിച്ചതായി ബന്ധപ്പെട്ടവർ യോഗത്തിൽ അറിയിച്ചു. തുടർന്ന് യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ, മുഖ്യാതിഥി വി.സി. കൃഷ്ണവർമ്മ രാജ, വൈസ് പ്രസിഡന്റും മുഖ്യപ്രഭാഷകനുമായ വി.എം. ദാമോദരൻ എന്നിവർ ചേർന്ന് ട്രഷററും മുതിർന്ന അംഗവുമായ കൃഷ്ണൻ ഉണിത്തിരിയെ ഓണക്കോടി നൽകി ആദരിച്ചു.

തുടർന്ന് 12.00 മണിയോടുകൂടി സഭാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും കുട്ടികളുടെയും കലാപരിപാടികൾ നടന്നു. സി.കെ. ശ്രീധരവർമ്മ, ഇ.എം. കൃഷ്ണകുമാർ, സി.കെ. രാഘവൻ, എൻ.പി. ബാലകൃഷ്ണൻ, കെ. ചന്ദ്രകാന്തൻ, കെ.ഇ. ബിനു, ടി.എം. രാജമോഹനൻ, എം.എം. വേണുഗോപാലൻ, സി.കെ. വേലായുധ വർമ്മ, പത്മാ ദാമോദരൻ, എൻ.പി. കാമാക്ഷി വർമ്മ, കെ.പി. ശ്രീജ, ഗിരിജ ടീച്ചർ കാലിക്കടവ്, എസ്. സുധ ടീച്ചർ എന്നിവർ ഉൾപ്പെടെ അമ്പതോളം പ്രതിനിധികൾ പങ്കെടുത്തു. വനിതാ വിഭാഗം പ്രവർത്തകർ സജീവമായി പങ്കെടുത്തെങ്കിലും യുവജന പ്രാതിനിധ്യം വളരെ കുറവായിരുന്നു.

കുട്ടികളുടെ പാട്ട്, കഥ പറയൽ, വനിതകളുടെ മ്യൂസിക്കൽ ചെയർ, പാട്ട്, ഡാൻസ്, പൊട്ടുതൊടൽ മത്സരം, തൊപ്പി കൈമാറൽ തുടങ്ങിയ വിവിധ കലാപരിപാടികൾ നടന്നു. അതിൽ എല്ലാ മെമ്പർമാരും സജീവമായി പങ്കെടുത്തിരുന്നതിനാൽ ഭംഗിയായി നടത്താൻ കഴിഞ്ഞു. കരിവെള്ളൂർ യൂണിറ്റ് ഭരണ സമിതി അംഗവും സജീവ പ്രവർത്തകനുമായ ടി.എം. രാധാകൃഷ്ണൻ വെള്ളോറയുടെ മകൾ കെ. രമ ടീച്ചർ ഓണാഘോഷ പരിപാടിയുടെയും കുടുംബ സംഗമത്തിന്റെയും ചെലവിലേക്കായി 5,000 രൂപ സംഭാവനയായി നൽകുകയുണ്ടായി. രമ്യക്കും കുടുംബത്തിനും ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റിന്റെ നന്ദിയും കടപ്പാടും അറിയിച്ചു. ശേഷം, വനിതാ പ്രസിഡന്റ് ഉഷാ വർമ്മ, സെക്രട്ടറി എം.എം. കവിത എന്നിവർ ചേർന്ന് പരിപാടികളിൽ വിജയികളായ എം.എം. കവിത, ടി.എം. ഉണ്ണികൃഷ്ണൻ, അഞ്ജന, കുട്ടികളായ ഗൗതം വർമ്മ, അഭിനിത, അഞ്ജന, അഭിരാമി, വിഷ്ണു, വാസുദേവ് എന്നിവർക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. ഉച്ചക്ക് 1-30 ന് വിഭവസമൃദ്ധമായ ഓണസ്സദ്യയ്ക്ക് ശേഷം വനിതാ വിഭാഗം സെക്രട്ടറി എം.എം. കവിതയുടെ നന്ദി പ്രകാശനത്തോടെ യോഗ നടപടികൾ അവസാനിച്ചു.

## കൊരട്ടി

കൊരട്ടി ക്ഷത്രിയ ക്ഷേമസഭയുടെയും കൊരട്ടി സ്വരൂപം ട്രസ്റ്റിന്റെയും സംയുക്ത വാർഷിക പൊതുയോഗവും കുടുംബസംഗമവും ഓണാഘോഷവും 07 –9 –2025 ഞായറാഴ്ച, വാളൂർ മഹേശ്വരി മെമ്മോറിയൽ ഹാളിൽ ഈശ്വര പ്രാർത്ഥനയോടെ പ്രസിഡന്റ് ടി.കെ. ആദിത്യവർമ്മയുടെ അധ്യക്ഷതയിൽ നടന്നു. കേന്ദ്ര ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ ഭദ്രദീപം തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തു. നടപ്പുവർഷം നമ്മെ വിട്ടുപിരിഞ്ഞ കുടുംബാംഗങ്ങളുടെയും കലാസാംസ്കാരിക രംഗങ്ങളിലെ പ്രമുഖരുടെയും അതിർത്തിയിൽ രാജ്യസുരക്ഷയ്ക്കായി ജീവൻവെടിഞ്ഞ ധീര ജവാന്മാരുടെയും പ്രകൃതിദുരന്തത്തിൽ ജീവഹാനി സംഭവിച്ച സഹോദരങ്ങളുടെയും വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തുകയും മൗന പ്രാർത്ഥന നടത്തുകയും ചെയ്തു. സെക്രട്ടറി ആര്യ സജീവ് സ്വാഗതം ആശംസിച്ചു. ക്ഷണം സ്വീകരിച്ച് യോഗത്തിൽ പങ്കെടുക്കാൻ എത്തിയ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയെ സഭാ പ്രസിഡന്റ് പൊന്നാടയണിയിച്ച് ആദരിച്ചു. യോഗാദ്ധ്യക്ഷൻ ടി.കെ. ആദിത്യവർമ്മ ആശംസകൾ നേർന്നു.

വിശിഷ്ടാതിഥി മധുകുമാർ വർമ്മ വിശദമായ ഉദ്ഘാടനപ്രസംഗം നടത്തി. കേന്ദ്രസഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും റിയാക്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. ‘ക്ഷാത്രസ്പന്ദന’ത്തിന്റെ വരിക്കാരുടെ എണ്ണം കുറഞ്ഞു വരുന്നതിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. ട്രസ്റ്റ് സെക്രട്ടറി പി. അശോക് കുമാറിന്റെ അഭാവത്തിൽ ട്രസ്റ്റ്പ്രസിഡന്റ് പി. ഗോദവമ്മ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രസ്റ്റിന്റെയും സഭയുടെയും കഴിഞ്ഞവർഷത്തെ വരവ്-ചിലവ് കണക്കുകൾ പൊതുയോഗം കയ്യടിയോടെ അംഗീകരിച്ചു. സാംസ്കാരിക കേന്ദ്രത്തിന്റെ നിർമാണ പുരോഗതി യോഗം വിലയിരുത്തി. ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെൺപുഴക്കാവ് ക്ഷേത്രത്തിന്റെ ഭരണ നിർവ്വഹണം ഉദാഹരിച്ചുകൊണ്ട് ശിതികണ്ഠപുരം ക്ഷേത്രത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അമ്പലത്തിനോട് ചേർന്ന് താമസിക്കുന്നവർ കൂടുതൽ ചുമതലകൾ ഏറ്റെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയും സുനിൽ കുമാർ വർമ്മയെ ആ സ്ഥാനത്തേക്ക് ക്ഷണിക്കുകയും ചെയ്തു. പിന്നീട് ചർച്ചചെയ്തു തീരുമാനിക്കാമെന്ന സുനിൽ കുമാർ വർമ്മയുടെ നിർദ്ദേശം യോഗം അംഗീകരിച്ചു. പത്താം ക്ലാസ്സിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന കുടുംബത്തിലെ കുട്ടികൾക്കായി സന്താനവല്ലി തമ്പുരാട്ടിയുടെ സ്മരണാർത്ഥം മക്കളായ അനുപമ രാജ, ഷൈലജ വർമ്മ എന്നിവർ നൽകിപ്പോരുന്ന ക്യാഷ് അവാർഡ് രാജീവ് വർമ്മയുടെയും ഉമാ വർമ്മയുടെയും മകളായ പാർവ്വതി വർമ്മയ്ക്കും ഉണ്ണിയുടെയും രശ്മി ഉണ്ണിയുടെയും മകനായ ഗോവർദ്ധൻ ഉണ്ണിയ്ക്കും നൽകുകയുണ്ടായി. പന്ത്രണ്ടാം ക്ലാസിൽ ഉന്നത വിജയം കൈവരിക്കുന്ന കുടുംബത്തിലെ കുട്ടികൾക്കായി പൂലാനി കോവിലകത്തെ കാവുതമ്പുരാന്റെ സ്മരണാർത്ഥം മകൾ കനകം തമ്പുരാട്ടി നൽകിവരുന്ന വിദ്യാഭ്യാസ അവാർഡിന് ഈ വർഷം നാമനിർദേശം ഒന്നും തന്നെ ഉണ്ടായില്ല. കലാകായിക മത്സരങ്ങളിൽ ഉയർന്ന വിജയം കൈവരിച്ച കുടുംബാംഗങ്ങളുടെ കുട്ടികളെ യോഗം ആദരിച്ചു. കിക്ക് ബോക്സിങ്ങിൽ ദേശീയതലത്തിൽ സമ്മാനാർഹനായ സച്ചുവിന്റെയും സോജയുടെയും മകൻ നിധേയ് വർമ്മയെ ആദരിച്ചു. സ്റ്റേറ്റ് യുവജനോത്സവത്തിൽ മൂന്നു വർഷം തുടർച്ചയായി ചാക്യാർകൂത്തിൽ ‘എ’ ഗ്രേഡ് നേടിയ ഉണ്ണിയുടെയും രശ്മി ഉണ്ണിയുടെയും മകനായ ഗോവർദ്ധൻ ഉണ്ണിയെ ആദരിച്ചു. അന്തർദേശീയ തലത്തിൽ ചെസ്സ് ചാമ്പ്യൻഷിപ്പിൽ മികവ് പുലർത്തിയ അഞ്ജുവിന്റെയും ശ്രീകുമാറിന്റെയും മക്കളായ ഗൗരിയെയും ഗായത്രിയെയും ആദരിച്ചു. ഏകദേശം 65 കുടുംബാംഗങ്ങൾ പൊതുയോഗത്തിൽ പങ്കെടുക്കുകയുണ്ടായി. ഓണപ്പൂക്കളവും കുടുംബാംഗങ്ങളുടെ കലാപരിപാടികളും വർണ്ണാഭമായ തിരുവാതിരകളിയും വിഭവസമൃദ്ധമായ ഓണസദ്യയും ചേർന്ന് ഇത്തവണത്തെ പൊതുയോഗവും കുടുംബസംഗമവും ഓണാഘോഷവും ഗംഭീരമായി നടത്താൻ സാധിച്ചു. കലാപരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും മധുകുമാർ വർമ്മയും സഭയുടെ മുൻ സെക്രട്ടറി യു. രാജേന്ദ്രവർമ്മയും ചേർന്ന് സമ്മാനങ്ങൾ നൽകുകയുണ്ടായി. ശ്രീജ വർമ്മയുടെ നന്ദിപ്രസംഗത്തോടെ യോഗം അവസാനിച്ചു.

## കരപ്പുറം

ക്ഷത്രിയ സഭയുടെ 72-ാം വാർഷിക സമ്മേളനം 2025 ജൂലൈ 13 ഞായറാഴ്ച രാവിലെ 9.30 നു പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മ പതാക ഉയർത്തിയതോടെ ആരംഭിച്ചു.



വേട്ടക്കൊരുമകൻ സേവാസംഘത്തിന്റെ വാർഷിക പൊതുയോഗം രാവിലെ 10 മണിക്ക് സഭാമന്ദിരത്തിൽ തന്നെ നിശ്ചയിച്ചിരുന്നതിനാൽ നമ്മുടെ സമ്മേളനം ബിസിനസ്സ് സെഷൻ മാത്രമാക്കി നിശ്ചയിച്ചിരുന്നു. കൃത്യം 11.30 നു പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മയുടെ അദ്ധ്യക്ഷതയിൽ ശർമ്മിളാ വർമ്മയുടെ ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു.

ഹരികൃഷ്ണ വർമ്മ അദ്ധ്യക്ഷപ്രസംഗത്തിൽ ഒരു സന്തോഷവാർത്ത അംഗങ്ങളെ അറിയിച്ചു. തന്റെ അഭ്യർത്ഥന മാനിച്ച്, സഭാമന്ദിരത്തിന്റെ നിലം ടൈൽ വിരിച്ച് കൂടുതൽ മനോഹരം ആക്കുന്നതിനു വേണ്ടി മാളികയിൽ കോവിലകത്ത് കനകലക്ഷ്മി വർമ്മ, പുത്രി അമ്പിളി വർമ്മയിൽ നിന്നും അതിനുള്ള തുകയായ ഒന്നര ലക്ഷം രൂപ വാങ്ങി നൽകാം എന്ന് സന്തോഷപൂർവ്വം സമ്മതിച്ചിട്ടുണ്ട്. ഈ സത്കർമ്മത്തിനു സമ്മതം നൽകിയ അമ്പിളി രാജീവ് വർമ്മയോടും ഭർത്താവ് രാജീവ് വർമ്മയോടും മാതാപിതാക്കളോടും സഭയ്ക്കുള്ള അകൈതവമായ നന്ദിയും കൃതജ്ഞതയും രേഖപ്പെടുത്തുകയും ചെയ്തു.

സെക്രട്ടറി അനൂപ് വർമ്മ അവതരിപ്പിച്ച സഭയുടെ വാർഷിക റിപ്പോർട്ടും 2024-25 ലെ കണക്കുകളും സമ്മേളനം ഐകകണ്ഠ്യേന അംഗീകരിച്ചു.

പത്താം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിക്കുന്ന വിദ്യാർത്ഥിക്ക് പുത്തൻ കോവിലകത്ത് ശശീന്ദ്ര വർമ്മ ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ് 3,000 രൂപയായി വർദ്ധിപ്പിച്ചതായി അദ്ദേഹം വേദിയിൽ പ്രസ്താവിച്ചു.

ആശംസകൾക്കു ശേഷം പുതുതായി രണ്ടു പേരെ നിർവ്വാഹക സമിതിയിലേക്ക് പ്രസിഡന്റ് നിർദ്ദേശിച്ചു. ജോലിസംബന്ധമായ തിരക്കുകൾ മൂലം യോഗങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത വിശാഖ് എസ്. വർമ്മ, സരിതാ വർമ്മ എന്നിവർ സ്ഥാനം ഒഴിയാൻ താൽപര്യപ്പെട്ടതിനാൽ അവർക്കു പകരം വേണുഗോപാൽ വർമ്മ, മനോജ് വർമ്മ എന്നിവരെ തെരഞ്ഞെടുത്തു.

എൺപതു വസന്തങ്ങൾ പിന്നിട്ട സുരേന്ദ്രനാഥ വർമ്മയെ രവിവർമ്മ രാജയും തങ്കമണി വർമ്മയെ ഹരീഷ് വർമ്മയും ഉദയ വർമ്മയെ അനൂപ് വർമ്മയും പൊന്നാടയണിയിച്ച് ഫലകം നൽകി ആദരിച്ചു. ദാമ്പത്യത്തിന്റെ അൻപതു സംവത്സരങ്ങൾ പിന്നിട്ട വേണുഗോപാൽ വർമ്മ-പ്രഭാവതി വർമ്മ ദമ്പതികളെ ഹരികൃഷ്ണ വർമ്മ ആദരിച്ചു.

പന്ത്രണ്ടാം ക്ലാസ്സിൽ ഒന്നാം സ്ഥാനം നേടിയ രോഹിത് ആർ. വർമ്മയ്ക്ക് രവിവർമ്മ രാജയും പത്താം ക്ലാസ്സിൽ ഒന്നാം സ്ഥാനം നേടിയ നീരജാ വർമ്മയ്ക്ക് ശശീന്ദ്ര വർമ്മ, ധനേശ് വർമ്മ എന്നിവരും നാലാം ക്ലാസ്സിൽ ഒന്നാമനായ അർജ്ജുൻ ദീപേഷ് വർമ്മയ്ക്ക് അനൂപ് വർമ്മയും സ്കോളർഷിപ്പുകൾ നൽകി. നാരായണീയ പാരായണത്തിൽ ഒന്നാം സ്ഥാനം നേടിയ ജയലക്ഷ്മി വർമ്മയ്ക്ക് ശർമ്മിളാ വർമ്മ സമ്മാനം നൽകി.

ഈ വർഷം മഹാത്മാ ഗാന്ധി സർവ്വകലാശാല യുവജനോത്സവത്തിൽ മൃദംഗ വാദന മത്സരത്തിൽ 'എ' ഗ്രേഡ് നേടിയ പ്രണവ് എസ്. വർമ്മയ്ക്ക് സഭയുടെ വകയും സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ കഥകളി സംഗീതത്തിന് 'എ' ഗ്രേഡ് നേടിയ ദീപശ്രീ വർമ്മയ്ക്ക് കേരളവിലാസം കോവിലകത്ത് അനൂപ് വർമ്മയുടെ വകയും 1,000 രൂപ വീതം പ്രോത്സാഹന സമ്മാനങ്ങൾ നൽകി. സ്കൂൾ ഉപജില്ലാ മത്സരത്തിൽ വിവിധ വിഭാഗങ്ങളിൽ സമ്മാനം നേടിയ വൈദേഹീ വർമ്മയ്ക്ക് സഭയുടെ പ്രോത്സാഹനം 500 രൂപയും സമ്മാനിച്ചു.

അസിസ്റ്റന്റ് സെക്രട്ടറി ഹരീഷ് വർമ്മയുടെ കൃതജ്ഞതയോടെ യോഗ നടപടികൾ അവസാനിച്ചു. മാളികയിൽ കോവിലകത്ത് ശാരദാമണി വർമ്മ സ്പോൺസർ ചെയ്ത ഉച്ചഭക്ഷണത്തിനു ശേഷം സാംസ്കാരിക വേദിയും യുവജന വേദിയും സംയുക്തമായി അംഗങ്ങളുടെ വിവിധ കലാപരിപാ

ടികൾ അവതരിപ്പിച്ചു. വൈകിട്ട് 5 മണിയോടെ പരിപാടികൾക്ക് തിരശ്ശീല വീണു.

2025 ആഗസ്റ്റ് 15 വെള്ളിയാഴ്ച കരപ്പുറം ക്ഷത്രിയ സഭ രാമായണദിനം ആചരിച്ചു. രാവിലെ 9.30 നു കേണൽ സതീഷ്ചന്ദ്ര വർമ്മ സഭാമന്ദിരത്തിനു മുൻപിൽ ദേശീയ പതാക ഉയർത്തി. എല്ലാവരും ചേർന്ന് ദേശീയഗാനം ആലപിച്ചു.

പത്ത് മണിയോടെ മുതിർന്ന അംഗങ്ങളായ ബാലകേരള വർമ്മ, രവീന്ദ്ര വർമ്മ, ഹൈമവതി വർമ്മ, കമലാ വർമ്മ, വിജയലക്ഷ്മി വർമ്മ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തിയതോടെ രാമായണ പാരായണം ആരംഭിച്ചു. ഒരു മണിക്കൂറിൽ അധികം നീണ്ട പാരായണത്തിൽ പതിനൊന്നു പേർ പങ്കെടുത്തു.

അതിനുശേഷം ആചാര്യ ശ്രീ ദിനേശ് വർമ്മ 'രാമായണപ്പൊരുൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. രാമായണം കാവ്യത്തിൽ അടങ്ങിയിരിക്കുന്ന ഭക്തിയും ഭഗവൽ സാന്നിദ്ധ്യവും കൂടാതെ ആദികവി അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രാഷ്ട്രമീമാംസ വളരെ മനോഹരമായി അദ്ദേഹം അവതരിപ്പിച്ചു. ഓരോ കാണ്ഡം മുന്നേറുമ്പോഴും കഥാഗതിയിൽ വളർന്നുവരുന്ന ഈ പ്രക്രിയ ഉദാഹരണങ്ങളുടെ പിന്തുണയോടെ അദ്ദേഹം സമർത്ഥിച്ചു. ഈ ആശയം തീർച്ചയായും ഗവേഷണവിഷയം തന്നെയാണ്.

അസി. സെക്രട്ടറി ഹരീഷ് വർമ്മയുടെ കൃതജ്ഞതയോടെ യോഗനടപടികൾ അവസാനിക്കുകയും കേണൽ സതീഷ്ചന്ദ്ര വർമ്മയുടെ നേതൃത്വത്തിൽ രാമായണം പ്രശ്നോത്തരി ആരംഭിക്കുകയും ചെയ്തു. പന്ത്രണ്ട് പേർ പങ്കെടുത്ത വാശിയേറിയ മത്സരത്തിൽ ഏഴു റൗണ്ടുകൾക്കു ശേഷം ടീം 'ഡി' ഒന്നാം സ്ഥാനത്തെത്തി. വിജയികൾക്ക് കേണൽ സതീഷ്ചന്ദ്ര വർമ്മ സമ്മാനങ്ങൾ നൽകി. പ്രശ്നോത്തരി നയിച്ച കേണൽ സതീഷ്ചന്ദ്ര വർമ്മയെ സമ്മാനം നൽകി ബാലകേരള വർമ്മ അഭിനന്ദിച്ചു. പ്രഭാഷകനായ ആചാര്യ ശ്രീ ദിനേശ് വർമ്മക്ക് പ്രൊഫ. രവിവർമ്മ രാജാ സഭയുടെ ഉപഹാരം നൽകി ആദരിച്ചു. ഈ മാസം മുതൽ സഭയുടെ സമ്മാനങ്ങൾ എല്ലാം പുസ്തകങ്ങളായി നൽകിയാൽ മതി എന്ന നിർവ്വാഹക സമിതി തീരുമാന പ്രകാരം സമ്മാനങ്ങൾ പുസ്തകങ്ങൾ ആയാണ് വിതരണം ചെയ്തത്. ഉച്ചക്ക് 1.30 നു ഭക്ഷണം ആരംഭിച്ചു. മാളികയിൽ കോവിലകത്ത് ശാരദാമണി വർമ്മ സംഭാവനയായി നൽകിയ 15,000 രൂപ വിലയ്ക്കുള്ള തളികകളും ലോട്ടകളും ഉദ്ഘാടനം ചെയ്തതും രേഖപ്പെടുത്തുന്നു. ഉച്ചഭക്ഷണത്തിനു ശേഷം 2.30 ഓടെ പരിപാടികൾ അവസാനിച്ചു.

കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ കൊ.വ. 1201-ാം ആണ്ടിലെ ഓണാഘോഷം 2025 സെപ്റ്റംബർ 14 ഞായറാഴ്ച സഭാമന്ദിരത്തിൽ ആഘോഷിച്ചു. രാവിലെ ഒൻപതു മണിക്ക് വനിതാവേദി ഓണപ്പൂക്കളം ഒരുക്കി. പത്തു മണിക്ക് ബാലകേരള വർമ്മ, രവീന്ദ്ര വർമ്മ, മംഗളാ വർമ്മ, ആനിതാ ശങ്കരൻ, ദേവീ മനോജ് വർമ്മ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി. നാരായണീയം പാരായണമത്സരം ആരംഭിച്ചു. ആനിതാ ശങ്കരൻ, രേഖാ വർമ്മ, ഹരികൃഷ്ണ വർമ്മ, മായാ വർമ്മ, ജയശ്രീ വർമ്മ, ജയലക്ഷ്മി വർമ്മ, രവി വർമ്മ രാജാ, വിജയ് വർമ്മ, സുരേന്ദ്രനാഥ വർമ്മ എന്നിവർ പങ്കെടുത്ത മത്സരം ഉന്നതനിലവാരം പുലർത്തി. ആചാര്യശ്രീ ദിനേശ് വർമ്മ, ദേവീ മനോജ് വർമ്മ എന്നിവർ വിധികർത്താക്കളായിരുന്നു. പരിമണത്തു കോവിലകത്ത് വിജയ വർമ്മ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

തുടർന്ന് മാളികയിൽ കോവിലകത്ത് അമ്പിളി രാജീവ് വർമ്മ സഭാമന്ദിരത്തിന്റെ നവീകരണങ്ങൾക്കായി നൽകിയ 1,50,000 രൂപയുടെ ചെക്ക് മാതാപിതാക്കളായ കനകലക്ഷ്മി വർമ്മ, ബാലാദിത്യ വർമ്മ എന്നിവർ ചേർന്ന് പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മയ്ക്ക് കൈമാറി.

അതിനുശേഷം മുതിർന്ന അംഗങ്ങളായ ബാലകേരള വർമ്മ, ബാലരാമ വർമ്മ, രവീന്ദ്ര വർമ്മ, സുരേന്ദ്രനാഥ വർമ്മ, കമലാദേവി വർമ്മ എന്നിവർ ചേർന്ന് ബാല്യകാല ഓണസ്മരണകൾ പങ്കുവെച്ചു. പ്രസിഡന്റ് കെ. ഹരികൃഷ്ണ വർമ്മ അവതാരകനായും വേഷമിട്ടു. പിന്നീട് വിവിധ കലാപ്രകടനങ്ങൾ നടന്നു. കമലാദേവി വർമ്മ, ഉഷാ വർമ്മ, നയനാ വർമ്മ, ദീപശ്രീ വർമ്മ തുടങ്ങിയവരുടെ ഗാനാലാപനങ്ങൾ, ആഷിക് വർമ്മയുടെ നവീന നൃത്തം, ദക്ഷ വിഷ്ണു വർമ്മ എന്ന കൊച്ചു കലാകാരിയുടെ നൃത്തം, പ്രദീപ് കെ. വർമ്മയും കിഷോർ രാജായും ചേർന്ന് അവതരിപ്പിച്ച ഹാസ്യകലാപ്രകടനം, ആനിതാ ശങ്കരന്റെ കഥാപ്രസംഗം, കെ.

ഹരികൃഷ്ണ വർമ്മയുടെ കുചേലവൃത്തം വഞ്ചിപ്പാട്ട്, വനിതാവേദിയുടെ വഞ്ചിപ്പാട്ട്, ആർ.എൽ.വി. സുദേവ് വർമ്മയുടെ ശുദ്ധമദ്ദളം, സുമിത്, അനൂപ്, സുദേവ്, പ്രണവ്, മനോജ്, ഹരീഷ്, സജിത് എന്നിവർ അവതരിപ്പിച്ച ഭജൻ എന്നിങ്ങനെ വിവിധ ഇനങ്ങൾ അരങ്ങേറി.

ഉച്ചക്ക് 1.30 ന് കാട്ടിൽ കോവിലകത്ത് സന്ധ്യാ വർമ്മ സ്പോൺസർ ചെയ്ത ഓണസദ്യ സ്വാദിഷ്ട മായിരുന്നു. ഉച്ച കഴിഞ്ഞ് 2.30 ഓടെ വനിതാവേദിയുടെ കൈകൊട്ടിക്കളിയും അതിനുശേഷം കസേര കളി, സ്ട്രോ ബാലൻസിങ്ങ്, സുന്ദരിക്കൊരു പൊട്ട്, സ്പൂൺ ലെമൺ റേസ് തുടങ്ങിയ മത്സരങ്ങളും ആയിരുന്നു. ഇന്ദിരാ വർമ്മ, ശൈലജാ വർമ്മ, ദേവീ മനോജ് വർമ്മ, രജനി വർമ്മ തുടങ്ങിയവർ നേതൃത്വം നൽകി. അവസാന മത്സരയിനം വടംവലി ആയിരുന്നു. വനിതകളുടെയും പുരുഷന്മാരുടെയും മത്സരങ്ങൾ പ്രത്യേകം ഉണ്ടായിരുന്നു. ആവേശകരമായ മത്സരങ്ങൾ അവസാനിച്ചപ്പോൾ സമയം വൈകിട്ട് ആറു മണി കഴിഞ്ഞു. സന്തോഷകരമായ ഒരു മുഴുവൻ ദിവസ ഓണവിരുന്ന് സമ്മാനിച്ച കരപ്പുറം ക്ഷത്രിയസഭയ്ക്ക് നന്ദി രേഖപ്പെടുത്തി എല്ലാവരും വിടചൊല്ലി.

## പിലാത്തറ

സഭയുടെ വനിതാ വിഭാഗം, കർക്കിടക മാസത്തിലെ രാമായണ പാരായണം വളരെ ഗംഭീരമായി സംഘടിപ്പിച്ചു. വനിതാ അംഗങ്ങൾ രാമായണം എല്ലാ ദിവസവും പാരായണം ചെയ്യുകയും, അത് റെക്കോർഡ് ചെയ്ത് കേന്ദ്രസഭയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു. കൂടാതെ വനിതാ വിഭാഗത്തിന്റെ തിരുവാതിരകളി വിവിധ അമ്പലങ്ങളിൽ അരങ്ങേറുകയുണ്ടായി. അത് സഭയ്ക്ക് നിറക്കൂട്ട് ചാർത്തുന്ന ഒരു പരിപാടിയായിരുന്നു.

2025 സെപ്റ്റംബർ 7 ഞായറാഴ്ച രാവിലെ 9.30 മണി മുതൽ യോഗക്ഷേമസഭ ജില്ലാ മന്ദിരം ഏഴിലോടു വച്ച് പിലാത്തറ യൂണിറ്റിന്റെ ഓണാഘോഷം വളരെ ഗംഭീരമായി ആചരിക്കുകയുണ്ടായി. രാവിലെ തന്നെ സഭയുടെ അംഗങ്ങൾ വിശാലമായ ഓണപ്പൂക്കളം ഒരുക്കിയത് വളരെ മനോഹരമായി.

രാവിലെ 9.30 ന് നടന്ന സാംസ്കാരിക കൂട്ടായ്മയ്ക്ക് സെക്രട്ടറി മനോജ് കുമാർ എസ്.കെ. സ്വാഗതമരുളി. തുടർന്ന് മൺമറഞ്ഞുപോയ നമ്മുടെ



പ്രിയപ്പെട്ടവരെ ഓർത്ത് ഒരു മിനിറ്റ് മൗനം ആചരിച്ചു. ചടങ്ങിന് പ്രസിഡന്റ് പി. കെ. മോഹനവർമ്മ അദ്ധ്യക്ഷത വഹിച്ചു. മുന്നോക്ക സമുദായ കോർപ്പറേഷൻ ഡയറക്ടർ ഭവദാസൻ നമ്പൂതിരി പി.വി. തിരിതെളിയിച്ച് ഉദ്ഘാടനം നടത്തി.

ആശംസകൾ അർപ്പിച്ച് രാമകൃഷ്ണൻ മാസ്റ്റർ കെ.എൻ., പുരുഷോത്തമൻ സി.കെ., ജനാർദ്ദനൻ സി., സോമേശ്വരി വി.ടി., പ്രദീപ്കുമാർ പി.എം. എന്നിവർ സംസാരിക്കുകയും കൃതജ്ഞത സജി മാസ്റ്റർ എസ്.പി. രേഖപ്പെടുത്തുകയും ചെയ്തു.

തുടർന്ന് ഈ വർഷം മികച്ച വിജയം നേടിയ കുട്ടികൾക്കുള്ള അനുമോദനവും 1,000 രൂപയുടെ എൻഡോവ്മെന്റ് വിതരണവും നടത്തി.

മുതിർന്ന അംഗമായ ഡോക്ടർ തമ്പുരാനെ ആദരിക്കുകയുണ്ടായി. രാമായണ ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ പാർവതി മോഹനവർമ്മയെയും സാഹിത്യ പുരസ്കാരം നേടിയ വിജയലക്ഷ്മി കെ.പി.യെയും ആദരിക്കുകയുണ്ടായി.

തുടർന്ന് വനിതാ വിഭാഗത്തിന്റെ തിരുവാതിരകളി അരങ്ങേറി. പിന്നീട് ക്ലാസിക്കൽ ഡാൻസ്, സംഘഗാനം, സിനിമാറ്റിക് ഡാൻസ്, സിനിമാഗാനങ്ങൾ, കവിതാലാപനം എന്നിവ നടന്നു.

ഉച്ചക്ക് വിഭവസമൃദ്ധമായ ഭക്ഷണത്തിനുശേഷം മെഗാ ക്വിസ് അരങ്ങേറി. രണ്ടുമണിക്ക് കായിക വിനോദ പരിപാടികളായ മിഠായി പെറുക്കൽ, കസേരകളി, ബലൂൺ കീപ്പിംഗ്, സ്പൂൺ ലെമൺ റേസ് അരങ്ങേറി. വൈകുന്നേരം നാലുമണിക്ക് മെഗാ ലക്കി ഡിപ്പ് നടന്നു. തുടർന്ന് 4.30 ന് ദേശീയ ഗാനത്തോടെ ഈ വർഷത്തെ ഓണാഘോഷ പരിപാടിക്ക് തിരശ്ശീല വീണു.

## എറണാകുളം

എറണാകുളം യൂണിറ്റിന്റെ വാർഷിക പൊതു യോഗം 2025 ഒക്ടോബർ 5-ന് എറണാകുളം വിമൻസ് അസോസിയേഷൻ ഹാളിൽ 10 മണിയ്ക്ക് ആരംഭിച്ചു.

യോഗ നടപടികൾ ജയന്ത് രാമവർമ്മയുടെ ഈശ്വര പ്രാർത്ഥനയോടെ അരംഭിച്ചു.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മൺമറഞ്ഞു പോയ ബന്ധുജനങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. സെക്രട്ടറി സതീഷ് വർമ്മ യോഗത്തിൽ സംബന്ധിച്ച എല്ലാ വ്യക്തികളേയും സ്വാഗതം ചെയ്തു. എറണാകുളം യൂണിറ്റ് പ്രസിഡന്റ് രവിവർമ്മ അദ്ധ്യക്ഷപ്രസംഗത്തിൽ പത്തുവർഷം മുൻപ് നിലവിൽ വന്ന എറണാകുളം യൂണിറ്റിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.



പന്തളം കൊട്ടാരം നിർവ്വഹണ സമിതി മുൻ സെക്രട്ടറിയും ശബരിമല അയ്യപ്പ സേവാ സമാജം പ്രസിഡന്റുമായ നാരായണ വർമ്മ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവ്വഹിക്കുകയും അർത്ഥ ഗംഭീരമായ പ്രസംഗം നടത്തുകയും ചെയ്തു.

തുടർന്ന് ക്ഷത്രിയ ക്ഷേമസഭ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ മുഖ്യപ്രഭാഷണം നടത്തി. റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ ആശംസാപ്രസംഗം നടത്തി. പ്രസംഗങ്ങൾ എല്ലാം തന്നെ ക്ഷത്രിയർ തങ്ങളുടെ മൂല്യങ്ങൾ മുറുകെപ്പിടിച്ച് എണ്ണത്തിൽ കുറവെങ്കിലും ഉൾവലിയാതെ ഊർജ്ജസ്വലരായി കർമ്മരംഗത്ത് തിളങ്ങി സമുദായത്തിന്റെ സൽപ്പേരിനും ഉന്നതിക്കും വേണ്ടി പ്രവർത്തിക്കുന്നവരായി നിലകൊള്ളുവാൻ ആഹ്വാനം ചെയ്യുന്നവയായിരുന്നു.

ചടങ്ങിൽ നാരായണ വർമ്മ, ഗായിക-ഗാന രചയിതാവ്-സംഗീത സംവിധായിക-FM അവതാരിക എന്ന നിലയിൽ പ്രശസ്തി ആർജ്ജിച്ച സംഗീത വർമ്മയെയും 20 കൊല്ലത്തോളം ഇംഗ്ലണ്ടിൽ IT മേഖലയിൽ ബിസിനസ് ശൃംഘല നടത്തിയതിനു ശേഷം ഇപ്പോൾ കാക്കനാട് ഇൻഫോ പാർക്കിലും ബിസിനസ് സ്ഥാപനം ആരംഭിച്ച അരുൺ രാജിനെയും ആദരിച്ചു.

എറണാകുളം യൂണിറ്റിൽ ഈ വർഷം പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും ഉന്നത വിജയം കരസ്ഥമാക്കിയ, ലക്ഷ്മി വർമ്മ, മീനാക്ഷി വർമ്മ, ഹൃഷീകേശ് വർമ്മ, ആര്യൻ എന്നിവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

കൂടാതെ IIT ൽ നിന്നും ഇൻഡ്യൻ പ്രസിഡന്റിന്റെ ഗോൾഡ് മെഡലോടെ വിദ്യാഭ്യാസം പൂർത്തിയാക്കി വിദേശത്ത് ഉപരിപഠനം നടത്തുന്ന വരുൺ വർമ്മയേയും യോഗത്തിൽ പ്രശംസിച്ചു.

തുടർന്ന് രമ്യാ വർമ്മ കൃതജ്ഞത രേഖപ്പെടുത്തി. ശേഷം സംഗീത വർമ്മയുടെ രാഗ പരിചയം പരിപാടിയും ഹൃതികേഷ് വർമ്മയുടെ മൃദംഗവാദനവും സഹൃദയ ഹൃദയം കവർന്നു. ഈ ഒത്തുചേരൽ അംഗങ്ങളിൽ ഗൃഹാതുരത്വം ഉണർത്തിയ നിമിഷങ്ങളായി മാറി. ഉച്ചയ്ക്ക് 1 മണിയ്ക്ക് സദ്യയോടെ യോഗം സമാപിച്ചു.

## പന്തളം

വാർഷിക പൊതുയോഗത്തിനു മുൻപായി മൂന്ന് ഭരണസമിതിയും വനിതാ വിഭാഗവും ചേർന്നുള്ള സംയുക്ത യോഗങ്ങൾ ചേരുകയുണ്ടായിട്ടുണ്ട്.

കൈപ്പുഴ മുണ്ടയ്ക്കൽ കൊട്ടാരത്തിൽ ലക്ഷ്മി തമ്പുരാട്ടി (സുകുമാരി തമ്പുരാട്ടി), ഊട്ടുപുര കൊട്ടാരത്തിൽ സുമംഗല തമ്പുരാട്ടിയുടെയും ചിറ്റൂർ കീഴേപ്പാട്ട് ഇല്ലത്ത് ദാമോദരൻ മൂസ്സതിന്റെയും മകൾ മാളവിക (മാളു) എന്നിവരുടെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന കമ്മറ്റി മീറ്റിംഗിന് പന്തളം യൂണിറ്റിൽ നിന്ന് യൂണിറ്റ് പ്രസിഡന്റും വൈസ് പ്രസിഡന്റും പങ്കെടുത്തു. കർക്കിടകം 1 മുതൽ ഒരു മാസം നീണ്ടു നിന്ന രാമായണ പാരായണം നാലുകെട്ട് തേവാരത്തിൽ നടന്നു. ക്ഷത്രിയ സഭാംഗങ്ങളും ബന്ധുജനങ്ങളും പങ്കെടുത്തു. ശാഖയുടെ സംരംഭമായ അത്തച്ചിട്ടിയുടെ ഈ വർഷത്തെ തുകയുടെ വിതരണം നടത്തി. 500 രൂപ മുതൽ 5,000 രൂപ വരെയുണ്ടായിരുന്ന പ്രതിമാസ ചിട്ടിയിൽ ചേർന്നവർക്കായി 5,87,750 രൂപ വിതരണം ചെയ്തു. പുതിയ ചിട്ടി സെപ്തംബർ മാസം തന്നെ തുടങ്ങാനായി.

**43-ാം വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും**

ക്ഷത്രിയക്ഷേമസഭ പന്തളം ശാഖയുടെ 43-ാം വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും ഒക്ടോബർ 5 ഞായറാഴ്ച രാവിലെ 10 മണി മുതൽ പാലസ് വെൽഫെയർ സൊസൈറ്റി അന്നദാന ഹാളിൽ നടന്നു. നാൽപ്പതോളം അംഗങ്ങൾ പങ്കെടുത്തു. വാർഷികയോഗം ഉദ്ഘാടനം പന്തളം വടക്കേ കൊട്ടാരത്തിൽ ലീലാഭായി തമ്പുരാട്ടി നിലവിളക്കു കൊളുത്തി നിർവ്വഹിച്ചു



പുത്തൻ കൊട്ടാരത്തിൽ അദ്വൈത ലക്ഷ്മി പ്രാർത്ഥനാഗീതം ആലപിച്ചു. സെക്രട്ടറി ജ്യോതി വർമ്മ സ്വാഗതം ആശംസിച്ചു. യോഗാദ്ധ്യക്ഷ നായിരുന്ന യൂണിറ്റ് പ്രസിഡന്റ് പി. രാഘവ വർമ്മ അദ്ധ്യക്ഷപ്രസംഗത്തിൽ പന്തളത്തെ പ്രവർത്തനങ്ങൾ, വനിതാ വിഭാഗം പ്രവർത്തനങ്ങൾ ഇവ വിശദീകരിച്ചു. തുടർന്ന് സെക്രട്ടറി ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും പൊതുയോഗത്തിനു മുൻപാകെ അവതരിപ്പിച്ചു പാസ്സാക്കി.

സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ മുഖ്യ പ്രഭാഷണം നടത്തി. ദക്ഷിണ മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ, സംസ്ഥാന വനിതാ വിഭാഗം പ്രസിഡന്റ് ഡോ. സുജാത വർമ്മ, സംസ്ഥാന വനിതാ വിഭാഗം സെക്രട്ടറി രാധിക വർമ്മ, പ്രശസ്ത സാഹിത്യകാരൻ രവിവർമ്മ തമ്പുരാൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

ശബരിമലയിലെ ഇപ്പോഴത്തെ സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് സമഗ്രമായ അന്വേഷണം ദേവസ്വം ബോർഡും സർക്കാരും നടത്തണമെന്ന് ക്ഷത്രിയ ക്ഷേമസഭ പന്തളം ശാഖ സർക്കാരിനോടാവശ്യപ്പെട്ടു. പാലസ് വെൽഫെയർ സൊസൈറ്റി ഹാളിൽ നടന്ന യോഗത്തിലാണ് ഇതുമായി ബന്ധപ്പെട്ട പ്രമേയം അവതരിപ്പിച്ചത്.

പന്തളം ശാഖ 15,000 രൂപ കേന്ദ്രസഭയ്ക്ക് സംഭാവനയായി നൽകി.

തുടർന്ന് വിദ്യാഭ്യാസ സമ്മാനങ്ങളും കലാരംഗത്തെ പ്രഗത്ഭർക്കുള്ള ആദരവും നടന്നു. ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ച യൂണിറ്റ് വൈസ് പ്രസിഡന്റ് അരുൺ കുമാറിനേയും സഭയുടെ പുതിയ ട്രഷറർ ഹരികൃഷ്ണ വർമ്മയേയും ആദരിച്ചു. സാഹിത്യരംഗത്തെ പ്രവർത്തനങ്ങൾക്ക് സെക്രട്ടറി ജ്യോതി വർമ്മയെ സംസ്ഥാന വനിതാ വിഭാഗം സെക്രട്ടറി രാധിക വർമ്മ ആദരിച്ചു.

പിന്നീട് നടന്ന പുതിയ ഭരണസമിതി തിരഞ്ഞെടുപ്പിൽ യൂണിറ്റിന്റെ അടുത്ത രണ്ടു വർഷത്തെ സാരഥികളെ തിരഞ്ഞെടുത്തു.

യൂണിറ്റ് പ്രസിഡന്റ്: പി. രാഘവ വർമ്മ, വൈസ് പ്രസിഡന്റ്: അരുൺ കുമാർ വർമ്മ, സെക്രട്ടറി: ജ്യോതി വർമ്മ, ജോ. സെക്രട്ടറി: സീതാലക്ഷ്മി വർമ്മ, ട്രഷറർ: ഹരികൃഷ്ണ വർമ്മ.

കമ്മറ്റി അംഗങ്ങൾ: എൻ.ആർ. കേരളവർമ്മ, പ്രസാദ് വർമ്മ, അംബിക വർമ്മ, രാജീവ് വർമ്മ, രാജരാജ വർമ്മ, സന്ധ്യാ വർമ്മ, ശ്രീദേവി വർമ്മ, സുജ ആർ. വർമ്മ.

സ്പെഷ്യൽ അഡ്വൈസറി അംഗം: ചന്ദ്രിക തമ്പുരാട്ടി (ചിന്മയ പാലസ്).

വാർഷിക മീറ്റിംഗിനു ശേഷം ശാഖയിലെ 84 വയസ് കഴിഞ്ഞ അംഗങ്ങളെ ഭവനസന്ദർശനം നടത്തി ആദരിക്കുകയുണ്ടായി. ക്ഷത്രിയ ക്ഷേമ സഭാംഗങ്ങളും വനിതാവിഭാഗം അംഗങ്ങളും പങ്കെടുത്തു.

## കുറ്റിലഞ്ഞി

കുറ്റിലഞ്ഞി യൂണിറ്റിലെ കഴിഞ്ഞ മൂന്നു മാസത്തെ പ്രധാനപ്പെട്ട സംഭവങ്ങൾ/പ്രവർത്തനങ്ങൾ

**നാരായണീയ സദസ്സ്**

യൂണിറ്റിലെ വനിതാ കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരു നാരായണീയ പഠന ക്ലാസ് നടത്തുന്നുണ്ട് അതിന്റെ നേതൃത്വത്തിൽ നാരായണീയ ദിനവും ആചരിച്ചു.

സമാന ചിന്താഗതിക്കാരായ മറ്റു ഹിന്ദു ഭവനങ്ങളിലെ സ്ത്രീകളെയും ഒരുമിച്ചു കൂട്ടി എല്ലാ ദിവസവും നാരായണീയ ക്ലാസ് സംഘടിപ്പിക്കുന്നുണ്ട്. ഈ വരുന്ന ഡിസംബറിൽ ചക്കനക്കാവ് അമ്പലത്തിലെ മുടിയേറ്റ് മഹോത്സവത്തിന് നാരായണീയ പാരായണം നടത്തുവാനും തീരുമാനിച്ചു.

**നാലമ്പല ദർശനം**

എല്ലാ വർഷവും നടത്താറുള്ളപോലെ ഇത്തവണയും രാമപുരം ഭാഗത്തെ നാലമ്പലങ്ങളിൽ ദർശനം നടത്തി. പ്രതികൂല കാലാവസ്ഥ ആയിരുന്നെങ്കിലും എല്ലാ പ്രതിസന്ധിയിലും 17 പേർ യാത്രയിൽ ഉണ്ടായിരുന്നു.

**സ്വാതന്ത്ര്യ ദിനാഘോഷം**

ദേശീയ പതാക ഉയർത്തിയും ദേശഭക്തിഗാനങ്ങൾ പാടിയും കുറ്റിലഞ്ഞി സഭ 79-ാം സ്വാതന്ത്ര്യ ദിനം സമുചിതമായി ആഘോഷിച്ചു.

നമ്മുടെ യൂണിറ്റിലെ താഴെപ്പറയുന്ന വിമുക്ത ഭടന്മാരെ തദവസരത്തിൽ ആദരിക്കുകയും ചെയ്തു.

വേണു രാജ (Rtd. Army), കിഷോർ വർമ്മ (Rtd. Airforce), സുരേഷ് വർമ്മ (Rtd. Airforce)

**കായ വറക്കൽ**

ഓണത്തിനു മുന്നോടിയായി വനിതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഏത്തക്കായ വറുത്ത് സഭാംഗങ്ങൾക്ക് വിതരണം ചെയ്തു. ഏകദേശം 55 കിലോ ഉപ്പേരി വറുത്തു. തുടർന്നും ഇതുപോലുള്ള സംരംഭങ്ങൾ വനിതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉണ്ടാവുമെന്നും അറിയിക്കുന്നു.

**സാമ്പത്തിക സ്രോതസ്സുകൾ**

സഭയുടെ സാമ്പത്തികം മെമ്പർമാരുടെ മെമ്പർഷിപ്പ് fee മാത്രമാണ്. ഒരു വർഷം ഒരു കുടുംബത്തിൽ നിന്ന് 500 രൂപയാണ് കളക്റ്റ് ചെയ്യുന്നത്. 200 രൂപ വാർഷിക വരിസംഖ്യയുള്ള 'ക്ഷാത്രസ്പന്ദനം' ഫ്രീയായിട്ട് കൊടുക്കുന്നുണ്ട്. ബാക്കിയുള്ള പൈസയാണ് സഭയ്ക്ക് ലഭിക്കുന്നത്. കഴിഞ്ഞ രണ്ടു വർഷമായി ഓണ ഫണ്ട് കളക്ട് ചെയ്യുന്നുണ്ട്. ഓണ ഫണ്ട് വളരെ വിജയകരമായി മുന്നോട്ടു പോകുന്നു. ഏകദേശം നല്ലൊരു തുക അതിന്റെ പലിശയായി ലഭിക്കുന്നുണ്ട്. തുടർന്നും സുമനസ്സുകളുടെ സഹായത്തോടെ ഫണ്ട് മുന്നോട്ട് കൊണ്ടുപോകണം എന്നാണ് സഭയുടെ ആഗ്രഹം.

അതുപോലെ സഭ രണ്ട് ചിട്ടി നടത്തുന്നുണ്ട് ചിട്ടിയിൽ നിന്നുള്ള വരുമാനം സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

**യൂണിറ്റ് വാർഷികവും ഓണാഘോഷവും**

കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ പതിനൊന്നാമത് വാർഷിക പൊതുയോഗവും ഓണാഘോഷവും 21-9-2025 സെപ്റ്റംബർ ഇരുപത്തിയൊന്നാം തീയതി ചെക്കനക്കാവ് ക്ഷേത്ര ഊട്ടുപുരയിൽ വച്ച് നടന്നു. ക്ഷത്രിയ ക്ഷേമസഭ മുൻ പ്രസിഡന്റ് പ്രൊഫ. സുരേന്ദ്രനാഥ വർമ്മയായിരുന്നു മുഖ്യാതിഥി. സിനിമാ അഭിനേതാവ് ഗോപീകൃഷ്ണൻ കെ. വർമ്മ വിശിഷ്ടാതിഥിയും ആയിരുന്നു. യൂണിറ്റ് പ്രസിഡന്റ് കൃഷ്ണ വർമ്മ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി സുരേഷ് വർമ്മ സ്വാഗതം പറഞ്ഞു.



സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ, ജ്യോതി വർമ്മ (പന്തളം യൂണിറ്റ് സെക്രട്ടറി), ശർമിള വർമ്മ (വെള്ളാരപ്പള്ളി യൂണിറ്റ് സെക്രട്ടറി), പി.വി.ആർ. തിരുമുൽപ്പാട്, ശാലിനി വർമ്മ, പ്രദീപ് വർമ്മ, രാമവർമ്മ, വിജയ് വർമ്മ എന്നിവർ സംസാരിച്ചു. വിദ്യാഭ്യാസ മണ്ഡലങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥീവിദ്യാർത്ഥിനികൾക്ക് അവാർഡുകൾ സമ്മാനിച്ചു. അംഗങ്ങളുടെ കലാപരിപാടികളും കായിക വിനോദങ്ങളും ഈ ദിവസം മനോഹരമാക്കി.

യൂണിറ്റിലെ പ്രൊഫ. ശ്രീദേവി വർമ്മ റിയാക്ടിലേക്ക് 25,000 രൂപ സംഭാവന ചെയ്യുകയുണ്ടായി.

2025–27 കാലയളവുകളിലെ പുതിയ ഭാരവാഹി കളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

രക്ഷാധികാരി: വി.ആർ. വർമ്മ. പ്രസിഡന്റ്: സുരേഷ് വർമ്മ. വൈസ് പ്രസിഡന്റുമാർ: പ്രദീപ് വർമ്മ, ധന്യ വർമ്മ. സെക്രട്ടറി: കൃഷ്ണ വർമ്മ. ജോയിന്റ് സെക്രട്ടറിമാർ: അഡ്വ. കൃഷ്ണകുമാർ വർമ്മ, ശാലിനി വർമ്മ, ട്രഷറർ: വിജയ് വർമ്മ. ടൂർ കോ-ഓർഡിനേറ്റർ: രാമവർമ്മൻ.

കമ്മറ്റി അംഗങ്ങൾ: മധുകുമാർ വർമ്മ, രാമവർമ്മ, ഗീതാ വർമ്മ, കിഷോർ വർമ്മ.

യൂത്ത് വിഭാഗം- പ്രസിഡന്റ്: പ്രസീദ വർമ്മ, സെക്രട്ടറി: അനീഷ് വർമ്മ. ട്രഷറർ: സജിൻ രാജ.

കമ്മിറ്റി അംഗങ്ങൾ: ദേവ സൂര്യ വർമ്മ, കൈലാസ് വർമ്മ, ഐശ്വര്യ വർമ്മ

വനിതാ വിഭാഗം- പ്രസിഡന്റ്: സതീരാജ. വൈസ് പ്രസിഡന്റ്: പ്രൊഫ. ശ്രീദേവി അശോക്. സെക്രട്ടറി: ജയശ്രീ. ജോയിന്റ് സെക്രട്ടറി: ശ്രീലജ വർമ്മ. ട്രഷറർ: സുനിതാ ദിനേശ്.

**ആയുർവ്വേദ മെഡിക്കൽ ക്യാമ്പ്**

ഒക്ടോബർ മാസം അഞ്ചാം തീയതി യൂണിറ്റിന്റെ നേതൃത്വത്തിൽ കുറ്റിലഞ്ഞി ഗ്രാമത്തിലെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകളുടെ സഹക രണത്തോടെ നടന്ന ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് വൻ വിജയകരമായിരുന്നു. സമൂഹത്തിന് മാതൃക യായ ഈ സംരംഭം വിജയിപ്പിക്കുന്നതിന് സഹക രിച്ചത് നാഗാർജുന ആയുർവ്വേദ ഹോസ്പിറ്റലും ശ്രീധരീയം കണ്ണാശുപത്രിയും ആണ്. ഏകദേശം 220 ഓളം ആളുകൾ ഈ ക്യാമ്പിനോട് സഹകരിച്ചു. ജാതി മത ഭേദമന്യേ എല്ലാവരും സഹകരിച്ച ഈ ക്യാമ്പിന് നേതൃത്വം വഹിക്കുവാൻ കുറ്റിലഞ്ഞി സഭയ്ക്ക് കഴിഞ്ഞത് കുറ്റിലഞ്ഞി ഗ്രാമത്തിൽ സഭയ്ക്ക് കിട്ടിയ അംഗീകാരമാണ്.

ബഹുമാനപ്പെട്ട ആന്റണി ജോൺ MLA ഉദ്ഘാടനം നിർവ്വഹിച്ച ഈ ചടങ്ങിൽ പ്രദേശത്തെ സാമൂഹിക രംഗത്തെ പ്രമുഖർ സംസാരിച്ചു. ഡോ. ഹൈമവതി തമ്പുരാട്ടിയായിരുന്നു ക്യാമ്പ് ഡയറക്ടർ. അവരോ ടൊപ്പം കുറ്റിലഞ്ഞിയിലെ മൂന്ന് ആയുർവ്വേദ ഡോക്ടർമാരും ക്യാമ്പിൽ പ്രവർത്തിച്ചു. സഭയിലെ വനിതാ അംഗങ്ങളുടെ പ്രവർത്തനമായിരുന്നു എടുത്തുപറയേണ്ടത്. യൂത്ത് സഭയും അതിന്റേതായ പങ്ക് നിർവ്വഹിച്ച ഈ ക്യാമ്പിൽ സഭയുടെ നേതൃ ത്വത്തിൽ സംഘടിപ്പിച്ച മരുന്നുകളും വിതരണം ചെയ്തു. പ്രാദേശിക സാമൂഹിക മാധ്യമങ്ങളിൽ ഈ ക്യാമ്പിനെക്കുറിച്ച് വിവരണങ്ങളും ഉണ്ടായിരുന്നു. ഒത്തൊരുമയും സഹകരണ മനോഭാവവും ഉണ്ടെങ്കിൽ ഏതു കാര്യവും വിജയത്തിലേക്ക് എത്തിക്കാം എന്ന് ഒരിക്കൽ കൂടി കുറ്റിലഞ്ഞി യൂണിറ്റ് തെളിയിച്ച വസ്തുതയാണ്. നാം ജീവിക്കുന്ന സമൂഹത്തിനോട് പ്രതിബദ്ധത ഉണ്ടായിരിക്കേണ്ടത് ഏതൊരു പൗരന്റെയും അവ കാശം എന്നതുപോലെ ക്ഷത്രിയ ക്ഷേമസഭയിലെ ഓരോ അംഗങ്ങളും ബാധ്യസ്ഥരാണ്.

തുടർന്നും ഇങ്ങനെയുള്ള സാമൂഹിക പ്രതിബദ്ധ തയുള്ള വിഷയങ്ങളിൽ ഇടപെടുവാൻ കുറ്റിലഞ്ഞി സഭ തയ്യാറാണ്.

## കോഴിക്കോട്

ക്ഷത്രിയ ക്ഷേമസഭ കോഴിക്കോട് യൂണിറ്റിന്റെ വാർഷിക പൊതുയോഗം 14-09-2025 ഞായറാഴ്ച രാവിലെ 10:30 ന് തിരുവണ്ണൂരിലുള്ള പി.കെ.എസ്. രാജ സ്മൃതിമന്ദിരത്തിൽ വെച്ച് നടന്നു.

മഹാമഹിമ ശ്രീ സാമൂതിരി രാജ പി.കെ. കേരള വർമ്മ രാജ ആശംസാ പ്രഭാഷണം നടത്തിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു.

തുടർന്ന് അമൃത വർമ്മ കൃഷ്ണ വന്ദനം ആല പിച്ചു. യൂണിറ്റ് സെക്രട്ടറി ഹരിപ്രസാദ് രാജ, വിശി ഷ്ടാതിഥികളായ സാമൂതിരി സ്വരൂപം മൂന്നാം സ്ഥാനി പി.സി. ഏട്ടനുണ്ണി രാജ, ക്ഷത്രിയ ക്ഷേമ സഭ സംസ്ഥാന അദ്ധ്യക്ഷ ഡോ. എം, ലളിതാംബിക, സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ, REACT സെക്രട്ടറി പി.കെ. രഘു വർമ്മ, സംസ്ഥാന വനിതാവിഭാഗം പ്രസിഡന്റ് ഡോ. സുജാത വർമ്മ, സെക്രട്ടറി രാധിക വർമ്മ, വൈസ് പ്രസിഡന്റ് കോമളവല്ലി കൂടാതെ എല്ലാ കുടുംബാംഗങ്ങൾക്കും സ്വാഗതം അർപ്പിച്ചുകൊണ്ട് യോഗം ആരംഭിച്ചു. തുടർന്ന് അദ്ധ്യക്ഷ പ്രസംഗം യൂണിറ്റ് പ്രസിഡന്റ് രഘു ഇ.കെ. നിർവ്വഹിച്ചു.

ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്ര ട്ടറി മധുകുമാർ വർമ്മ മുഖ്യ പ്രഭാഷണം നടത്തി. ഈ കാലഘട്ടത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ പ്രസക്തി എന്താണെന്നും സമുദായാഭിവൃദ്ധിക്കും

സാമൂഹിക പ്രതിബദ്ധതയ്ക്കും വേണ്ടി നമ്മൾ ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റിയും അദ്ദേഹം സംസാരിച്ചു.

സംസ്ഥാന ട്രഷറർ സുര്യകുമാർ വർമ്മ ആശാംസാ പ്രഭാഷണം നടത്തി.

REACT സെക്രട്ടറി പി.കെ. രഘു വർമ്മ അനുഗ്രഹ പ്രഭാഷണം നടത്തി. ദാനധർമ്മങ്ങളെപ്പറ്റിയും ഓരോ വ്യക്തിയിലും ഉണ്ടായിരിക്കേണ്ട സഹാനുഭൂതിയെപ്പറ്റിയും സംസാരിക്കുകയും REACT ന്റെ ധന സഹായത്തോടെ കോഴിക്കോട് യൂണിറ്റിലെ അംഗം ഗിരീഷ് വർമ്മ ആരംഭിക്കുന്ന പുതിയ ബിസ്സിനസ്സ് സംരംഭത്തിന്റെ ലോഗോ പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു.

ഗിരീഷ് വർമ്മ ക്ഷത്രിയ ക്ഷേമസഭയ്ക്കും REACT നും പ്രത്യേക നന്ദിയും സന്തോഷവും അറിയിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി മോഹന വർമ്മ, വനിതാ വിഭാഗം അദ്ധ്യക്ഷ ഡോ. സുജാത വർമ്മ, സെക്രട്ടറി രാധിക വർമ്മ, കോഴിക്കോട് യൂണിറ്റ് ജോയിന്റ് സെക്രട്ടറി അഭിഷേക് വർമ്മ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ഉത്തര മേഖല സെക്രട്ടറി വി.സി. കൃഷ്ണവർമ്മ രാജ 2025-27 വർഷത്തിലേക്കുള്ള കോഴിക്കോട് യൂണിറ്റിന്റെയും യുവജന വിഭാഗത്തിന്റെയും KKSY വനിതാ വിഭാഗത്തിന്റെയും പുതിയ ഭരണസമിതിയുടെ പട്ടിക അവതരിപ്പിച്ചത് യോഗം ഐകകണ്ഠ്യേന കയ്യടിച്ച് അംഗീകരിച്ചു.

യോഗത്തിൽ 150 ഓളം അംഗങ്ങൾ പങ്കെടുത്തത് പ്രവർത്തനമേഖലയിൽ കൂടുതൽ ശക്തി പകരുവാൻ സാധിച്ചു. കോഴിക്കോട് യൂണിറ്റ് ജോയിന്റ് സെക്രട്ടറി മാനവ് വർമ്മ നന്ദി പ്രകാശിപ്പിച്ചു.

ഉച്ചഭക്ഷണത്തിനു ശേഷം നമ്മുടെ കുടുംബങ്ങളിലെ കുട്ടികളുടെ കലാപരിപാടികളും തിരുവണ്ണൂർ കോവിലകം കൈകൊട്ടിക്കളി സംഘം അവതരിപ്പിച്ച തിരുവാതിരകളിക്കും ശേഷം 03.30 PM ന് യോഗം അവസാനിച്ചു.

## വെള്ളാരപ്പിള്ളി

ജൂലൈ 20 നു KKSY വെള്ളാരപ്പിള്ളിയുടെ നേതൃത്ത്വത്തിൽ ഇൻഡോർ ഗെയിംസ് നടത്തുകയുണ്ടായി. പ്രായഭേദമെന്യേ നടത്തിയ കളികളിൽ ചെസ്സ്, കാരംസ്, ചീട്ടുകളി എന്നിവ ഉണ്ടായിരുന്നു.



കുട്ടികളും മുതിർന്നവരുമടക്കം ഏതാണ്ടെല്ലാവരും പങ്കെടുത്തു. കുറ്റിലഞ്ഞി സഭയിലെയും അംഗങ്ങളുടെ പങ്കാളിത്തം ഈ പരിപാടിയുടെ മാറ്റു കൂട്ടി. ഈ ഗെയിംസ് എല്ലാ വർഷവും നടത്തണം എന്ന് പൊതുവിൽ അഭിപ്രായം ഉണ്ടായി. ചെസ്സ്, കാരംസ് കളികളിൽ സീനിയർ ജൂനിയർ വിഭാഗത്തിൽ മത്സരങ്ങൾ ഉണ്ടായി.

കോഴിക്കോട് വെച്ച് നടന്ന KKSY ഫുട്ബോൾ ടൂർണമെന്റിൽ നമ്മുടെ യൂണിറ്റിലെ കുട്ടികൾ മികച്ച പ്രകടനം നടത്തി.

KKSY വെള്ളാരപ്പിള്ളിയുടെ നേതൃത്വത്തിൽ ചെണ്ട പഠന ക്ലാസ്സ് ഇക്കഴിഞ്ഞ വിജയദശമി നാളിൽ കോയിക്കൽ ക്ഷേത്ര ആഡിറ്റോറിയത്തിൽ വച്ച് ആരംഭിച്ചു.

സഭയുടെ ഈ വർഷത്തെ ഓണാഘോഷവും കുടുംബസംഗമവും സെപ്റ്റംബർ 28 ന് രാവിലെ വലിയ പൂക്കളത്തോടെ കോയിക്കൽ മഠം ആഡിറ്റോറിയത്തിൽ നടന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച ഓണാഘോഷത്തിൽ കലാപരിപാടികൾക്കായിരുന്നു പ്രാധാന്യം. പ്രത്യേക യോഗങ്ങളോ ഉൽഘാടനങ്ങളോ ഉണ്ടായിരുന്നില്ല. കലാപരിപാടികൾ കൂടാതെ പ്രായമായവർ ഓണം അനുസ്മരണ പ്രസംഗങ്ങൾ നടത്തി. 50 വയസ്സിനു മുകളിൽ 90 വയസ്സുവരെയുള്ളവരുടെ പഴയകാല ഓർമ്മകൾ വളരെ രസകരവും വിജ്ഞാനപ്രദവുമായിരുന്നു. ഗംഭീരമായ ഓണസ്സദ്യയും കലാപരിപാടുകളുമായി വൈകീട്ട് അഞ്ചുമണി വരെ നീണ്ടു ആഘോഷങ്ങൾ കുട്ടികളടക്കം 80 പേർ ആഘോഷ പരിപാടികളിൽ പങ്കെടുത്തു.

## വൈക്കം

വൈക്കം യൂണിറ്റിന്റെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ മൂന്നാം തീയതി ആറാട്ടുകുളങ്ങര ശ്രീകൃഷ്ണസ്വാമി ക്ഷേത്ര ഓഡി



റ്റോറിയത്തിൽ വച്ച് നടന്നു. 9.30 ന് ദിയ, അക്ഷര, വൈഷ്ണവി, അക്ഷദ് എന്നിവർ ചേർന്ന് ആലപിച്ച ഈശ്വരപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വിവിധ കലാപരിപാടികളും മത്സരങ്ങളും നടന്നു. ഹരിനന്ദന വർമ്മ, മുരളീകൃഷ്ണൻ തമ്പാൻ, നാരായണ വർമ്മ എന്നിവരുടെ പ്രഭാഷണങ്ങളും ഗിരീഷ് വർമ്മ, ഗോവിന്ദ് വർമ്മ, ശോഭ വർമ്മ, അമൃത വർമ്മ, സുകുമാരി വർമ്മ, ശ്രീവിദ്യ വർമ്മ, രാജേന്ദ്രവർമ്മ, രേണുക വർമ്മ, സുമജാ വർമ്മ, അദ്വിത് വർമ്മ, അക്ഷര വർമ്മ എന്നിവരുടെ ഗാനാലാപനവും നടന്നു. സഭയുടെ വനിതാ വിഭാഗം തിരുവാതിരകളി അവതരിപ്പിച്ചു. മത്സര വിജയികൾക്ക് ഉപ സഭാദ്ധ്യക്ഷൻ ഹരിനന്ദന വർമ്മയും സംസ്ഥാന കാര്യദർശി മധുകുമാർ വർമ്മയും ചേർന്ന് സമ്മാനങ്ങൾ നൽകി. ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ ആശംസകൾ അറിയിച്ചു. യോഗത്തിൽ 61 അംഗങ്ങൾ പങ്കെടുത്തു. ആഘോഷ സ്ഥലത്ത് ശ്രീവിദ്യ വർമ്മ, മായ വർമ്മ, നിർമ്മലാ ദേവി എന്നിവർ സ്റ്റാളുകളും ഇട്ടിരുന്നു. വൈകീട്ട് ലഘുഭക്ഷണത്തിന് ശേഷം ആർപ്പുവിളിയോടെ യോഗം പിരിഞ്ഞു.

നവരാത്രി ദിനാഘോഷത്തോടനുബന്ധിച്ച് വനിതാ വിഭാഗം 12 ദിവസം 12 ഭവനങ്ങളിലായി ലളിതാസഹസ്രനാമപാരായണം ചെയ്തു. കേന്ദ്ര വനിതാ വിഭാഗം ഓൺലൈനായി നടത്തിയ രാമായണപാരായണത്തിൽ സഭയിൽ നിന്നും 5 പേർ പങ്കെടുത്തു. രാമായണ ഉപന്യാസ മത്സരത്തിൽ പങ്കെടുത്ത ലതാവർമ്മയ്ക്ക് മൂന്നാം സമ്മാനം ലഭിച്ചു. സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി രണ്ട് സംരംഭങ്ങൾ വനിതാ വിഭാഗം ആരംഭിച്ചിട്ടുണ്ട്. വനിതകൾ തിരുവാതിരകളി പരിശീലിക്കുകയും അംഗങ്ങളുടെ വിവാഹ അവസരങ്ങളിലും ക്ഷേത്രങ്ങളിലും അവതരിപ്പിക്കുകയും ചെയ്തുവരുന്നു. മുപ്പട്ട വെള്ളിയാഴ്ച വടക്കുംകൂർ മൂകാംബിക ക്ഷേത്രത്തിൽ വനിതാ വിഭാഗം നടത്തുന്ന ലളിതാ സഹസ്രനാമ പാരായണവും ഭജനയും ഓൺലൈനായി നാരായണീയ പഠനവും മുടക്കം കൂടാതെ നടന്നുവരുന്നു. രണ്ടുമാസത്തിനുള്ളിൽ രണ്ട് ഭരണസമിതി യോഗം വനിതാവിഭാഗം നടത്തി.

## ഇടപ്പിള്ളി

സെപ്തംബർ 28 ന് ഇടപ്പിള്ളി യൂണിറ്റിന്റെ 2024-2025 ലെ വാർഷിക പൊതുയോഗവും ഈ വർഷത്തെ ഓണാഘോഷവും ഇടപ്പിള്ളി തൃക്കണ്ണപ്പുരം ശ്രീപാർത്ഥസാരഥി ഹാളിൽ വെച്ച് സമുചിതമായി ആഘോഷിച്ചു.



രാവിലെ 10 ന് പ്രസിഡന്റ് ഇന്ദിര വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷിക പൊതുയോഗം പാർവ്വതി വർമ്മയുടെ ഈശ്വരപ്രാർത്ഥയോടെ ആരംഭിച്ചു. ഗിരിജ തമ്പുരാട്ടി (സെക്രട്ടറി) സ്വാഗതം ആശംസിച്ചു. യോഗത്തിൽ അന്തരിച്ച രാഘവവർമ്മയുടെയും വിജയ വർമ്മയുടെയും ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിച്ചു. സെക്രട്ടറി ഗിരിജ തമ്പുരാട്ടി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചതും ട്രഷറർ ഗീതവർമ്മ കണക്ക് അവതരിപ്പിച്ചതും വേണ്ട മാറ്റങ്ങൾ വരുത്തി അംഗീകരിച്ചു. കേന്ദ്ര വനിതാ വിഭാഗം സെക്രട്ടറി രാധികവർമ്മ മുഖ്യ അതിഥിയായിരുന്നു. 80 വയസ്സിന് മുകളിലുള്ളവരെ പൊന്നാട ചാർത്തി ആദരിച്ചു. എസ്.എസ്.എൽ.സി യ്ക്ക് മുഴുവൻ വിഷയത്തിലും 'എ പ്ലസ്' നേടിയ പാർവ്വതി വർമ്മയ്ക്ക് (രാജീവ് വർമ്മയുടെയും ഉമാവർമ്മയുടെയും മകൾ) വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം നൽകി. സി.ബി.എസ്.ഇ. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ശ്രീകുമാർ രാജയുടെയും പ്രിയവർമ്മയുടെയും പുത്രി ലാവണ്യ വർമ്മയ്ക്കും നാഷണൽ ഗെയിംസിൽ സോഫ്റ്റ് ബോളിൽ

സമ്മാനം നേടിയ മുരളിവർമ്മയുടെയും രാജലക്ഷ്മി വർമ്മയുടെയും മകൻ ഹരീഷ് എം. വർമ്മയ്ക്കും പ്രത്യേകം സമ്മാനം നൽകി അനുമോദിച്ചു. കൂടാതെ 27 ന് നടത്തിയ കലാകായിക മത്സരത്തിൽ വിജയികളായവർക്കും സമ്മാനം നൽകി. വൈസ് പ്രസിഡന്റ് ശാരദ രവിവർമ്മ കൃതജ്ഞത പ്രകാശിപ്പിച്ചു.

ശേഷം ഓണസ്സദ്യയ്ക്കു ശേഷം ഉച്ച കഴിഞ്ഞ് യൂണിറ്റിലെ അംഗങ്ങളുടെ കലാപരിപാടികൾ നടന്നു. തുടർന്ന് വനിതാവിഭാഗം ഭാരവാഹികളെ തെരെഞ്ഞെടുത്തു. പ്രസിഡന്റ് പ്രസന്നകുമാരി സി.കെ., വൈസ് പ്രസിഡന്റ് ശോഭവർമ്മ, സെക്രട്ടറി ശാലിനി ശിവപ്രസാദ്, ജോ. സെക്രട്ടറി സരിതവർമ്മ, ട്രഷറർ അംബികവർമ്മ. കമ്മിറ്റി അംഗങ്ങളായി ഗീത എസ്., പ്രഭ വർമ്മ, അർച്ചന വർമ്മ, സിന്ധു വർമ്മ എന്നിവരെയാണ് തെരെഞ്ഞെടുത്തത്. പുതിയ വനിതാഭാരവാഹികളെ കേന്ദ്രസഭ സെക്രട്ടറി രാധിക വർമ്മ ആശംസ അറിയിച്ചു.

## ക്ഷാത്രപരിഷത്ത് മുംബൈ

സെപ്റ്റംബർ 28-ന് മുംബൈയിലെ ക്ഷാത്ര പരിഷത്ത് ഊർജ്ജസ്വലമായ ഒരു സാംസ്കാരിക സായാഹ്നത്തോടെ ഓണം ആഘോഷിച്ചപ്പോൾ സന്തോഷവും വർണ്ണങ്ങളും നിറഞ്ഞുനിന്നു.

വേദാന്തും റിതിയും ചേർന്ന് നടത്തിയ ദീപം തെളിയിക്കൽ, ഹൃദയസ്പർശിയായ പ്രാർത്ഥന എന്നിവയോടെയാണ് പരിപാടി ആരംഭിച്ചത്. തുടർന്ന് കേരളത്തിന്റെ സാംസ്കാരിക സമ്പന്നതയെ മനോഹരമായി പ്രദർശിപ്പിക്കുന്ന നിരവധി പ്രകടനങ്ങൾ അരങ്ങേറി. മോഹിനിയാട്ടം, ഭരതനാട്യം, കഥക് തുടങ്ങിയ ക്ലാസിക്കൽ നൃത്തങ്ങൾ മുതൽ കൈകൊട്ടിക്കളി, ഒപ്പന, മാർഗ്ഗംകളി, ബിഹു, രാജസ്ഥാനി, പഞ്ചാബി തുടങ്ങിയ നാടോടി നൃത്തങ്ങൾവരെ. ഓരോ നൃത്തവും സമൂഹത്തിന്റെ ഉത്സാഹത്തെയും സർഗ്ഗാത്മകതയെയും പ്രതിഫലിപ്പിച്ചു.

പ്രധാന കഥാപാത്രമായ വാമനാവതാരത്തിന്റെ അഭിനയം അതിന്റെ കഥപറച്ചിലിലൂടെയും ഭക്തിയിലൂടെയും പ്രേക്ഷകരെ ആകർഷിച്ചു. ആകർഷകമായ ഒരു വഴിത്തിരിവ് നൽകി. കുട്ടികൾ നടത്തിയ ഓണം ക്വിസ് ഉത്സവത്തിന്റെ ആചാരങ്ങളെയും ഐതിഹ്യങ്ങളെയും കുറിച്ചുള്ള പ്രേക്ഷകരുടെ അറിവ് പരീക്ഷിച്ച്, സന്തോഷകരമായ പങ്കാളിത്തത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചു.

സോളോ ഗാനങ്ങളും ഓണപ്പാട്ടുകളുടെ ഗ്രൂപ്പ് മെഡ്‌ലിയും ഉൾപ്പെടെയുള്ള സംഗീത പ്രകടനങ്ങൾ വൈകുന്നേരത്തിന് ഈണംപകർന്നു, അതേസമയം ഒരു അപ്രതീക്ഷിത ബോളിവുഡ് നൃത്തം അവതരിപ്പിച്ചത് സ്വാഭാവികമായ ഒരു പൊട്ടിച്ചിരിക്കു തിരികൊളുത്തി. എല്ലാ നൃത്ത പങ്കാളികളെയും ഉൾപ്പെടുത്തി നടന്ന ഗ്രാൻഡ് ഫ്യൂഷൻ ഫിനാലെ ഐക്യത്തിന്റെയും ആഘോഷത്തിന്റെയും സത്ത സംഗ്രഹിച്ചു. സമൂഹചൈതന്യം, സംസ്കാരം, ഒരുമ എന്നിവയുടെ യഥാർത്ഥ പ്രതിഫലനമായിരുന്നു ആഘോഷം.

## നീലേശ്വരം

നീലേശ്വരം രാജവംശത്തിന്റെ അധീനതയിലുള്ള നിലേശ്വരം തളിയിൽ ശ്രീ നീലകണ്ഠേശ്വര ക്ഷേത്രം നവീകരണ ബ്രഹ്മകലശം മഹോത്സവം 2028-ൽ നടത്താൻ തീരുമാനമായി. ഇതിന്റെ മുന്നൊരുക്കങ്ങൾക്കും നടത്തിപ്പിനും ആയി വിപുലവും സുസ



ജ്ജവുമായ സംഘാടകസമിതി രൂപീകരിച്ചു. ചടങ്ങിൽ കെ.സി. മാനവർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ തരണനെല്ലൂർ തെക്കിനിയേടത്ത് ഉണ്ണി നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു. ഡോ. കെ.സി. കേരളവർമ്മരാജ, ക്ഷേത്രം എക്സിക്യൂട്ടിവ് ഓഫീസർ പി. രാജേഷ്, പി. കുഞ്ഞിരാമൻ നായർ, കെ.വി. വിനോദ് എന്നിവർ സംസാരിച്ചു. സംഘാടകസമിതി ചെയർമാനായി കെ.സി. മാനവർമ്മരാജ, ജനറൽ കൺവീനറായി കെ.വി. വിനോദ്, ട്രഷറർ ക്ഷേത്രം എക്സിക്യൂട്ടിവ് ഓഫീസർ പി. രാജേഷ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. വിവിധ സമിതികളുടെ രൂപീകരണവും നടന്നു. സമീപ പ്രദേശങ്ങളിലെ ക്ഷേത്രങ്ങളിലെയും അയ്യപ്പ മഠത്തിലെ പ്രതിനിധികളും മുത്തപ്പന, മടപ്പുര എന്നിവയുടെ പ്രതിനിധികളും മാതൃസമിതി അംഗങ്ങളും നാട്ടുകാരും പങ്കെടുത്തു.

## കോട്ടയം

### എം.ജി. സർവ്വകലാശാലയിൽ വയലാർ രാമവർമ്മ ചെയർ വേണം: ക്ഷത്രിയ ക്ഷേമസഭ

വയലാർ രാമവർമ്മയുടെ പേരിൽ എം.ജി. സർവ്വകലാശാലയിൽ അക്കാദമിക് ചെയർ ആരംഭിക്കണമെന്ന് ക്ഷത്രിയ ക്ഷേമസഭ കോട്ടയം യൂണിറ്റ് വാർഷിക സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കായികകേരളത്തിന്റെ പിതാവെന്നറിയപ്പെടുന്ന കേണൽ ഗോദവർമ്മ രാജയുടെ ജന്മനാടായ പൂഞ്ഞാറിൽ അദ്ദേഹത്തിന്റെ പ്രതിമയുടെ നിർമ്മാണം വേഗത്തിലാക്കാനും സമ്മേളനം തീരുമാനിച്ചു.




നാഗസ്വരവിദ്വാൻ തിരുവിഴ ജയശങ്കർ സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ ഡോ. എ.പി.വർമ്മയെയും 75 വയസ് കഴിഞ്ഞ സമുദായാംഗങ്ങളെയും ആദരിച്ചു. സംസ്ഥാന ട്രഷറർ എം.കെ.സൂര്യകുമാർ വർമ്മ, യൂണിറ്റ് രക്ഷാധികാരി യു. അജിത്ത് വർമ്മ, സെക്രട്ടറി ടി.എം. രാംജിവർമ്മ, ട്രഷറർ എം. മുരളീധരവർമ്മ, വനിതാവിഭാഗം സംസ്ഥാന സെക്രട്ടറി പി.കെ. രാധികാവർമ്മ, ടി.എൻ. വിനോദ് വർമ്മ, പി.എം. സരിത വർമ്മ എന്നിവർ പ്രസംഗിച്ചു.

ഓണാഘോഷം മനോഹരമാക്കുന്നതിന് സഭയുടെ യൂണിറ്റ് ഭാരവാഹികളും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും വനിതാവിഭാഗം ഭാരവാഹികളും കമ്മിറ്റിയംഗങ്ങളും നല്ലരീതിയിൽ പ്രവർത്തിച്ചു. പൂക്കളം മുതൽ വനിതാവിഭാഗത്തിന്റെ സാന്നിദ്ധ്യം നിറഞ്ഞുനിന്നു. വേദിയിൽ കുട്ടികളുടെ നൃത്തവും മുതിർന്നവരുടെ ഓണപ്പാട്ടും വഞ്ചിപ്പാട്ടും തിരുവാതിരയും ആഘോഷത്തിന് മാറ്റുകൂട്ടി. പി.എം. സരിത വർമ്മയുടെ പ്രൗഢഗംഭീരമായ കാര്യപരിപാടികളുടെ അവതരണം ശ്രദ്ധേയമായി. രാമായണ മാസാചരണത്തിന്റെ ഭാഗമായി നടത്തിയ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് പുരസ്ക്കാരങ്ങൾ നൽകി. വനിതാവിഭാഗം സെക്രട്ടറി മല്ലികാ റാണിയുടെ നേതൃത്ത്വത്തിലാണ് മത്സരം നടത്തിയത്.

### 'രാഗവർണ്ണം' രാഗഭാവങ്ങൾക്ക് നിറച്ചാർത്ത് നൽകി

കർണ്ണാടക സംഗീതത്തിലെ രാഗങ്ങളെ ആസ്പദമാക്കി തിരുവിഴ ജയശങ്കർ വരച്ച പെയിന്റിങ്ങുകളുടെ പ്രദർശനം പുത്തൻ അനുഭവമായി. ഭൂപാളം, മോഹനം, അമൃതവർഷിണി, ആനന്ദഭൈരവി, ആഭേരി, ശങ്കരാഭരണം, നീലാംബരി എന്നീ



രാഗങ്ങളെ ആസ്പദമാക്കിയായിരുന്നു പെയിന്റിങ്ങുകൾ. സംഗീതജീവിതത്തിലെ രാഗാനുഭവത്തിന്റെ നിറഭേദങ്ങൾ പെയിന്റിങ്ങുകളാക്കി മാറ്റുകയായിരുന്നെന്ന് തിരുവിഴ ജയശങ്കർ പറഞ്ഞു. സംഗീതത്തിലെ ഏഴു രാഗങ്ങളും അനുഭവം പകർത്തിയ 'രാഗവർണ്ണം' എന്ന പേരിലാണ് പ്രദർശിപ്പിച്ചത്. ആസ്വാദനത്തിലൂടെയും ആലാപനത്തിലൂടെയും മനസ്സിൽ പതിഞ്ഞ അനുഭവങ്ങൾ അദ്ദേഹം ഓർമ്മിച്ചു.

കണിക്കൊന്നപ്പൂക്കളുടെ നിറവിൽ മോഹനം തെളിഞ്ഞു. ഭൂപാളം സൂര്യകിരണങ്ങളിൽ പകർന്നു. ആഭേരി പ്രണയ വർണ്ണങ്ങളായി. നീലാംബരി രാത്രിയുടെ നീലിമയിൽ ഇമ പൂട്ടി. അമൃതവർഷിണിയിൽ മേഘങ്ങൾ പെയ്തൊഴിഞ്ഞു. കൂടാതെ ശങ്കരാഭരണം അന്തിത്തിരി കൊളുത്തുന്നതും ആനന്ദഭൈരവി നിർവൃതിയുടെ അനുഭൂതിവിശേഷങ്ങളാകുന്നതുമാണ് ചിത്രങ്ങളിൽ ആവിഷ്കരിക്കപ്പെട്ടത്.

## തിരുവല്ല

മുൻകാലങ്ങളിൽ സഭയെ നയിച്ചവരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി സഭയ്ക്കുവേണ്ടി നിർമ്മിച്ച മന്ദിരത്തിന് കാലപ്പഴക്കം കൊണ്ടുണ്ടായ ജീർണ്ണാവസ്ഥ പരിഹരിക്കണം എന്ന സഭാംഗങ്ങളുടെ ആവശ്യം പരിഗണിക്കാൻ 13-7-25-ൽ കൂടിയ ഭരണസമിതി ഏകകണ്ഠമായി തീരുമാനിച്ചു. ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി കമ്മിറ്റിയംഗങ്ങൾ 5,000 രൂപയിൽ കുറയാത്ത തുക തുടക്കങ്ങ

ളിൽ തന്നെ സംഭാവന നൽകണമെന്ന് കമ്മിറ്റി തീരുമാനിക്കുകയും താമസംവിനാ തീരുമാനം എല്ലാവരും നടപ്പിൽവരുത്തുകയും ചെയ്തു.

തിരുവല്ല സഭയുടെ പ്രവർത്തന മേഖല വളരെ വിസ്തൃതമായതുകൊണ്ട് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സഭാംഗങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാൻ 3 ബാച്ചുകളായി കഴിഞ്ഞ മാസങ്ങളിലായി ഞായറാഴ്ചകൾ മിത്രഗൃഹങ്ങൾ സന്ദർശിച്ച് ഫണ്ട് കളക്ഷൻ നടത്തുന്നു. വിജയഗൗരവം മനസ്സിലാക്കി 90% അംഗങ്ങളും പുനരുദ്ധാരണ പ്രവർത്തനങ്ങളോട് സഹകരിച്ചു. കൂട്ടത്തിൽ ചില മഹത് വ്യക്തികളും കുടുംബ ട്രസ്റ്റുകളും സഭയോട് അകമഴിഞ്ഞ് സഹകരിച്ചത് ഇത്തരുണത്തിൽ ഞങ്ങൾ സ്നേഹപൂർവ്വം സ്മരിക്കുന്നു. ആയതുകൊണ്ട് ജോലികൾ അവസാന ഘട്ടത്തിലേക്ക് കടന്ന കാര്യം സഭാംഗങ്ങളെ സന്തോഷപൂർവ്വം അറിയിക്കുവാനും ഈ അവസരം വിനിയോഗിക്കട്ടെ. കൂടാതെ വനിതാ വിഭാഗം വളരെ നന്നായി പ്രവർത്തനം നടത്തുന്നുണ്ട്. ജൂലൈ 27-ാം തീയതി വനിതാവിഭാഗം മാവേലിക്കരയിൽ എ.ആർ. രാജരാജ വർമ്മയുടെ സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു. പരിപാടി നല്ലരീതിയിൽ നടത്തിയ വനിതാവിഭാഗത്തെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു.

തിരുവല്ല സഭയുടെ അഭിമാന പദ്ധതിയായ കാരുണ്യ പെൻഷൻ പദ്ധതിയിൽ ഒരു അംഗത്തിനെ കൂടി ഉൾപ്പെടുത്തുവാനും ഈ ഓണത്തിന് കൈത്താങ്ങായി ഓരോ പെൻഷൻകാർക്കും 500 രൂപ അധികം നൽകുവാനും ഞങ്ങൾക്ക് സാധിച്ചു. ഈ വർഷത്തെ ഓണാഘോഷം 21-9-25-ന് ചെന്നിത്തല തുളിശ്ശാല കോയിക്കൽ വെച്ച് തിരുവല്ല വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ വളരെ ഗംഭീരമായി നടത്തി. സഭാംഗങ്ങളുടെ നല്ല പങ്കാളിത്തം ഉറപ്പുവരുത്താൻ വനിതാവിഭാഗത്തിന് കഴിഞ്ഞു. ഇത്തരുണത്തിൽ ആഘോഷം ഭംഗിയായി നടത്തിയതിന് കമ്മിറ്റി അവരെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു.



## തൃശ്ശൂർ

തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയുടെ ഓണാഘോഷവും വാർഷിക സമ്മേളനവും 21-09-2025-ന് തൃശൂർ പഴയനടക്കാവിലുള്ള ലക്ഷ്മി കല്ല്യാണ മണ്ഡപത്തിൽ വെച്ച് സമുചിതമായി നടത്തി. രാവിലെ 10 മണിക്ക് സുമിത്ര സുധീർവർമ്മയുടെ പ്രാർത്ഥനയോടെ കലാപരിപാടികളുടെ ഉദ്ഘാടന യോഗം ആരംഭിച്ചു. തുടർന്ന് കഴിഞ്ഞ ഓണാഘോഷത്തിന് ശേഷം വിട്ടുപിരിഞ്ഞ ക്ഷത്രിയ അംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെ ലിസ്റ്റ് മനോജ് വി.എൻ. വായിക്കുകയും എല്ലാവരും ഒരു മിനിറ്റ് എഴുന്നേറ്റ് നിന്ന് പരേതാത്മക്കളുടെ നിത്യഗതിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

തുടർന്ന് കലാപരിപാടികളുടെ ഉദ്ഘാടനം രക്ഷാധികാരികളായ കക്കാട് കാരണവപ്പാട് ദിവാകരരാജ, പി.സി. പ്രഹ്ലാദൻ വർമ്മ, പ്രസിഡന്റ് ഡോ. പി.സി. സുധീർവർമ്മ, സെക്രട്ടറി എൻ. ശങ്കർ വർമ്മ, ട്രഷറർ പി.സി. ദിലീപ് വർമ്മ എന്നിവർ ചേർന്ന് വിളക്കുകൊളുത്തി നിർവ്വഹിച്ചു. തുടർന്ന് ശതാഭിഷിക്തയാകുന്ന ഈശ്വരിവർമ്മയെ സഭ ആദരിച്ചു. വൈദ്യഭൂഷണം രാഘവൻ തിരുമൽപ്പാട് മെമ്മോറിയൽ വിദ്യാഭ്യാസ ക്യാഷ് അവാർഡ് അദ്ധ്യക്ഷൻ ഡോ. പി.സി. സുധീർവർമ്മ താഴെ പറയുന്ന സ്വീകർത്താക്കൾക്ക് വിതരണം ചെയ്തു.

തമ്പാംഗിവർമ്മ, (D/o Poornima Varma & Adv. Mahesh Varma)- SSLC, 63rd കേരള സംസ്ഥാന സ്കൂൾ കലോൽസവം ബാൻഡ് മേളം A Grade.

അഭിമന്യു വർമ്മ, ( S/o M.K. Vinod Varma)- SSLC

ആർദ്ര വർമ്മ, (D/o Dr. Renjini Varma & Hari Varma)-CBSE 10th Std.

വൈഷ്ണവി R.K. (D/o Remya Varma)-Ravi Varma Memorial CBSE 12th std. ബയോളജിക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടിയത്.

അഖിൽ എസ്. വർമ്മ , (S/o K. Rama Varma & Raji Varma)- M.G. സർവ്വകലാശാല കലോൽസവം കഥകളി 1st A Grade/M.A. 1st Rank in കഥകളി.

Dr. Alok Varma, (S/o K.V. Raja and Renuka Raja)- Doctorate in Business Administration from Swiss School of Business Management.

Dr. Malavika Varma, (D/o Kishore Anniyan & Ranjini Kishore)- Doctorate in Physics from Carnegie Mellon University, USA.

പ്രത്യേക ആദരവ്:– Govind G. Varma, (S/o Prof. Dr. Girish Varma & Suchithra Varma) - B.Tech (Mech.) with distinction.

ഓണാഘോഷപരിപാടികൾ രാവിലെ 11 മണിയോടെ ഡോ. ബിന്ദുശങ്കർ വർമ്മ, പ്രിയവർമ്മ എന്നിവരുടെ ഗണപതി സ്തുതി നൃത്തത്തോടെ ആരംഭിച്ചു. പിന്നീട് വൈഷ്ണവിയുടെ ഭരതനാട്യമായിരുന്നു. വിദ്യാകശ്യപ് വർമ്മ അവതരിപ്പിച്ച നൃത്തം, പ്രിയവർമ്മയുടെ മോഹിനിയാട്ടം, ആർദ്ര വർമ്മ, സാന്ദ്രവർമ്മ എന്നിവർ അവതരിപ്പിച്ച കഥക് നൃത്തം എന്നിവയുമുണ്ടായി. ഡോ. ശ്രീലതാവർമ്മ സ്വന്തം കവിതചൊല്ലി. കലാപരിപാടികൾക്ക് ഉച്ചയ്ക്ക് 12.15 ന് ഒരു ഇടവേള നൽകി. തൃശ്ശൂർ ക്ഷത്രിയക്ഷേമ സഭയുടെ വാർഷിക സമ്മേളനം ഡോ. പി.സി. സുധീരൻവർമ്മയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറി ശങ്കർവർമ്മയുടെ സ്വാഗതമാശംസയോടെയാരംഭിച്ചു. യോഗത്തിൽ 115 അംഗങ്ങൾ പങ്കെടുത്തു. തുടർന്ന് അദ്ധ്യക്ഷൻ ഉപക്രമപ്രസംഗത്തിൽ സഭയ്ക്ക് ഒരു ആസ്ഥാനമന്ദിരം അത്യാവശ്യമായിരിക്കുന്നു എന്നും വരുംകാലങ്ങളിൽ ഭാവി തലമുറകൾ മെഡിക്കൽ വിദ്യാഭ്യാസം, നിയമ വിദ്യാഭ്യാസം, യു.പി.എസ്.സി, സിവിൽ സർവ്വീസ് പരീക്ഷകൾ എന്നീ മേഖലകളിലേക്ക് കടന്നു



കയറാൻ എല്ലാ രക്ഷകർത്താക്കളും അഭ്യുദയ കാംക്ഷികളും പ്രത്യേക ശ്രദ്ധ കൊടുക്കണമെന്ന് ഓർമ്മിപ്പിച്ചു. സഭാ മെമ്പർമാരുടെ വിനോദത്തിനും അറിവിനുവേണ്ടി കഴിഞ്ഞ റിപ്പോർട്ട് കാലയളവിൽ 3 പ്രത്യേക പ്രോഗ്രാമുകൾ നടത്തിയിരുന്നുവെന്നും മെമ്പർമാർ നല്ല ഉത്സാഹത്തോടെ പങ്കെടുത്തുവെന്നും അറിയിച്ചു.

സെക്രട്ടറി കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിക്കുകയും ട്രഷറർ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത കണക്ക് അവതരിപ്പിക്കുകയും ചർച്ചകൾക്ക് ശേഷം ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. കഴിഞ്ഞ 10 വർഷക്കാലം സാഹിത്യ പ്രവർത്തനത്തിലും പുസ്തക പ്രസിദ്ധീകരണത്തിലും ഏർപ്പെട്ടിട്ടുള്ള താഴെ പറയുന്ന സഭാംഗങ്ങളെ രക്ഷാധികാരി ഡോ. പി.സി. പ്രഹ്ലാദൻ വർമ്മ സഭയ്ക്കുവേണ്ടി ആദരിക്കുകയും ആശംസകൾ നൽകുകയുമുണ്ടായി.

എ.കെ. കേരളവർമ്മ (അയിരൂർ കോവിലകം, തൃശൂർ) –

ഡോ. ശ്രീലതാവർമ്മ (ശാരദാവിലാസം, മാവേലിക്കര)

ശ്രീദേവി വിജയൻ (ഗ്രാമത്തിൽ കൊട്ടാരം, എണ്ണയ്ക്കാട്)

പത്മിനി തമ്പുരാൻ (കൊച്ചി രാജകുടുംബം)

ഡോ. പി.സി. സുധീരൻ (പടിഞ്ഞാറെ ചങ്കരംപാട്ട് മഠം, അഞ്ചേരി)

പ്രൊഫ. (ഡോ.) എം. കൃഷ്ണൻ നമ്പൂതിരി, തേവനൂർ (H/o Dr. Sreelatha Varma)

വനിതായൂണിറ്റ് സെക്രട്ടറി ദീപാ വർമ്മ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

സ്വാദിഷ്ടമായ ഓണസ്സദ്യയ്ക്കു ശേഷം ഉച്ചയ്ക്ക് 02.20 ന് കലാപരിപാടികൾ പുനരാരംഭിച്ചു. കുചേലവൃത്തത്തിലെ രുഗ്മിണിയുടെ പദം കഥകളി ചൊല്ലിയാട്ടമായി ക്ഷമ വർമ്മ അവതരിപ്പിച്ചു. ശങ്കരി വർമ്മ, കിഷോർ അനിയൻ, ഡോ. കൃഷ്ണൻ നമ്പൂതിരി, ഡോ. ബ്രിജേഷ് വർമ്മ, മനോജ് വർമ്മ വി.എൻ. എന്നിവർ ഗാനങ്ങളാലപിച്ചു. തുടർന്ന് ഓണസ്സദ്യ ഒരുക്കിയ ശ്രീഹരിവർമ്മ തെക്കുട്ട് മഠത്തിനെ ആദരിച്ചു. സദസ്സിനുള്ള സ്പെഷ്യൽ

അവാർഡുകൾ വിതരണം ചെയ്തതിനു ശേഷം ദേശീയ ഗാനാലാപനത്തോടെ 3.45 ന് ആഘോഷങ്ങൾക്ക് തിരശ്ശീല വീണു.



തൃശ്ശൂർ നന്ദിപുലം ഗ്രാമത്തിലെ ശ്രീ ഭദ്ര ആഡിറ്റോറിയത്തിൽ നടന്ന സാമന്ത സമാജത്തിന്റെ 'ശ്രുതിലയം' പരിപാടികളിൽ ക്ഷത്രിയ ക്ഷേമസഭ പ്രത്യേക ക്ഷണം സ്വീകരിച്ചുകൊണ്ട് പരിപാടികളിൽ പങ്കെടുത്തു. തൃശ്ശൂർ ക്ഷത്രിയ ക്ഷേമ സഭയിലെ കലാകാരികൾ പരിപാടികൾ അവതരിപ്പിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭ പ്രസിഡന്റ് ഡോ. പി.സി സുധീരൻ, ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജന. സെക്രട്ടറി മധുകുമാർ വർമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു.

## സംഗമം ബംഗളൂരു

ഈ വർഷത്തെ ഓണാഘോഷവും കുടുംബ സംഗമവും ബംഗളൂരു HRBR ലേഔട്ടിൽ ഉള്ള കോദണ്ഡരാമ സമുദായ ഭവൻ ഹാളിൽ വെച്ച് 12 –10–2025 ന് സമുചിതമായി ആഘോഷിച്ചു.

സംഗമത്തിന്റെ മുതിർന്ന അംഗങ്ങളായ അശോക് വർമ്മ, ശശീന്ദ്ര വർമ്മ എന്നിവർ ഭദ്രദീപം കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തു. സംഗമം സെക്രട്ടറി സന്തോഷ് വർമ്മ, പ്രസിഡന്റ് ശ്രീകുമാർ വർമ്മ എന്നിവർ പ്രസംഗിച്ചു. വൈസ് പ്രസിഡന്റ് ബി. പ്രസാദ് നന്ദി പ്രകാശനം നടത്തി. സോഷ്യൽ മീഡിയയിലും പരസ്യങ്ങളിലും കാണുന്ന കുടവയറൻ അല്ല യഥാർത്ഥ മാവേലി എന്ന് തെളിയിച്ച് അതിസുന്ദരനായ ഒരു മഹാബലിയുടെ വേഷത്തിൽ ചടങ്ങിലേക്ക് പ്രവേശിച്ച ശരത് എന്ന യുവാവിനെ കയ്യടികളോടെയും ആർപ്പുവിളികളോടെയും ആണ് സ്വീകരിച്ചാനയിച്ചത്. തുടർന്ന് സംഗമം കുടുംബാംഗങ്ങളുടെ വിവിധ കലാപരിപാടികൾ നടന്നു. ഉച്ചയ്ക്ക് കറുത്തേടം നമ്പൂതിരിപ്പാടിന്റെ വിഭവസമൃദ്ധമായ സദ്യയും ഉണ്ടായിരുന്നു.

വയലാർ രാമവർമ്മയുടെ 50–ാം ചരമവാർഷികത്തോടനുബന്ധിച്ച് സംഗമത്തിന്റെ കലാകാരന്മാർ അണിയിച്ചൊരുക്കിയ വയലാർ സ്മൃതി എന്ന karaoke ഗാനമേള വളരെയധികം ശ്രദ്ധ നേടി. കോഴിക്കോട് വെച്ച് നടന്ന KKSY ഫുട്ബോൾ ടൂർണമെന്റിൽ വിജയിച്ച സംഗമം ടീമിനെ അനുമോദിക്കുന്ന ചടങ്ങും കൂടാതെ അടുത്ത വർഷം ഏപ്രിലിൽ ബംഗളൂരുവിൽ വെച്ച് നടത്തുന്ന KKSY. ക്രിക്കറ്റ് ടൂർണമെന്റിന്റെ ബാനർ പ്രദർശനവും നടന്നു. നമ്മുടെ കുടുംബാംഗങ്ങളായ റിതികയുടെ 'ESCENCE പെർഫ്യൂം' പ്രമോദിന്റെ 'പൂക്കോട്ട് ബാഗ്സ്' തുടങ്ങിയ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചത് നിറകൈകളോടെ സ്വീകരിക്കപ്പെട്ടു. ഉന്നതവിജയം കരസ്ഥമാക്കിയ സംഗമം കുടുംബാംഗങ്ങളുടെ കുട്ടികളെ അനുമോദിക്കുകയും അതോടൊപ്പം പരിപാടികളിൽ പങ്കെടുത്തവരെയെല്ലാം സമ്മാനങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. മുന്നൂറോളം ആളുകൾ ആദ്യാവസാനം പങ്കെടുത്ത് ഓണാഘോഷം വളരെ ഗംഭീരമായി പര്യവസാനിച്ചു



# യൂണിറ്റ് വാർത്തകൾ (വനിതാവിഭാഗം)

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ വനിതാവിഭാഗം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് 10-9-2025 വൈകുന്നേരം 5:15 ന് ഈശ്വരപ്രാർത്ഥനയോടെ തുടങ്ങി. നമ്മെ വിട്ടുപിരിഞ്ഞ ബന്ധുജനങ്ങളായ പെരിങ്ങോട് സരളാദേവി, ആർ. രഘുനാഥ വർമ്മ എന്നിവരെ അനുസ്മരിച്ച് മൗനപ്രാർത്ഥനയോടെ അനുശോചനം രേഖപ്പെടുത്തി. 31-8-2025 ൽ വിവാഹിതരായ പ്രണവ് - പാർവതി ദമ്പതിമാർക്ക് മംഗളാശംസകൾ നേർന്നു. പന്തളം യൂണിറ്റിന്റെ പന്തളം ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ ഓണാഘോഷ പരിപാടിയിൽ തിരുവനന്തപുരം യൂണിറ്റിലെ അരുണിമാ വർമ്മ, ഡോ. നീരജവർമ്മ, ഡോ. ആരതി വർമ്മ, തീർത്ഥ, ഋഷഭ് വർമ്മ, ശിശിരാ വർമ്മ, മാളവികാ വർമ്മ എന്നിവർ ഡാൻസ് പ്രോഗ്രാം അവതരിപ്പിച്ചു. കൂടാതെ പ്രിയാ വർമ്മ, മകൾ സുപർണ്ണാ വർമ്മ എന്നിവർ ഗാനങ്ങൾ ആലപിച്ചു. കുളത്തറ ഫൗണ്ടേഷൻ പുരസ്ക്കാരം നേടിയ ഡോ. ഏഴുമറ്റൂർ രാജരാജവർമ്മ, പാറക്കടത്ത് കോയിക്കൽ ആസ്ഥാനവിദ്വാൻ പുരസ്ക്കാരം നേടിയ ഈശ്വര വർമ്മ എന്നിവരെ വനിതാവിഭാഗം ആദരിച്ചു.

10-8-2025 ന് സുന്ദരവിലാസം കൊട്ടാരത്തിൽ വെച്ച് രാവിലെ 10 മണി മുതൽ 5 മണിവരെ രാമായണ പാരായണം നടത്തി. സഭയിലെ മുതിർന്ന അംഗമായ രുഗ്മിണി വർമ്മ നിലവിളക്കുകൊളുത്തി പാരായണം ആരംഭിച്ചു. വൈകുന്നേരം 5 മണിക്ക് മുതിർന്ന അംഗമായ വത്സലവർമ്മ ആരതി ഉഴിഞ്ഞ് പാരായണം അവസാനിച്ചു. അധികം വൈകാതെ KKS വനിതാവിഭാഗം ഭരണസമിതിയുടെ നേതൃത്വത്തിൽ യൂണിറ്റിലെ വനിതകളുടെ ഒരു മീറ്റിംഗ് കൂടുവാൻ തീരുമാനിച്ചു. നവരാത്രി ഭംഗിയായി ആഘോഷിച്ചു. യൂണിറ്റിന്റെ ഓണാഘോഷത്തിൽ വനിതകൾ വളരെ ഉത്സാഹത്തോടെ പങ്കെടുത്തു.

## പന്തളം

ക്ഷത്രിയ ക്ഷേമസഭ പന്തളം ശാഖയുടെ പുതിയ വനിതാ വിഭാഗം സാരഥികളെ ഏപ്രിൽ 5 ന് പുത്തൻ കൊട്ടാരത്തിൽ ചേർന്ന വനിതാ വിഭാഗം പൊതുയോഗത്തിൽ തിരഞ്ഞെടുത്തു. ചന്ദ്രിക തമ്പുരാട്ടിയുടെ (ചിന്മയ പാലസ്) അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചന്ദ്രികാദേവി തമ്പുരാട്ടിയും (നെയ്തല്ലൂർ കോയിക്കൽ - ലാവണ്യ) ജ്യോതി വർമ്മയും (പുത്തൻ കൊട്ടാരം)ചേർന്ന് ഭദ്രദീപം തെളിയിച്ച് യോഗ നടപടികൾ ആരംഭിച്ചു. വനിതാവിഭാഗം പ്രസിഡന്റായി സീതാലക്ഷ്മി വർമ്മയും സെക്രട്ടറിയായി സന്ധ്യവർമ്മയും തിരഞ്ഞെടുക്കപ്പെട്ടു. വനിതാവിഭാഗത്തിന്റെ ആദ്യ സംരംഭമെന്ന നിലയിൽ ചീട ഉണ്ടാക്കുകയും ഇതിനു വേണ്ടിയുള്ള ധനസമാഹരണം '100 രൂപ ചലഞ്ച്' എന്ന രീതിയിൽ 100 രൂപ വീതം വനിതാ അംഗങ്ങളിൽ നിന്ന് പിരിക്കുകയും ഇത് അവരുടെ മെമ്പർഷിപ്പ് ഫീസായി കണക്കാക്കുകയും ചെയ്തു.

എല്ലാ മാസവും കമ്മറ്റി കൂടുകയും, കാര്യങ്ങൾ വിലയിരുത്തിവരികയും ചെയ്യുന്നു. വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആഴിമല ചെങ്കൽ ശിവ ക്ഷേത്രദർശനം നടത്തി. കർക്കടകമാസത്തിൽ കുടുംബം വക നാലുകെട്ട് തേവാരത്തിൽ വനിതാ വിഭാഗം അംഗങ്ങൾ ഒരു മാസം രാമായണ പാരായണം നടത്തി. അവസാന ദിവസം പാൽപ്പായസ നേദ്യവും പൂജയും നാമജപങ്ങളുമായി പാരായണം പര്യവസാനിച്ചു.

കർക്കടക വാവുബലി ദിനത്തിൽ കൊട്ടാരത്തിൽ അശൂലമായിരുന്ന സാഹചര്യത്തിൽ, പുലയില്ലാത്ത വനിതാ അംഗങ്ങൾ കൈപ്പുഴ ശിവക്ഷേത്രത്തിൽ അത്യാവശ്യ സഹായങ്ങൾ ചെയ്തു.

പന്തളം പാലസ് ക്ലബിന്റെ ഓണാഘോഷ പരിപാടിയിൽ അംഗങ്ങൾ പങ്കെടുത്ത് തിരുവാതിര കളിയും ഗാനങ്ങളും അവതരിപ്പിച്ചു.

ക്ഷത്രിയ ക്ഷേമസഭ നടത്തിവരുന്ന എല്ലാ സംരംഭങ്ങളിലും വനിതാവിഭാഗവും സജീവമായി പ്രവർത്തിച്ചുവരികയും സ്വന്തം നിലയിലുള്ള പ്രവർത്തനങ്ങൾ തുടരുകയും ചെയ്തുവരുന്നു.

## തിരുവല്ല

തിരുവല്ല യൂണിറ്റ് വനിതാവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ പരിഗണിക്കുമ്പോൾ ഭഗവദ് ഗീത, നാരായണീയം, ലളിതാ സഹസ്രനാമം ഇവ

സ്ഥിരമായി ഗ്രൂപ്പിൽ പാരായണം ചെയ്യുന്നുണ്ട്. രാമായണമാസം വളരെ വിപുലമായി ആഘോഷിച്ചു. എല്ലാ യൂണിറ്റുകളിലെയും വനിതാവിഭാഗത്തിന്റെ കൂട്ടായ രാമായണ പാരായണത്തിന്റെ അവസാന ദിവസം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സമ്പൂർണ്ണ രാമായണം സമർപ്പണം ചെയ്യുവാൻ ഇടയായി. അതുപോലെ തന്നെ യൂണിറ്റിന്റെ വിവിധ കുടുംബങ്ങളിൽ ദുർഗ്ഗാഷ്ടമി, മഹാനവമി, വിജയദശമി ദിവസങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ നടന്നു. വനിതാവിഭാഗം ചിട്ടി ഭംഗിയായി നടക്കുന്നുണ്ട്. വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെ വസ്ത്രങ്ങൾ തയ്ച്ച് വിപണനം ആരംഭിച്ചിരിക്കുന്നത് നല്ലരീതിയിൽ മുന്നോട്ട് പോകുന്നു. ഓണക്കാലത്ത് അച്ചാറുകൾ, ഉപ്പേരികൾ ഇവ യൂണിറ്റിൽ നിർമ്മിക്കുകയും വിൽപ്പന നടത്തുകയും ചെയ്തു. വനിതാ വിഭാഗത്തിന്റെ 'വിഷ്ണുപ്രിയ ഭജൻസ്' അതിന്റെ ജൈത്രയാത്ര തുടരുന്നു. വനിതാഭരണ സമിതിയുടെ നേതൃത്വത്തിൽ 21-9-2025 ഞായറാഴ്ച യൂണിറ്റിന്റെ ഈ വർഷത്തെ ഓണാഘോഷം നടത്തി. സഭയിലെ മുതിർന്ന അംഗങ്ങളായ പ്രസിഡന്റ് പി.ആർ. വർമ്മ, കമലമ്മ തമ്പുരാട്ടി എന്നിവർക്ക് ഓണക്കോടി നൽകി ആദരിച്ചു. വിവിധ കലാ-കായിക മത്സരങ്ങളും വിഭവസമൃദ്ധമായ ഓണസ്സദ്യയും സഭാംഗങ്ങളുടെ സഹകരണവും ഓണാഘോഷത്തെ ഗംഭീരമാക്കി. തിരുവല്ല യൂണിറ്റിലെ ഉമാവർമ്മ നടത്തിവരുന്ന യൂണിറ്റിന് അഭിമാനമായ 'കൃഷ്ണശ്രീ കലാസമിതി' സംഗീതജ്ഞ ശാന്താ വർമ്മയുടെ മേൽനോട്ടത്തിൽ മാവേലിക്കരയിൽ ഭംഗിയായി നടക്കുന്നു. വിഷരഹിതമായ പച്ചക്കറികളുടെ ലഭ്യതയ്ക്കായി യൂണിറ്റിലെ കുടുംബങ്ങളിൽ വനിതകളുടെ നേതൃത്വത്തിൽ അടുക്കളത്തോട്ട നിർമ്മാണവും പച്ചക്കറികൃഷിയും നടത്തിവരുന്നു.



എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ വനിതാ വിഭാഗം ഭരണസമിതി മീറ്റിംഗ് കൂടുകയും ഭാവി പരിപാടികൾ തീരുമാനിക്കുകയും ചെയ്തുവരുന്നു. യൂണിറ്റിലെ മുതിർന്ന അംഗമായ ഭാഗീരഥി തമ്പുരാട്ടിയെ 85-ാം പിറന്നാളിന് വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ ആദരിച്ചു. വനിതാകൂട്ടായ്മയുടെ 'വിഷ്ണുപ്രിയ ഭജൻസി'ന് വേണ്ടതായ സഹായങ്ങൾ നൽകിവരുന്ന തിരുവല്ല യൂണിറ്റിലെ കമ്മിറ്റി മെമ്പർ കൂടിയായ വിജയകുമാർ വർമ്മയെ സഭയിലെ മുതിർന്ന അംഗമായ കമലമ്മ തമ്പുരാട്ടി ഓണാഘോഷത്തോടനുബന്ധിച്ച് ആദരിക്കുകയുണ്ടായി. തദവസരത്തിൽ നിസ്വാർത്ഥ സേവനത്തിന്റെ മാതൃകയായ ചെന്നിത്തല 'ഐശ്വര്യ'യിൽ ബാബുവർമ്മ തമ്പുരാനെ KKS വനിതാവിഭാഗം സെക്രട്ടറി രാധികാ വർമ്മ പൊന്നാടയണിയിച്ച് ആദരിച്ചു. യൂണിറ്റിന്റെ മൊത്തത്തിലുള്ള നന്മയെ ലക്ഷ്യമാക്കി പുതിയ പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ട് വനിതാ ഭരണസമിതി പ്രയാണം തുടരുന്നു.

## വൈക്കം

വൈക്കം KKS വനിതാവിഭാഗം ഈ രണ്ടു മാസത്തിനിടയിൽ ഒരു കമ്മറ്റി മീറ്റിംഗ് കൂടി. 6 പേർ മീറ്റിംഗിൽ പങ്കെടുത്തു. നവരാത്രി ആഘോഷം ഗംഭീരമാക്കാനും ഒക്ടോബർ 1 മുതൽ ഒരു വീട്ടിൽ നിന്നും മാസം 50 രൂപ വീതം വരിസംഖ്യ പിരിയ്ക്കുവാനും തീരുമാനമെടുത്തു.

കേന്ദ്ര വനിതാവിഭാഗം online ആയി നടത്തിയ രാമായണ പാരായണത്തിൽ വൈക്കം സഭയിൽ നിന്നും 5 പേർ പങ്കെടുത്തു. online ആയി നടത്തിയ രാമായണ ഉപന്യാസ മത്സരത്തിലും വൈക്കത്തു നിന്നും ഒരാൾ (ലത വർമ്മ) പങ്കെടുത്ത് മൂന്നാം സമ്മാനം ലഭിക്കുകയുണ്ടായി.

വനിതകൾ സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി വൈക്കം സഭയിൽ 2 പുതിയ സംരംഭങ്ങൾ ചെറിയ രീതിയിൽ തുടങ്ങിയിട്ടുണ്ട്. 3 വനിതാ സംരംഭങ്ങൾ മുമ്പേതന്നെയുണ്ട്.

സെപ്റ്റംബർ 3-ന് വൈക്കം KKS നടത്തിയ ഓണാഘോഷത്തിലും വനിതകൾ Program Co-ordination നന്നായി ചെയ്തു. ഓണാഘോഷത്തിൽ വനിതാവിഭാഗം ഒരു ചെറിയ Stall ഇട്ടിരുന്നു. പാട്ടുകൾ, തിരുവാതിരകളി, മറ്റ് ഓണക്കളികൾ എന്നിവയിലെല്ലാം വനിതാവിഭാഗം മുമ്പിലായി

രുന്നു. സഭയിൽ നടക്കുന്ന വിവാഹങ്ങളിലും തലേ ദിവസം വനിതാവിഭാഗത്തിന്റെ തിരുവാതിരകളി ഉണ്ടാവാറുണ്ട്. സെപ്റ്റംബർ 7-ന് സഭയിലെ വൃന്ദ എന്ന കുട്ടിയുടെ വിവാഹത്തിനും തിരുവാതിരകളി അവതരിപ്പിച്ചു. മുപ്പട്ട വെള്ളിയാഴ്ച വടക്കുംകൂർ മൂകാംബിക ക്ഷേത്രത്തിൽ വനിതാവിഭാഗം നട ത്തുന്ന ലളിതാ സഹസ്രനാമ പാരായണവും ഭജ നയും Online ആയി നാരായണീയ പഠനവും മുടക്കം കൂടാതെ നടന്നുവരുന്നു.

## കരപ്പുറം

കരപ്പുറം ക്ഷത്രിയ ക്ഷേമസഭയിലെ വനിതാ അംഗങ്ങളുടെ ഒരു കൂട്ടായ്മയാണ് കരപ്പുറം വനിതാ വേദി. ഏകദേശം പതിനഞ്ചു വർഷത്തോളം പ്രവർ ത്തന പാരമ്പര്യമുള്ള ഈ കൂട്ടായ്മ സംഘടനയിലെ എല്ലാ അംഗങ്ങളുടെയും ഊർജ്ജസ്വലമായ പ്രവർത്തനംകൊണ്ട് ഇന്നും സജീവമാണ്. 2022 വരെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന വനിതാവേദി 2022 മുതൽ പതി നൊന്നു പേരടങ്ങുന്ന കമ്മിറ്റിയംഗങ്ങളെ തിരഞ്ഞെ ടുത്തു പ്രവർത്തിച്ചു.

2024-2025 കാലഘട്ടത്തിലെ പ്രസിഡന്റ് ശൈലജ ധനേഷ് വർമ്മ, സെക്രട്ടറി രമ ജയചന്ദ്രവർമ്മ തുടങ്ങിയവരുടെ നേതൃത്വത്തിൽ കേരള ക്ഷത്രിയ വനിതാ കൂട്ടായ്മയുടെ നിർദ്ദേശപ്രകാരം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ എന്നിവരടങ്ങുന്ന പത്തംഗ കമ്മിറ്റിയെ ജൂൺ മാസത്തിൽ തിരഞ്ഞെടുത്തു. വനിതാവേദിയുടെ പ്രവർത്തനങ്ങളിലൊന്നായ ചിട്ടി നടക്കുന്ന ദിവസം ജൂലൈ 12-ന് രമാ ജയചന്ദ്രവർമ്മയുടെ വസതിയിൽ വച്ച് നടത്തിയ പൊതുയോഗത്തിൽ പുതിയ കമ്മിറ്റി സ്ഥാനമേറ്റു.

ഭാരവാഹികൾ- പ്രസിഡന്റ്: രജനി വർമ്മ, വൈസ് പ്രസിഡന്റ്: രമ അജിത് വർമ്മ, സെക്രട്ടറി: പാർവതി വർമ്മ, ജോ. സെക്രട്ടറി: മായ സതീഷ് വർമ്മ, ട്രഷറർ: രേഖ സജിത്ത് വർമ്മ.

കമ്മിറ്റി അംഗങ്ങൾ- ജയശ്രീ വർമ്മ, അനിത വർമ്മ, ഇന്ദിര വർമ്മ, ജയലക്ഷ്മി വർമ്മ, ശൈലജ അനിൽ വർമ്മ.

പുതിയ ഭാരവാഹികൾ ചുമതലയേറ്റ ശേഷം ഓഗസ്റ്റ് 15-ന് കരപ്പുറം ക്ഷത്രിയ ക്ഷേമസഭാ മന്ദിരത്തിൽ വെച്ച് സ്വാതന്ത്ര്യദിനവും രാമായ ണദിനവും ആഘോഷിച്ചു. അന്നേ ദിവസം തങ്കമണി വർമ്മയുടെ വസതിയിൽ വച്ച് വൈകിട്ട് വനിതാ വേദിയുടെ ആഭിമുഖ്യത്തിൽ ചിട്ടി നടന്നു. ആഗസ്ത് 24-ന് കരപ്പുറം വനിതാവേദിയുടെ ക്ഷണപ്രകാരം യൂണിറ്റ് സന്ദർശിക്കാൻ കേരള വനിതാഭാരവാഹി കൾ വരുന്ന വിവരം അംഗങ്ങളെ അറിയിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആഗസ്ത് 24-ന് ഉച്ചയ്ക്ക് 2.30 ന് യോഗം ആരംഭിച്ചു. കരപ്പുറം വനിതാവേദി പ്രസിഡന്റ് രജനി വർമ്മ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി പാർവ്വതി വർമ്മ സ്വാഗതം ആശംസിച്ചു. കേരള ക്ഷത്രിയ വനിതാ കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് കോമളം കെ. വർമ്മ, സെക്രട്ടറി രാധിക വർമ്മ, ജോ. സെക്രട്ടറി രാജശ്രീ വർമ്മ എന്നിവർ ഈ യോഗത്തിൽ വിശിഷ്ടാതിഥികളായി പങ്കെടുത്തു. കേരള ക്ഷത്രിയ വനിതാ കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് കോമളം കെ. വർമ്മ സംസ്ഥാന കമ്മിറ്റിയുടെ ഉദ്ദേശ്യലക്ഷ്യ ങ്ങളെക്കുറിച്ച് വ്യക്തമാക്കി. സെക്രട്ടറി രാധിക വർമ്മ മുഖ്യപ്രഭാഷണവും ജോ. സെക്രട്ടറി രാജശ്രീ വർമ്മ ആശംസയും പറയുകയുണ്ടായി. കരപ്പുറം ക്ഷത്രിയ ക്ഷേമസഭാ പ്രസിഡന്റ് ഹരികൃഷ്ണ വർമ്മ, സെക്രട്ടറി അനൂപ് വർമ്മ, വനിതാവേദി വൈസ് പ്രസിഡന്റ് രമ അജിത് വർമ്മ, ഡോ. ദേവി കെ. വർമ്മ എന്നിവരും യോഗത്തിൽ ആശംസ അർപ്പിച്ചു. ഇരുപത്തിയാറു വനിതാ അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ ട്രഷറർ രേഖ സജിത്ത് വർമ്മ കൃതജ്ഞത രേഖപ്പെടുത്തി. കരപ്പുറം ക്ഷത്രിയ സഭ യുടെ ഓണാഘോഷം വനിതാവേദിയുടെ നേതൃ പങ്കാളിത്തത്തോടെ അതിവിപുലമായി സെപ്തംബർ 14 ഞായറാഴ്ച ആഘോഷിച്ചു.

സഭയുടെയും വനിതാവേദിയുടെയും എല്ലാ പ്രവർത്തനങ്ങൾക്കും സർവ്വാത്മനാ സഹകരണ മനോഭാവം പുലർത്തുന്ന എല്ലാ വനിതാവേദി അംഗ ങ്ങളോടും ഹൃദയാത്മകമായ സ്നേഹം അറിയി ക്കുന്നു.

## തൃശ്ശൂർ

ക്ഷത്രിയ ക്ഷേമസഭ തൃശൂർ യൂണിറ്റിന്റെ കീഴിലുള്ള വനിതാ പ്രവർത്തകരുടെ കൂട്ടായ്മ 2025 ജൂലൈ 14-ന് അഞ്ചേരി സുധ സനത് കുമാറിന്റെ വസതിയിൽ വച്ച് ചേർന്നു. യോഗത്തിൽ 32 പേർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ കേരള ക്ഷത്രിയ വനിതാ കൂട്ടായ്മയുടെ പ്രസിഡന്റ് ഡോ.

സുജാത വർമ്മ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി രാധികവർമ്മ, കോമളവല്ലി, മേഖല സെക്രട്ടറി അനിത ഉണ്ണികൃഷ്ണൻ എന്നിവർ കേന്ദ്രസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

അംഗങ്ങളെല്ലാം സ്വയം പരിചയപ്പെടുത്തിയതിനു ശേഷം ഈ കൂട്ടായ്മയുടെ ആവശ്യകതയെയും പ്രവർത്തനമേഖലയെയും കുറിച്ച് രാധിക വിശദമായി സംസാരിച്ചു.

തൃശ്ശൂർ യൂണിറ്റിന്റെ പ്രവർത്തനത്തിന് വേണ്ടി 10 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് താഴെ പറയുന്ന ഭാരവാഹികളെയും യോഗം തിരഞ്ഞെടുത്തു.

രക്ഷാധികാരി: ഈശ്വരിവർമ്മ, പ്രസിഡന്റ്: ഡോ. ബിന്ദു വർമ്മ, വൈസ് പ്രസിഡന്റ്: സന്ധ്യ വർമ്മ, സെക്രട്ടറി: ദീപ പ്രസാദ്, ജോയിന്റ് സെക്രട്ടറി സജിത വർമ്മ, പദ്മിനി വർമ്മ, ട്രഷറർ: പ്രേമലത ദിലീപ് (ശോഭന).

അംഗങ്ങൾ- സുധ സനത്, നിർമ്മല, സുധ രാജേഷ്, ലളിത മോഹൻ, സുമിത്ര സുധീരൻ.

ആദ്യയോഗത്തിന് ആതിഥ്യമേകിയ സുധ തമ്പാന്റെ കുടുംബത്തിനും അന്ന് പങ്കെടുത്ത വിശിഷ്ട വ്യക്തി കൾക്കും മറ്റ് അംഗങ്ങൾക്കും മേഖല സെക്രട്ടറി അനിത ഉണ്ണികൃഷ്ണൻ നന്ദി പ്രകടിപ്പിച്ചു.

രാമായണ മാസത്തിനോടനുബന്ധിച്ചു ക്ഷത്രിയ ക്ഷേമ കൂട്ടായ്മ ഒരുക്കിയ രാമായണ പാരായണത്തിൽ 3 ദിവസം തൃശ്ശൂർ കൂട്ടായ്മ പാരായണം ചെയ്തു. അവതരിപ്പിച്ച എല്ലാവരെയും സംഘടന അഭിനന്ദിക്കുന്നു.

തിരുത്തൂരുള്ള നമ്മുടെ അംഗങ്ങൾ ചേർന്ന് ഭാഗവതം പാരായണം ചെയ്തു സമർപ്പിച്ചു. അവരെയും അഭിനന്ദിക്കുന്നു.

കേന്ദ്രകൂട്ടായ്മ സംഘടിപ്പിച്ച രാമായണ കഥാപാത്രങ്ങളെക്കുറിച്ചുള്ള ഉപന്യാസ മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. ഇതിൽ പ്രോത്സാഹന സമ്മാനം നേടിയ പദ്മിനി വർമ്മയെ പ്രത്യേകം അഭിനന്ദിക്കുന്നു.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു ഗൂഗിൾ മീറ്റ് 14-9-25 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് സംഘടിപ്പിച്ചു. 7 അംഗങ്ങൾ പങ്കെടുത്തു.

21-9-2025 തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയുടെ വാർഷിക യോഗത്തിൽ വച്ച് മറ്റ് അംഗങ്ങളെ പരമാവധി കാണുന്നതിനും 12-10-25 ഒരു ജനറൽ ബോഡി യോഗം അഞ്ചേരിയിലുള്ള പ്രേമലത ദിലീപിന്റെ വസതിയിൽ വച്ച് കൂടുന്നതിനും ധാരണയായി.

## കോട്ടയം

15-6-2025 ൽ തിരഞ്ഞെടുത്ത വനിതാ ഭരണസമിതിയുടെ യോഗം 10-8-2025 ന് 10 മണിയോടെ മറിയപ്പള്ളി കൊട്ടാരത്തിൽ വെച്ച് ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു. 1) നേരത്തെ തിരഞ്ഞെടുത്ത ട്രഷറർക്ക് വ്യക്തിപരമായ കാരണങ്ങളാൽ തൽസ്ഥാനത്ത് തുടരുവാൻ സാധിക്കാത്തതിനാൽ പ്രിയാ കണ്ണനെ ട്രഷറർ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 2) KKS വനിതാവിഭാഗം ഭരണസമിതിയുടെ നിർദ്ദേശപ്രകാരം 2 കമ്മിറ്റിയംഗങ്ങളെക്കൂടി തിരഞ്ഞെടുത്തു. അഞ്ജലി അനീഷ് വർമ്മ വൈസ് പ്രസിഡന്റായും അർച്ചന വിനോദ് വർമ്മ ജോയിന്റ് സെക്രട്ടറിയായും സ്ഥാനമേറ്റു. ഇപ്പോൾ നിലവിൽ പ്രസിഡന്റ്, സെക്രട്ടറി, 2 വൈസ് പ്രസിഡന്റുമാർ, 2 ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർ, 5 കമ്മിറ്റിയംഗങ്ങളടക്കം 12 ഭരണസമിതി അംഗങ്ങൾ ഉണ്ട്. 3) ഓഗസ്റ്റ് 15-ന് രാമായണ ദിനാചരണം അംബികാ വർമ്മയുടെ വീട്ടിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. 4) സെപ്റ്റംബർ 13-ന് കോട്ടയം ക്ഷത്രിയ ക്ഷേമസഭയുടെ ഓണാഘോഷ പരിപാടിയിൽ കലാപരിപാടികൾ അവതരിപ്പിക്കുവാനും തീരുമാനിച്ചു. 11:15 ഓടെ യോഗം സമാപിച്ചു.



## അഭിനന്ദനങ്ങൾ

ഈ വർഷം തിരുവല്ല മാർത്തോമ കോളേജിൽ നിന്നും B.Sc. Mathematics-ൽ Best Outgoing Student എന്ന ബഹുമതി ലഭിച്ച **അഞ്ജന എസ്**. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ M.Sc. Statistics-ന് പഠിക്കുന്നു. തിരുവല്ല യൂണിറ്റിലെ ശ്രീകുമാർ കർത്തയുടെയും പുഷ്പലതയുടെയും മകളാണ്.

# ശ്രദ്ധാഞ്ജലി

## പന്തളം കൊട്ടാരം വലിയ തമ്പുരാട്ടി ചോതിനാൾ വിജയലക്ഷ്മി തമ്പുരാട്ടി



പന്തളം കൊട്ടാരം വലിയ തമ്പുരാട്ടി വടക്കേമുറി പുത്തൻകോയിക്കൽ കൊട്ടാരത്തിൽ ചോതിനാൾ വിജയലക്ഷ്മി തമ്പുരാട്ടി (95) അന്തരിച്ചു. കിടങ്ങൂർ നെല്ലിപ്പുഴ കല്ലംപിള്ളി ഇല്ലത്ത് ഹരീശ്വരൻ നമ്പൂതിരിയുടെയും പന്തളം വടക്കേമുറി പുത്തൻ കൊട്ടാരത്തിൽ ഉത്രംനാൾ തമ്പംഗിത്തമ്പുരാട്ടിയുടെയും മകളാണ്. വെള്ളാങ്ങല്ലൂർ മഠത്തിൽ കോവിലകത്ത് പരേതനായ രാമവർമ്മയുടെ പത്നിയാണ്. മകൻ: ആർ. സലിം (ബിസിനസ്സ് ഖത്തർ). മരുമകൾ: ബിന്ദു വർമ്മ.

### തിരുവോണംനാൾ ലക്ഷ്മി തമ്പുരാട്ടി




പന്തളം കൈപ്പുഴ മുണ്ടക്കൽ കൊട്ടാരത്തിൽ തിരുവോണം നാൾ ലക്ഷ്മി തമ്പുരാട്ടി (സുകുമാരി തമ്പുരാട്ടി – 83) അന്തരിച്ചു. ഭർത്താവ്: തൃപ്പൂണിത്തുറ ഈശ്വരസേവാ പാലസിൽ പരേതനായ രവിവർമ്മ കൊച്ചപ്പൻ തമ്പുരാൻ. മക്കൾ: സുഭഗാ വർമ്മ, ചിത്രാ വർമ്മ (റിട്ട. ഹയർ സെക്കന്ററി അദ്ധ്യാപിക, RRV GHSS, കിളിമാനൂർ). മരുമക്കൾ: സഞ്ജീവ് കുമാർ രാജ, സുഭാഷ് വർമ്മ (റിട്ട. KSEB).

### പ്രദീപ് ജി. വർമ്മ



കണ്ണൂർ ചിറക്കൽ കോവിലകാംഗം പ്രദീപ് ജി. വർമ്മ (63– Retd. AGM Canara Bank & Retd. GM Karnataka Gramin Bank) അന്തരിച്ചു. ഭാര്യ: തിരുവണ്ണൂർ പുതിയ കോവിലകത്തെ ജ്യോതി. മക്കൾ: ഭരദ്വാജ്, ഭാവന.

### ഉണ്ണികൃഷ്ണൻ



തൃശൂർ മാമ്പ്ര കോരേഴത്ത് മഠത്തിൽ ഉണ്ണികൃഷ്ണൻ (67) അന്തരിച്ചു. മാമ്പ്ര യൂണിയൻ ഹയർ സെക്കന്ററി സ്കൂൾ മാനേജരായിരുന്നു. ഭാര്യ: നട്ടാശ്ശേരി തെക്കുംകൂർ പാലസിൽ (ഇടത്തിൽ) ലേഖ വർമ്മ. മക്കൾ: ലക്ഷ്മി വർമ്മ, പാർവ്വതി വർമ്മ, സുദർശൻ വർമ്മ. മരുമകൻ: ഹരികൃഷ്ണൻ (അമൃത സ്കൂൾ, മാവേലിക്കര).

### നിർമ്മല



കനകത്തിടത്തിൽ നിർമ്മല (70) അന്തരിച്ചു. ഭർത്താവ്: പി.പി. കുഞ്ഞികൃഷ്ണൻ (Retd. Air-force/Post office). മക്കൾ: സജിത കെ. (അദ്ധ്യാപിക, കോഴിക്കോട്), സജീഷ് കെ. (വിദേശം), സനീഷ് കെ. (വാഴുന്നവേഴ്സ് U P സ്കൂൾ). മരുമക്കൾ: സുരേഷ് കെ.പി. (NIELIT, NIT കോഴിക്കോട്), പ്രമിഷ (അദ്ധ്യാപിക, ഇരിക്കൂർ), പ്രബുദ്ധ യു. (MEC മുഴക്കുന്ന് CDS).

### ഉണ്ണിക്കൃഷ്ണ വർമ്മ



പരേതരായ നെടുമ്പ്രത്തു കൊട്ടാരത്തിൽ ജി. കേരളവർമ്മ രാജ, കിളിമാനൂർ കൊട്ടാരത്തിൽ സുശീലാഭായി തമ്പുരാട്ടി എന്നിവരുടെ പുത്രൻ കെ. ഉണ്ണിക്കൃഷ്ണവർമ്മ (63) (Retd. Asst. Manager, Kerala State Co-Op Agrl. Land Development Bank) അന്തരിച്ചു. ഭാര്യ: കടപ്ര വാക്കയിൽ കോയിക്കൽ ഗിരിജവർമ്മ. മകൾ: അഞ്ജലിവർമ്മ. മരുമകൻ: അരവിന്ദ് വർമ്മ.

## ടി.എൻ. ഗോദവർമ്മ



ഒല്ലൂക്കര 'നീലകണ്ഠി'ൽ ടി. എൻ. ഗോദവർമ്മ (അനിയേട്ടൻ-94) തൃപ്പൂണിത്തുറ താമരംകുളങ്ങരയിൽ അന്തരിച്ചു. പരേതയായ രാധാ വർമ്മയാണ് ഭാര്യ. മക്കൾ: സുധ വർമ്മ (ഭവൻസ് വിദ്യാമന്ദിർ), ഇന്ദു വർമ്മ (കാനഡ), ജ്യോതി വർമ്മ (തിരുപ്പൂർ). മരുമക്കൾ: ഡോ. മുരളി (റിട്ട. പ്രിൻസിപ്പൽ, ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ), പ്രദീപ് വർമ്മ (കാനഡ), രാജേഷ് വർമ്മ (കിറ്റക്സ്).

## വിദ്യാവർമ്മ



പാലക്കാട് 'കണ്ണാടി നീലനാത്തുകള'ത്തിൽ വിദ്യാവർമ്മ (86) അന്തരിച്ചു. ഭർത്താവ്: വൈക്കം അറവാതുക്കൽ കോവിലകം പരേതനായ ഗോദവർമ്മ (Retd HI). മക്കൾ: രാജരാജവർമ്മ, പ്രീതി. മരുമക്കൾ: അനിൽ വർമ്മ (ചിറക്കൽ കോവിലകം), സുജാത (തൃപ്പൂണിത്തുറ കോവിലകം).

## ജാനകി അമ്മ



കൂടാളി ഇടത്തിൽ ജാനകി അമ്മ (96) അന്തരിച്ചു. ഭർത്താവ്: പരേതനായ ടി.ഇ. കൃഷ്ണൻ നായനാർ (ചൂളിയാട്). മക്കൾ: ശ്രീദേവി (പേരൂൽ), സൗദാമിനി (കൊല്ലം), ഇന്ദിരാ ഭായി, സരസ്വതി, രമ ഭായി ( Rtd. Sales Tax Officer), സുരേഷ് ബാബു (Rtd. ADIO), ഉണ്ണികൃഷ്ണൻ (Rtd. SI, police). മരുമക്കൾ: Late ദാമോദരൻ മാസ്റ്റർ (പേരൂൽ), Late ഉണ്ണികൃഷ്ണൻ ഉണ്ണി (കൊല്ലം), പ്രേമരാജൻ (വട്ടോളി), ജ്യോതിലക്ഷ്മി (നടുവിൽ), സജിത (കല്ലിയാശ്ശേരി).

## രോഹിണിനാൾ അംബാലിക തമ്പുരാട്ടി

പന്തളം വടക്കേമുറി പുത്തൻകോയിക്കൽ കൊട്ടാരത്തിൽ ഇളയ തമ്പുരാട്ടി രോഹിണിനാൾ അംബാലിക തമ്പുരാട്ടി (94) അന്തരിച്ചു. പന്തളം



കൈപ്പുഴ വടക്കേ മുറി പുത്തൻ കോയിക്കൽ പരേതയായ പൂരാടം നാൾ ലക്ഷ്മിതമ്പുരാട്ടിയുടെയും കിടങ്ങൂർ ഓശ്ശേരി രാമൻ നമ്പൂതിരിയുടെയും മകളാണ്. സ്വാതന്ത്ര്യ സമര സേനാനി എർണ്ണൂർ നീലകണ്ഠൻ നമ്പൂതിരിയുടെ പത്നിയാണ്. മകൾ: ദീപാവർമ്മ (നിർവ്വാഹക സംഘം ട്രഷറർ). മരുമകൻ: മാവേലിക്കര കൊട്ടാരത്തിൽ വേണുഗോപാൽ.

## സുശീല ആർ. വർമ്മ




ആറൻമുള ചെമ്പകശേരി കൊട്ടാരത്തിൽ സുശീല ആർ. വർമ്മ (ആയില്യംനാൾ സുകുമാരി കുഞ്ഞുതമ്പുരാട്ടി -83) അന്തരിച്ചു. അമ്മ: ആറൻമുള ചെമ്പകശേരി കൊട്ടാരം പരേതയായ അമ്മച്ചിക്കുട്ടി തമ്പുരാട്ടി. അച്ഛൻ: പന്തളം നീരാഴിക്കെട്ട് കൊട്ടാരത്തിൽ പരേതനായ കേരളവർമ്മ രാജ. ഭർത്താവ്: വൈക്കം വടക്കുംകൂർ കൊച്ചനാട്ട് കോയിക്കൽ പരേതനായ കെ. രവിവർമ്മ രാജ. മക്കൾ: ജയപാർവതി (യുഎസ്എ), ബാബുരാജ് (സിംഗപ്പൂർ). മരുമക്കൾ: സജി (യുഎസ്എ), കവിത (സിംഗപ്പൂർ).

## മാളവിക



പന്തളം ഊട്ടുപുര കൊട്ടാരത്തിൽ സുമംഗല തമ്പുരാട്ടിയുടെയും ചിറ്റൂർ കീഴേപ്പാട്ട് ഇല്ലത്ത് ദാമോദരൻ മൂസ്സതിന്റെയും മകൾ മാളവിക (മാളു - 26) അന്തരിച്ചു.

## പി.എം. രാധാകൃഷ്ണൻ



ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് ഭരണസമിതി അംഗവും സജീവ പ്രവർത്തകനുമായ പി.എം. രാധാകൃഷ്ണൻ അമ്പലത്തറ (72) അന്തരിച്ചു. പരേതരായ എൻ.പി. നാരായണൻ ഉണിത്തിരിയുടെയും പി.എം. പത്മിനി പിള്ളയാർതിരി

അമ്മയുടെയും മകനാണ്. ഭാര്യ: വി.എം. ലളിത, മക്കൾ: ശ്രീരാഗ്, ശ്രുതി. മരുമക്കൾ: ശ്യാമവർമ്മ (തൃപ്പൂണിത്തുറ), യദു രാമചന്ദ്രൻ ആലുവ).

### ഭാഗീരഥി തമ്പുരാട്ടി



തിരുവല്ല കടപ്ര തുളിശാല കോയിക്കൽ ഭാഗീരഥി തമ്പുരാട്ടി (92) അന്തരിച്ചു. മകൾ: ജയശ്രീ വർമ്മ. മരുമകൻ: പാലാ കടനാട് വടക്കുംകൂർ പാലസിൽ പ്രതാപ വർമ്മ രാജ (കെ.എസ്.ആർ.ടി.സി. റിട്ട. ഉദ്യോഗസ്ഥൻ).

### തങ്കം നമ്പിഷ്ടാതിരി



തൃശ്ശൂർ അഞ്ചേരി പടിഞ്ഞാറെ ചങ്കരംപാട്ട് മഠത്തിൽ (ഇന്ദീവരം) തങ്കം നമ്പിഷ്ടാതിരി (92) (റിട്ട. സീനിയർ അക്കൗണ്ടന്റ്, എജീസ് ഓഫീസ്, തിരുവനന്തപുരം) അന്തരിച്ചു. മകൾ: സത്യ വർമ്മ. മരുമകൻ: എ.കെ. രവീന്ദ്രൻ.

### എൻ. രാമവർമ്മ



വൈക്കം വടക്കേമഠത്തിൽ എൻ. രാമവർമ്മ (കൊച്ചുകുട്ടൻ–86) അന്തരിച്ചു. ഭാര്യ: വെള്ളാങ്ങല്ലൂർ മഠത്തിൽ കോവിലകം ചന്ദ്രമണി തമ്പുരാട്ടി. മകൻ: അജിത് കുമാർ വർമ്മ (EPFO എറണാകുളം). മരുമകൾ: രശ്മി വർമ്മ.

### സരളാ ദേവി എസ്.



എടപ്പാൾ മൂത്തേടത്തു മനയ്ക്കൽ പരേതനായ എസ്. സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ സഹധർമ്മിണി സരളാ ദേവി എസ്. (75) അന്തരിച്ചു. മക്കൾ: ശങ്കർ എം.എസ്., കൃഷ്ണൻ എം.എസ്. മരുമക്കൾ: തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ ഭരണസമിതിയംഗം വിദ്യ വർമ്മ കെ.എസ്., സിന്ധു കൃഷ്ണൻ.



### അഡ്വ. രഘുനാഥ് വർമ്മ

ചെങ്ങളം തെക്കേടത്ത് കോവിലകം കുടുംബാംഗവും ഹൈക്കോടതിയിലെ അഭിഭാഷകനുമായ അഡ്വ. രഘുനാഥ് വർമ്മ (74) അന്തരിച്ചു.

രഘുവിന്റെ ആകസ്മിക നിര്യാണവാർത്ത അദ്ദേഹത്തിന്റെ അതിവിശാല സുഹൃദ് സഞ്ചയവും ഉന്നത അഭിഭാഷകവൃന്ദവും രാഷ്ട്രീയ നേതാക്കളും ഞെട്ടലോടെയാണു സ്വീകരിച്ചത്. അഭിഭാഷക വൃത്തിയോടുള്ള അദമ്യമായ ആവേശംമൂലം നിയമ കാര്യാലയത്തിലെ സ്വച്ഛവും ശാന്തവുമായ ജോലി ഉപേക്ഷിച്ചാണ് രഘു അറിയപ്പെടുന്ന അഭിഭാഷകനായത്. വിജയങ്ങളുടെ ഓരോ പടിയും ചവിട്ടിക്കയറുമ്പോഴും കൂടുതൽ വിനയാന്വിതനായി. സ്നേഹവും ഊർജ്ജവും വിശ്വാസ്യതയും മുറ്റിനിന്ന വാക്കുകൾ കക്ഷികൾക്ക് എന്നും പ്രചോദനമായിരുന്നു. തന്റെ പ്രൊഫഷനിൽ ഉള്ള അന്തസ്സും അർപ്പണബോധവും തന്റേടവുമാണ് ഹൈക്കോടതിയിൽ പുതിയ പന്ഥാവുകൾ വെട്ടിത്തുറക്കാൻ പ്രേരിപ്പിച്ചത്. വഴികാട്ടിയും ഉപദേശകനുമായ സീനിയർ അഡ്വക്കേറ്റ് വിജയവർമ്മയുടെ സാന്നിദ്ധ്യം രഘുവിന്റെ ജന്മസിദ്ധമായ സ്ഥിരോത്സാഹത്തെ പ്രോജ്വലിപ്പിച്ചു. 1949–നു മുമ്പു ജനിച്ച വന്ദ്യ വയോധികരായ ക്ഷത്രിയർക്ക് നീതിയുക്തമായി കിട്ടേണ്ട ആനുകൂല്യം (അടുത്തൂൺ) ഒരു ചെറിയ വിഭാഗത്തിനു മാത്രം കിട്ടുകയും ബഹുഭൂരിപക്ഷം പേർക്കും നിഷേധിക്കപ്പെടുകയും ചെയ്യുന്ന വൈരുദ്ധ്യം നീക്കി അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുവാൻ വേണ്ടി കോടതിയിൽ കേസ്സിന്റെ എല്ലാ വശവും വിശദമായി ചർച്ച ചെയ്ത് നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായി നേടിയെടുക്കുന്നതിന് അഡ്വ. രഘുനാഥ വർമ്മയുടെ പ്രവർത്തനങ്ങൾ നിസ്തുലമാണ്.

ഭാര്യ: നിർമ്മലാകുമാരി (ചെന്നിത്തല). മക്കൾ: ഹരീഷ് വർമ്മ, പ്രൊഫ. ഗിരീഷ് വർമ്മ (ഐ.ഐ.ടി. ഹൈദരാബാദ്). മരുമക്കൾ: ധന്യ, മതിമലർ.

# വൈവാഹികം

## വരനെ ആവശ്യമുണ്ട്

### BOX No. 2541

| | | | |
|---|---|---|---|
| ഗു | ശു മ മാ | ര ബു കു | |
| ശി ല | ഗ്രഹനില | | |
| | | | സ |
| | | | ച |

| | | | |
|---|---|---|---|
| | മാ | ബു കു മ | ല |
| | നവാംശം | | ച ര ശു ഗു സ |
| ശി | | | |
| | | | |

Kshatriya girl 27 yrs. (05-06-1998), Atham star, 156 cms. M.Sc. Chemistry. Now doing Ph.D. at Kochi. Seeks suitable alliance from Kshatriya boys.

Contact: **7034432783**

ജന്മശിഷ്ടം: 2 വർഷം 5 മാസം 6 ദിവസം ചന്ദ്രദശ

### BOX No. 2542

| | | | |
|---|---|---|---|
| | ഗു മ | | ര |
| | ഗ്രഹനില | | ബു ല സ ശു |
| ശി | | | മാ |
| ച | | കു | |

| | | | |
|---|---|---|---|
| മാ ശു | | ഗു | |
| ര സ | നവാംശം | | ശി |
| ല ച | | | |
| | കു | മ | ബു |

Kshatriya girl, 26 years, (30 June 1999), Uthradom star, 160 cm, Qualified SET, C-TET, K-TET. Currently, Taking Tuition for school students (subject-Physics) and pursuing for Govt Teaching jobs. Seeks suitable alliance from Kshatriya boys.

**Contact No: 8330054846**

ജന്മശിഷ്ടം: 5 വർഷം 5 മാസം 26 ദിവസം ആദിത്യദശ

### BOX No. 2343

| | | | |
|---|---|---|---|
| | ഗു മ | | |
| | ഗ്രഹനില | | സ |
| ശി | | | |
| കു | ച ബു | ല ര മാ | ശു |

| | | | |
|---|---|---|---|
| ശു | | ര ഗു ശി | |
| ച | നവാംശം | | |
| | | | ബു |
| | സ കു | ല മാ | മ |

Kshatriya girl, 25 years, (11 Nov 1999; 1175 Thulam 25) Thrikketta star, 5' 6" tall, M.Tech. Mechatronics Engineering, B.E. Instrumentation Engineering. Working as Design Engineer at Arya Engineers and Contractors Pvt. Ltd., Pune. Seeks suitable alliance from Kshatriya boys.

**Contact No: 9823966737, 9561498227**

ജന്മശിഷ്ടം: 6 വർഷം 3 മാസം 14 ദിവസം 24 നാഴിക ബുധദശ

# വധുവിനെ ആവശ്യമുണ്ട്

## BOX No. 2544

| | | | |
|---|---|---|---|
| ച | മാ | | കു ല |
| ശി | ഗ്രഹനില | | ര ബു ശു ഗു |
| | | | മ സ |
| | ........ | | |

| | | | |
|---|---|---|---|
| | | ല | |
| ര ഗു ശി | നവാംശം | | |
| ശു | | | സ |
| ച കു മാ | | മ | ബു |

ജന്മശിഷ്ടം: 14 വർഷം 10 മാസം 13 ദിവസം ബുധദശ

Kshatriya boy, 46 yrs. (12 08 1979) Revathi star, 175 cms. Plus two passed. Doing own live stock development at home. financially well off. Alliance invited from suitable Kshatriya girls.

Contact: **8281145954**

## BOX No. 2545

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 35 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance Software Engineer, Entrepreneur, running an NGO, Co-founder of Dakshin Vrindavan Gaushala (dakshin-vrindavan.org). Seeks suitable alliance from parents of Kshatriya community.

Contact: **9447072138, 9995052138**

## BOX No. 2546

| | | | |
|---|---|---|---|
| മ ശി | | | |
| | ഗ്രഹനില | | കു |
| ല | | | ശു |
| ഗു മാ | ച | | ര ബു സ |

| | | | |
|---|---|---|---|
| കു | സ | | ബു |
| ല | നവാംശം | | |
| | | | മാ |
| | ച | ശു ശി | ര ഗു മ |

ജന്മശിഷ്ടം: 2 വർഷം 5 മാസം 27 ദിവസം 45 നാഴിക ശനിദശ

Kshatriya boy 28 yrs.(16 October 1996; 30 Kanni 1172), Anizham star, 164 cms., M.Tech. in Construction Technology & Management from NIT Nagpur. Presently working at home with a Startup Mumbai based Construction Technology Company with Multi National clientele. Seeks alliance from parents of Kshatriya girls.

Contact: **9020858300 / 8075290958**

## BOX No. 2547

| | | | |
|---|---|---|---|
| കു | | ഗു | |
| സ | ഗ്രഹനില | | ച ശു |
| | | | ര ശി |
| ല മ | മാ | | ബു |

| | | | |
|---|---|---|---|
| | മ സ ഗു | ബു | |
| | നവാംശം | | |
| | | | ശു |
| കു | മാ | ല ര ശി | ച |

Kshatriya boy 37 yrs. (07 September 1988;), Pooyam star, Suddha Jaathakam, 170 cms., MBBS, MD in Biochemistry. Asst. Professor at Amala Medical College, Thrissur. Seeks alliance from parents of Kshatriya girls.

Contact: **9633832422 / 9895236450**

## BOX No. 2548

| | | | |
|---|---|---|---|
| ര ശു മ ശി | ബു | | മാ |
| | ഗ്രഹനില | | ല |
| ഗു ച | | | കു |
| | | | സ |

| | | | |
|---|---|---|---|
| ച | | ...... | ബു |
| സ മാ | നവാംശം | | ഗു |
| | | | ശി |
| ശു ര ല കു മ | | | |

ജന്മശിഷ്ടം: 0 വർഷം 4 മാസം 14 ദിവസം സൂര്യദശ

Kshatriya boy 28 yrs. (02-04-1997,1172 Meenam 19), Uthradam star, 5'11". M.Sc. Biotech, employed in Canada. Seeks alliance from Kshatriya girls.

Contact: **9441233556, 9846834858**

## BOX No. 2549

| | | | |
|---|---|---|---|
| കു ല | ബു ശു | ര | കേ |
| മാ | ഗ്രഹനില | | |
| ശ | | | ഗു |
| സ | | ച | |

| | | | |
|---|---|---|---|
| | ച | | സ |
| | നവാംശം | | ഗു |
| ല ര | | | ശ ബു |
| കേ | കു ശു | | |

ശിഷ്ടദശ: 13 വർഷം, 1 മാസം, 26 ദിവസം ഗുരുദശ

Kshatriya boy 32 years, hailing from Cochin Royal Family, Visakhom star, 165 cm., Chartered Accountant by profession. Working in Ernakulam. Seeks suitable alliance from parents of girls from Kshatriya/Nambudiri community. The parent preferably be eligible to wear the sacred thread - പൂണൂൽ).

**Contact: 9446127721**

*(ശേഷം പേജ് 70-ൽ)*

## സാമന്ത സമാജം

കഴിഞ്ഞ വർഷം ഒക്ടോബർ 6-ന് ഗുരുവായൂർ ഹരേ കൃഷ്ണ ഇന്നിൽ വച്ച് കൂടിയ ക്ഷത്രിയ ക്ഷേമസഭയുടെയും സാമന്ത സമാജത്തിന്റെയും ഭാരവാഹികളുടെ യോഗത്തിൽ തീരുമാനിച്ച പ്രകാരം തൃശ്ശൂർ പുതുക്കാടിനടുത്തുള്ള നന്തിപുലം സാമന്ത സമാജം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ ഒക്ടോബർ 11-ന് നടത്തിയ കലാസാംസ്കാരിക കൂട്ടായ്മ (ശ്രുതിലയം)യിൽ ക്ഷത്രിയ ക്ഷേമസഭയുടെ തൃശ്ശൂർ ജില്ലയിലുള്ള അംഗങ്ങളേയും ക്ഷണിച്ചിരുന്നു. സാമന്ത സമാജത്തിന്റെ എല്ലാ സംസ്ഥാന ഭാരവാഹികളും പങ്കെടുത്തിരുന്നു. ക്ഷത്രിയ ക്ഷേമസഭയിലെ തൃശ്ശൂർ യൂണിറ്റ് ഭാരവാഹികളും കലകാരന്മാരും കലാകാരികളും പങ്കെടുത്തു. സാമന്ത സഭയുടെ ക്ഷണം സ്വീകരിച്ച് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജന. സെക്രട്ടറിയും പരിപാടിയിൽ പങ്കെടുത്തു. പ്രസിഡന്റ് ഡോ. ലളിതാംബികയ്ക്ക് മറ്റു ചില തിരക്കുകൾ മൂലം സംബന്ധിക്കാനായില്ല. രാവിലെ 9.45 ന് എല്ലാവരും കൂടി നിലവിളക്ക് കൊളുത്തി പരിപാടികളുടെ ഉൽഘാടനം നടത്തി. മീറ്റിംഗിനു ശേഷം 11.30-ന് കലാപരിപാടികൾ ആരംഭിച്ചു. സോപാന സംഗീതം, ഭരതനാട്യം, മോഹിനിയാട്ടം, തിരുവാതിരകളി, ശാസ്ത്രീയ സംഗീതം, സിനിമാ സംഗീതം തുടങ്ങി വിവിധയിനങ്ങൾ ഇരു സഭകളിലേയും അംഗങ്ങൾ ഭംഗിയായി അവതരിപ്പിച്ചു. ഉച്ചയൂണിനു ശേഷവും പരിപാടി തുടർന്നു. അഞ്ചുമണിയോടെ കലാപരിപാടികൾ അവസാനിച്ചു. സാമന്ത സമാജ ഭാരവാഹികൾ ശ്രദ്ധാപൂർവ്വം, സമയ ക്ലിപ്തത പാലിച്ച് ഭംഗിയായിത്തന്നെയാണ് 'ശ്രുതിലയം' നടത്തിയത്. യോഗത്തിൽ 300 ഓളം പേർ പങ്കെടുത്തു. സാമന്ത സമാജം ഭാരവാഹികൾ സ്നേഹവും നന്ദിയും അർഹിക്കുന്നു.




**റിയാക്ട് ഭവനപദ്ധതി താക്കോൽ കൈമാറ്റ ചടങ്ങിൽ നിന്ന്**



**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

October 2025
Annual Subscription ₹ 200

# സാക്ഷാത്കാരം, സാഫല്യം, സായൂജ്യം





*The Third Housing Project of* REACT

Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 9847017105. Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org